# പിഎസ്‌സി ബുള്ളറ്റിൻ

SINCE 1985

PSC Bulletin, Official Publication of Kerala Public Service Commission

Vol. 27 | Issue 20 | Fortnightly | June 15, 2016 | Page 32 | ₹ 10




പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി ചെയർമാൻ ഡോ. കെ എസ് രാധാകൃഷ്ണൻ പിഎസ്‌സി ആസ്ഥാന ഓഫീസ് വളപ്പിൽ വൃക്ഷത്തൈ നടുന്നു.

## പൊലീസ് കോൺസ്റ്റബിൾ (IRB) സ്പെഷ്യൽ

പരീക്ഷ ജൂലൈ 2ന്

കേരള ചരിത്രവും വർഷങ്ങളും

ആധുനിക ഇന്ത്യ

PRACTICE QUESTIONS

കേന്ദ്ര ഭരണ പ്രദേശങ്ങൾ

മാനസികശേഷി, ഗണിതം

**525**
*Questions & Answers*

## അസിസ്റ്റന്റ് പ്രൊഫസർ ഇൻ ഓറൽ മെഡിസിൻ ആന്റ് റേഡിയോളജി

### കേരള മെഡിക്കൽ എഡ്യൂക്കേഷൻ സർവീസസ്

**പ്രൊജക്ഷൻ അസിസ്റ്റന്റ്** കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ ലിമിറ്റഡ്

**ഡ്രോയിംഗ് ടീച്ചർ** (ഹൈസ്കൂൾ) വിദ്യാഭ്യാസം ഉൾപ്പെടെ **43** തസ്തികകളിൽ വിജ്ഞാപനം

## സർക്കുലേഷൻ കാമ്പയിൻ


പിഎസ്‌സി ബുള്ളറ്റിൻ


പി.എസ്.സി. ബുള്ളറ്റിനിന്റെ സർക്കുലേഷൻ കാമ്പയിനിന്റെ ഭാഗമായി പി.എസ്.സി ബുള്ളറ്റിൻ പുതിയ വിഭവങ്ങളുമായാണ് അടുത്ത ലക്കം മുതൽ വായനക്കാരിലെത്തുന്നത്. എസ്.എസ്.എൽ.സി. യോഗ്യതയായിട്ടുള്ള എൽ.ഡി. ക്ലാർക്ക് മുതലായ തസ്തികകളുടെ പരീക്ഷകളെഴുതുന്നവർക്ക് സഹായകരമായ തരത്തിൽ ഉള്ളടക്കം ക്രമീകരിക്കും. മുൻ പരീക്ഷാ ചോദ്യങ്ങൾ, വിവരണാത്മകരീതിയിലുള്ള പാഠഭാഗങ്ങൾ, പരിശീലന ചോദ്യങ്ങൾ, മാതൃക ചോദ്യപേപ്പർ എന്നിങ്ങനെ വ്യത്യസ്തമായ വിഭവങ്ങൾ പ്രസിദ്ധീകരിക്കും.

ഇതോടൊപ്പംതന്നെ ഉദ്യോഗാർത്ഥികൾക്ക് ബുള്ളറ്റിൻ ബുദ്ധിമുട്ടു കൂടാതെ വാങ്ങുന്നതിനായി കൂടുതൽ ഏജൻസികളെ നിയോഗിക്കും. വരിക്കാരുടെ എണ്ണത്തിൽ അഭൂതപൂർവമായ വർധനവ് അടുത്തകാലത്ത് ഉണ്ടായിട്ടുണ്ട്. സർക്കാർ അഭിമുഖ്യത്തിലുള്ള കരിയർ ഗൈഡൻസ് സ്ഥാപനങ്ങളിലെല്ലാം ബുള്ളറ്റിൻ ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. ഇരുപതിൽപരം മുൻലക്കങ്ങൾ സൗകര്യപ്രദമായി വാങ്ങുന്നതിനുള്ള സംവിധാനം ആസ്ഥാന ആഫീസിൽ ഏർപ്പെടുത്തിയിട്ടുണ്ട്.

ദേശീയ പ്രസ്ഥാനം, കേരള നവോത്ഥാനം, ഇന്ത്യയെ സംബന്ധിച്ച വസ്തുതകൾ, കേരള ചരിത്രം, ജനറൽ ഇംഗ്ലീഷ് തുടങ്ങിയ വിഷയങ്ങൾക്ക് പ്രാധാന്യം നൽകി പ്രത്യേക പതിപ്പുകളും ഉണ്ടാകും. വായനക്കാരുടെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലുള്ള പംക്തികളും ലേഖനങ്ങളും ബുള്ളറ്റിനിൽ ഉൾപ്പെടുത്തും.

# രണ്ട് പിഎസ്‌സി അംഗങ്ങൾ വിരമിച്ചു

കാലാവധി പൂർത്തിയാക്കിയ പി.എസ്.സി. അംഗങ്ങളായ പി.ജമീലയ്ക്കും അഡ്വ.വി.എസ്.ഹരീന്ദ്രനാഥിനും പി.എസ്.സി. ആസ്ഥാനത്തെ പരീക്ഷാ ഹാളിൽ വച്ച് മെയ് 23 ന് ഔദ്യോഗിക യാത്രയയപ്പ് നൽകി.



## അഡ്വ. വി.എസ്.ഹരീന്ദ്രനാഥ്

തിരുവനന്തപുരം ജില്ലയിലെ ആറാലുംമൂട് സ്വദേശിയായ അഡ്വ. വി.എസ്. ഹരീന്ദ്രനാഥിന് സസ്യശാസ്ത്രത്തിൽ ബിരുദവും നിയമത്തിൽ ബിരുദാനന്തബിരുദവുമുണ്ട്. പതിനൊന്നു വർഷക്കാലം കേരള സർവ്വകലാശാല സിൻഡിക്കേറ്റംഗമായിരുന്നു. ദീർഘകാലം സെനറ്റംഗമായും അക്കാഡമിക് കൗൺസിൽ അംഗമായും പ്രവർത്തിച്ചിട്ടുണ്ട്. 2013 ൽ പി.എസ്.സി. അംഗമായി നിയമിതനായി. പി.എസ്.സി. ബുള്ളറ്റിനിന്റെ പത്രാധിപസമിതി അംഗമായി പ്രവർത്തിച്ചിട്ടുണ്ട്.



## പി.ജമീല

കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി സ്വദേശിയായ പി. ജമീല കൊല്ലം എസ്.എൻ. കോളേജിൽ നിന്ന് ജന്തുശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദം നേടി 1977 ൽ പോലീസ് ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ ജോലിയിൽ പ്രവേശിച്ചു. 33 വർഷത്തെ സേവനത്തിന് ശേഷം 2010 ൽ ജോയിന്റ് ഡയറക്ടറായി വിരമിച്ചു. 2010 ൽ പി.എസ്.സി അംഗമായി നിയമിതയായി. പബ്ലിക് സർവ്വീസ് കമ്മിഷന്റെ റൂൾസ് കമ്മിറ്റിയുടെ അധ്യക്ഷപദം വഹിച്ചിട്ടുണ്ട്.

# പി.എസ്.സി. അറിയിപ്പുകൾ

## പി.സി.എൻ. ലഭിച്ച ഉദ്യോഗാർത്ഥികൾ ഒ.ടി.ആർ. പരിശോധനയ്ക്ക് വീണ്ടും വരേണ്ടതില്ല

ഒറ്റത്തവണ സൂക്ഷ്മപരിശോധനാ നടപടിക്രമം അനുസരിച്ച് സൂക്ഷ്മപരിശോധന നടത്തി പി.സി.എൻ. ലഭിക്കുകയും ടി തസ്തികയുടെ യോഗ്യതകളും അനുബന്ധ വിവരങ്ങളും അതോടൊപ്പം സൂക്ഷ്മപരിശോധന നടത്തുകയും ചെയ്തിട്ടുണ്ടെങ്കിൽ ഉദ്യോഗാർത്ഥികൾ വീണ്ടും ഒറ്റത്തവണ സൂക്ഷ്മപരിശോധനയ്ക്ക് ഹാജരാകേണ്ടതില്ല. പകരം ടി തസ്തികയ്ക്ക് വേണ്ട യോഗ്യതകളും അനുബന്ധ വിവരങ്ങളും സൂക്ഷ്മപരിശോധന നടത്തി ഇതിനോടകം പി.സി.എൻ. ലഭിച്ചിട്ടുണ്ട് എന്ന് സത്യാവാങ്മൂലം പ്രൊഫൈലിൽ ചേർത്താൽ മതിയാകുന്നതാണ്.

## ഡിജിറ്റൽ സിഗ്നേച്ചർ സമയപരിധി ദീർഘിപ്പിച്ചു

വിവിധ സർക്കാർ വകുപ്പുകൾ/കമ്പനികൾ/പൊതുമേഖലാ സ്ഥാപനങ്ങൾ/കോർപ്പറേഷനുകൾ എന്നിവയിൽ ഡിജിറ്റൽ സിഗ്നേച്ചർ ഇതുവരെയും നേടിയിട്ടില്ലാത്ത നിയമനാധികാരികൾ, ഇ–മെയിൽ മുഖാന്തിരമോ തപാൽ മുഖാന്തിരമോ ഒഴിവുകൾ അറിയിക്കുന്നതിന് 2016 മെയ് 31 വരെ അനുവദിച്ച സമയപരിധി 2016 നവംബർ 30 വരെ ദീർഘിപ്പിച്ചിരിക്കുന്നു. ടി കാലയളവിനുള്ളിൽ നിയമനാധികാരികൾ ഡിജിറ്റൽ സിഗ്നേച്ചർ ആർജ്ജിക്കേണ്ടതും 2016 ഡിസംബർ 1 മുതൽ ഇ–വേക്കൻസി സോഫ്റ്റ്‌വെയർ മുഖാന്തിരം മാത്രം ഒഴിവുകൾ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## പി.എസ്.സി. തെരഞ്ഞെടുപ്പിൽ വിലക്ക്

കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ വിവിധ തെരഞ്ഞെടുപ്പ് നടപടികളിൽ പങ്കെടുക്കുന്നതിൽ നിന്ന് ചന്ദ്രൻ.എം.സി, കുട്ടിവൽ ഹൗസ്, കാപ്പാട്ടുമല.പി.ഒ, വരയാൽ വഴി, മാനന്തവാടി, വിനോദ് വി, കൊറ്റിക്കാരകുന്നു, കൽപ്പറ്റ, പുഴമുടി.പി.ഒ, വയനാട്, പ്രദോഷ്കുമാർ, വട്ടക്കൊല്ലി, വെള്ളമുണ്ട, കറ്റയാട്.പി.ഒ, വയനാട്, ബൈജു മോഹനൻ.എം.എസ്, കോളനിക്കര പുത്തൻ വീട്, വെള്ളറട.പി.ഒ. തിരുവനന്തപുരം, സുരേഷ്. കെ.ആർ, കരിമ്പീച്ചിയിൽ, മാമ്പാടി എസ്റ്റേറ്റ്, എരുമേലി, കണ്ണിമല, കോട്ടയം, അനിൽകുമാർ.പി, പുതുവേൽച്ചിറ വീട്, കൈനകരി, കുട്ടമംഗലം.പി.ഒ, ആലപ്പുഴ, അനുരാഗ്.എസ്, കടലമഠത്തിൽ, കിടങ്ങയം നോർത്ത്, ശൂരനാട് സൗത്ത്, പത്താരം.പി.ഒ, കൊല്ലം, ഷറഫുദ്ദീൻ.ഇ, പട്ടണതായത്ത് ഹൗസ്, പുന്നക്കുളം, കരുനാഗപ്പള്ളി, കെ.എസ്.പുരം.പി.ഒ, കൊല്ലം, മോഹനൻ.ഒ, ഓന്തത്ത് പൊയിൽ ഹൗസ്, കുറ്റ്യാടി, ഉറാത്ത്, കോഴിക്കോട് എന്നീ ഉദ്യോഗാർത്ഥികളെ എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിൽ ക്രമക്കേടു കാട്ടി എന്ന കാരണത്താൽ സ്ഥിരമായി വിലക്കേർപ്പെടുത്തിയിരിക്കുന്നു.

# ആദരാഞ്ജലികൾ



കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ മുൻ അംഗം പ്രൊഫ. ആന്റണി ഐസക് (74 വയസ്സ്) 2016 മെയ് 26 ാം തീയതി അന്തരിച്ചു. 1994 മുതൽ 1997 വരെയുള്ള കാലയളവിൽ കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ അംഗമായിരുന്നു. പ്രമുഖ കോൺഗ്രസ് നേതാവും, മുൻ ജി.സി.ഡി.എ. ചെയർമാനും കളമശ്ശേരി സെന്റ് പോൾസ് കോളേജ് മുൻ പ്രിൻസിപ്പലും കേരള ലാറ്റിൻ കാത്തലിക് അസോസിയേഷൻ മുൻ സംസ്ഥാന പ്രസിഡന്റുമായിരുന്നു.


## പിഎസ്‌സി ബുള്ളറ്റിൻ

**പത്രാധിപസമിതി അധ്യക്ഷൻ**

**ശ്രീ. അശോകൻ ചരുവിൽ**
മെമ്പർ, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ

**പത്രാധിപസമിതി അംഗങ്ങൾ**

**ഡോ. കെ ഉഷ**
മെമ്പർ, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ
**ശ്രീ. പി ശിവദാസൻ**
മെമ്പർ, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ
**ശ്രീമതി. സിമി റോസ്ബെൽ ജോൺ**
മെമ്പർ, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ
**അഡ്വ. ഇ രവീന്ദ്രനാഥൻ**
മെമ്പർ, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ

**എഡിറ്റർ**

**സാജു ജോർജ്**
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ

**പബ്ലിക് റിലേഷൻസ് ഓഫീസർ**

**കെ. ആർ. മനോജ്കുമാർ പിള്ള**

ഫോൺ : 0471 2546368 OR 9446412483
സർക്കുലേഷൻ (പി.ആർ.യൂണിറ്റ്): 0471 2546270


## വരിക്കാരുടെ ശ്രദ്ധയ്ക്ക്

**വാർഷിക വരിസംഖ്യ – ₹ 200**

മണിയോർഡറായി അയക്കേണ്ട വിലാസം:
**പബ്ലിക് റിലേഷൻസ് ഓഫീസർ,**
**കേരള പബ്ലിക് സർവീസ് കമ്മിഷൻ,**
**പട്ടം പാലസ് പി.ഒ., തിരുവനന്തപുരം – 695004**

**വരിക്കാർ ബുള്ളറ്റിൻ സംബന്ധിച്ച് കത്തെഴുതുമ്പോഴും ഫോൺ ചെയ്യുമ്പോഴും ബുള്ളറ്റിനിന്റെ ലേബലിലുള്ള സബ്സ്ക്രൈബർ നമ്പർ കൃത്യമായി സൂചിപ്പിക്കേണ്ടതാണ്.**

## ഒറ്റത്തവണ രജിസ്ട്രേഷൻ ഫോട്ടോ സംബന്ധിച്ച നിർദ്ദേശങ്ങൾ

1.1.2012 മുതൽ പ്രാബല്യത്തിലുള്ള വൺ–ടൈം രജിസ്ട്രേഷൻ, കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralapsc.gov.in വഴി നടത്തിയശേഷമാണ് ഉദ്യോഗാർത്ഥികൾ വിവിധ തസ്തികകൾക്കായി അപേക്ഷ സമർപ്പിക്കേണ്ടത്. ഫോട്ടോ അപ്‌ലോഡ് ചെയ്യുമ്പോൾ പരീക്ഷാർത്ഥികൾ താഴെ പറയുന്ന കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

1. **ഫോട്ടോയിൽ ഉദ്യോഗാർത്ഥിയുടെ പേരും ഫോട്ടോ എടുത്ത തീയതിയും പതിച്ചിരിക്കണം.**
2. **കമ്മീഷൻ പുറപ്പെടുവിക്കുന്ന വിജ്ഞാപനങ്ങൾ പ്രകാരം ഉദ്യോഗാർത്ഥികൾ അപേക്ഷ സമർപ്പിക്കുമ്പോൾ അപ്‌ലോഡ് ചെയ്യുന്ന ഫോട്ടോയ്ക്ക് 10 വർഷത്തേയ്ക്ക് പ്രാബല്യമുണ്ടായിരിക്കും.**
3. പരീക്ഷാർത്ഥിയുടെ മുഖവും തോളുകളുടെ മുകൾഭാഗവും വ്യക്തമായി പതിഞ്ഞിരിക്കത്തക്ക വിധത്തിലുള്ള പാസ്പോർട്ട് സൈസിലുള്ള കളർ/ബ്ലാക്ക് & വൈറ്റ് ഫോട്ടോയായിരിക്കണം.
4. വെളുത്തതോ ഇളം നിറത്തിലോ ഉള്ള പശ്ചാത്തലത്തിൽ ഇളം നിറത്തിലുള്ള വസ്ത്രം ധരിച്ച് എടുത്ത ഫോട്ടോയായിരിക്കണം.
5. മുഖം നേരെയും പൂർണ്ണമായും ഫോട്ടോയുടെ മദ്ധ്യഭാഗത്ത് പതിഞ്ഞിരിക്കണം.
6. കണ്ണുകൾ വ്യക്തമായി കാണത്തക്ക വിധത്തിലായിരിക്കണം.
7. അപ്‌ലോഡ് ചെയ്യുന്ന ഫോട്ടോകൾ 200 പിക്സെൽ h x 150 പിക്സെൽ w ഉള്ളതും JPG ഫോർമാറ്റിലുള്ളതും 30 KB ഫയൽ സൈസിൽ അധികരിക്കാത്തതുമായിരിക്കണം.
8. സൺഗ്ലാസ്, തൊപ്പി എന്നിവ ധരിച്ച് എടുത്തതും മുഖത്തിന്റെ ഒരു വശം മാത്രം കാണത്തക്കവിധമുള്ളതും മുഖം വ്യക്തമല്ലാത്തതുമായ ഫോട്ടോകൾ സ്വീകാര്യമല്ല.
9. "മതാചാരത്തിന്റെ ഭാഗമായി തൊപ്പി/ശിരോവസ്ത്രം ധരിച്ച് എടുത്ത ഫോട്ടോ മറ്റ് നിർദ്ദേശങ്ങളനുസരിച്ചാണെങ്കിൽ സ്വീകാര്യമാണ്.

# തൊഴിൽ അവസരങ്ങൾ

വിവിധ തസ്തികകളിൽ നിയമനത്തിന് തിരഞ്ഞെടുക്കപ്പെടുന്നതിന് യോഗ്യതയുള്ള വരിൽനിന്നും അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള വിജ്ഞാപനങ്ങൾ 14-06-2016 തീയതിയിലെ കേരള സർക്കാർ അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത വിജ്ഞാപനങ്ങളുടെ **സംക്ഷിപ്ത രൂപം** ചുവടെ ചേർക്കുന്നു. ഉദ്യോഗാർത്ഥികൾ ഇതോടൊപ്പം ഗസറ്റും നോക്കേണ്ടതാണ്. ജനറൽ റിക്രൂട്ട്മെന്റിന് പിന്നാക്ക സമുദായങ്ങളിൽപ്പെട്ടവർക്ക് മൂന്നു വർഷവും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് 5 വർഷവും വരെ ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. വയസ്സിളവിനെ സംബന്ധിച്ച **കൂടുതൽ വിവരങ്ങൾക്ക് ഗസറ്റിലുള്ള പൊതുവ്യവസ്ഥകൾ നോക്കുക.**

**അസാധാരണ ഗസറ്റ് തീയതി: 14 – 06 – 2016 അവസാന തീയതി: 20 – 07 – 2016 രാത്രി 12 മണി വരെ**

## ഉദ്യോഗാർത്ഥികളുടെ ശ്രദ്ധയ്ക്ക്

**അപേക്ഷ സമർപ്പിക്കുന്ന രീതി:** ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റായ www.Keralapsc.gov.in. വഴി 'ഒറ്റത്തവണ രജിസ്ട്രേഷൻ' പ്രകാരം രജിസ്റ്റർ ചെയ്തശേഷമാണ് അപേക്ഷിക്കേണ്ടത്. രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ User Id യും Pass word ഉം ഉപയോഗിച്ച് Login ചെയ്ത ശേഷം സ്വന്തം Profile ലൂടെ അപേക്ഷിക്കേണ്ടതാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുമ്പോഴും പ്രസ്തുത തസ്തികയോടൊപ്പം കാണുന്ന Notification Link ലെ 'Apply Now' ൽ മാത്രം click ചെയ്യേണ്ടതാണ്. അപ്‌ലോഡ് ചെയ്യുന്ന ഫോട്ടോ 31/12/2010 നോ അതിനുശേഷമോ എടുത്തതായിരിക്കണം. ഫോട്ടോയുടെ താഴെ ഉദ്യോഗാർത്ഥിയുടെ പേരും, ഫോട്ടോ എടുത്ത തീയതിയും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് അപ്‌ലോഡ് ചെയ്ത ഫോട്ടോയ്ക്ക് അപ്‌ലോഡ് ചെയ്ത തീയതി മുതൽ 10 വർഷക്കാലത്തേയ്ക്ക് പ്രാബല്യമുണ്ടായിരിക്കും. ഫോട്ടോ സംബന്ധിച്ച മറ്റ് നിബന്ധനകൾക്കൊന്നും തന്നെ മാറ്റമില്ല. അപേക്ഷ ഫീസ് നൽകേണ്ടതില്ല. ആവശ്യമെങ്കിൽ രജിസ്ട്രേഷൻ കാർഡ് Link click ചെയ്ത് Profile ലെ വിശദാംശങ്ങൾ കാണുന്നതിനും പ്രിന്റ് ഔട്ട് എടുത്ത് സൂക്ഷിക്കുവാനും കഴിയും. Pass word രഹസ്യമായി സൂക്ഷിക്കേണ്ടതും വ്യക്തിഗത വിവരങ്ങൾ ശരിയാണെന്ന് ഉറപ്പുവരുത്തേണ്ടതും ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുന്നതിന് മുൻപും തന്റെ Profile ൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പ് വരുത്തേണ്ടതാണ്. കമ്മീഷനുമായുള്ള എല്ലാ കത്തിടപാടുകളിലും User ID പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. കമ്മീഷനു മുമ്പാകെ ഒരിക്കൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ സോപാധികമായി സ്വീകരിക്കപ്പെടുന്നതാണ്. ആയതിനു ശേഷം അപേക്ഷയിൽ മാറ്റം വരുത്തുവാനോ ഒഴിവാക്കുവാനോ കഴിയുകയില്ല. തിരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏതവസരത്തിലായാലും സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിജ്ഞാപന വ്യവസ്ഥകൾക്ക് വിരുദ്ധമായി കാണുന്ന പക്ഷം നിരുപാധികമായി നിരസിക്കുന്നതാണ്. വിദ്യാഭ്യാസ യോഗ്യത, പരിചയം, ജാതി, വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള പ്രമാണങ്ങളുടെ പകർപ്പുകൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാകും.

**താഴെ പറയുന്ന തസ്തികകളിലേക്കുള്ള തെരഞ്ഞെടുപ്പിന് എഴുത്തുപരീക്ഷ/ഒഎംആർ പരീക്ഷ നടത്തുന്നപക്ഷം അർഹതപ്പെട്ട ഉദ്യോഗാർത്ഥികൾക്കുള്ള അഡ്മിഷൻ ടിക്കറ്റ് ഓൺലൈൻ സംവിധാനത്തിൽ കമ്മിഷന്റെ ഔദ്യോഗിക വെബ്സൈറ്റിലൂടെ നൽകുന്നതും, ഉദ്യോഗാർത്ഥികൾ അത് നിർദ്ദേശാനുസരണം ഡൗൺലോഡ് ചെയ്ത് പ്രിന്റ് എടുക്കേണ്ടതുമാകുന്നു.**

**ഒറ്റത്തവണ രജിസ്ട്രേഷൻ നടത്തിയിട്ടില്ലാത്ത ഉദ്യോഗാർത്ഥികൾ ഒറ്റത്തവണ രജിസ്ട്രേഷൻ പൂർത്തിയാക്കിയതിന് ശേഷവും നിലവിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ പ്രൊഫൈലിലൂടെയും ഓൺലൈനായി കമ്മിഷന്റെ വെബ്സൈറ്റിലൂടെ അപേക്ഷ സമർപ്പിക്കേണ്ടതാണ്.**

## ജനറൽ റിക്രൂട്ട്മെന്റ് (സംസ്ഥാന തലം)

### കാറ്റഗറി നമ്പർ: 114/2016
### അസിസ്റ്റന്റ് പ്രൊഫസർ ഇൻ ഓറൽ മെഡിസിൻ ആന്റ് റേഡിയോളജി
### കേരള മെഡിക്കൽ എഡ്യൂക്കേഷൻ സർവീസസ്

1 **വകുപ്പ്** : കേരള മെഡിക്കൽ എഡ്യൂക്കേഷൻ സർവീസസ്
2 **ഉദ്യോഗപ്പേര്** : അസിസ്റ്റന്റ് പ്രൊഫസർ ഇൻ ഓറൽ മെഡിസിൻ ആന്റ് റേഡിയോളജി
3 **ശമ്പളം** : ₹15,600–39,100/– + 7,000/– AGP
4. **ഒഴിവുകളുടെ എണ്ണം** : 1 (ഒന്ന്)
5 **നിയമന രീതി** : നേരിട്ടുള്ള നിയമനം
6 **പ്രായം** : 24–41; ഉദ്യോഗാർത്ഥികൾ 02.01.1975–നും 01.01.1992നും ഇടയിൽ ജനിച്ചവർ ആയിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ) മറ്റു പിന്നാക്കം, പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിലുള്ളവർക്കും നിയമാനുസൃത ഇളവുണ്ടായിരിക്കും. (വയസ്സിളവിനെ സംബന്ധിച്ച ഇതര വ്യവസ്ഥകൾക്ക് പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക)
7 **യോഗ്യതകൾ: അസിസ്റ്റന്റ് പ്രൊഫസർ**
(i)ഡെന്റൽ കൗൺസിൽ ഓഫ് ഇൻഡ്യയുടെ അംഗീകാരമുള്ള ഏതെങ്കിലുമൊരു അംഗീകൃത സർവകലാശാലയിൽ നിന്നും ഓറൽ മെഡിസിൻ ആന്റ് റേഡിയോളജി വിഷയത്തിൽ നേടിയ ബിരുദാനന്തര ബിരുദം (എം.ഡി.എസ് ഇൻ ഓറൽ മെഡിസിൻ ആന്റ് റേഡിയോളജി)
(ii)സംസ്ഥാന ഡെന്റൽ കൗൺസിലിലുള്ള സ്ഥിരം രജിസ്ട്രേഷൻ
(iii) മൂന്ന് വർഷത്തെ അദ്ധ്യാപന പരിചയം.
**കുറിപ്പ്:**1. റെസിഡൻസി പ്രോഗ്രാമിലൂടെ ബിരുദാനന്തര ബിരുദം നേടിയ ഉദ്യോഗാർത്ഥികളുടെ പഠനകാലയളവ് അസിസ്റ്റന്റ് പ്രൊഫസർ തസ്തികയുടെ നിയമനത്തിനായുള്ള അദ്ധ്യാപന പരിചയമായി കണക്കാക്കപ്പെടുന്നതാണ്. റെസിഡൻസി പ്രോഗ്രാം ഇല്ലാതെ ബിരുദാനന്തര ബിരുദം നേടിയ ഉദ്യോഗാർത്ഥികൾ തങ്ങൾ പഠിച്ചിരുന്ന കോളേജിലെ പ്രിൻസിപ്പലിൽനിന്ന് അദ്ധ്യാപന/ക്ലിനിക്കൽ പരിചയം തങ്ങൾക്ക് ബിരുദാനന്തര ബിരുദ പഠനകാലയളവിൽ ലഭിച്ചിട്ടുണ്ടെന്ന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.
2. KS&SSR Part II ലെ Rule 10 (a) (ii) ബാധകമാണ്
മേൽപ്പറഞ്ഞിട്ടുള്ള യോഗ്യതയുള്ളവരുടെ അഭാവത്തിൽ അടിസ്ഥാന ബിരുദം (ബി.ഡി.എസ്) യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ ₹ 8,000–13,500/– ശമ്പള നിരക്കിൽ ലക്ചറർ തസ്തികയ്ക്ക് പരിഗണിക്കുന്നതാണ്.
(i) അംഗീകൃത സർവകലാശാലയിൽനിന്നും നേടിയ ബി.ഡി.എസ് ബിരുദം
(ii)സംസ്ഥാന ഡെന്റൽ കൗൺസിലിലുള്ള സ്ഥിരം രജിസ്ട്രേഷൻ
(iii) ഹൗസ് സർജനായോ ഡെന്റൽ സർജനായോ ആശുപത്രിയിൽനിന്നും നേടിയ ആറുമാസത്തെ പരിചയം.
**കുറിപ്പ്:**–(i)KS&SSR Part II ലെ Rule 10 (a) (ii) ബാധകമാണ്.
(ii)ഒരു മെഡിക്കൽ കൗൺസിലിന്റേയും താത്ക്കാലിക രജിസ്ട്രേഷൻ പരിഗണിക്കുന്നതല്ല.
(iii)ലക്ചറർ തസ്തികയുടെ 3% ഒഴിവുകൾ ലോക്കോ–മോട്ടോർ ഡിസബിലിറ്റി/സെറിബ്രൽ പാൾസി വിഭാഗത്തിൽപ്പെട്ട ഭിന്നശേഷിയുള്ള ഉദ്യോഗാർത്ഥികൾക്കായി സംവരണം ചെയ്യപ്പെട്ടിരിക്കുന്നു. (G.O.(P) No. 61/2012/SWD dated 17.10.2012).

### കാറ്റഗറി നമ്പർ: 115/2016
### ഇൻസ്ട്രക്ടർ ഇൻ സ്റ്റെനോഗ്രാഫി
### പട്ടികജാതി വികസന വകുപ്പ്

1 **വകുപ്പ്** : പട്ടികജാതി വികസന വകുപ്പ്
2 **ഉദ്യോഗപ്പേര്** : ഇൻസ്ട്രക്ടർ ഇൻ സ്റ്റെനോഗ്രാഫി
3 **ശമ്പളം** : ₹15380–25900/–
4 **ഒഴിവുകളുടെ എണ്ണം** : 1 (ഒന്ന്)
5 **നിയമനരീതി** : നേരിട്ടുള്ള നിയമനം
6 **പ്രായം** : (18–36) ഉദ്യോഗാർത്ഥികൾ 02.01.1980 നും 01.01.1998 നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ). മറ്റു പിന്നാക്ക വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്കും നിയമാനുസൃത ഇളവുണ്ടായിരിക്കും.
(വയസ്സിളവിനെ സംബന്ധിച്ച വ്യവസ്ഥകൾക്ക് പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക).
7. **യോഗ്യതകൾ**
1. ഒരു അംഗീകൃത സർവ്വകലാശാലയിൽനിന്നും ലഭിച്ച ബി.എ./ബി.എസ്.സി./ബി.കോം ബിരുദം അല്ലെങ്കിൽ തത്തുല്യ യോഗ്യത
2. കേരള സർക്കാർ നൽകുന്ന കെ.ജി.ടി.ഇ. ടൈപ്പ്റൈറ്റിംഗ് (ഇംഗ്ലീഷ്, മലയാളം) ഹയർ ഗ്രേഡ് സർട്ടിഫിക്കറ്റും, കെ.ജി.ടി.ഇ. ഷോർട്ട് ഹാന്റ് (ഇംഗ്ലീഷ്, മലയാളം) ഹയർ ഗ്രേഡ് സർട്ടിഫിക്കറ്റും നേടിയിരിക്കണം

അല്ലെങ്കിൽ

കേരള സർക്കാർ നൽകുന്ന കൊമേഴ്സ്യൽ പ്രാക്ടീസ് (ടൈപ്പ്റൈറ്റിംഗ് ആന്റ് ഷോർട്ട് ഹാൻഡിൽ ഉള്ള) ഡിപ്ലോമ
**മുൻഗണന :** ഒരു അംഗീകൃത സ്ഥാപനത്തിൽ നിന്നുള്ള പി.ജി.ഡി.സി.എ. യോഗ്യതയുള്ളവർക്ക് മുൻഗണന നൽകുന്നതാണ്.
**കുറിപ്പ് :** KS&SSR Part II Rule 10(a)(ii) ബാധകമാണ്.
**8 പ്രൊബേഷൻ :** നിയമനം ലഭിക്കുന്നവർ ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ മൂന്ന് വർഷത്തിനുള്ളിൽ രണ്ടു വർഷക്കാലം പ്രൊബേഷനിൽ ആയിരിക്കും
**9. ടെസ്റ്റ് :** ഈ തസ്തികയിലേയ്ക്ക് നിയമിക്കപ്പെടുന്ന ഉദ്യോഗാർത്ഥി താഴെ പറയുന്ന ടെസ്റ്റുകൾ പാസ്സായിട്ടില്ലെങ്കിൽ പ്രൊബേഷൻ കാലയളവിനുള്ളിൽ ആയത് പാസ്സായിരിക്കണം
(i) മാനുവൽ ഓഫ് ഓഫീസ് പ്രൊസീജിയർ
(ii) അക്കൗണ്ട് ടെസ്റ്റ് (ലോവർ)
(iii)ഹാൻഡ് ബുക്ക് ഓഫ് ഷെഡ്യൂൾഡ് കാസ്റ്റ്സ് ഡെവലപ്പ്മെന്റ് ഡിപ്പാർട്ട്മെന്റ്.

### കാറ്റഗറി നമ്പർ: 116/2016
### പാർട്ട് ടൈം ടെയിലറിംഗ് ഇൻസ്ട്രക്ടർ
### സാമൂഹ്യനീതി വകുപ്പ്

1 **വകുപ്പ്** : സാമൂഹ്യനീതി വകുപ്പ്
2 **ഉദ്യോഗപ്പേര്** : പാർട്ട് ടൈം ടെയിലറിംഗ് ഇൻസ്ട്രക്ടർ
3 **ശമ്പളം** : ₹9190–15780 (PR)
4 **ഒഴിവുകളുടെ എണ്ണം** : 1 (ഒന്ന്)
5 **നിയമനരീതി** : നേരിട്ടുള്ള നിയമനം
6 **പ്രായം** : (18–36) ഉദ്യോഗാർത്ഥികൾ 02.01.1980 നും 01.01.1998 നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ). മറ്റു പിന്നാക്ക വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്കും നിയമാനുസൃത ഇളവുണ്ടായിരിക്കും. (വയസ്സിളവിനെ സംബന്ധിച്ച വ്യവസ്ഥകൾക്ക് പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക).
7. **യോഗ്യതകൾ**
എസ്.എസ്.എൽ.സി. അല്ലെങ്കിൽ തത്തുല്യം
ടെയിലറിംഗിൽ കെ.ജി.ടി.ഇ./എം.ജി.ടി.ഇ. (ലോവർ) അല്ലെങ്കിൽ തത്തുല്യം
**കുറിപ്പ് :** KS&SSR Part II Rule 10(a)(ii) ബാധകമാണ്.

### കാറ്റഗറി നമ്പർ: 117/2016
### പ്രൊജക്ഷൻ അസിസ്റ്റന്റ്
### കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ ലിമിറ്റഡ്

1 **സ്ഥാപനത്തിന്റെ പേര്** : കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ ലിമിറ്റഡ്
2 **ഉദ്യോഗപ്പേര്** : പ്രൊജക്ഷൻ അസിസ്റ്റന്റ്
3 **ശമ്പളം** : ₹ 4510–6230/–
4 **ഒഴിവുകളുടെ എണ്ണം** : 04 (നാല്)
5 **നിയമന രീതി** : നേരിട്ടുള്ള നിയമനം
6 **പ്രായം** : 18–36 ഉദ്യോഗാർത്ഥികൾ 02.01.1980നും 01.01.1998 നുമിടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ) മറ്റു പിന്നോക്ക വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും നിയമാനുസൃത ഇളവുണ്ടായിരിക്കും.
**കുറിപ്പ് :** പ്രസ്തുത സ്ഥാപനത്തിൽ പ്രൊവിഷണലായി ജോലി നോക്കിയിട്ടുള്ളവർ ആദ്യത്തെ പ്രൊവിഷണൽ നിയമനകാലത്ത് നിശ്ചിത പ്രായപരിധി കഴിഞ്ഞിരുന്നില്ലെങ്കിൽ അവരുടെ പ്രൊവിഷണൽ സർവ്വീസിന്റെ ദൈർഘ്യത്തോളം ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ പരമാവധി അഞ്ചുവർഷക്കാലം മാത്രമേ ഈ ആനുകൂല്യം ലഭിക്കുകയുള്ളു. ടി സ്ഥാപനത്തിൽ റഗുലർ ഉദ്യോഗം വഹിക്കുന്നവർക്ക് വീണ്ടും മറ്റൊരു നിയമനത്തിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. പ്രൊവിഷണൽ സർവ്വീസുള്ളവർ സർവ്വീസിന്റെ ദൈർഘ്യം കാണിക്കുന്ന സർട്ടിഫിക്കറ്റ് വാങ്ങി കൈവശം സൂക്ഷിക്കേണ്ട

തും കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. അവർ റഗുലർ സർവ്വീസിലല്ല ജോലി നോക്കിയിരുന്നതെന്ന് സർട്ടിഫിക്കറ്റിൽ പ്രത്യേകം പറഞ്ഞിരിക്കണം.

(വയസ്സിളവിനെ സംബന്ധിച്ച മറ്റുവ്യവസ്ഥകൾക്ക് ഈ വിജ്ഞാപനത്തിലെ പാർട്ട് 2ലെ പൊതുവ്യവസ്ഥകൾ ഖണ്ഡിക 2(i),(ii),(iii),(iv),(vi),(vii),(x) & (xii) നോക്കുക.)

**7. യോഗ്യതകൾ** :1) ഏഴാം ക്ലാസ്സ് (പുതിയത്)

2) കേരള സർക്കാരിന്റെ ലൈസൻസിംഗ് ബോർഡ് നല്കിയ 35 എം എം സിനിമാ എക്യുപ്മെന്റ് പ്രവർത്തിപ്പിക്കുവാനുള്ള ലൈസൻസ് (സിനിമാ ഓപ്പറേറ്റേഴ്സ് ലൈസൻസ്)

3) 35 എംഎം പ്രൊജക്ഷൻ സ്വതന്ത്രമായി പ്രവർത്തിപ്പിച്ച് ഒരു വർഷത്തെ പരിചയം

**കുറിപ്പ്:**1) കെ.എസ്. ആന്റ് എസ്എസ്ആർ പാർട്ട് IIലെ റൂൾ 10(F)ii ബാധകമാണ്

2)നിശ്ചിത പ്രായോഗിക പരിചയം നേടിയ പട്ടികജാതി/പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ മേൽപ്പറഞ്ഞ പ്രായോഗിക പരിചയം ഇല്ലാത്ത പട്ടികജാതി/പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുപ്പിന് പരിഗണിക്കുന്നതാണ്. ആവശ്യമെങ്കിൽ അങ്ങനെയുള്ളവർക്ക് പ്രൊബേഷൻ കാലയളവിൽ ഇൻസർവ്വീസ് ട്രെയിനിംഗ് നൽകുന്നതാണ്.തൊഴിൽ പരിചയം തെളിയിക്കുന്നതിന് ഹാജരാക്കേണ്ട സർട്ടിഫിക്കറ്റ് താഴെക്കൊടുത്തിരിക്കുന്ന മാതൃകയിലായിരിക്കണം.

**പരിചയ സർട്ടിഫിക്കറ്റ്, സാക്ഷ്യപത്രം എന്നിവയുടെ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in)**

**കുറിപ്പ്:**(1) ജോലി ചെയ്തിതിരുന്ന തസ്തികയുടെ പേര് അല്ലെങ്കിൽ ജോലിയുടെ സ്വഭാവം അതായത് കാഷ്വൽ തൊഴിലാളി അല്ലെങ്കിൽ ശമ്പളത്തോടുകൂടിയോ അല്ലാതെയോ ഉള്ള അപ്രന്റീസ് അല്ലെങ്കിൽ സ്ഥിരമോ താൽക്കാലികമോ ആയ തൊഴിലാളി ഇവയിലേതാണോ അത് സൂചിപ്പിക്കണം

(2)എല്ലാ പരിചയ സർട്ടിഫിക്കറ്റുകളും ബന്ധപ്പെട്ട നിയന്ത്രണാധികാരി/മേലധികാരിയെ കൊണ്ട് സാക്ഷ്യപ്പെടുത്തേണ്ടതാണ്. സർട്ടിഫിക്കറ്റുകളുടെ സത്യാവസ്ഥ പരിശോധനയ്ക്ക് വിധേയമാക്കുന്നതും വ്യാജ സർട്ടിഫിക്കറ്റുകൾ നൽകുന്നവരുടേയും ഹാജരാക്കുന്ന ഉദ്യോഗാർത്ഥികളുടേയും പേരിൽ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നതുമാണ്.

(3) പ്രായോഗിക പരിചയം അടിസ്ഥാന യോഗ്യത നേടിയശേഷവും വിജ്ഞാപനപ്രകാരം പ്രസ്തുത തസ്തികയുടെ അപേക്ഷ സ്വീകരിക്കുന്നതിനായി നിശ്ചയിച്ചിരിക്കുന്ന അവസാന തീയതിക്കു മുൻപായും നേടിയതായിരിക്കണം.

11 (a)പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡികയിലെ (v), (viii), (ix), (xi) & (xiii) എന്നീ ഉപഖണ്ഡികകളും 6, 7 എന്നീ ഖണ്ഡികകളും മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല.

(b) മേൽപ്പറഞ്ഞ സ്ഥാപനത്തിലേയ്ക്കുള്ള നിയമനം അവർ കാലാകാലങ്ങളിൽ വരുത്തുന്ന ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായിരിക്കും.

## ജനറൽ റിക്രൂട്ട്മെന്റ് (ജില്ലാതലം)

### കാറ്റഗറി നമ്പർ: 118/2016
### ഡ്രോയിംഗ് ടീച്ചർ (ഹൈസ്കൂൾ)
### വിദ്യാഭ്യാസം

**1. വകുപ്പ്** : വിദ്യാഭ്യാസം

**2. ഉദ്യോഗപ്പേര്** : ഡ്രോയിംഗ് ടീച്ചർ (ഹൈസ്കൂൾ)

**3. ശമ്പളം** : ₹ 13,210–22,360/–

**4. ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ മലപ്പുറം 06 (ആറ്)

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം.

**6. പ്രായം** : 18–40. ഉദ്യോഗാർത്ഥികൾ 02/01/1976നും 01/01/1998നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ) മറ്റ് പിന്നോക്ക വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും ഉയർന്ന പ്രായപരിധിയിൽ നിയമാനുസൃതമായ ഇളവുണ്ടായിരിക്കും.

**കുറിപ്പ്** : യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് IIലെ പൊതു വ്യവസ്ഥകൾ (ഖണ്ഡിക 2) നോക്കുക.

**7. യോഗ്യതകൾ** : 1) എസ്.എസ്.എൽ.സി യോ തത്തുല്യ യോഗ്യതയോ ജയിച്ചിരിക്കണം

2) ഡ്രോയിംഗിലുള്ള ഗ്രൂപ്പ് സർട്ടിഫിക്കറ്റ് (കെ.ജി.റ്റി.ഇ/എം.ജിറ്റി.ഇ)

അല്ലെങ്കിൽ

കേരള സർക്കാർ പരീക്ഷാ കമ്മീഷണർ നൽകുന്ന സർട്ടിഫിക്കറ്റ് ഇൻ ഡ്രോയിംഗ് ആന്റ് പെയിന്റിംഗ് (രണ്ട് വർഷ കോഴ്സ്)

അല്ലെങ്കിൽ

കേരള സർക്കാർ പരീക്ഷാ കമ്മീഷണർ നൽകുന്ന ഡിപ്ലോമ ഇൻ പെയിന്റിംഗ്

അല്ലെങ്കിൽ

ഡ്രോയിംഗിലുള്ള ഗ്രൂപ്പ് ഡിപ്ലോമ (കെ.ജി.റ്റി.ഇ/എം.ജി.റ്റി.ഇ)

അല്ലെങ്കിൽ

ഫൈൻ ആർട്സ് കോളേജ്, തിരുവനന്തപുരം നൽകുന്ന നാഷണൽ ഡിപ്ലോമ ഇൻ അപ്ലൈഡ് ആർട്സ്

അല്ലെങ്കിൽ

കേരള യൂണിവേഴ്സിറ്റി നൽകുന്ന ബാച്ച്ലർ ഓഫ് ഫൈൻ ആർട്സ് (പ്രിപ്പറേറ്ററി) എക്സാമിനേഷൻ

അല്ലെങ്കിൽ

കേരള യൂണിവേഴ്സിറ്റി നൽകുന്ന പെയിന്റിംഗിലും അപ്ലൈഡ് ആർട്സിലും സ്പെഷ്യലൈസേഷനോടുകൂടിയ ബി.എഫ്.എ ബിരുദം.

അല്ലെങ്കിൽ

കേരള യൂണിവേഴ്സിറ്റി നൽകുന്ന ബി എഫ് എ ഇൻ പെയിന്റിംഗ് (കണ്ടെൻസ്ഡ്) ബിരുദം

അല്ലെങ്കിൽ

കേരള യൂണിവേഴ്സിറ്റി നൽകുന്ന ബി.എഫ്.എ (സ്ക്ൾപ്ച്ചർ) ബിരുദം

അല്ലെങ്കിൽ

കേരള സർക്കാർ നൽകുന്ന സർട്ടിഫിക്കറ്റ് കോഴ്സ് എക്സാമിനേഷൻ ഇൻ കോമേഴ്സ്യൽ ആർട്സ്

അല്ലെങ്കിൽ

പരീക്ഷാ കമ്മീഷണറോ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറോ നൽകുന്ന നാഷണൽ ഡിപ്ലോമ ഇൻ ഫൈൻ ആർട്സ് ( 5 വർഷ കോഴ്സ്)

അല്ലെങ്കിൽ

കേരള സർക്കാർ നൽകുന്ന സർട്ടിഫിക്കറ്റ് എക്സാമിനേഷൻ ഇൻ ഫൈൻ ആർട്സ്

**കുറിപ്പ്:** കെ.എസ് & എസ്. എസ്.ആർ റൂൾ 10 a (ii) ഈ തസ്തികയ്ക്ക് ബാധകമാണ്.

**പ്രായപരിധി, നിയമനം ഇവ സംബന്ധിച്ച പ്രത്യേക ആനുകൂല്യങ്ങൾക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in)**

**കുറിപ്പ്** : താഴെ പൊതുവ്യവസ്ഥകളിൽ രണ്ടാം ഖണ്ഡികയിൽ പറയുന്നവ ആയ ഏതെങ്കിലും കാരണങ്ങളാൽ ഉയർന്ന പ്രായപരിധിയിൽ നിന്നും ഒഴിവാക്കാൻ അവകാശപ്പെടുന്നവർ ആ വിവരം അപേക്ഷയുടെ നിശ്ചിത കോളത്തിൽ രേഖപ്പെടുത്തിയിരിക്കേണ്ടതും അല്ലാത്തപക്ഷം പ്രായപരിധി കഴിഞ്ഞു എന്ന കാരണത്താൽ അപേക്ഷ നിരസിക്കപ്പെടാൻ ഇടയുള്ളതുമാകുന്നു. യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 വയസ്സ് കവിയാൻ പാടില്ലാത്തതാകുന്നു. (പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2 കാണുക).

### കാറ്റഗറി നമ്പർ:119/2016
### ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് /ക്ലാർക്ക് ടൈപ്പിസ്റ്റ്/ ടൈപ്പിസ്റ്റ് ക്ലാർക്ക് (വിമുക്തഭടൻമാർക്ക് മാത്രം)
### എൻ.സി.സി/സൈനിക ക്ഷേമം

**1. വകുപ്പ്** : എൻ.സി.സി/സൈനിക ക്ഷേമം

**2. ഉദ്യോഗപ്പേര്** : ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് / ക്ലാർക്ക് ടൈപ്പിസ്റ്റ്/ ടൈപ്പിസ്റ്റ് ക്ലാർക്ക് (വിമുക്തഭടൻമാർക്ക് മാത്രം)

**3. ശമ്പളം** : ₹ 9,940 – 16,580/ – (പരിഷ്ക്കരണത്തിന് മുമ്പ്)

**4. ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ തിരുവനന്തപുരം 03 (മൂന്ന്)

**കുറിപ്പ് :** 3.1.2013 ലെ ജി.ഒ. (പി) 1/13/എസ്.ജെ.ഡി പ്രകാരം ഈ തസ്തികയ്ക്ക് എഴുതി അറിയിക്കപ്പെടുന്ന ഒഴിവുകളുടെ 3% ചലനവൈകല്യമുള്ളവർ/സെറിബ്രൽ പാൾസി ബാധിച്ചവർ, ശ്രവണവൈകല്യമുള്ളവർ, കുറഞ്ഞ കാഴ്ചയുള്ളവർ എന്നീ വിഭാഗങ്ങളിൽപ്പെടുന്ന ശാരീരിക അവശത അനുഭവിക്കുന്ന ഉദ്യോഗാർത്ഥികൾക്കായി നീക്കിവെച്ചിരിക്കുന്നു. റാങ്ക് ലിസ്റ്റിനോടൊപ്പം മേൽപ്പറഞ്ഞ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് മാത്രമായി ഒരു പ്രത്യേക ലിസ്റ്റ് തയ്യാറാക്കുന്നതാണ്. (ഉദ്യോഗാർത്ഥികൾ അപേക്ഷയുടെ ബന്ധപ്പെട്ട കോളത്തിൽ ശാരീരിക അവശത സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം) 100 ഒഴിവുകൾ ഉൾപ്പെടുന്ന ഒരു യൂണിറ്റിൽ 33,66,99 എന്നീ ക്രമനമ്പരുകളിൽ ടി ഉദ്യോഗാർത്ഥികളെ നിയമന ശിപാർശ ചെയ്യുന്നതാണ്. റാങ്ക് ലിസ്റ്റിന്റെ മെയിൻ ലിസ്റ്റിലോ സപ്ലിമെന്ററി ലിസ്റ്റിലോ ഉൾപ്പെട്ട ശാരീരിക അവശത അനുഭവിക്കുന്ന ഉദ്യോഗാർത്ഥികളെ മെറിറ്റിന്റെ അടിസ്ഥാനത്തിൽ അത്തരക്കാർക്കായുള്ള പ്രത്യേക ലിസ്റ്റിലും പരിഗണിക്കുന്നതാണ്. റാങ്ക് ലിസ്റ്റിന്റെ മെയിൻ ലിസ്റ്റ്/സപ്ലിമെന്ററി ലിസ്റ്റ്/ശാരീരിക വൈകല്യമുള്ളവരുടെ പ്രത്യേക ലിസ്റ്റ് ഇവയിൽ ഏതെങ്കിലും ഒരു ലിസ്റ്റിൽനിന്നും നിയമന ശിപാർശ ചെയ്യപ്പെടുന്ന ഉദ്യോഗാർത്ഥിയെ മറ്റ് ലിസ്റ്റിൽനിന്നും കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ റൂൾസ് ഓഫ് പ്രൊസീഡർ, റൂൾ 18(iii) പ്രകാരം നീക്കം ചെയ്യുന്നതാണ്. ശാരീരിക അവശത അനുഭവിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് നിലവിലെ ചട്ടങ്ങൾക്കും നിയമങ്ങൾക്കും വിധേയമായി ഗ്രേസ് മാർക്കിനും വയസ്സിളവിനും അർഹത ഉണ്ടായിരിക്കുന്നതാണ്.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം (വിമുക്തഭടൻമാരിൽ നിന്നു മാത്രം).

**6. പ്രായം** : 18–50. ഉദ്യോഗാർത്ഥികൾ 02.01.1966നും 01.01.1998നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ). (ഗസറ്റിലെ പാർട്ട് IIലെ പൊതു വ്യവസ്ഥകളിലെ അനുബന്ധം ഖണ്ഡിക 2ൽ പരാമർശിക്കുന്ന വയസ്സിളവ് ഉൾപ്പെടെ).

**കുറിപ്പ്:** (i) ഈ തസ്തികയ്ക്ക് ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതല്ല.

(ii) സൈനിക സേവനകാലം തെളിയിക്കുന്നതിന് മിലിറ്ററി ഡിസ്ചാർജ് സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ ശരിപകർപ്പ് കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതാണ്.

(iii) ഈ വിജ്ഞാപനപ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർത്ഥികൾക്ക് അവർ ജോലിയിൽ പ്രവേശിക്കുന്ന തീയതിയിൽ 56 വയസ്സ് തികയാൻ പാടില്ല.

**7. യോഗ്യതകൾ** : (1) എസ്.എസ്.എൽ.സി വിജയം അല്ലെങ്കിൽ തത്തുല്യം.

(2) മലയാളം ടൈപ്പ്റൈറ്റിംഗിൽ ലോവർ ഗ്രേഡ് സർട്ടിഫിക്കറ്റ് (കെ.ജി.റ്റി.ഇ)

(3) ഇംഗ്ലീഷ് ടൈപ്പ്റൈറ്റിംഗിൽ ലോവർ ഗ്രേഡ് സർട്ടിഫിക്കറ്റും (കെ.ജി.റ്റി.ഇ) കമ്പ്യൂട്ടർ വേർഡ് പ്രോസസ്സിംഗിലുള്ള സർട്ടിഫിക്കറ്റും അല്ലെങ്കിൽ തത്തുല്യയോഗ്യതയും. (ടൈപ്പ്റൈറ്റിങ്ങിലുള്ള ഐ.എം.സി. സർട്ടിഫിക്കറ്റ് സ്വീകാര്യമല്ല). 2002 ജനുവരി മാസത്തിനുമുമ്പ് കെ.ജി.റ്റി.ഇ ടൈപ്പ്റൈറ്റിംഗ് ഇംഗ്ലീഷ് (ലോവർ) യോഗ്യത നേടിയവർ കമ്പ്യൂട്ടർ വേർഡ് പ്രോസസ്സിംഗിലോ തത്തുല്യ യോഗ്യതയിലോ ഉള്ള പ്രത്യേകം സർട്ടിഫിക്കറ്റ് ഹാജരാക്കണം. (01.07.2011ലെ ജി.ഒ (എം.എസ്) നമ്പർ 21/2011 പി.ആന്റ്. എ.ആർ.ഡി, 27.07.2015 ലെ ജി.ഒ (എംഎസ്സ്) നമ്പർ 24/2015/പി & എആർഡി)

**കുറിപ്പ്:** (a) കേന്ദ്രസംസ്ഥാന സർക്കാർ വകുപ്പുകളോ, ഏജൻസികളോ, സൊസൈറ്റികളോ, യൂണിവേഴ്സിറ്റികളോ നടത്തുന്ന മൂന്നു മാസത്തിൽ കുറയാത്ത ദൈർഘ്യമുള്ള കോഴ്സുകൾ വിജയകരമായി പൂർത്തിയാക്കിയതിനെ തുടർന്നു നൽകുന്ന കമ്പ്യൂട്ടർ വേർഡ് പ്രോസസ്സിംഗിലുള്ള സർട്ടിഫിക്കറ്റ് കെ.ജി.റ്റി.ഇ കമ്പ്യൂട്ടർ വേർഡ് പ്രോസസിംഗ് തത്തുല്ല്യ യോഗ്യതയായി പരിഗണിക്കുന്നതാണ്.

(b) ക്ലാസ് I വിഭാഗത്തിൽ, കരസേനയിൽ ക്ലാർക്ക് (ജനറൽ ഡ്യൂട്ടി), ക്ലാർക്ക് (സ്റ്റാഫ് ഡ്യൂട്ടി), ക്ലാർക്ക് (എ.ഒ.സി), പേഴ്സണൽ അസിസ്റ്റന്റ്, നാവികസേനയിൽ റൈട്ടർ, വ്യോമസേനയിൽ ക്ലാർക്ക് (ജനറൽ ഡ്യൂട്ടി) എന്നീ തസ്തികകളിലോ, പ്രതിരോധ സേനയിൽ ക്ലാർക്ക് ആയി പതിനഞ്ച് വർഷത്തിൽ കുറയാതെയോ സേവനം അനുഷ്ഠിച്ചിട്ടുള്ള വിമുക്തഭടൻമാർക്ക് ഈ തസ്തികയിലേക്ക് അപേക്ഷിക്കാവുന്നതാണ്. [18.5.1977 ലെ ജി.ഒ.(പി) 143/77/ജി.എ.ഡി, 6.1.1979ലെ ജി.ഒ.(പി) നമ്പർ 35/79/ജി.എ.ഡി, 30.4.1986 ലെ ജി.ഒ. (പി) നമ്പർ 143/86/ജി.എ.ഡി,]. നിയമനം ലഭിക്കുകയാണെങ്കിൽ അവർ പ്രൊബേഷൻ പൂർത്തിയാക്കുന്നതിന് മുൻപ് മലയാളം ടൈപ്പ്റൈറ്റിംഗ് ലോവർ യോഗ്യത നേടേണ്ടതാണ്. യോഗ്യതയ്ക്ക് പകരമായി കണക്കാക്കുന്ന പക്ഷം 15 വർഷത്തെ സൈനികസേവന കാലയളവിന് വെയിറ്റേജ് നൽകുന്നതല്ല. എന്നാൽ നിഷ്ക്കർഷിച്ചിട്ടുള്ള (ഇനം 7 ൽ പരാമർശിച്ചിട്ടുള്ള) എല്ലാ യോഗ്യതകളും (കെ.ജി.റ്റി.ഇ മലയാളം ടൈപ്പ് റൈറ്റിംഗ് ലോവർ യോഗ്യത ഉൾപ്പെടെ) നേടിയിട്ടുള്ള പക്ഷം മേൽപ്പറഞ്ഞ 15 വർഷ സൈനിക സേവന കാലയളവ് വെയിറ്റേജ് മാർക്കിന് പരിഗണിക്കുന്നതാണ്.

(C) 11.5.1977 ലെ ജി.ഒ (പി) നമ്പർ 139/77/ജി.എ.ഡി യിലെ വ്യവസ്ഥകൾക്ക് വിധേയമായി എസ്.എസ്.എൽ.സി പരീക്ഷയ്ക്ക് മലയാളം അല്ലാതെ മറ്റേതെങ്കിലും ഭാഷ ഒന്നാം ഭാഷയായി എടുത്തിട്ടുള്ള ഭാഷ ന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്നവർക്ക് അവർ മലയാളം ടൈപ്പ്റൈറ്റിംഗ് (ലോവർ) യോഗ്യത കരസ്ഥമാക്കിയിട്ടില്ലെങ്കിലും ഈ തസ്തികയ്ക്ക് അപേക്ഷിക്കാവുന്നതാണ്. എന്നാൽ നിയമനം ലഭിക്കുകയാണെങ്കിൽ പ്രൊബേഷൻ പൂർത്തിയാക്കുന്നതിനുമുമ്പ് മലയാളം ടൈപ്പ്റൈറ്റിംഗ് (ലോവർ) പരീക്ഷ വിജയിക്കേണ്ടതാണ്.

(d) ടൈപ്പ്റൈറ്റിംഗ് പരീക്ഷാ യോഗ്യത തെളിയിക്കുന്നതിന് ഗവൺമെന്റിൽനിന്നും ലഭിച്ച സർട്ടിഫിക്കറ്റുകൾ മാത്രമേ സ്വീകരിക്കുകയുള്ളൂ. (ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളിൽ നിന്നും ലഭിക്കുന്ന സർട്ടിഫിക്കറ്റുകൾ സ്വീകാര്യമല്ല).

(e) ഈ തസ്തികയിലേക്കുള്ള തെരഞ്ഞെടുപ്പിന് KS&SSR Part II Rule 10 (a) (ii) ബാധകമാണ്.

## സ്പെഷ്യൽ റിക്രൂട്ട്മെന്റ് (സംസ്ഥാനതലം)

### കാറ്റഗറി നമ്പർ: 120/2016
### ലക്ചറർ ഇൻ ലാ
### (സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികവർഗ്ഗക്കാരിൽ നിന്നു മാത്രം)
### കോളേജ് വിദ്യാഭ്യാസം (ലാ കോളേജുകൾ)

**1 വകുപ്പ്** : കോളേജ് വിദ്യാഭ്യാസം (ലാ കോളേജുകൾ)

**2 ഉദ്യോഗപ്പേര്** : ലക്ചറർ ഇൻ ലാ (സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികവർഗ്ഗക്കാരിൽ നിന്നു മാത്രം)

**3 ശമ്പളം** : യു.ജി.സി.

**4 ഒഴിവുകളുടെ എണ്ണം** : 1 (ഒന്ന്)

**5 നിയമനരീതി** : നേരിട്ടുള്ള നിയമനം (സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികവർഗ്ഗക്കാരിൽ നിന്നുമാത്രം)

കുറിപ്പ്: പട്ടികവർഗ്ഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർ

പ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6 പ്രായം** : 22–45.

ഉദ്യോഗാർത്ഥികൾ 02.01.1971 നും 01.01.1994നുമിടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ).

(വയസ്സിളവിനെ സംബന്ധിച്ച നിലവിലുള്ള മറ്റ് അനുകൂല്യങ്ങളൊന്നും ഈ തിരഞ്ഞെടുപ്പിന് ബാധകമല്ല)

**കുറിപ്പ്:** നിശ്ചിത പ്രായപരിധിയിലുള്ള യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ഉയർന്ന പ്രായപരിധിയിൽ 50 വയസ്സുവരെ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ യാതൊരു കാരണവശാലും 50 വയസ്സ് കവിയാൻ പാടില്ല.

**7 യോഗ്യതകൾ** : 1) 50% മാർക്കിൽ കുറയാതെ നിയമത്തിലുള്ള ബിരുദാനന്തര ബിരുദം.

2) അഡ്വക്കേറ്റായി മൂന്ന് വർഷത്തിൽ കുറയാതെയുള്ള പരിചയം ഉണ്ടായിരിക്കണം.

3) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷനോ അല്ലെങ്കിൽ സ്റ്റേറ്റ് ഗവൺമെന്റ് നിയോഗിച്ച ഏതെങ്കിലും ഏജൻസിയോ ഇതിനായി നടത്തിയ പ്രത്യേക വിജ്ഞാന പരീക്ഷ (കോംപ്രിപൻസീവ് ടെസ്റ്റ്) പാസ്സായിരിക്കണം.

തുല്യ യോഗ്യതകളുള്ള ഉദ്യോഗാർത്ഥികളിൽ മലയാള ഭാഷയിൽ മതിയായ പരിജ്ഞാനമുള്ളവർക്ക് മുൻഗണന നൽകുന്നതാണ്.

അഡ്വക്കേറ്റായി മൂന്ന് വർഷത്തെ പരിചയം ഉള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ അഡ്വക്കേറ്റായി പരിചയം ഇല്ലാത്തവരെയും പരിഗണിക്കുന്നതാണ്.

**കുറിപ്പ്:** (1) 31.12.1993 നകം എം.ഫിൽ ഡിഗ്രി പൂർത്തിയാക്കിയവരെയും, പി.എച്ച്.ഡി. യോഗ്യതയുള്ളവരെയും നെറ്റ് പാസ്സായിരിക്കണെ എന്ന നിബന്ധനയിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്.

(2) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ അംഗീകരിച്ചിട്ടുള്ള സർവ്വകലാശാലകൾ നൽകുന്ന ബിരുദങ്ങൾ മാത്രമേ ടി തസ്തികയുടെ തെരഞ്ഞെടുപ്പിനായി പരിഗണിക്കുകയുള്ളു.

(3) KS&SSR Part II se Rule 10(a)(ii) ടി തസ്തികയുടെ തെരഞ്ഞെടുപ്പിന് ബാധകമാണ്.

11 പൊതുവ്യവസ്ഥകളിലെ രണ്ടും, മൂന്നും, ഇരുപത്തിഅഞ്ചും ഖണ്ഡികകളിലെ (25–ാം ഖണ്ഡികയിലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(C) വകുപ്പിനെ സംബന്ധിച്ച ചട്ടങ്ങൾ ഒഴികെയുള്ള) വ്യവസ്ഥകൾ ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.

12 നിയമനങ്ങൾ നടത്തുന്നത് ഈ വിജ്ഞാപനം ആസ്പദമാക്കി തയ്യാറാക്കുന്ന ലിസ്റ്റിലെ റാങ്ക് അനുസരിച്ചും പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക സംവരണം സംബന്ധിച്ച് 17/01/1976ലെ ജി.ഒ.(പി) നമ്പർ 21/76/പി.ഡി., 22.01.1994 ലെ ജി.ഒ.(പി) നമ്പർ 25/94/ജി.എ.ഡി. എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ അനുസരിച്ചും, നിയമനക്കാര്യത്തിൽ അപ്പോഴപ്പോൾ ഉണ്ടാകുന്ന പ്രത്യേക ചട്ടങ്ങൾ അനുസരിച്ചും 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി), 17(എ), 17(ബി) എന്നീ ചട്ടങ്ങൾക്ക് വിധേയമായും ആയിരിക്കുന്നതാണ്.

## കാറ്റഗറി നമ്പർ: 121/2016
## ഹയർ സെക്കന്ററി സ്കൂൾ അദ്ധ്യാപകൻ (ജൂനിയർ)
## ഫിസിക്സ് (സ്പെഷ്വൽ റിക്രൂട്ട്മെന്റ് പട്ടികജാതി/പട്ടികവർഗ്ഗക്കാരിൽ നിന്നുമാത്രം)
## കേരള ഹയർസെക്കന്ററി എഡ്യൂക്കേഷൻ

**1 വകുപ്പ്** : കേരള ഹയർസെക്കന്ററി എഡ്യൂക്കേഷൻ

**2 ഉദ്യോഗപ്പേര്** : ഹയർ സെക്കന്ററി സ്കൂൾ അദ്ധ്യാപകൻ (ജൂനിയർ) ഫിസിക്സ് (സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികജാതി/പട്ടികവർഗ്ഗക്കാരിൽ നിന്നുമാത്രം)

**3 ശമ്പളം** : ₹16,980–31360/ –

**4 ഒഴിവുകളുടെ എണ്ണം** : 1 (ഒന്ന്)

**5 നിയമനരീതി** : നേരിട്ടുള്ള നിയമനം (സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികജാതി/പട്ടികവർഗ്ഗക്കാരിൽ നിന്നുമാത്രം)

**കുറിപ്പ്:** പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6 പ്രായം** : 20–45

(ഉദ്യോഗാർത്ഥികൾ 02.01.1971 നും 01.01.1996 നുമിടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ).

(വയസ്സിളവിനെ സംബന്ധിച്ച നിലവിലുള്ള മറ്റ് ആനുകൂല്യങ്ങളൊന്നും ഈ തിരഞ്ഞെടുപ്പിന് ബാധകമല്ല)

**കുറിപ്പ്:** നിശ്ചിത പ്രായപരിധിയിലുള്ള യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ഉയർന്ന പ്രായപരിധിയിൽ 50 വയസ്സുവരെ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ യാതൊരു കാരണവശാലും 50 വയസ്സ് കവിയാൻ പാടില്ല.

**7 യോഗ്യതകൾ** : I കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാലയിൽനിന്നും 50% മാർക്കിൽ കുറയാതെ ബന്ധപ്പെട്ട വിഷയത്തിൽ നേടിയ ബിരുദാനന്തര ബിരുദം അല്ലെങ്കിൽ കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാല തത്തുല്യമായി അംഗികരിച്ച ബന്ധപ്പെട്ട വിഷയത്തിലുള്ള യോഗ്യത.

I (1) കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാലയിൽ നിന്നും റഗുലർ പഠനത്തിലൂടെ ബന്ധപ്പെട്ട വിഷയത്തിൽ നേടിയ ബി.എഡ്. ബിരുദം അല്ലെങ്കിൽ കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാല ബന്ധപ്പെട്ട വിഷയത്തിൽ തത്തുല്യമായി അംഗീകരിച്ച യോഗ്യത.

(2) ബന്ധപ്പെട്ട വിഷയത്തിൽ ബി.എഡ്. ബിരുദം നേടിയിട്ടുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാലയിൽ നിന്നും ബന്ധപ്പെട്ട ഫാക്കൽറ്റിയിൽ നേടിയ B.Ed. ബിരുദം. (B.Ed. Degree acquired in the concerned facutly as specified in the Acts and Statues of any of the Universities in Kerala)

(3) മുകളിൽ സൂചിപ്പിച്ച ഇനം 1 ഉം 2 ഉം വിഭാഗത്തിൽപ്പെട്ടവരുടെ അഭാവത്തിൽ കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാലയിൽ നിന്നും റഗുലർ പഠനത്തിലൂടെ ഏതെങ്കിലും വിഷയത്തിൽ നേടിയ ബി.എഡ്. ബിരുദം അല്ലെങ്കിൽ കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാല തത്തുല്യമായി അംഗീകരിച്ച യോഗ്യത.

അല്ലെങ്കിൽ

നാഷണൽ കൗൺസിൽ ഫോർ എഡ്യൂക്കേഷൻ റിസർച്ച് ആന്റ് ട്രെയിനിംഗ് (NCERT) സ്പോൺസർ ചെയ്യുന്ന ഏതെങ്കിലും പ്രാദേശിക വിദ്യാഭ്യാസ സ്ഥാപനത്തിൽ (റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷൻ) നിന്നും ബന്ധപ്പെട്ട വിഷയത്തിൽ 50 ശതമാനത്തിൽ കുറയാത്ത മാർക്കോടെ നേടിയ എം.എസ്.സി.എഡ്. പാസ്സായിരിക്കണം.

III കേരള സർക്കാർ നേരിട്ടോ കേരള സർക്കാർ അധികാരപ്പെടുത്തിയ ഒരു ഏജൻസി മുഖേനയോ ഹയർസെക്കന്ററി സ്കൂൾ അദ്ധ്യാപക നിയമനത്തിനായി നടത്തുന്ന സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് (സെറ്റ്) പാസായിരിക്കണം.

**കുറിപ്പ്** (1) കേരളത്തിലെ ഏതെങ്കിലും ഒരു സർവ്വകലാശാല അംഗീകരിച്ച ബന്ധപ്പെട്ട വിഷയത്തിലുള്ള എം.എഡ്. ബിരുദം നേടിയ ഉദ്യോഗാർത്ഥികളെ ബി.എഡ്. യോഗ്യതയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

(2) യോഗ്യത സംബന്ധിച്ച KS & SSR Part II ലെ Rule 10 (a)ii ഈ തസ്തികയിലേയ്ക്ക് ബാധകമാണ്.

**പ്രത്യേക ഇളവുകൾ**

1) കേരള സർക്കാർ നടത്തുന്ന കോളേജ് ലക്ചറർ തസ്തിക നിയമനത്തിന് ഏർപ്പെടുത്തിയിട്ടുള്ള സംസ്ഥാനതല എലിജിബിലിറ്റി ടെസ്റ്റ് ജയിച്ച ഉദ്യോഗാർത്ഥികളെ ഹയർസെക്കന്ററി സ്കൂൾ അദ്ധ്യാപക നിയമനത്തിന് നിഷ്കർഷിച്ചിരിക്കുന്ന സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് (സെറ്റ്) ജയിക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

2) നാഷണൽ എലിജിബിലിറ്റി പരീക്ഷയോ ജൂനിയർ റിസർച്ച് ഫെല്ലോഷിപ്പോ ജയിച്ച ഉദ്യോഗാർത്ഥികളെ സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് വിജയിക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

3) പി.എച്ച്.ഡി./എം.എഡ്/കേരളത്തിലെ ഏതെങ്കിലും അംഗീകൃത സർവ്വകലാശാലയിൽനിന്നും ബന്ധപ്പെട്ട വിഷയത്തിൽ നേടിയ എം.ഫിൽ. അല്ലെങ്കിൽ തത്തുല്യ യോഗ്യത നേടിയ ഉദ്യോഗാർത്ഥികളെ സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് ജയിക്കണം എന്ന നിബന്ധനയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

4) പൊതു വിദ്യാഭ്യാസ വകുപ്പിൽ ഹൈസ്കൂൾ തലത്തിൽ പത്ത് വർഷത്തെ അംഗീകൃത അദ്ധ്യാപന പരിചയം പൂർത്തിയാക്കിയ അദ്ധ്യാപകരെ സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് പാസാകണം എന്ന നിബന്ധനയിൽ നിന്നും ഒഴിവാക്കുന്നതാണ്.

**കുറിപ്പ് :** ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ (ജൂനിയർ) എന്നതു കൊണ്ട് അർത്ഥമാക്കുന്നത് പാർട്ട് ടൈം ഹയർ സെക്കന്ററി സ്കൂൾ അദ്ധ്യാപക തസ്തികയെന്നാണ്.

11. പൊതുവ്യവസ്ഥകളിലെ രണ്ടും, മൂന്നും, ഇരുപത്തിഅഞ്ചും ഖണ്ഡികകളിലെ (25–ാം ഖണ്ഡികയിലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(C) വകുപ്പിനെ സംബന്ധിച്ച ചട്ടങ്ങൾ ഒഴികെയുള്ള) വ്യവസ്ഥകൾ ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.

12. നിയമനങ്ങൾ നടത്തുന്നത് ഈ വിജ്ഞാപനം ആസ്പദമാക്കി തയ്യാറാക്കുന്ന ലിസ്റ്റിലെ റാങ്ക് അനുസരിച്ചും പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക സംവരണം സംബന്ധിച്ച് 17/01/1976ലെ ജി.ഒ.(പി)നമ്പർ 21/76/പി.ഡി,22.01.1994ലെ ജി.ഒ.(പി) 25/94/ജി.എ.ഡി എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ അനുസരിച്ചും, നിയമനക്കാര്യത്തിൽ അപ്പോഴപ്പോൾ ഉണ്ടാകുന്ന പ്രത്യേക ചട്ടങ്ങൾ അനുസരിച്ചും 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി),17(എ), 17 (ബി) എന്നീ ചട്ടങ്ങൾക്ക് വിധേയമായും ആയിരിക്കുന്നതാണ്.

## സ്പെഷ്വൽ റിക്രൂട്ട്മെന്റ് (ജില്ലാതലം)

## കാറ്റഗറി നമ്പർ: 122/2016
## ലോവർ ഡിവിഷൻ ക്ലാർക്ക്
### (04. 03. 2013 ലെ ജി. ഒ (എം. എസ്) നമ്പർ. 120/2013/(138)/ഫിൻ പ്രകാരം ക്ലാർക്ക് എന്ന് പുനഃനാമകരണം ചെയ്യപ്പെട്ടത്. (പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് മാത്രമുള്ള പ്രത്യേക നിയമനം)
## വിവിധ വകുപ്പുകൾ

**1 വകുപ്പ്** : വിവിധ വകുപ്പുകൾ

**2 ഉദ്യോഗപ്പേര്** : ലോവർ ഡിവിഷൻ ക്ലാർക്ക്

(04.03.2013 ലെ ജി.ഒ (എം.എസ്) നമ്പർ.120/2013/(138)/ഫിൻ പ്രകാരം ക്ലാർക്ക് എന്ന് പുനഃനാമകരണം ചെയ്യപ്പെട്ടത്.

(പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് മാത്രമുള്ള പ്രത്യേക നിയമനം)

**കുറിപ്പ് :** 1. റവന്യൂവകുപ്പിലെ സംയോജിത തസ്തികയായ ലോവർ ഡിവിഷൻ ക്ലാർക്ക്/വില്ലേജ് അസിസ്റ്റന്റ് ഇതിൽപ്പെടും.

കേരള മുനിസിപ്പിൽ കോമൺ സർവ്വീസിലെ ലോവർ ഡിവിഷൻ ക്ലാർക്ക് തസ്തികയുടെ ഒഴിവുകളും ഈ വിജ്ഞാപനപ്രകാരം ഓരോ ജില്ലയ്ക്കും തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുന്ന ഉദ്യോഗാർത്ഥികളിൽ നിന്നും സമ്മതപത്രം വാങ്ങാതെ തന്നെ നികത്തുന്നതാണ് (നേരിട്ടുള്ള നിയമനത്തിന് മാത്രം).

**3 ശമ്പളം** : ₹ 9940–16580/–

**4 ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ

എറണാകുളം (പട്ടികജാതി/പട്ടികവർഗ്ഗം 2)

മലപ്പുറം (പട്ടികജാതി/പട്ടികവർഗ്ഗം 4) (പട്ടികവർഗ്ഗം 2)

കോഴിക്കോട് (പട്ടികജാതി/പട്ടികവർഗ്ഗം 2)

**5 നിയമനരീതി** : നേരിട്ടുള്ള നിയമനം

(പട്ടികജാതി/പട്ടികവർഗ്ഗക്കാരിൽ നിന്നു മാത്രം സ്പെഷ്യൽ റിക്രൂട്ട്മെന്റ് )

**കുറിപ്പ്:** പട്ടികജാതി /പട്ടികവർഗ്ഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6 പ്രായം** : 18 – 41

ഉദ്യോഗാർത്ഥികൾ 02.01.1975നും 01.01.1998 നു മിടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ).

**കുറിപ്പ് :** നിശ്ചിത പ്രായപരിധിയിലുള്ള യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ഉയർന്നപ്രായപരിധിയിൽ 50 വയസ്സ് വരെ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ യാതൊരു കാരണവശാലും 50 വയസ്സ് കവിയാൻ പാടില്ല.

**7 യോഗ്യതകൾ:** എസ്.എസ്.എൽ.സി യോ തത്തുല്യമായ പരീക്ഷയോ വിജയിച്ചിരിക്കണം.

**കുറിപ്പ്:**(i) യോഗ്യത സംബന്ധിച്ച KS&SSR Part II Rule 10(a)ii ഈ തസ്തികയ്ക്ക് ബാധകമാണ്.

(ii) കേരള സ്റ്റേറ്റ് ആർക്കേവ്സിൽ എൽ.ഡി ക്ലാർക്കായി നിയമനം ആഗ്രഹിക്കുന്ന ഉദ്യോഗാർത്ഥികൾ സർട്ടിഫിക്കറ്റ് പരിശോധനാവേളയിൽ സമ്മതപത്രം നൽകേണ്ടതാണ്. ലിസ്റ്റ് പ്രസിദ്ധപ്പെടുത്തുമ്പോൾ ടി ഉദ്യോഗാർത്ഥിയുടെ പേരിന്റെ നേർക്ക് സ്റ്റേറ്റ് ആർക്കേവ്സിൽ നിയമനത്തിന് അർഹരാണെന്ന് രേഖപ്പെടുത്തിയിരിക്കും. അവർ ഊഴം അനുസരിച്ച് മറ്റു വകുപ്പുകളിലേയ്ക്കും നിയമനത്തിന് അർഹതയുള്ളവരായിരിക്കും. എന്നാൽ ഒരാളുടെ ഊഴം വരുന്നതനുസരിച്ച് സ്റ്റേറ്റ് ആർക്കേവ്സിൽ ഒരിക്കൽ നിയമനത്തിന് ശിപാർശ ചെയ്യപ്പെട്ടുകഴിഞ്ഞാൽ പിന്നെ മറ്റേതെങ്കിലും വകുപ്പുകളിലേയ്ക്കുള്ള നിയമനത്തിന് അയാളെ പരിഗണിക്കുന്നതല്ല. സ്റ്റേറ്റ് ആർക്കേവ്സിൽ ലോവർ ഡിവിഷൻ ക്ലാർക്കായി നിയമിക്കപ്പെട്ടുകഴിഞ്ഞാൽ ഇവർ നിശ്ചിത പ്രോബേഷൻ കാലത്ത് ഗവൺമെന്റ് നിശ്ചയിക്കുന്ന ‘ഓൾഡ് സ്ക്രിപ്റ്റിൽ’ ഉള്ള ട്രെയിനിംഗ് വിജയകരമായി പൂർത്തിയാക്കിയിരിക്കണം.

(iii) ഈ വിജ്ഞാപനംപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും റവന്യൂവകുപ്പിലെ സംയോജിത തസ്തികയായ ലോവർ ഡിവിഷൻ ക്ലാർക്ക്/വില്ലേജ് അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് നിയമനത്തിനായി ശിപാർശ ചെയ്യപ്പെടുന്ന ഉദ്യോഗാർത്ഥികൾ അവർ നേരത്തെ ചെയിൻ സർവ്വെ ടെസ്റ്റ് വിജയിച്ചിട്ടില്ലാത്തവരാണെങ്കിൽ അവരെ ഡിപ്പാർട്ടമെന്റിൽ നിന്നും സർവ്വേ ട്രെയിനിംഗിന് അയയ്ക്കുന്നതാണ്. വില്ലേജ് ആഫീസർ/അപ്പർ ഡിവിഷൻ ക്ലാർക്ക് എന്നീ തസ്തികകളിലേയ്ക്ക് പ്രമോഷൻ ലഭിക്കുവാൻ കേരള മിനിസ്റ്റീരിയൽ സർവ്വീസ് സ്പെഷ്യൽ റൂൾസ് പ്രകാരമുള്ള ടെസ്റ്റ് യോഗ്യതകൾ ഇവർ നേടിയിരിക്കേണ്ടതാണ്.

12 പൊതുവ്യവസ്ഥകളിലെ രണ്ടും, മൂന്നും, ഇരുപത്തിയഞ്ചും ഖണ്ഡികകളിലെ (25–ാം ഖണ്ഡികയിലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(C) വകുപ്പിനെ സംബന്ധിച്ച ചട്ടങ്ങൾ ഒഴികെയുള്ള) വ്യവസ്ഥകൾ ഈ തിരഞ്ഞെടുപ്പിന് ബാധകമല്ല.

13 നിയമനങ്ങൾ നടത്തുന്നത് ഈ വിജ്ഞാപനം ആസ്പദമാ

ക്കി തയ്യാറാക്കുന്ന ലിസ്റ്റിലെ റാങ്ക് അനുസരിച്ചും പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക സംവരണം സംബന്ധിച്ച് 13.04.1972ലെ ജി.ഒ (എം.എസ്) നമ്പർ.142/72/പി.ഡി, 29.11.1973 ലെ ജി.ഒ (എം.എസ്) നമ്പർ. 309/73/പി.ഡി, 17/01/1976ലെ ജി.ഒ.(പി) നമ്പർ 21/76/പി.ഡി., 22.01.1994ലെ ജി.ഒ.(പി) നമ്പർ 25/94/ജി.എ.ഡി. എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ അനുസരിച്ചും, നിയമനകാര്യത്തിൽ അപ്പോഴപ്പോൾ ഉണ്ടാകുന്ന പ്രത്യേക ചട്ടങ്ങൾ അനുസരിച്ചും 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി), 17(എ), 17(ബി) എന്നീ ചട്ടങ്ങൾക്ക് വിധേയമായും ആയിരിക്കുന്നതാണ്.

## എൻസിഎ ഒഴിവുകളിലേക്ക് സംവരണ സമുദായങ്ങൾക്ക് നേരിട്ടുള്ള നിയമനം (സംസ്ഥാനതലം)

## കാറ്റഗറി നമ്പർ: 123/2016
## സീനിയർ ലക്ചറർ ഇൻ ജനിറ്റോ യൂറിനറി സർജറി (യൂറോളജി)
## മെഡിക്കൽ വിദ്യാഭ്യാസ സർവീസ്
## രണ്ടാം എൻ.സി.എ. വിജ്ഞാപനം

1. **വകുപ്പ്** : മെഡിക്കൽ വിദ്യാഭ്യാസ സർവീസ്
2. **ഉദ്യോഗപ്പേര്** : സീനിയർ ലക്ചറർ ഇൻ ജനിറ്റോ യൂറിനറി സർജറി (യൂറോളജി)
3. **ശമ്പളം** : യു.ജി.സി. മാനദണ്ഡങ്ങൾക്കനുസരിച്ച്
4. **ഒഴിവുകൾ** : മറ്റു ക്രിസ്ത്യാനികൾ (ഒ.എക്സ്) – 1

**5. നിയമന രീതി:–** നേരിട്ടുള്ള നിയമനം (ഒ.എക്സ് സമുദായത്തിലുള്ള ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം)

മുകളിൽ കാണിച്ചിട്ടുള്ള സമുദായത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അപേക്ഷകൾ നിരസിച്ചു കൊണ്ട് വ്യക്തിഗത അറിയിപ്പ് നൽകുന്നതല്ല.

**6. പ്രായം** : 21–49, ഉദ്യോഗാർത്ഥികൾ 02.01.1967നും 01.01.1995നും ഇടയിൽ ജനിച്ചവരായിരിക്കണം(രണ്ടു തീയതികളും ഉൾപ്പെടെ).

**കുറിപ്പ്:–** പ്രായപൂർത്തിയായശേഷം പട്ടികജാതിയിൽ നിന്നും ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്തിട്ടുള്ളവർക്കും അവരുടെ സന്താനങ്ങൾക്കും 50 വയസ്സുവരെ ഉയർന്ന പ്രായപരിധിയിൽ ഇളവ് നൽകുന്നതാണ്. അങ്ങനെയുള്ളവർ 02.01.1966–നും 01.01.1995–നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ). (പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2(i)–ലെ ആനുകൂല്യം ഉൾപ്പെടെ)

**കുറിപ്പ്:–** പ്രായപരിധി സംബന്ധിച്ച ഇതര വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക. (ഖണ്ഡിക 2(i) ഒഴികെ)

**7. യോഗ്യതകൾ**: I സീനിയർ ലക്ചറർ

(i)എം.സി.എച്ച് (യൂറോളജി)/എം.സി.എച്ച്/ഡി.എൻ.ബി (ജനിറ്റോ യൂറിനറി സർജറി)/എം.സി.എച്ച് (ജനിറ്റോ യൂറിനറി സർജറി)

(ii)സ്റ്റേറ്റ് മെഡിക്കൽ കൗൺസിലിലുള്ള (ട്രാവൻകൂർ–കൊച്ചിൻ മെഡിക്കൽ കൗൺസിൽ) സ്ഥിരം രജിസ്ട്രേഷൻ

ഇവരുടെ അഭാവത്തിൽ

റ്റി.സി.എം.സി രജിസ്ട്രേഷനോടുകൂടിയ എം.എസ്. (ജനറൽ സർജറി)

**കുറിപ്പ്** : ഡി.എൻ.ബി.യോഗ്യത കേരളത്തിലെ ഏതെങ്കിലും ഒരു സർവ്വകലാശാല അംഗീകരിച്ച മെഡിക്കൽ കോളേജിൽ നിന്നും നേടിയതായിരിക്കണം.

മേൽപ്പറഞ്ഞ യോഗ്യതയുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ഇനി പറയുന്ന യോഗ്യതയുള്ളവരെ ലക്ചറർ (ശമ്പളം : യു.ജി.സി. മാനദണ്ഡങ്ങൾക്കനുസരിച്ച്)ആയി നിയമിക്കുന്നതിന് പരിഗണിക്കുന്നതാണ്.

ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ള എം.ബി.ബി.എസ് ബിരുദം

സ്റ്റേറ്റ് മെഡിക്കൽ കൗൺസിലിലെ (ട്രാവൻകൂർ–കൊച്ചിൻ മെഡിക്കൽ കൗൺസിൽ) സ്ഥിരം രജിസ്ട്രേഷൻ

**കുറിപ്പ്** : സീനിയർ ലക്ചറർ/ലക്ചറർ തസ്തികകൾക്കുള്ള മേൽപ്പറഞ്ഞ യോഗ്യതകൾ അപേക്ഷ സ്വീകരിക്കുന്നതിനുള്ള അവസാന തീയതിയിലോ അതിന് മുമ്പോ നേടിയതായിരിക്കണം.

ഒരു മെഡിക്കൽ കൗൺസിലിന്റേയും താൽക്കാലിക രജിസ്ട്രേഷൻ പരിഗണിക്കുന്നതല്ല.

ട്രാവൻകൂർ–കൊച്ചിൻ മെഡിക്കൽ കൗൺസിലിലെ സ്ഥിരം രജിസ്ട്രേഷൻ ഉൾപ്പെടെ തങ്ങൾക്കുള്ള എല്ലാ യോഗ്യതാ പത്രങ്ങളുടെയും വിവരങ്ങൾ സ്വന്തം പ്രൊഫൈലിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് അപേക്ഷ സമർപ്പിക്കുന്നതിനു മുമ്പ് ഉദ്യോഗാർത്ഥികൾ ഉറപ്പുവരുത്തേണ്ടതാണ്.

ഈ ഉദ്യോഗത്തിൽ നിയമിക്കപ്പെടുന്നവർ അവരുടെ ആദ്യത്തെ പത്ത് (10) വർഷത്തെ സേവനത്തിനുള്ളിൽ (പരിശീലനകാലമുൾപ്പെടെ) നാല് (4) വർഷം പ്രതിരോധ സർവ്വീസിൽ അല്ലെങ്കിൽ പ്രതിരോധം സംബന്ധിച്ച ജോലിയിൽ ഇന്ത്യയിൽ എവിടെയെങ്കിലുമോ, വിദേശത്തോ സേവനമനുഷ്ഠിക്കേണ്ടതാണ്. ഈ നിർബന്ധിത സൈനിക സേവനം നാൽപത്തിയഞ്ച് (45) വയസ് തികഞ്ഞവർക്ക് ബാധകമല്ല.

കെ.എസ്. & എസ്.എസ്.ആർ പാർട്ട് II റൂൾ 10 (a)ii ബാധകമാണ്.

മുകളിൽ കാണിച്ചിട്ടുള്ള ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക്‌ലിസ്റ്റ് ഈ തസ്തികയിലേയ്ക്ക് താഴെപ്പറയുന്ന തീയതിയിൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ ബന്ധപ്പെട്ട സമുദായത്തിൽ നിന്നുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെയുള്ള ഒഴിവിലേക്കും തുടർന്നുണ്ടാകുന്ന അത്തരം ഒഴിവുകളിലേയ്ക്കും നിയമന ശിപാർശയും നിയമനവും നടത്തുന്നതുവരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്.

| ക്രമ നം | മാതൃ റാങ്കുപട്ടിക പ്രസിദ്ധപ്പെടുത്തിയ തീയതി | കാറ്റഗറി നമ്പർ |
|---|---|---|
| 1 | 09.04.2013 | 222/2011 |

## കാറ്റഗറി നമ്പർ: 124/2016
## സീനിയർ ലക്ചറർ ഇൻ അനസ്തേഷ്യോളജി
## മെഡിക്കൽ വിദ്യാഭ്യാസ സർവീസ്
## രണ്ടാം എൻ.സി.എ. വിജ്ഞാപനം

1 **വകുപ്പ്** : മെഡിക്കൽ വിദ്യാഭ്യാസ സർവീസ്
2 **ഉദ്യോഗപ്പേര്** : സീനിയർ ലക്ചറർ ഇൻ അനസ്തേഷ്യോളജി
3 **ശമ്പളം** : യു.ജി.സി. മാനദണ്ഡങ്ങൾക്കനുസരിച്ച്
4 **ഒഴിവുകൾ** : മറ്റു ക്രിസ്ത്യാനികൾ (ഒ.എക്സ്) – 1

**6. നിയമന രീതി** : നേരിട്ടുള്ള നിയമനം (ഒ.എക്സ് സമുദായത്തിലുള്ള ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം)

മുകളിൽ കാണിച്ചിട്ടുള്ള സമുദായത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അപേക്ഷകൾ നിരസിച്ചുകൊണ്ട് വ്യക്തിഗത അറിയിപ്പ് നൽകുന്നതല്ല.

**7. പ്രായം** : 21–49, ഉദ്യോഗാർത്ഥികൾ 02.01.1967നും 01.01.1995നും ഇടയിൽ ജനിച്ചവരായിരിക്കണം(രണ്ടു തീയതികളും ഉൾപ്പെടെ).

**കുറിപ്പ്:–** പ്രായപൂർത്തിയായശേഷം പട്ടികജാതിയിൽ നിന്നും ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്തിട്ടുള്ളവർക്കും അവരുടെ സന്താനങ്ങൾക്കും 50 വയസ്സുവരെ ഉയർന്ന പ്രായപരിധിയിൽ ഇളവ് നൽകുന്നതാണ്. അങ്ങനെയുള്ളവർ 02.01.1966നും 01.01.1995നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ).

(പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2(i)–ലെ ആനുകൂല്യം ഉൾപ്പെടെ)

**കുറിപ്പ്:–** പ്രായപരിധി സംബന്ധിച്ച ഇതര വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക. (ഖണ്ഡിക 2(i) ഒഴികെ)

**8. യോഗ്യതകൾ** : I സീനിയർ ലക്ചറർ

(i)എം.ഡി (അനസ്തേഷ്യോളജി)/ഡി.എൻ.ബി (അനസ്തേഷ്യോളജി)

(ii)സ്റ്റേറ്റ് മെഡിക്കൽ കൗൺസിലിലുള്ള (ട്രാവൻകൂർ–കൊച്ചിൻ മെഡിക്കൽ കൗൺസിൽ) സ്ഥിരം രജിസ്ട്രേഷൻ

**കുറിപ്പ്** : ഡി.എൻ.ബി.യോഗ്യത കേരളത്തിലെ ഏതെങ്കിലും ഒരു സർവ്വകലാശാല അംഗീകരിച്ച മെഡിക്കൽ കോളേജിൽ നിന്നും നേടിയതായിരിക്കണം.

മേൽപ്പറഞ്ഞ യോഗ്യതയുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ഇനി പറയുന്ന യോഗ്യതയുള്ളവരെ ലക്ചറർ (ശമ്പളം : യു.ജി.സി. മാനദണ്ഡങ്ങൾക്കനുസരിച്ച്)ആയി നിയമിക്കുന്നതിന് പരിഗണിക്കുന്നതാണ്.

ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ള എം.ബി.ബി.എസ് ബിരുദം

സ്റ്റേറ്റ് മെഡിക്കൽ കൗൺസിലിലെ (ട്രാവൻകൂർ–കൊച്ചിൻ മെഡിക്കൽ കൗൺസിൽ) സ്ഥിരം രജിസ്ട്രേഷൻ

**കുറിപ്പ്** : സീനിയർ ലക്ചറർ/ലക്ചറർ തസ്തികകൾക്കുള്ള മേൽപ്പറഞ്ഞ യോഗ്യതകൾ അപേക്ഷ സ്വീകരിക്കുന്നതിനുള്ള അവസാന തീയതിയിലോ അതിന് മുൻപോ നേടിയതായിരിക്കണം.

ഒരു മെഡിക്കൽ കൗൺസിലിന്റേയും താൽക്കാലിക രജിസ്ട്രേഷൻ പരിഗണിക്കുന്നതല്ല.

ട്രാവൻകൂർ–കൊച്ചിൻ മെഡിക്കൽ കൗൺസിലിലെ സ്ഥിരം രജിസ്ട്രേഷൻ ഉൾപ്പെടെ തങ്ങൾക്കുള്ള എല്ലാ യോഗ്യതാ പത്രങ്ങളുടെയും വിവരങ്ങൾ സ്വന്തം പ്രൊഫൈലിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് അപേക്ഷ സമർപ്പിക്കുന്നതിനു മുമ്പ് ഉദ്യോഗാർത്ഥികൾ ഉറപ്പുവരുത്തേണ്ടതാണ്.

ഈ ഉദ്യോഗത്തിൽ നിയമിക്കപ്പെടുന്നവർ അവരുടെ ആദ്യത്തെ പത്ത് (10) വർഷത്തെ സേവനത്തിനുള്ളിൽ (പരിശീലനകാലമുൾപ്പെടെ) നാല് (4) വർഷം പ്രതിരോധ സർവ്വീസിൽ അല്ലെങ്കിൽ പ്രതിരോധം സംബന്ധിച്ച ജോലിയിൽ ഇന്ത്യയിൽ എവിടെയെങ്കിലുമോ, വിദേശത്തോ സേവനമനുഷ്ഠിക്കേണ്ടതാണ്. ഈ നിർബന്ധിത സൈനിക സേവനം നാൽപത്തിയഞ്ച് (45) വയസ് തികഞ്ഞവർക്ക് ബാധകമല്ല.

കെ.എസ്. & എസ്.എസ്.ആർ പാർട്ട് II റൂൾ 10 (a)ii ബാധകമാണ്.

മുകളിൽ കാണിച്ചിട്ടുള്ള ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക്‌ലിസ്റ്റ് ഈ തസ്തികയിലേയ്ക്ക് താഴെപ്പറയുന്ന തീയതിയിൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ ബന്ധപ്പെട്ട സമുദായത്തിൽ നിന്നുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെയുള്ള ഒഴിവിലേക്കും തുടർന്നുണ്ടാകുന്ന അത്തരം ഒഴിവുകളിലേയ്ക്കും നിയമന ശിപാർശയും നിയമനവും നടത്തുന്നതുവരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്.

| ക്രമ നം | മാതൃ റാങ്കുപട്ടിക പ്രസിദ്ധപ്പെടുത്തിയ തീയതി | കാറ്റഗറി നമ്പർ |
|---|---|---|
| 1 | 30.09.2010 | 27/2010 |

## കാറ്റഗറി നമ്പർ: 125/2016
## ലക്ചറർ ഇൻ സ്റ്റാറ്റിസ്റ്റിക്സ്
## കോളേജ് വിദ്യാഭ്യാസം
## നാലാം എൻ.സി.എ. വിജ്ഞാപനം

1 **വകുപ്പ്** : കോളേജ് വിദ്യാഭ്യാസം
2 **ഉദ്യോഗപ്പേര്** : ലക്ചറർ ഇൻ സ്റ്റാറ്റിസ്റ്റിക്സ്
3 **ശമ്പളം** : യു.ജി.സി നിരക്ക്
4 **ഒഴിവുകളുടെ എണ്ണം** : പട്ടികജാതി – 3 (മൂന്ന്)

മേൽപ്പറഞ്ഞ ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപന പ്രകാരം മേൽപ്പറഞ്ഞ സമുദായത്തിനുവേണ്ടി മാത്രം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയുടെ 08.06.2010 തീയതിയിൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ പ്രസ്തുത സമുദായത്തിനുവേണ്ടി നീക്കിവച്ചിട്ടുള്ള ഒഴിവുകളിലേയ്ക്കും ആ സമുദായത്തിലെ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വരുന്ന ഒഴിവുകളിലേയ്ക്കും നിയമന ശുപാർശയും നിയമനവും നടത്തുന്നതുവരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്. ഒന്നാം എൻ.സി.എ വിജ്ഞാപനം (ഗസറ്റ് തീയതി 14.10.2011, കാറ്റഗറി നമ്പർ 338/2011), രണ്ടാം എൻ.സി.എ വിജ്ഞാപനം (ഗസറ്റ് തീയതി 15.11.2012, കാറ്റഗറി നമ്പർ 564/2012) മൂന്നാം എൻ.സി.എ വിജ്ഞാപനം (ഗസറ്റ് തീയതി 25.11.2014, കാറ്റഗറി നമ്പർ 471/2014) എന്നിവ പ്രകാരം പ്രസ്തുത സമുദായത്തിലെ അർഹരായ ഉദ്യോഗാർത്ഥികളെ ലഭിക്കാത്തതിനാലുള്ള നാലാം എൻ.സി.എ. വിജ്ഞാപനമാണിത്.

5 **നിയമന രീതി** :പട്ടികജാതിക്കാരിൽ നിന്നു മാത്രം. എന്നാൽ പട്ടികജാതിക്കാരുടെ അഭാവത്തിൽ പട്ടികവർഗ്ഗക്കാരുടെ അപേക്ഷകളും പരിഗണിക്കുന്നതാണ്.

**കുറിപ്പ്** : വിജ്ഞാപനത്തിൽ പരാമർശിക്കുന്ന സമുദായത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചു കൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

6 **പ്രായം** : 22–45 ഉദ്യോഗാർത്ഥികൾ 02.01.1971നും 01.01.1994നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ).(വയസ്സിളവിനെ സംബന്ധിച്ച മറ്റ് വ്യവസ്ഥകൾക്ക് വിജ്ഞാപനത്തിലെ പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക (ഖണ്ഡിക 2 (i) ഒഴികെ) നോക്കുക).

7 **യോഗ്യതകൾ** 1) അൻപതു ശതമാന (50 %) ത്തിൽ കുറയാതെയുള്ള മാർക്കോടെ ബന്ധപ്പെട്ട വിഷയത്തിൽ ബിരുദാനന്തരബിരുദം അല്ലെങ്കിൽ തത്തുല്യ യോഗ്യത ഉണ്ടായിരിക്കണം. കൂടാതെ മെച്ചപ്പെട്ട വിദ്യാഭ്യാസ നിലവാരം പുലർത്തിയിരിക്കണം.

2) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷനോ സംസ്ഥാന സർക്കാർ പ്രത്യേകം രൂപീകരിച്ച ഏജൻസിയോ ഇതിനായി നടത്തുന്ന ബന്ധപ്പെട്ട വിഷയത്തിലുള്ള സമഗ്ര പരീക്ഷ (comprehensive test) ജയിച്ചിരിക്കണം. യോഗ്യത തുല്യമായിരിക്കുമ്പോൾ മലയാളത്തിൽ പരിജ്ഞാനമുള്ള ഉദ്യോഗാർത്ഥികൾക്ക് മുൻഗണന നൽകുന്നതാണ്.

**കുറിപ്പ്:** i) KS & SSR, Part II Rule 10(a)(ii) ബാധകമാണ്.

ii) ബന്ധപ്പെട്ട വിഷയത്തിൽ പി.എച്ച്.ഡി. യോഗ്യത നേടിയവരെ യു.ജി.സി.യുടെ സമഗ്ര പരീക്ഷ (നെറ്റ്) പാസ്സായിരിക്കണമെന്ന നിബന്ധനയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. (G.O. (MS) No.86/07/H.Edn dated 19.06.2007)

iii) മേൽപ്പറഞ്ഞ തസ്തികയിലേയ്ക്കുള്ള തെരഞ്ഞെടുപ്പിന് യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ അംഗീകരിച്ചിട്ടുള്ള സർവ്വകലാശാലകൾ നൽകുന്ന ബിരുദങ്ങൾ മാത്രമേ പരിഗണിക്കുകയുള്ളൂ.

## കാറ്റഗറി നമ്പർ: 126/2016
## ലക്ചറർ ഇൻ മാത്തമാറ്റിക്സ്
## കോളേജ് വിദ്യാഭ്യാസം
## നാലാം എൻ.സി.എ. വിജ്ഞാപനം

1 **വകുപ്പ്** : കോളേജ് വിദ്യാഭ്യാസം

2 **ഉദ്യോഗപ്പേര്** : ലക്ചറർ ഇൻ മാത്തമാറ്റിക്സ്
3 **ശമ്പളം** : യു.ജി.സി നിരക്ക്
4 **ഒഴിവുകളുടെ എണ്ണം** : പട്ടികജാതി 13 (പതിമൂന്ന്)

മേൽപ്പറഞ്ഞ ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപന പ്രകാരം മേൽപ്പറഞ്ഞ സമുദായത്തിനുവേണ്ടി മാത്രം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയുടെ 07.05. 2010 തീയതിയിൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ പ്രസ്തുത സമുദായത്തിനുവേണ്ടി നീക്കിവെച്ചിട്ടുള്ള ഒഴിവുകളിലേയ്ക്കും ആ സമുദായത്തിലെ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വരുന്ന ഒഴിവുകളിലേയ്ക്കും നിയമന ശുപാർശയും നിയമനവും നടത്തുന്നതുവരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്. ഒന്നാം എൻ.സി.എ വിജ്ഞാപനം (ഗസറ്റ് തീയതി 31.12.2010, കാറ്റഗറി നമ്പർ 494/2010), രണ്ടാം എൻ.സി.എ വിജ്ഞാപനം (ഗസറ്റ് തീയതി 16. 07.2012, കാറ്റഗറി നമ്പർ 387/2012), മൂന്നാം എൻ.സി.എ വിജ്ഞാപനം (ഗസറ്റ് തീയതി 31.12.2014, കാറ്റഗറി നമ്പർ 714/2014) എന്നിവ പ്രകാരം പ്രസ്തുത സമുദായത്തിലെ അർഹരായ ഉദ്യോഗാർത്ഥികളെ ലഭിക്കാത്തതിനാലുള്ള നാലാം എൻ.സി.എ. വിജ്ഞാപനമാണിത്.

5 **നിയമന രീതി** : നേരിട്ടുള്ള നിയമനം (പട്ടികജാതിക്കാരിൽ നിന്നു മാത്രം.) എന്നാൽ പട്ടികജാതിക്കാരുടെ അഭാവത്തിൽ പട്ടികവർഗ്ഗക്കാരുടെ അപേക്ഷകളും പരിഗണിക്കുന്നതാണ്.

**കുറിപ്പ്** : പട്ടികജാതി/പട്ടികവർഗ്ഗക്കാരല്ലാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

6 **പ്രായം** : 22–45 ഉദ്യോഗാർത്ഥികൾ 02.01. 1971 നും 01.01.1994നും ഇടയിൽ ജനിച്ചരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ). (വയസ്സിളവിനെ സംബന്ധിച്ച വ്യവസ്ഥകൾക്ക് വിജ്ഞാപനത്തിലെ പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2 നോക്കുക. (ഖണ്ഡിക 2(i) ഒഴികെ)

**യോഗ്യതകൾ** 1) പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് അൻപതു ശതമാനം (50%) മാർക്കിൽ കുറയാതെയുള്ള മാർക്കോടെ ബന്ധപ്പെട്ട വിഷയത്തിൽ ബിരുദാനന്തരബിരുദം അല്ലെങ്കിൽ തത്തുല്യ യോഗ്യത ഉണ്ടായിരിക്കണം. കൂടാതെ മെച്ചപ്പെട്ട വിദ്യാഭ്യാസ നിലവാരം പുലർത്തിയിരിക്കണം.

2) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷനോ അല്ലെങ്കിൽ സംസ്ഥാന സർക്കാർ പ്രത്യേകം രൂപീകരിച്ച ഏജൻസിയോ ഇതിനായി നടത്തുന്ന ബന്ധപ്പെട്ട വിഷയത്തിലുള്ള സമഗ്ര പരീക്ഷ (comprehensive test) ജയിച്ചിരിക്കണം. യോഗ്യത തുല്യമായിരിക്കുമ്പോൾ മലയാളത്തിൽ പരിജ്ഞാനമുള്ള ഉദ്യോഗാർത്ഥികൾക്ക് മുൻഗണന നൽകുന്നതാണ്.

**കുറിപ്പ്:** i) ബന്ധപ്പെട്ട വിഷയത്തിൽ പി.എച്ച്.ഡി. യോഗ്യത നേടിയവരെ യു.ജി.സി.യുടെ സമഗ്ര പരീക്ഷ (നെറ്റ്) പാസ്സായിരിക്കണമെന്ന നിബന്ധനയിൽനിന്ന് ഒഴിവാക്കിയിട്ടുണ്ട്. (G.O. (MS) No.86/07/H.Edn dated 19.06.2007)

ii) മേൽപ്പറഞ്ഞ തസ്തികയിലേയ്ക്കുള്ള തെരഞ്ഞെടുപ്പിന് യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ അംഗീകരിച്ചിട്ടുള്ള സർവ്വകലാശാലകൾ നൽകുന്ന ബിരുദങ്ങൾ മാത്രമേ പരിഗണിക്കുകയുള്ളൂ.

iii) KS & SSR, Part II Rule 10(a)(ii) ബാധകമാണ്.

## കാറ്റഗറി നമ്പർ: 127/2016
## ലക്ചറർ ഇൻ മാത്തമാറ്റിക്സ്
## കോളേജ് വിദ്യാഭ്യാസം
## അഞ്ചാം എൻ.സി.എ. വിജ്ഞാപനം

1 **വകുപ്പ്** : കോളേജ് വിദ്യാഭ്യാസം
2 **ഉദ്യോഗപ്പേര്** : ലക്ചറർ ഇൻ മാത്തമാറ്റിക്സ്
3 **ശമ്പളം** : യു.ജി.സി. നിരക്കിൽ
4 **ഒഴിവുകളുടെ എണ്ണം** : 1 (ഒന്ന്) മറ്റു ക്രിസ്ത്യാനികൾ (ഒ.എക്സ്.)

മേൽപ്പറഞ്ഞ ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയുടെ 07.05.2010 തീയതിയിൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ മറ്റ് ക്രിസ്ത്യാനികൾ (ഒ.എക്സ്) സംവരണവിഭാഗത്തിനു നീക്കിവച്ചിട്ടുള്ള ഒഴിവുകളിലേയ്ക്കും ആ സമുദായത്തിലെ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വരുന്ന ഒഴിവുകളിലേയ്ക്കും നിയമന ശുപാർശയും നിയമനവും നടത്തുന്നതുവരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്. ഒന്നാം എൻ.സി.എ. വിജ്ഞാപനം (ഗസറ്റ് തീയതി : 31.12.2010, കാറ്റഗറി നമ്പർ 494/2010) രണ്ടാം എൻ.സി.എ വിജ്ഞാപനം (ഗസറ്റ് തീയതി: 16.07.2012, കാറ്റഗറി നമ്പർ 389/2012) മൂന്നാം എൻ.സി.എ വിജ്ഞാപനം (ഗസറ്റ് തീയതി: 15. 10.2013, കാറ്റഗറി നമ്പർ 347/2013) നാലാം എൻ.സി.എ വിജ്ഞാപനം (ഗസറ്റ് തീയതി: 31.12.2014, കാറ്റഗറി നമ്പർ 713/2014) എന്നിവ പ്രകാരം പ്രസ്തുത സമുദായത്തിലെ അർഹരായ ഉദ്യോഗാർത്ഥികളെ ലഭിക്കാതിരുന്നതിനാലുള്ള അഞ്ചാം എൻ.സി.എ. വിജ്ഞാപനമാണിത്.

5 **നിയമന രീതി** : നേരിട്ടുള്ള നിയമനം [മറ്റ് ക്രിസ്ത്യാനികൾ (ഒ.എക്സ്.) വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്ന് മാത്രം.]

**കുറിപ്പ്** : മേൽപ്പറഞ്ഞ സമുദായത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചു കൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

6 **പ്രായം** : 22–43. ഉദ്യോഗാർത്ഥികൾ 02.01.1973 നും 01.01.1994നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ട് തീയതികളും ഉൾപ്പെടെ) പ്രായപൂർത്തി ആയശേഷം പട്ടികജാതിയിൽനിന്ന് ക്രിസ്ത്യൻ മതത്തിലേയ്ക്ക് പരിവർത്തനം ചെയ്തവർക്കും അവരുടെ സന്താനങ്ങൾക്കും ഉയർന്ന പ്രായപരിധി 45 വയസ്സ് ആയിരിക്കും (പ്രായപരിധി സംബന്ധിച്ച നിബന്ധനകൾക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക 2(i) ഒഴികെ).

7 **യോഗ്യതകൾ** : 1) അൻപത്തിയഞ്ച് ശതമാന (55%) ത്തിൽ കുറയാതെയുള്ള മാർക്കോടെ ബന്ധപ്പെട്ട വിഷയത്തിലുള്ള ബിരുദാനന്തരബിരുദം അല്ലെങ്കിൽ തത്തുല്യ യോഗ്യത ഉണ്ടായിരിക്കണം. കൂടാതെ മെച്ചപ്പെട്ട വിദ്യാഭ്യാസ നിലവാരം പുലർത്തിയിരിക്കണം.

2)യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷനോ അല്ലെങ്കിൽ സംസ്ഥാന സർക്കാർ പ്രത്യേകം രൂപീകരിച്ച ഏജൻസിയോ ഇതിനായി നടത്തുന്ന ബന്ധപ്പെട്ട വിഷയത്തിലുള്ള സമഗ്ര പരീക്ഷ (comprehensive test) ജയിച്ചിരിക്കണം. യോഗ്യത തുല്യമായിരിക്കുമ്പോൾ മലയാളത്തിൽ പരിജ്ഞാനമുള്ള ഉദ്യോഗാർത്ഥികൾക്ക് മുൻഗണന നൽകുന്നതാണ്.

**കുറിപ്പ്:** i) 19.09.1991ന് മുമ്പ് ബിരുദാനന്തര ബിരുദം നേടിയ പി.എച്ച്.ഡി. യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾക്ക് ബിരുദാനന്തര ബിരുദത്തിന് 50% മാർക്ക് മതിയാകുന്നതാണ്. (G.O (MS) No.2/07/H.Edn dated 04.01.2007)

ii) ബന്ധപ്പെട്ട വിഷയത്തിൽ പി.എച്ച്.ഡി. യോഗ്യത നേടിയവരെ യു.ജി.സി.യുടെ സമഗ്ര പരീക്ഷ (നെറ്റ്) പാസ്സായിരിക്കണമെന്ന നിബന്ധനയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. (G.O. (MS) No.86/07/H.Edn dated 19.06.2007)

iii) മേൽപ്പറഞ്ഞ തസ്തികയിലേയ്ക്കുള്ള തെരഞ്ഞെടുപ്പിന് യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ അംഗീകരിച്ചിട്ടുള്ള സർവ്വകലാശാലകൾ നൽകുന്ന ബിരുദങ്ങൾ മാത്രമേ പരിഗണിക്കുകയുള്ളൂ.

iv) KS & SSR Part II Rule 10 (a) ii പ്രകാരമുള്ള വ്യവസ്ഥകൾ ബാധകം.

## കാറ്റഗറി നമ്പർ: 128/2016
## ലക്ചറർ ഇൻ ഉറുദു
## കോളേജ് വിദ്യാഭ്യാസം
## അഞ്ചാം എൻ.സി.എ. വിജ്ഞാപനം

1 **വകുപ്പ്** : കോളേജ് വിദ്യാഭ്യാസം
2 **ഉദ്യോഗപ്പേര്** : ലക്ചറർ ഇൻ ഉറുദു
3 **ശമ്പളം** : യു.ജി.സി. നിരക്ക്
4 **ഒഴിവുകളുടെ എണ്ണം** : പട്ടികജാതി 1 (ഒന്ന്)

മേൽപ്പറഞ്ഞ ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയുടെ 12.01.2009 തീയതിയിൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ പ്രസ്തുത സമുദായത്തിൽപ്പെട്ടവർക്കായി നീക്കിവച്ചിട്ടുള്ള ഒഴിവുകളിലേയ്ക്കും ആ സമുദായത്തിലെ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വരുന്ന ഒഴിവുകളിലേയ്ക്കും നിയമന ശിപാർശയും നിയമനവും നടത്തുന്നതുവരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്. മേൽപ്പറഞ്ഞ ഒഴിവിലേക്കുള്ള തെരഞ്ഞെടുപ്പിനായി ഒന്നാം എൻ.സി.എ. വിജ്ഞാപനം (ഗസറ്റ് തീയതി: 31.12.2010, കാറ്റഗറി നമ്പർ. 486/2010), രണ്ടാം എൻ.സി.എ വിജ്ഞാപനം (ഗസറ്റ് തീയതി: 16.04.2012, കാറ്റഗറി നമ്പർ 57/2012), മൂന്നാം എൻ.സി.എ വിജ്ഞാപനം (ഗസറ്റ് തീയതി: 30.04.2013, കാറ്റഗറി നമ്പർ 82/2013),നാലാം എൻ.സി.എ വിജ്ഞാപനം(ഗസറ്റ് തീയതി: 25. 11.2014, കാറ്റഗറി നമ്പർ 469/2014) എന്നിവ പുറപ്പെടുവിച്ചിട്ടും അർഹരായ ഉദ്യോഗാർത്ഥികളെ ലഭിക്കാതിരുന്നതിനാലുള്ള അഞ്ചാം എൻ.സി.എ. വിജ്ഞാപനമാണിത്.

5 **നിയമന രീതി** : നേരിട്ടുള്ള നിയമനം (പട്ടികജാതിക്കാരിൽ നിന്നു മാത്രം. പട്ടികജാതിക്കാരുടെ അഭാവത്തിൽ പട്ടികവർഗ്ഗക്കാരുടെ അപേക്ഷകളും പരിഗണിക്കുന്നതാണ്.)

6 **പ്രായം** : 22–45, ഉദ്യോഗാർത്ഥികൾ 02.01. 1971 നും 01.01.1994നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ട് തീയതികളും ഉൾപ്പെടെ) (പ്രായപരിധിയിലെ ഇളവ് സംബന്ധിച്ച മറ്റു നിബന്ധനകൾക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക.) ഖണ്ഡിക 2(i) ഒഴികെ.

7 **യോഗ്യതകൾ** 1)പട്ടികജാതി/പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾക്ക് അൻപത് ശതമാനം (50%) മാർക്കിൽ കുറയാതെ ബന്ധപ്പെട്ട വിഷയത്തിൽ ബിരുദാനന്തരബിരുദം അല്ലെങ്കിൽ തത്തുല്യ യോഗ്യത ഉണ്ടായിരിക്കണം. കൂടാതെ മെച്ചപ്പെട്ട വിദ്യാഭ്യാസ നിലവാരം പുലർത്തിയിരിക്കണം.

2)യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷനോ അല്ലെങ്കിൽ സംസ്ഥാന സർക്കാർ പ്രത്യേകം രൂപീകരിച്ച ഏജൻസിയോ ഇതിനായി നടത്തുന്ന ബന്ധപ്പെട്ട വിഷയത്തിലുള്ള സമഗ്ര പരീക്ഷ (comprehensive test) ജയിച്ചിരിക്കണം. യോഗ്യത തുല്യമായിരിക്കുമ്പോൾ മലയാളത്തിൽ പരിജ്ഞാനമുള്ള ഉദ്യോഗാർത്ഥികൾക്ക് മുൻഗണന നൽകുന്നതാണ്.

**കുറിപ്പ്:** i) ബന്ധപ്പെട്ട വിഷയത്തിൽ പി.എച്ച്.ഡി. യോഗ്യത നേടിയവരെ യു.ജി.സി.യുടെ സമഗ്ര പരീക്ഷ (നെറ്റ്) പാസ്സായിരിക്കണമെന്ന നിബന്ധനയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. (G.O. (MS) No.86/07/H.Edn dated 19.06.2007)

ii) മേൽപ്പറഞ്ഞ തസ്തികയിലേയ്ക്കുള്ള തെരഞ്ഞെടുപ്പിന് യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ അംഗീകരിച്ചിട്ടുള്ള സർവ്വകലാശാലകൾ നൽകുന്ന ബിരുദങ്ങൾ മാത്രമേ പരിഗണിക്കുകയുള്ളൂ.

iii) KS & SSR, Part II Rule 10 (a) (ii) ബാധകമാണ്.

## കാറ്റഗറി നമ്പർ: 129/2016
## ലക്ചറർ ഇൻ ഇസ്ലാമിക് ഹിസ്റ്ററി
## കോളേജ് വിദ്യാഭ്യാസം
## രണ്ടാം എൻ.സി.എ. വിജ്ഞാപനം

1 **വകുപ്പ്** : കോളേജ് വിദ്യാഭ്യാസം
2 **ഉദ്യോഗപ്പേര്** : ലക്ചറർ ഇൻ ഇസ്ലാമിക് ഹിസ്റ്ററി
3 **ശമ്പളം** : യു.ജി.സി.
4 **ഒഴിവുകളുടെ എണ്ണം** : ലത്തീൻ കത്തോലിക്ക/ ആംഗ്ലോ ഇൻഡ്യൻ 1

മേൽപ്പറഞ്ഞ ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയുടെ 06.10.2009 തീയതിയിൽ നിലവിൽ വന്ന മാതൃറാങ്ക് ലിസ്റ്റിന്റെ കാലയളവിൽ പ്രസ്തുത സമുദായത്തിനുവേണ്ടി നീക്കിവെച്ചിട്ടുള്ള ഒഴിവുകളിലേയ്ക്കും ആ സമുദായത്തിലെ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വരുന്ന ഒഴിവുകളിലേയ്ക്കും നിയമന ശുപാർശയും നിയമനവും നടത്തുന്നതുവരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്. മേൽപറഞ്ഞ ഒഴിവിലേയ്ക്കുള്ള തെരഞ്ഞെടുപ്പിനായി ഒന്നാം എൻ.സി.എ വിജ്ഞാപനം (ഗസറ്റ് തീയതി 31.12.2014 കാറ്റ. നം. 712/14) പുറപ്പെടുവിച്ചിട്ടും അർഹരായ ഉദ്യോഗാർത്ഥികളെ ലഭിക്കാതിരുന്നതിനാലുള്ള രണ്ടാം എൻ.സി.എ വിജ്ഞാപനമാണിത്.

5 **നിയമന രീതി** : നേരിട്ടുള്ള നിയമനം (ലത്തീൻ കത്തോലിക്ക/ആംഗ്ലോ ഇൻഡ്യൻ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്ന് മാത്രം).

**കുറിപ്പ്:** ലത്തീൻ കത്തോലിക്ക/ആംഗ്ലോ ഇൻഡ്യൻ സമുദായങ്ങളിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

6 **പ്രായം** : 22–43. ഉദ്യോഗാർത്ഥികൾ 02.01.1973 നും 01.01.1994 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ)(വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് വിജ്ഞാപനത്തിലെ പൊതുവ്യവസ്ഥ കളിലെ രണ്ടാം ഖണ്ഡിക നോക്കുക. (ഖണ്ഡിക 2(i) ഒഴികെ)

7. **യോഗ്യതകൾ** 1) അൻപത്തിയഞ്ച് ശതമാന (55%) ത്തിൽ കുറയാതെയുള്ള മാർക്കോടെ ബന്ധപ്പെട്ട വിഷയ(ഇസ്ലാമിക് ഹിസ്റ്ററി)ത്തിൽ നേടിയിട്ടുള്ള ബിരുദാനന്തരബിരുദം അല്ലെങ്കിൽ ഇതിന്റെ തത്തുല്യ യോഗ്യത ഉണ്ടായിരിക്കണം. കൂടാതെ മെച്ചപ്പെട്ട വിദ്യാഭ്യാസ നിലവാരം പുലർത്തിയിരിക്കണം.

2) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷനോ അല്ലെങ്കിൽ സംസ്ഥാന സർക്കാർ പ്രത്യേകം രൂപീകരിച്ച ഏജൻസിയോ ഇതിനായി നടത്തുന്ന ബന്ധപ്പെട്ട വിഷയത്തിലുള്ള സമഗ്ര പരീക്ഷ (Comprehensive Test) ജയിച്ചിരിക്കണം. യോഗ്യത തുല്യമായിരിക്കുമ്പോൾ മലയാളത്തിൽ പരിജ്ഞാനമുള്ള ഉദ്യോഗാർത്ഥികൾക്ക് മുൻഗണന നൽകുന്നതാണ്.

**കുറിപ്പ്:** i) 19.09.1991ന് മുമ്പ് ബിരുദാനന്തര ബിരുദം നേടിയ പി.എച്ച്.ഡി. യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾക്ക് ബിരുദാനന്തര ബിരുദത്തിന് 50% മാർക്ക് മതിയാകുന്നതാണ്. (G.O.(MS) No 2/07/H.Edn dated 04.01.2007)

ii) ബന്ധപ്പെട്ട വിഷയത്തിൽ പി.എച്ച്.ഡി. യോഗ്യത നേടിയവരെ യു.ജി.സി.യുടെ സമഗ്ര പരീക്ഷ (നെറ്റ്) പാസ്സായിരിക്കണമെന്ന നിബന്ധനയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. (G.O. (MS) No.86/07/H.Edn dated 19.06.2007)

i) മേൽപ്പറഞ്ഞ തസ്തികയിലേയ്ക്കുള്ള തെരഞ്ഞെടുപ്പിന് യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ അംഗീകരിച്ചിട്ടുള്ള സർവ്വകലാശാലകൾ നൽകുന്ന ബിരുദങ്ങൾ മാത്രമേ പരിഗണിക്കുകയുള്ളൂ.

iv) KS &SSR Part II Rule 10(a)ii പ്രകാരമുള്ള വ്യവസ്ഥകൾ ബാധകം.

## കാറ്റഗറി നമ്പർ: 130/2016
## ലക്ചറർ ഇൻ അറബിക്
## കോളേജ് വിദ്യാഭ്യാസം
## രണ്ടാം എൻ.സി.എ. വിജ്ഞാപനം

1 **വകുപ്പ്** : കോളേജ് വിദ്യാഭ്യാസം
2 **ഉദ്യോഗപ്പേര്** : ലക്ചറർ ഇൻ അറബിക്
3 **ശമ്പളം** : യു.ജി.സി. നിരക്കിൽ
4 **ഒഴിവുകളുടെ എണ്ണം** : ഒ.ബി.സി 1 (ഒന്ന്)

മേൽപ്പറഞ്ഞ ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയുടെ 07.12.2009 തീയതിയിൽ നിലവിൽ വന്ന മാതൃറാങ്ക് ലിസ്റ്റിന്റെ കാലയളവിൽ പ്രസ്തുത സമുദായത്തിനുവേണ്ടി നീക്കിവെച്ചിട്ടുള്ള ഒഴിവുകളിലേയ്ക്കും ആ സമുദായത്തിലെ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വരുന്ന ഒഴിവുകളിലേയ്ക്കും നിയമനശുപാർശയും നിയമനവും നടത്തുന്നതുവരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്. മേൽപറഞ്ഞ ഒഴിവിലേയ്ക്കുള്ള തെരഞ്ഞെടുപ്പിനായി ഒന്നാം എൻ.സി.എ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടും അർഹരായ ഉദ്യോഗാർത്ഥികളെ ലഭിക്കാതിരുന്നതിനാലുള്ള രണ്ടാം എൻ.സി.എ വിജ്ഞാപനമാണിത്.(ഗസറ്റ് തീയതി 31/12/2014, കാറ്റഗറി നമ്പർ 720/14).

**5 നിയമന രീതി** : നേരിട്ടുള്ള നിയമനം (ഒ.ബി.സി സംവരണ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽനിന്ന് മാത്രം).

**കുറിപ്പ്:** ഒ.ബി.സി സംവരണ സമുദായത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6 പ്രായം** : 22–43. ഉദ്യോഗാർത്ഥികൾ 02.01.1973നും 01.01.1994നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ)പൊതു വ്യവസ്ഥകളിലെ 2(i) ഖണ്ഡികയിലെ വ്യവസ്ഥകൾ ഉൾപ്പെടെ.

**കുറിപ്പ്:** വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് വിജ്ഞാപനത്തിലെ പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക. (ഖണ്ഡിക 2(i) ഒഴികെ)

**7. യോഗ്യതകൾ** 1) അൻപത്തിയഞ്ച് ശതമാന (55%) ത്തിൽ കുറയാതെയുള്ള മാർക്കോടെ ബന്ധപ്പെട്ട വിഷയത്തിൽ നേടിയിട്ടുള്ള ബിരുദാനന്തരബിരുദം അല്ലെങ്കിൽ ഇതിന്റെ തത്തുല്യ യോഗ്യത ഉണ്ടായിരിക്കണം. കൂടാതെ മെച്ചപ്പെട്ട വിദ്യാഭ്യാസ നിലവാരം പുലർത്തിയിരിക്കണം.

2) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷനോ അല്ലെങ്കിൽ സംസ്ഥാന സർക്കാർ പ്രത്യേകം രൂപീകരിച്ച ഏജൻസിയോ ഇതിനായി നടത്തുന്ന ബന്ധപ്പെട്ട വിഷയത്തിലുള്ള സമഗ്ര പരീക്ഷ (Comprehensive Test) ജയിച്ചിരിക്കണം. യോഗ്യത തുല്യമായിരിക്കുമ്പോൾ മലയാളത്തിൽ പരിജ്ഞാനമുള്ള ഉദ്യോഗാർത്ഥികൾക്ക് മുൻഗണന നൽകുന്നതാണ്.

**കുറിപ്പ്:** i) 19.09.1991ന് മുമ്പ് ബിരുദാനന്തര ബിരുദം നേടിയ പി.എച്ച്.ഡി. യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾക്ക് ബിരുദാനന്തര ബിരുദത്തിന് 50% മാർക്ക് മതിയാകുന്നതാണ്. (G.O.(MS) No 2/07/H.Edn dated 04.01.2007)

ii) ബന്ധപ്പെട്ട വിഷയത്തിൽ പി.എച്ച്.ഡി. യോഗ്യത നേടിയവരെ യു.ജി.സി.യുടെ സമഗ്ര പരീക്ഷ (നെറ്റ്) പാസ്സായിരിക്കണമെന്ന നിബന്ധനയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. (G.O. (MS) No.86/07/H.Edn dated 19.06.2007)

iii)മേൽപ്പറഞ്ഞ തസ്തികയിലേയ്ക്കുള്ള തെരഞ്ഞെടുപ്പിന് യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ അംഗീകരിച്ചിട്ടുള്ള സർവ്വകലാശാലകൾ നൽകുന്ന ബിരുദങ്ങൾ മാത്രമേ പരിഗണിക്കുകയുള്ളു.

iv) KS &SSR Part II Rule 10(a)ii പ്രകാരമുള്ള വ്യവസ്ഥകൾ ബാധകമാണ്.

## കാറ്റഗറി നമ്പർ: 131/2016
## ലക്ചറർ ഇൻ മ്യൂസിക്ക്
## കോളേജ് വിദ്യാഭ്യാസം
## ഒന്നാം എൻ.സി.എ. വിജ്ഞാപനം

1 **വകുപ്പ്** : കോളേജ് വിദ്യാഭ്യാസം
2 **ഉദ്യോഗപ്പേര്** : ലക്ചറർ ഇൻ മ്യൂസിക്ക്
3 **ശമ്പളം** : യു.ജി.സി. നിരക്ക്
4 **ഒഴിവുകളുടെ എണ്ണം** : മുസ്ലീം (1) (ഒന്ന്)

മേൽപ്പറഞ്ഞ ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയുടെ 30.10.2010 തീയതിയിൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ പ്രസ്തുത സമുദായത്തിനുവേണ്ടി നീക്കിവെച്ചിട്ടുള്ള ഒഴിവുകളിലേയ്ക്കും ആ സമുദായത്തിലെ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വരുന്ന ഒഴിവുകളിലേയ്ക്കും നിയമന ശുപാർശയും നിയമനവും നടത്തുന്നതുവരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്.

**5 നിയമന രീതി** : നേരിട്ടുള്ള നിയമനം (മുസ്ലീം വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്ന് മാത്രം).

**കുറിപ്പ്:** മുസ്ലീം സമുദായങ്ങളിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6 പ്രായം** : 22–43. ഉദ്യോഗാർത്ഥികൾ 02.01.1973 നും 01.01.1994 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ) (പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2(i) ലെ വയസ്സിളവ് ഉൾപ്പെടെ) [വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് വിജ്ഞാപനത്തിലെ പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക. (ഖണ്ഡിക 2(i) ഒഴികെ]

**7. യോഗ്യതകൾ** 1) അൻപത്തിയഞ്ച് ശതമാനം (55%) മാർക്കിൽ കുറയാതെയുള്ള മാർക്കോടെ ബന്ധപ്പെട്ട വിഷയത്തിൽ നേടിയിട്ടുള്ള ബിരുദാനന്തരബിരുദം അല്ലെങ്കിൽ തത്തുല്യ യോഗ്യത ഉണ്ടായിരിക്കണം. കൂടാതെ മെച്ചപ്പെട്ട വിദ്യാഭ്യാസ നിലവാരം പുലർത്തിയിരിക്കണം.

2) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷനോ അല്ലെങ്കിൽ സംസ്ഥാന സർക്കാർ പ്രത്യേകം രൂപീകരിച്ച ഏജൻസിയോ ഇതിനായി നടത്തുന്ന ബന്ധപ്പെട്ട വിഷയത്തിലുള്ള സമഗ്ര പരീക്ഷ (Comprehensive Test) ജയിച്ചിരിക്കണം. യോഗ്യത തുല്യമായിരിക്കുമ്പോൾ മലയാളത്തിൽ പരിജ്ഞാനമുള്ള ഉദ്യോഗാർത്ഥികൾക്ക് മുൻഗണന നൽകുന്നതാണ്.

**കുറിപ്പ്:** i) 19.09.1991ന് മുമ്പ് ബിരുദാനന്തര ബിരുദം നേടിയ പി.എച്ച്.ഡി. യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾക്ക് ബിരുദാനന്തര ബിരുദത്തിന് 50% മാർക്ക് മതിയാകുന്നതാണ്. (G.O.(MS) No 2/07/H.Edn dated 04.01.2007)

ii) ബന്ധപ്പെട്ട വിഷയത്തിൽ പി.എച്ച്.ഡി. യോഗ്യത നേടിയവരെ യു.ജി.സി.യുടെ സമഗ്ര പരീക്ഷ (നെറ്റ്) പാസ്സായിരിക്കണമെന്ന നിബന്ധനയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. (G.O. (MS) No.86/07/H.Edn dated 19.06.2007)

iii)മേൽപ്പറഞ്ഞ തസ്തികയിലേയ്ക്കുള്ള തെരഞ്ഞെടുപ്പിന് യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ അംഗീകരിച്ചിട്ടുള്ള സർവ്വകലാശാലകൾ നൽകുന്ന ബിരുദങ്ങൾ മാത്രമേ പരിഗണിക്കുകയുള്ളു.

iv) KS &SSR Part II Rule 10(a)ii പ്രകാരമുള്ള വ്യവസ്ഥകൾ ബാധകമാണ്.

## കാറ്റഗറി നമ്പർ: 132/2016
## ലക്ചറർ ഇൻ സംസ്കൃതം
## കോളേജ് വിദ്യാഭ്യാസം
## രണ്ടാം എൻ.സി.എ. വിജ്ഞാപനം

1. **വകുപ്പ്** : കോളേജ് വിദ്യാഭ്യാസം
2. **ഉദ്യോഗപ്പേര്** : ലക്ചറർ ഇൻ സംസ്കൃതം (ജ്യോതിഷം)
3. **ശമ്പളം** : യു.ജി.സി നിരക്കിൽ
4. **ഒഴിവുകളുടെ എണ്ണം** : പട്ടികജാതി 1 (ഒന്ന്)

മേൽപ്പറഞ്ഞ ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയുടെ 21.12.2010–ാം തീയതിയിൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ പട്ടികജാതി സംവരണത്തിനായി നീക്കിവെച്ചിട്ടുള്ള ഒഴിവുകളിലേയ്ക്കും പട്ടികജാതിയിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വരുന്ന ഒഴിവുകളിലേയ്ക്കും നിയമന ശിപാർശയും നിയമനവും നടത്തുന്നതുവരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്. ഈ തസ്തികയ്ക്ക് ഒന്നാം എൻ.സി.എ വിജ്ഞാപന (ഗസറ്റ് തീയതി 31/12/2014 കാറ്റഗറി നമ്പർ 703/14) പ്രകാരം പ്രസ്തുത സമുദായത്തിലെ അർഹരായ ഉദ്യോഗാർത്ഥികളെ ലഭിക്കാത്തതിനാലുള്ള രണ്ടാം എൻ.സി.എ വിജ്ഞാപനമാണിത്.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം (പട്ടികജാതിക്കാരിൽ നിന്ന് മാത്രം) (പട്ടികജാതിക്കാരായ അപേക്ഷകരുടെ അഭാവത്തിൽ പട്ടികവർഗ്ഗക്കാരുടെ അപേക്ഷകളും പരിഗണിക്കുന്നതാണ്).

**കുറിപ്പ് :** പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6. പ്രായം** : 22–45

ഉദ്യോഗാർത്ഥികൾ 02.01.1971നും 01.01.1994നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ). വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക (ഖണ്ഡിക 2(i) ഒഴികെ)

**7. യോഗ്യതകൾ**

1) പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് അമ്പത് ശതമാന (50%) ത്തിൽ കുറയാതെയുള്ള മാർക്കോടെ ബന്ധപ്പെട്ട വിഷയത്തിൽ നേടിയിട്ടുള്ള ബിരുദാനന്തരബിരുദം (എം.എ. സംസ്കൃതം ജ്യോതിഷം) ഉണ്ടായിരിക്കണം.

2) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷനോ അല്ലെങ്കിൽ സംസ്ഥാന സർക്കാർ പ്രത്യേകം രൂപീകരിച്ച ഏജൻസിയോ ഇതിനായി നടത്തുന്ന ബന്ധപ്പെട്ട വിഷയത്തിലുള്ള സമഗ്ര പരീക്ഷ (Comprehensive Test) ജയിച്ചിരിക്കണം. യോഗ്യത തുല്യമായിരിക്കുമ്പോൾ മലയാളത്തിൽ പരിജ്ഞാനമുള്ള ഉദ്യോഗാർത്ഥികൾക്ക് മുൻഗണന നൽകുന്നതാണ്.

**കുറിപ്പ്:** i) ബന്ധപ്പെട്ട വിഷയത്തിൽ പി.എച്ച്.ഡി. യോഗ്യത നേടിയവരെ യു.ജി.സി.യുടെ സമഗ്ര പരീക്ഷ (നെറ്റ്) പാസ്സായിരിക്കണമെന്ന നിബന്ധനയിൽനിന്ന് ഒഴിവാക്കിയിട്ടുണ്ട്. (G.O. (MS) No.86/07/H.Edn dated 19.06.2007)

ii) സംസ്കൃതത്തിലെ ഒരു പ്രത്യേക വിഷയം പഠിപ്പിക്കേണ്ടതിന് ലക്ചറർമാരെ ആവശ്യമായി വരുമ്പോൾ ആ വിഷയത്തിൽ എം.എ. (സ്പെഷ്യൽ) പഠിച്ചവരെ മാത്രമാണ് തെരഞ്ഞെടുപ്പിന് യോഗ്യരായി കണക്കാക്കുന്നത്. [(G.O(P)No.41/94/H.Edn. Dated 21.03.1994),G.O(P) No. 114/94/H.Edn. Dated 06.08.1994).

iii)മേൽപ്പറഞ്ഞ തസ്തികയിലേയ്ക്കുള്ള തെരഞ്ഞെടുപ്പിന് യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ അംഗീകരിച്ചിട്ടുള്ള സർവ്വകലാശാലകൾ നൽകുന്ന ബിരുദങ്ങൾ മാത്രമേ പരിഗണിക്കുകയുള്ളു.

iv) KS &SSR Part II Rule 10(a)ii പ്രകാരമുള്ള വ്യവസ്ഥകൾ ബാധകമാണ്.

## കാറ്റഗറി നമ്പർ: 133/2016
## ലക്ചറർ ഇൻ ഫിസിക്സ്
## കോളേജ് വിദ്യാഭ്യാസം
## രണ്ടാം എൻ.സി.എ. വിജ്ഞാപനം

1 **വകുപ്പ്** : കോളേജ് വിദ്യാഭ്യാസം
2 **ഉദ്യോഗപ്പേര്** : ലക്ചറർ ഇൻ ഫിസിക്സ്
3 **ശമ്പളം** : യു.ജി.സി നിരക്കിൽ
4 **ഒഴിവുകളുടെ എണ്ണം** : പട്ടികവർഗ്ഗം 1 (ഒന്ന്)

മേൽപ്പറഞ്ഞ ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയുടെ 28.09.2006ൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ മേൽപ്പറഞ്ഞ സമുദായത്തിനുവേണ്ടി നീക്കിവെച്ചിട്ടുള്ള ഒഴിവുകളിലേയ്ക്കും ആ സമുദായത്തിലെ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വരുന്ന ഒഴിവുകളിലേയ്ക്കും നിയമന ശുപാർശയും നിയമനവും നടത്തുന്നതുവരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്. ഒന്നാം എൻ.സി.എ വിജ്ഞാപനം (ഗസറ്റ് തീയതി 26/12/2014, കാറ്റഗറി നമ്പർ 594/2014) പ്രകാരം പ്രസ്തുത സമുദായത്തിലെ അർഹരായ ഉദ്യോഗാർത്ഥികളെ ലഭിക്കാതിരുന്നതിനാലുള്ള രണ്ടാം എൻ.സി.എ വിജ്ഞാപനമാണിത്.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം (പട്ടികവർഗ്ഗ സംവരണ വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥികളിൽ നിന്ന് മാത്രം).

**കുറിപ്പ്:** മേൽപ്പറഞ്ഞ സമുദായത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6. പ്രായം** : 22 – 45

ഉദ്യോഗാർത്ഥികൾ 02.01.1971നും 01.01.1994നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ) [പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2 (I) ഉൾപ്പെടെ]

**കുറിപ്പ്:** വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് വിജ്ഞാപനത്തിലെ പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക. (ഖണ്ഡിക 2 (i))ഒഴികെയുള്ളവ.

**7. യോഗ്യതകൾ** 1) പട്ടികവർഗ്ഗക്കാർക്ക് അൻപത് ശതമാനം (50%) മാർക്കിൽ കുറയാതെയുള്ള മാർക്കോടെ ഫിസിക്സ് വിഷയത്തിൽ ബിരുദാനന്തരബിരുദം അല്ലെങ്കിൽ ഇതിന്റെ തത്തുല്യ യോഗ്യത ഉണ്ടായിരിക്കണം. കൂടാതെ മെച്ചപ്പെട്ട വിദ്യാഭ്യാസ നിലവാരം പുലർത്തിയിരിക്കണം.

2) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷനോ അല്ലെങ്കിൽ സംസ്ഥാന സർക്കാർ പ്രത്യേകം രൂപീകരിച്ച ഏജൻസിയോ ഇതിനായി നടത്തുന്ന ബന്ധപ്പെട്ട വിഷയത്തിലുള്ള സമഗ്ര പരീക്ഷ (comprehensive test) ജയിച്ചിരിക്കണം. യോഗ്യത തുല്യമായിരിക്കുമ്പോൾ മലയാളത്തിൽ പരിജ്ഞാനമുള്ള ഉദ്യോഗാർത്ഥികൾക്ക് മുൻഗണന നൽകുന്നതാണ്.

**കുറിപ്പ്:** i) ബന്ധപ്പെട്ട വിഷയത്തിൽ പി.എച്ച്.ഡി. യോഗ്യത നേടിയവരെ യു.ജി.സി.യുടെ സമഗ്ര പരീക്ഷ (നെറ്റ്) പാസ്സായിരിക്കണമെന്ന നിബന്ധനയിൽനിന്ന് ഒഴിവാക്കിയിട്ടുണ്ട്. (G.O. (MS) No.86/07/H.Edn dated 19.06.2007)

ii) മേൽപ്പറഞ്ഞ തസ്തികയിലേയ്ക്കുള്ള തെരഞ്ഞെടുപ്പിന് യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ അംഗീകരിച്ചിട്ടുള്ള സർവ്വകലാശാലകൾ നൽകുന്ന ബിരുദങ്ങൾ മാത്രമേ പരിഗണിക്കുകയുള്ളു.

iii) KS&SSR Part II Rule 10(a) ii പ്രകാരമുള്ള വ്യവസ്ഥകൾ ബാധകമാണ്.

## കാറ്റഗറി നമ്പർ: 134/2016
## ലക്ചറർ ഇൻ ആർക്കിടെക്ചർ
## സാങ്കേതിക വിദ്യാഭ്യാസം
## (എഞ്ചിനീയറിംഗ് കോളേജുകൾ)
## രണ്ടാം എൻ.സി.എ. വിജ്ഞാപനം

1 **വകുപ്പ്** : സാങ്കേതിക വിദ്യാഭ്യാസം (എഞ്ചിനീയറിംഗ് കോളേജുകൾ)
2 **ഉദ്യോഗപ്പേര്** : ലക്ചറർ ഇൻ ആർക്കിടെക്ചർ
3 **ശമ്പളം** : AICTE സ്കെയിൽ
4 **ഒഴിവുകളുടെ എണ്ണം** : മറ്റുക്രിസ്ത്യാനികൾ (ഒ. എക്സ്.) 1 (ഒന്ന്)

മുകളിൽ സൂചിപ്പിച്ച ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം ഒ.എക്സ്. സമുദായത്തിനുവേണ്ടി മാത്രം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയുടെ 20.09.2011 തീയതിയിൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ ഒ.എക്സ്. സമുദായത്തിനുവേണ്ടി നീക്കിവച്ചിട്ടുള്ള ഒഴിവുകളിലേക്കും ആ സമുദായത്തിലുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വരുന്ന ഒഴിവുകളിലേക്കും നിയമന ശിപാർശയും നിയമനവും നടത്തുന്നതുവരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്. ഒന്നാം എൻ.സി.എ. വിജ്ഞാപന (ഗസറ്റ് തീയതി 10.09.2014, കാറ്റഗറി നമ്പർ 393/14) പ്രകാരം മറ്റുക്രിസ്ത്യാനികൾ (ഒ.എക്സ്.) സംവരണവിഭാഗത്തിൽപ്പെട്ട അർഹരായ ഉദ്യോഗാർത്ഥികളെ ലഭിക്കാത്തതിനാലുള്ള രണ്ടാം എൻ.സി.എ. വിജ്ഞാപനമാണിത്.

**5 നിയമനരീതി** : നേരിട്ടുള്ള നിയമനം (മറ്റുക്രിസ്ത്യാനികൾ (ഒ.എക്സ്.) സംവരണവിഭാഗത്തിലുള്ള ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം)

**കുറിപ്പ്** : ഒ.എക്സ്. സമുദായത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ ഈ തസ്തികയ്ക്ക് അപേക്ഷകൾ സമർപ്പിക്കുന്ന പക്ഷം അവരുടെ അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നല്കുന്നതല്ല.

**6 പ്രായം** : (20–42) ഉദ്യോഗാർത്ഥികൾ 02/01/1974 നും 01/01/1996 നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടുതീയതികളും ഉൾപ്പെടെ) (പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2(i)ലെ ആനുകൂല്യം ഉൾപ്പെടെ) [വയസ്സിളവിനെ സംബന്ധിച്ച വ്യവസ്ഥകൾക്ക് പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക. ഖണ്ഡിക 2(i) ഒഴികെ]

**കുറിപ്പ്** : പ്രായപൂർത്തിയായതിനുശേഷം പട്ടികജാതിയിൽ നിന്നും ക്രിസ്ത്യൻ മതത്തിലേക്ക് പരിവർത്തനം ചെയ്തിട്ടുള്ളവർക്കും അവരുടെ സന്താനങ്ങൾക്കും അപേക്ഷ സമർപ്പിക്കുന്നതിനുള്ള ഉയർന്ന പ്രായപരിധി 44 വയസ്സ് ആണ്. (ഉദ്യോഗാർത്ഥികൾ 02.01.1972നും 01.01.1996നും ഇടയിൽ ജനിച്ചവരായിരിക്കണം)

സാങ്കേതിക വിദ്യാഭ്യാസം, പൊതുമരാമത്ത്, പബ്ലിക് ഹെൽത്ത് എഞ്ചിനീയറിംഗ്, വ്യവസായം, ആർക്കിടെക്ചർ ആന്റ് ടൗൺ പ്ലാനിംഗ് എന്നീ വകുപ്പുകളിലെ നിർദ്ദിഷ്ട യോഗ്യതയുള്ള ഉദ്യോഗസ്ഥന്മാർക്കും ഈ വിജ്ഞാപനപ്രകാരം അപേക്ഷിക്കാവുന്നതാണ്. അവർക്ക് അതത് വകുപ്പുകളിലെ സേവന ദൈർഘ്യത്തോളം ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 01.01.2015 ൽ 50 വയസ്സ് കവിയാൻ പാടില്ല. സേവനകാല ദൈർഘ്യം തെളിയിക്കുന്നതിനുള്ള അസ്സൽ സേവന സർട്ടിഫിക്കറ്റ് കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതാണ്. ഇപ്രകാരം വയസ്സിളവിന് അർഹതയുള്ളവർ അപേക്ഷയുടെ 8ാം കോളത്തിൽ ഈ വിവരം രേഖപ്പെടുത്തേണ്ടതാണ്.

**7. യോഗ്യതകൾ**

ആർക്കിടെക്ചർ (ബി. ആർക്ക്) വിഷയത്തിൽ ഒന്നാം ക്ലാസ്സിലുള്ള ബിരുദം

അല്ലെങ്കിൽ

ആർക്കിടെക്ചർ വിഷയത്തിൽ ഒന്നാം ക്ലാസ്സിലുള്ള ബിരുദാനന്തര ബിരുദം.

**കുറിപ്പ്** : 1. KS&SSR Part II, Rule 10(a)(ii) ബാധകമാണ്.

2. ഒന്നാം ക്ലാസ്സ് എന്ന് വിവക്ഷിക്കുന്നത് മൊത്തം മാർക്ക് പരിഗണിച്ചിട്ടുള്ളതും കുറഞ്ഞത് 60% മാർക്കുള്ള ഒന്നാം ക്ലാസ്സ് എന്നുമാകുന്നു. (G.O. (P) No. 6/2003/H.Edn. Dated 24.01.2003). അപേക്ഷയിൽ വിദ്യാഭ്യാസ യോഗ്യത ആവശ്യപ്പെട്ടിരിക്കുന്ന കോളത്തിൽ മുകളിൽ പറഞ്ഞിരിക്കുന്ന പരീക്ഷകൾക്ക് ലഭിച്ചിട്ടുള്ള ആകെ മാർക്കിന്റെ ശതമാനംകൂടി രേഖപ്പെടുത്തുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. 60% മാർക്ക് എന്നത് ബിരുദത്തിന് യൂണിവേഴ്സിറ്റി നേരിട്ട് പരീക്ഷ നടത്തുന്ന എല്ലാ വർഷങ്ങളിലേയും/സെമസ്റ്ററുകളിലേയും ആകെ മാർക്കിന്റെ 60% ആണ്.

**3. പ്രൊബേഷൻ** : ഈ ഉദ്യോഗത്തിൽ നിയമിക്കപ്പെടുന്നവർ ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ മൂന്ന് വർഷത്തിനുള്ളിൽ രണ്ടുവർഷം പ്രൊബേഷനിലായിരിക്കും.

**4. പ്രതിരോധസേവനം** : മേൽപറഞ്ഞ ജോലിയിൽ നിയമിക്കപ്പെടുന്നവർ സർക്കാർ ആവശ്യപ്പെടുന്ന പക്ഷം, തത്സമയം ഉയർന്ന ജോലിയിലാണെങ്കിൽ തന്നെയും പരിശീലന കാലയളവുൾപ്പെടെ നാല് വർഷമെങ്കിലും ഇന്ത്യയ്ക്കകത്തോ പുറത്തോ പ്രതിരോധ വകുപ്പിലോ പ്രതിരോധ യത്നങ്ങളോടനുബന്ധിച്ചുള്ള ജോലിയിലോ സേവനമനുഷ്ഠിക്കാൻ ബാധ്യസ്ഥരാണ്. പ്രതിരോധവകുപ്പിലെ ഈ സേവന ബാധ്യത സർവീസിലെ ആദ്യത്തെ പത്ത് വർഷങ്ങളിൽ മാത്രം ഒതുങ്ങി നിൽക്കുന്നതാണ്. നാൽപ്പത് വയസ്സ് കഴിഞ്ഞവർക്ക് സാധാരണഗതിയിൽ ഈ നിയമം ബാധകമല്ല.

## കാറ്റഗറി നമ്പർ: 135/2016 – 136/2016
## അസിസ്റ്റന്റ് ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ
## ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്
## രണ്ടാം എൻ.സി.എ. വിജ്ഞാപനം

1 **വകുപ്പ്** : ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്

2 **ഉദ്യോഗപ്പേര്** : അസിസ്റ്റന്റ് ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ

3 **ശമ്പളം** : ₹ 24,040–38,840/–

4 **ഒഴിവുകളുടെ എണ്ണം** :

| കാറ്റഗറി നം. | സമുദായം | ഒഴിവുകളുടെ എണ്ണം |
|---|---|---|
| 135/2016 | പട്ടികവർഗ്ഗം | 10 (പത്ത്) |
| 136/2016 | എൽ.സി./എ.ഐ. | 2 (രണ്ട്) |

**കുറിപ്പ് :** മുകളിൽ സൂചിപ്പിച്ച ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം മുകളിൽ പരാമർശിച്ചിട്ടുള്ള സംവരണവിഭാഗങ്ങൾക്ക് മാത്രമായി വെവ്വേറെ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റുകൾ ഈ തസ്തികയുടെ 04.02.2011 തീയതിയിൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ മേൽ സമുദായങ്ങൾക്കുവേണ്ടി നീക്കിവച്ചിട്ടുള്ള ഒഴിവുകളിലേക്കും മേൽസമുദായങ്ങളിലുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വരുന്ന ഒഴിവുകളിലേക്കും നിയമന ശിപാർശയും നിയമനവും നടത്തുന്നതുവരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്. 2013 നവംബർ മാസം 15–ാം തീയതി കാറ്റഗറി നമ്പർ 425/2013 പ്രകാരം പട്ടികവർഗ്ഗവിഭാഗത്തിനായും 2012 ഡിസംബർ മാസം 31 –ാം തീയതി കാറ്റഗറി നമ്പർ 687/2012 പ്രകാരം എൽ.സി./എ.ഐ. വിഭാഗത്തിനായും പുറപ്പെടുവിച്ച ഒന്നാം എൻ.സി.എ. വിജ്ഞാപനങ്ങളിൽ യോഗ്യരായ ഉദ്യോഗാർത്ഥികളെ ലഭിക്കാതെ വന്നതിനാൽ വീണ്ടും വിജ്ഞാപനം പുറപ്പെടുവിക്കുന്നു.

**5 നിയമനരീതി** : നേരിട്ടുള്ള നിയമനം (പട്ടികവർഗ്ഗം, ലാറ്റിൻ കത്തോലിക്/ആംഗ്ലോ ഇന്ത്യൻ സമുദായങ്ങളിലുള്ള ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം)

**കുറിപ്പ്** : മുകളിൽ സൂചിപ്പിച്ച സമുദായങ്ങളിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ ഈ തസ്തികയ്ക്ക് അപേക്ഷകൾ സമർപ്പിക്കുന്ന പക്ഷം അവരുടെ അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നല്കുന്നതല്ല

**6 പ്രായം** :

**പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾക്ക്:** 21–47. 02/01/1969 നും 01/01/1995 നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടുതീയതികളും ഉൾപ്പെടെ)

**ലാറ്റിൻ കത്തോലിക്ക/ആംഗ്ലോ ഇന്ത്യൻ ഉദ്യോഗാർത്ഥികൾക്ക് :** 21–45. 02/01/1971 നും 01/01/1995 നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടുതീയതികളും ഉൾപ്പെടെ)

(പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2(i) ലെ ആനുകൂല്യം ഉൾപ്പെടെ)

**കുറിപ്പ്** : വയസ്സിളവിനെ സംബന്ധിച്ച വിവരങ്ങൾക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക. ഖണ്ഡിക 2(i) ഒഴികെ

**7.യോഗ്യതകൾ**

1. എം. ബി. ബി. എസ്. ബിരുദം.

2.തിരുകൊച്ചി മെഡിക്കൽ കൗൺസിലിൽ നിന്നും ലഭിച്ചിട്ടുള്ള സ്ഥിരം രജിസ്ട്രേഷൻ.

**കുറിപ്പ്** : 1. KS & SSR, Part II Rule 10(a) (ii) ബാധകമാണ്.

2. മറ്റേതെങ്കിലും സംസ്ഥാനത്തിലെ മെഡിക്കൽ കൗൺസിലിൽ നിന്നോ സെൻട്രൽ മെഡിക്കൽ കൗൺസിലിൽ നിന്നോ രജിസ്ട്രേഷൻ സമ്പാദിച്ചിട്ടുള്ളവർക്കും അപേക്ഷിക്കാവുന്നതാണ്. എന്നാൽ അവർ ഉദ്യോഗത്തിൽ പ്രവേശിക്കുന്നതിന് മുൻപ് തിരുകൊച്ചി മെഡിക്കൽ പ്രാക്ടീഷനേഴ്സ് ആക്ടിൻ പ്രകാരമുള്ള സ്ഥിരം രജിസ്ട്രേഷൻ എടുക്കേണ്ടതാണ്.

ഈ ഉദ്യോഗത്തിൽ നിയമിക്കപ്പെടുന്നവർ അവരുടെ ആദ്യത്തെ പത്ത് വർഷത്തെ സേവനത്തിനുള്ളിൽ 4 (നാല്) വർഷക്കാലം (പരിശീലന കാലം ഉൾപ്പെടെ) പ്രതിരോധ സർവ്വീസിൽ അല്ലെങ്കിൽ പ്രതിരോധവുമായി ബന്ധപ്പെട്ട ജോലിയിൽ ഇന്ത്യയിലെ വിടെയെങ്കിലുമോ വിദേശത്തോ സേവനമനുഷ്ഠിക്കേണ്ടതാണ്. ഈ നിർബന്ധിത സേവനം 45 വയസ് തികഞ്ഞവർക്ക് ബാധകമല്ല.

## കാറ്റഗറി നമ്പർ: 137/2016
## റേഡിയോഗ്രാഫർ ഗ്രേഡ്– 2
## ആരോഗ്യം
## ഒന്നാം എൻ.സി.എ. വിജ്ഞാപനം

1 **വകുപ്പ്** : ആരോഗ്യം

2 **ഉദ്യോഗപ്പേര്** : റേഡിയോഗ്രാഫർ ഗ്രേഡ്–2

3 **ശമ്പളം** : ₹ 22200–48000/– (പരിഷ്കരിച്ചത്)

4 **ഒഴിവുകളുടെ എണ്ണം** : മറ്റു ക്രിസ്ത്യാനികൾ (ഒ.എക്സ്) – 1(ഒന്ന്)

മുകളിൽ കാണിച്ചിട്ടുള്ള ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയുടെ 24.05.2011 തീയതിയിൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിന്റെ (കാറ്റഗറി നമ്പർ 366/2008) കാലയളവിൽ മുകളിൽ പറഞ്ഞ സമുദായത്തിനുവേണ്ടി നീക്കി വെച്ചിട്ടുള്ള ഒഴിവുകളിലേയ്ക്ക് ആ സമുദായത്തിലുള്ള ഉദ്യോഗാർത്ഥികളുടെഅഭാവത്തിൽ നികത്തപ്പെടാതെ വരുന്ന ഒഴിവുകളിലേയ്ക്ക് നിയമന ശിപാർശയും നിയമനവും നടത്തുന്നതുവരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്.

**5 നിയമന രീതി** : നേരിട്ടുള്ള നിയമനം (മറ്റു ക്രിസ്ത്യാനികൾ (ഒ.എക്സ്) എന്ന സംവരണ സമുദായത്തിൽപെടുന്ന ഉദ്യോഗാർത്ഥികളിൽനിന്നു മാത്രം)

**കുറിപ്പ്:–** മുകളിൽ കാണിച്ചിട്ടുള്ള സമുദായത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചു കൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6 പ്രായം** : 18–39. ഉദ്യോഗാർത്ഥികൾ 02.01.1977 നും 01.01.1998 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ) (പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2(i) ലെ ആനുകൂല്യം ഉൾപ്പെടെ)

**കുറിപ്പ്:–** പ്രായപൂർത്തിയായതിനുശേഷം പട്ടികജാതിയിൽ നിന്നും ക്രിസ്തുമതത്തിലേയ്ക്ക് പരിവർത്തനം ചെയ്തിട്ടുള്ളവർക്കും അവരുടെ സന്താനങ്ങൾക്കും ഉയർന്ന പ്രായപരിധി 41 വയസ്സ് ആണ് (ഉദ്യോഗാർഥികൾ 02.01.1975നും 01.01.1998നും ഇടയിൽ ജനിച്ചവരായിരിക്കണം.)

(വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക. ഖണ്ഡിക 2(i) ഒഴികെ)

**7 യോഗ്യതകൾ** : 1) അംഗീകൃത സർവകലാശാലയിൽ നിന്നും ലഭിച്ചതും, പാരാമെഡിക്കൽ കൗൺസിൽ, കേരള സർക്കാർ, അറ്റോമിക് എനർജി റഗുലേറ്ററി ബോർഡ് എന്നിവ അംഗീകരിച്ചതുമായ ബി.എസ്.സി. (എം.ആർ.ടി) (മെഡിക്കൽ റേഡിയോളജിക്കൽ ടെക്നോളജി) ബിരുദം അല്ലെങ്കിൽ തത്തുല്യ യോഗ്യത.

അല്ലെങ്കിൽ

(എ)പ്രീഡിഗ്രിയോ തത്തുല്യ പരീക്ഷയോ പാസ്സായിരിക്കണം, 2) അല്ലെങ്കിൽ ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നിവ +2 തലം വരെ നിർബന്ധ വിഷയങ്ങളായിട്ടുള്ള 10+2 ഹയർ സെക്കന്ററി കോഴ്സോ തത്തുല്യമായി കേരള സർക്കാർ അംഗീകരിച്ചിട്ടുള്ള കോഴ്സോ പാസ്സായിരിക്കണം.

(ബി) മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, കേരള ഗവണ്മെന്റ് നൽകുന്ന റേഡിയോളജിക്കൽ ടെക്നോളജി (ഡി.ആർ) യിലുള്ള ദ്വിവത്സര ഡിപ്ലോമാ കോഴ്സ് പാസ്സായിരിക്കണം, അല്ലെങ്കിൽ അംഗീകൃത സർവകലാശാലകളിൽ നിന്നുള്ള തത്തുല്യ യോഗ്യത നേടിയിരിക്കണം.

**കുറിപ്പ് :** KS&SSR Part II, Rule 10 (a) ii പ്രകാരമുള്ള വ്യവസ്ഥകൾ ബാധകമാണ്.

## കാറ്റഗറി നമ്പർ 138/216
## ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ
## സോഷ്യൽ വർക്ക്
## ഹയർ സെക്കന്ററി വിദ്യാഭ്യാസം
## ഒന്നാം എൻ.സി.എ. വിജ്ഞാപനം

1 **വകുപ്പ്** ഹയർ സെക്കന്ററി വിദ്യാഭ്യാസം

2 **ഉദ്യോഗപ്പേര്** ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ സോഷ്യൽ വർക്ക്

**വിശദീകരണം** ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ഫുൾടൈം ഹയർ സെക്കന്ററി സ്കൂൾ അദ്ധ്യാപക തസ്തിക എന്നാണ്.

3 **ശമ്പളം** 19,240 – 34,500/ (P.R)

4 **ഒഴിവുകളുടെ എണ്ണം** ലാറ്റിൻ കാത്തലിക് / ആംഗ്ലോ ഇന്ത്യൻ 1 (ഒന്ന്)

മേൽപ്പറഞ്ഞ ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയുടെ 04.09.2015 തീയതിയിൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ പ്രസ്തുത സമുദായങ്ങൾക്കുവേണ്ടി നീക്കിവെച്ചിട്ടുള്ള ഒഴിവുകളിലേക്കും പ്രസ്തുത സംവരണ സമുദായങ്ങളിലെ ഉദ്യോഗാർത്ഥികളുടെ അഭാവത്താൽ നികത്തപ്പെടാതെ വരുന്ന ഒഴിവുകളിലേക്കും നിയമന ശിപാർശയും നിയമനവും നടത്തുന്നതുവരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്.

**നിയമന രീതി:** നേരിട്ടുള്ള നിയമനം ( ലാറ്റിൻ കാത്തലിക് / ആംഗ്ലോ ഇന്ത്യൻ വിഭാഗങ്ങളിൽ നിന്ന് മാത്രം).

**കുറിപ്പ്:**മുകളിൽപറഞ്ഞ സമുദായങ്ങളിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള വ്യക്തിഗത അറിയിപ്പ് നൽകുന്നതല്ല.

**6. പ്രായം** :20–43 ഉദ്യോഗാർത്ഥികൾ 02/01/1973നും 01/01/1996നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ) [പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2(i) ലെ ആനുകൂല്യം ഉൾപ്പെടെ]

(വയസ്സിളവിനെ സംബന്ധിച്ച മറ്റ് വ്യവസ്ഥകൾക്ക് വിജ്ഞാപനത്തിലെ പൊതു വ്യവസ്ഥയിലെ രണ്ടാം ഖണ്ഡിക നോക്കുക (ഖണ്ഡിക 2 (i), (ii), (iii), (iv) ഒഴികെ.)

**യോഗ്യതകൾ :** I. കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാലയിൽ നിന്നും 50% മാർക്കിൽ കുറയാതെ ബന്ധപ്പെട്ട വിഷയത്തിൽ നേടിയ ബിരുദാനന്തരബിരുദം അല്ലെങ്കിൽ കേരളത്തിലെ എതെങ്കിലുമൊരു സർവ്വകലാശാല തത്തുല്യമായി അംഗീകരിച്ച ബന്ധപ്പെട്ട വിഷയത്തിലുള്ള യോഗ്യത നേടിയിരിക്കണം.

II. (1) കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാലയിൽ നിന്നും 'റഗുലർ' പഠനത്തിലൂടെ ബന്ധപ്പെട്ട വിഷയത്തിൽ നേടിയ ബി.എഡ്. അല്ലെങ്കിൽ കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാല ബന്ധപ്പെട്ട വിഷയത്തിന് തത്തുല്യമായി അംഗീകരിച്ച യോഗ്യത നേടിയിരിക്കണം.

(2) ബന്ധപ്പെട്ട വിഷയത്തിൽ ബി.എഡ്. ബിരുദം നേടിയിട്ടുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാലയിൽ നിന്നും സർവ്വകലാശാലാ നിയമത്തിലും ചട്ടങ്ങളിലും നിർദ്ദേശിച്ച പ്രകാരമുള്ള ബ

ന്ധപ്പെട്ട വൈജ്ഞാനിക ശാഖയിൽ നേടിയ ബി.എഡ്. ബിരുദം (B.Ed Degree acquired in the concerned facutly as specified in the Acts and Statutes of any of the Universities in Kerala).

(3) മുകളിൽ സൂചിപ്പിച്ച ഇനം (1)ലും (2)ലും വ്യക്തമാക്കിയ ബി.എഡ്. ബിരുദം നേടിയിട്ടുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ, കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാലയിൽ നിന്നും 'റഗുലർ' പഠനത്തിലൂടെ ഏതെങ്കിലുമൊരു വിഷയത്തിൽ നേടിയ ബി.എഡ്. ബിരുദമോ അല്ലെങ്കിൽ കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാല ഇതിന് തത്തുല്യമായി അംഗീകരിച്ച യോഗ്യതയോ നേടിയിരിക്കണം.

III. കേരള സർക്കാർ നേരിട്ടോ കേരള സർക്കാർ അധികാരപ്പെടുത്തിയ ഒരു ഏജൻസി മുഖേനയോ ഹയർസെക്കന്ററി സ്കൂൾ അദ്ധ്യാപക നിയമനത്തിനായി നടത്തുന്ന സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് (സെറ്റ്) പാസ്സായിരിക്കണം.

കുറിപ്പ്: 1. ബി.എഡ്. ബിരുദയോഗ്യതയുള്ളവരുടെ അഭാവത്തിൽ 50% മാർക്കിൽ കുറയാതെയുള്ള ബിരുദാനന്തര ബിരുദവും സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റും (സെറ്റ്) പാസ്സായ ഉദ്യോഗാർത്ഥികളെ പരിഗണിക്കുന്നതാണ്. പി.എച്ച്.ഡി. ബിരുദമോ എം.ഫിൽ. ബിരുദമോ, ജൂനിയർ റിസർച്ച് ഫെലോഷിപ്പ് / നാഷണൽ എലിജിബിലിറ്റി ടെസ്റ്റ് (നെറ്റ്) യോഗ്യതയോ നേടിയിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് മുൻഗണന നൽകുന്നതാണ്. ഈ വ്യവസ്ഥ പ്രകാരം നിയമിക്കപ്പെടുന്ന അദ്ധ്യാപകർ ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ അഞ്ചുവർഷത്തിനുള്ളിൽ സ്വന്തം ചെലവിൽ ബി.എഡ്. ബിരുദം നേടിയിരിക്കണം.

2. കേരളത്തിലെ ഏതെങ്കിലും ഒരു സർവ്വകലാശാല അംഗീകരിച്ച ബന്ധപ്പെട്ട വിഷയത്തിലുള്ള എം.എഡ്. ബിരുദം നേടിയ ഉദ്യോഗാർത്ഥികളെ ബി.എഡ്. യോഗ്യതയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

**പ്രത്യേക ഇളവുകൾ:** 1. കേരള സർക്കാർ നടത്തുന്ന കോളേജ് അദ്ധ്യാപക തസ്തികയിലെ നിയമനത്തിനായുള്ള സ്റ്റേറ്റ് ലവൽ എലിജിബിലിറ്റി ടെസ്റ്റ് (SLET) ജയിച്ച ഉദ്യോഗാർത്ഥികളെ ഹയർ സെക്കൻഡറി സ്കൂൾ അദ്ധ്യാപക നിയമനത്തിന് നിഷ്ക്കർഷിച്ചിരിക്കുന്ന സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് (SET) ജയിക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

2. നാഷണൽ എലിജിബിലിറ്റി പരീക്ഷയോ ജൂനിയർ റിസർച്ച് ഫെല്ലോഷിപ്പോ ജയിച്ച ഉദ്യോഗാർത്ഥികളെ സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് വിജയിക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

3. പി.എച്ച്.ഡി/എം.എഡ്/കേരളത്തിലെ ഏതെങ്കിലും ഒരംഗീകൃത സർവ്വകലാശാലയിൽ നിന്നും ബന്ധപ്പെട്ട വിഷയത്തിൽ നേടിയ എം.ഫിൽ അല്ലെങ്കിൽ തത്തുല്യ യോഗ്യത നേടിയ ഉദ്യോഗാർത്ഥികളെ സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് ജയിച്ചിരിക്കണം എന്ന നിബന്ധനയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

4. പൊതു വിദ്യാഭ്യാസ വകുപ്പ് സബോർഡിനേറ്റ് സർവ്വീസിലെ ഹൈസ്ക്കൂൾ തലത്തിൽ പത്ത് (10) വർഷത്തെ അംഗീകൃത അദ്ധ്യാപന പരിചയം പൂർത്തിയാക്കിയ അദ്ധ്യാപകരെ ഹയർ സെക്കന്ററി സ്കൂൾ അദ്ധ്യാപകർക്കുള്ള സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് പാസ്സാകണം എന്ന നിബന്ധനയിൽ നിന്നു ഒഴിവാക്കുന്നതാണ്.

കുറിപ്പ് : KS&SSR Part II Rule 10 (a) (ii) ബാധകമാണ്.

## കാറ്റഗറി നമ്പർ 139/216
## അസിസ്റ്റന്റ് പ്രൊഫസർ ഇൻ ഓറൽ മെഡിസിൻ ആന്റ് റേഡിയോളജി
## മെഡിക്കൽ വിദ്യാഭ്യാസ സർവീസ് (ഡെന്റൽ കോളേജുകൾ)
## ഒന്നാം എൻ.സി.എ. വിജ്ഞാപനം

1 **വകുപ്പ്** : മെഡിക്കൽ വിദ്യാഭ്യാസ സർവീസ്(ഡെന്റൽ കോളേജുകൾ)

2 **ഉദ്യോഗപ്പേര്** : അസിസ്റ്റന്റ് പ്രൊഫസർ ഇൻ ഓറൽ മെഡിസിൻ ആന്റ് റേഡിയോളജി

3. **ശമ്പളം** : ₹15,600-39,100/- + ₹7,000 AGP

4. **ഒഴിവുകളുടെ എണ്ണം** : വിശ്വകർമ്മ – 1 (ഒന്ന്)

മുകളിൽ കാണിച്ചിട്ടുള്ള ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക്‌ലിസ്റ്റ് ഈ തസ്തികയിലേയ്ക്ക് താഴെപ്പറയുന്ന തീയതിയിൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ വിശ്വകർമ്മ സമുദായത്തിൽ നിന്നുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെയുള്ള ഒഴിവിലേക്കും തുടർന്നുണ്ടാകുന്ന അത്തരം ഒഴിവുകളിലേയ്ക്കും നിയമന ശിപാർശയും നിയമനവും നടത്തുന്നതുവരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്.

| ക്രമ നമ്പർ | മാതൃ റാങ്കുപട്ടിക പ്രസിദ്ധപ്പെടുത്തിയ തീയതി | കാറ്റഗറി നമ്പർ |
|---|---|---|
| 1. | 28.12.2009 | 43/2009 |

5. **നിയമന രീതി:–** നേരിട്ടുള്ള നിയമനം (വിശ്വകർമ്മ വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം)

കുറിപ്പ്:– വിശ്വകർമ്മ വിഭാഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അത്തരം അപേക്ഷകൾ നിരസിച്ചു കൊണ്ട് വ്യക്തിഗത അറിയിപ്പ് നൽകുന്നതല്ല.

6. **പ്രായം:** 24–44, ഉദ്യോഗാർത്ഥികൾ 02.01.1972നും 01.01.1992നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ).

(പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2(i)–ലെ ആനുകൂല്യം ഉൾപ്പെടെ)

**കുറിപ്പ്:–** പ്രായപരിധിയിലെ ഇളവുകൾ സംബന്ധിച്ച ഇതര വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക. ഖണ്ഡിക 2(i) ഒഴികെ.

7. **യോഗ്യതകൾ**: I 1. ഡെന്റൽ കൗൺസിൽ ഓഫ് ഇൻഡ്യയുടെ അംഗീകാരമുള്ള ഏതെങ്കിലുമൊരു അംഗീകൃത സർവ്വകലാശാലയിൽ നിന്നും ഓറൽ മെഡിസിൻ ആന്റ് റേഡിയോളജി വിഷയത്തിൽ നേടിയ ബിരുദാനന്തര ബിരുദം (എം.ഡി.എസ് ഇൻ ഓറൽ മെഡിസിൻ ആന്റ് റേഡിയോളജി)

2. സംസ്ഥാന ഡെന്റൽ കൗൺസിലിൽ ഉള്ള സ്ഥിരം രജിസ്ട്രേഷൻ

**കുറിപ്പ്** : 1. കെ.എസ്.+എസ്.എസ്.ആർ പാർട്ട് ii റൂൾ 10 (a) 2 ബാധകമാണ്.

2. ഒരു ഡെന്റൽ കൗൺസിലിന്റേയും താൽക്കാലിക രജിസ്ട്രേഷൻ പരിഗണിക്കുന്നതല്ല.

മേൽപ്പറഞ്ഞിട്ടുള്ള യോഗ്യതയുള്ളവരുടെ അഭാവത്തിൽ അടിസ്ഥാന ബിരുദം (ബി.ഡി.എസ്) യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ ₹8,000-₹13,500/- ശമ്പള നിരക്കിൽ ലക്ചറർ തസ്തികയ്ക്ക് പരിഗണിക്കുന്നതാണ്.

(i) അംഗീകൃത സർവകലാശാലയിൽ നിന്നും നേടിയ ബി.ഡി.എസ് ബിരുദം

(ii) സംസ്ഥാന ഡെന്റൽ കൗൺസിലിലുള്ള സ്ഥിരം രജിസ്ട്രേഷൻ

(iii) ഹൗസ് സർജനായോ ഡെന്റൽ സർജനായോ ആശുപത്രിയിൽ നിന്നും നേടിയ ആറുമാസത്തെ പരിചയം.

**കുറിപ്പ്:–:** (i) *KS & SSR* പാർട്ട് ii–ലെ റൂൾ 10(a)2 ബാധകമാണ്.

(ii) ഒരു ഡെന്റൽ കൗൺസിലിന്റേയും താത്ക്കാലിക രജിസ്ട്രേഷൻ പരിഗണിക്കുന്നതല്ല.

## കാറ്റഗറി നമ്പർ 140/2016 – 142/2016
## ബോട്ട് സ്രാങ്ക്
## കേരള ഷിപ്പിംഗ് ആന്റ് ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡ്
## ഒന്നാം എൻ.സി.എ വിജ്ഞാപനം

1 **സ്ഥാപനം** : കേരള ഷിപ്പിംഗ് ആന്റ് ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡ്

2 **ഉദ്യോഗപ്പേര്** : ബോട്ട് സ്രാങ്ക്

3 **ശമ്പളം** : ₹ 5650–8790/–

4 **ഒഴിവുകളുടെ എണ്ണം** : എൻ.സി.എ ഒഴിവുകൾ

| കാറ്റഗറി നം. | സമുദായം | ഒഴിവുകളുടെ എണ്ണം |
|---|---|---|
| 140/2016 | ഈഴവ/തിയ്യ/ബില്ലവ | 1 (ഒന്ന്) |
| 141/2016 | മുസ്ലീം | 2 (രണ്ട്) |
| 142/2016 | ഒ.ബി.സി | 1 (ഒന്ന്) |

**നോട്ട്:** (ii) മുകളിൽ കൊടുത്തിട്ടുള്ള ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയുടെ 21.01.2015 തീയതിയിൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിന്റെ (കാറ്റഗറി നം.354/2012) കാലയളവിൽ മേൽപ്പറഞ്ഞ സമുദായങ്ങൾക്കുവേണ്ടി നീക്കിവെച്ചിട്ടുള്ള ഒഴിവുകളിലേയ്ക്ക് ആ സമുദായത്തിലുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വരുന്ന ഒഴിവുകളിലേയ്ക്ക് നിയമനശിപാർശയും നിയമനവും നടത്തുന്നതുവരെ പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

5 **നിയമന രീതി** : നേരിട്ടുള്ള നിയമനം (ഈഴവ/തിയ്യ/ബില്ലവ, മുസ്ലീം, ഒ.ബി.സി സമുദായങ്ങളിലെ ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം)

***നോട്ട്: വികലാംഗർ ഈ ഉദ്യോഗത്തിന് അപേക്ഷിക്കുവാൻ യോഗ്യരല്ല.***

6 **പ്രായം :** 18–41, ഉദ്യോഗാർത്ഥികൾ 02.01.1975 നും 01.01.1998നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ). (മേൽ സൂചിപ്പിച്ച സംവരണ വിഭാഗങ്ങൾക്ക് അർഹമായ വയസ്സിളവ് ഉൾപ്പെടെ)

**നോട്ട്:** പ്രസ്തുത സ്ഥാപനത്തിൽ പ്രൊവിഷണലായി ജോലി നോക്കിയിട്ടുളളവർ ആദ്യത്തെ പ്രൊവിഷണൽ നിയമനകാലത്ത് നിശ്ചിത പ്രായപരിധി കഴിഞ്ഞിരുന്നില്ലെങ്കിൽ അവരുടെ പ്രൊവിഷണൽ സർവ്വീസിന്റെ ദൈർഘ്യത്തോളം ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ പരമാവധി അഞ്ചുവർഷക്കാലം മാത്രമേ ഈ ആനുകൂല്യം ലഭിക്കുകയുള്ളൂ. ടി സ്ഥാപനത്തിൽ റഗുലർ ഉദ്യോഗം വഹിക്കുന്നവർക്ക് വീണ്ടും മറ്റൊരു നിയമനത്തിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. പ്രൊവിഷണൽ സർവ്വീസിലുള്ളവർ സർവ്വീസിന്റെ ദൈർഘ്യം കാണിക്കുന്ന സർട്ടിഫിക്കറ്റ് വാങ്ങി കൈവശം സൂക്ഷിക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. അവർ റഗുലർ സർവ്വീസിലല്ല ജോലി നോക്കിയിരുന്നതെന്ന് സർട്ടിഫിക്കറ്റിൽ പ്രത്യേകം പറഞ്ഞിരിക്കണം.

(വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് ഈ വിജ്ഞാപനത്തിലെ പാർട്ട് 2ലെ പൊതുവ്യവസ്ഥകൾ ഖണ്ഡിക 2(i), (ii), (iii), (iv), (vi) & (Xii) നോക്കുക)

7 **യോഗ്യതകൾ** : മലയാളത്തിലോ തമിഴിലോ കന്നടയിലോ എഴുതുവാനും വായിക്കുവാനുമുള്ള കഴിവ്.

മെർക്കന്റയിൽ മറൈൻ ഡിപ്പാർട്ട്മെന്റ് (MMD) നൽകുന്ന സ്രാങ്ക് കോമ്പീറ്റൻസി സർട്ടിഫിക്കറ്റ്.

**കുറിപ്പ്:** യോഗ്യത സംബന്ധിച്ച KS&SSR Part II Rule 10(a)ii ഈ തസ്തികയ്ക്ക് ബാധകമാണ്.

## കാറ്റഗറി നമ്പർ 143/2016 – 148/2016
## ഡ്രൈവർ (എൽ.ഡി.വി) ഗ്രേഡ് II
## മുനിസിപ്പൽ കോമൺ സർവ്വീസ് / വിവിധ വികസന അതോറിറ്റികൾ
## ഒന്നാം എൻ.സി.എ. വിജ്ഞാപനം

1. **സ്ഥാപനത്തിന്റെ പേര്** : മുനിസിപ്പൽ കോമൺ സർവ്വീസ് /വിവിധ വികസന അതോറിറ്റികൾ

2. **ഉദ്യോഗപ്പേര്** : ഡ്രൈവർ (എൽ.ഡി.വി) ഗ്രേഡ് II

3. **ശമ്പളം** : ₹5250–8390 (പരിഷ്കരണത്തിന് മുമ്പ്)

4. ഒഴിവുകളുടെ എണ്ണം :

| കാറ്റഗറി നം. | സമുദായം | ഒഴിവുകളുടെ എണ്ണം |
|---|---|---|
| 143/2016 | മുസ്ലീം – | 4 |
| 144/2016 | എൽസി/ആംഗ്ലോഇൻഡ്യൻ– | 03 |
| 145/2016 | ഒ.ബി.സി – | 01 |
| 146/2016 | പട്ടികവർഗ്ഗം – | 01 |
| 147/2016 | ഹിന്ദു നാടാർ – | 01 |
| 148/2016 | ഒ.എക്സ്– | 01 |

മേൽപ്പറഞ്ഞ ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയുടെ 08.10.2013 തീയതിയിൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ പ്രസ്തുത സമുദായത്തിനുവേണ്ടി നീക്കിവെച്ചിട്ടുള്ള ഒഴിവുകളിലേക്കും പ്രസ്തുത സംവരണ സമുദായത്തിലെ ഉദ്യോഗാർത്ഥികളുടെ അഭാവത്താൽ നികത്തപ്പെടാതെ വരുന്ന ഒഴിവുകളിലേക്കും നിയമന ശിപാർശയും നിയമനവും നടത്തുന്നതുവരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്.

5. **നിയമന രീതി:** നേരിട്ടുള്ള നിയമനം. (മുസ്ലീം, പട്ടികവർഗ്ഗം, ഒ.ബി.സി, ഹിന്ദു നാടാർ, ഒ.എക്സ്, എൽസി/ആംഗ്ലോഇൻഡ്യൻ സമുദായങ്ങൾക്ക് മാത്രം)

**കുറിപ്പ്:** മുകളിൽ പറഞ്ഞ സമുദായത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള വ്യക്തിഗത അറിയിപ്പ് നൽകുന്നതല്ല.

6. **പ്രായം** : 18–39. ഉദ്യോഗാർത്ഥികൾ 02.01.1977നും 01.01.1998നുമിടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ) ഒ.എക്സ് വിഭാഗത്തിലുള്ള ഉദ്യോഗാർത്ഥികൾ : പ്രായപൂർത്തിയായതിനുശേഷം പട്ടികജാതിയിൽ നിന്നും ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്തിട്ടുള്ളവർക്കും അവരുടെ സന്താനങ്ങൾക്കും 41 വയസ്സുവരെ ഇളവുനൽകുന്നതാണ്. അങ്ങനെയുള്ള ഉദ്യോഗാർത്ഥികൾ 02.01.1975 നും 01.01.1998 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ) 18–41 പട്ടികവർഗ്ഗക്കാരായ ഉദ്യോഗാർത്ഥികൾ (02.01.1975നും 01.01.1998നുമിടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ)

**കുറിപ്പ്:** വിവിധ തസ്തികകളിലേക്കുള്ള നിയമനം കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ പരിധിയിൽ വിട്ടിട്ടുള്ള സ്ഥാപനങ്ങളിൽ താൽക്കാലികമായി ജോലിനോക്കിയിട്ടുള്ളവർ ആദ്യത്തെ നിയമനക്കാലത്ത് നിശ്ചിത പ്രായപരിധി കഴിഞ്ഞിരുന്നില്ലെങ്കിൽ അവരുടെ പ്രൊവിഷണൽ സർവീസിന്റെ ദൈർഘ്യത്തോളം ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ പരമാവധി അഞ്ചുവർഷക്കാലം മാത്രമേ ഈ ആനുകൂല്യം ലഭിക്കുകയുള്ളൂ. ടി സ്ഥാപനത്തിൽ റഗുലർ ഉദ്യോഗം വഹിക്കുന്നവർക്ക് വീണ്ടും മറ്റൊരു നിയമനത്തിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. പ്രൊവിഷണൽ സർവീസുള്ളവർ സർവീസിന്റെ ദൈർഘ്യം കാണിക്കുന്ന സർട്ടിഫിക്കറ്റ് വാങ്ങി കൈവശം സൂക്ഷിക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. അവർ റഗുലർ സർവീസിലല്ല ജോലി നോക്കിയിരുന്നതെന്ന് സർട്ടിഫിക്കറ്റിൽ പ്രത്യേകം പറഞ്ഞിരിക്കണം.ഇപ്രകാരം നിശ്ചിത പ്രായപരിധി കഴിഞ്ഞവരും ഏതെങ്കിലും കമ്പനിയിലെ/കോർപ്പറേഷനിലെ/ബോർഡിലെ/അതോറിറ്റികളിലെ/സൊസൈറ്റികളിലെ താൽക്കാലിക സർവ്വീസിന്റെ അടിസ്ഥാനത്തിൽ പ്രായപരിധിയിൽ ഇളവ് ലഭിച്ച റാങ്ക് ലിസ്റ്റിലുൾപ്പെടാൻ യോഗ്യത നേടിയവരുമായ ഉദ്യോഗാർത്ഥികളെ അവർ താൽക്കാലിക സേവനം അനുഷ്ഠിച്ചിരുന്ന അതേ സ്ഥാപനത്തിലെ ഒഴിവുകളിലേക്ക് മാത്രമേ പരിഗണിക്കുകയുള്ളു.

7. **യോഗ്യതകൾ :** 1. മലയാളം, തമിഴ്, കന്നട ഇവയിലേതെങ്കിലും ഭാഷ എഴുതാനും വായിക്കാനും അറിഞ്ഞിരിക്കണം.

2. ലൈറ്റ് മേട്ടോർ വാഹനങ്ങൾ ഓടിക്കുന്നതിന് അനുവദിച്ചു

കൊണ്ട് ചുരുങ്ങിയത് മൂന്ന് വർഷമെങ്കിലും നിലവിലുള്ള ലൈറ്റ് മോട്ടോർ ഡ്രൈവിംഗ് ലൈസൻസും,ഉണ്ടായിരിക്കണം(അപേക്ഷ സ്വീകരിക്കുന്ന അവസാനതീയതി,പ്രായോഗികപരീക്ഷ/ഇന്റർവ്യൂ സമയങ്ങളിലും, തെരഞ്ഞെടുപ്പിന്റെ എല്ലാ ഘട്ടങ്ങളിലും നിലവിലുള്ള ഡ്രൈവിംഗ് ലൈസൻസ് അപേക്ഷകനുണ്ടായിരിക്കണം.)

3. ലൈറ്റ് ഡ്യൂട്ടിവാഹനങ്ങൾ ഓടിക്കുന്നതിനുള്ള പ്രാഗൽഭ്യം ഉണ്ടായിരിക്കണം. ഇത് ഒരു പ്രായോഗിക പരീക്ഷയിൽ തെളിയിക്കപ്പെടേണ്ടതാണ്.

**5 മെഡിക്കൽ ഫിറ്റ്നസ് :** എ) ചെവി : പരിപൂർണ്ണമായ ശ്രവണ ശക്തി ഉണ്ടായിരിക്കണം

ബി) കണ്ണ് : ദൂരക്കാഴ്ച : വലത് കണ്ണിനും ഇടതു കണ്ണിനും 6/6 സ്നെല്ലൻ

സമീപക്കാഴ്ച : വലത് കണ്ണിനും ഇടതു കണ്ണിനും 0.5സ്നെല്ലൻ

കളർവിഷൻ: സാധാരണമായിരിക്കണം

നിശാന്ധത : ഇല്ലാതിരിക്കണം

കാഴ്ച മേഖല പൂർണ്ണമായിരിക്കണം

സി) പേശികളും സന്ധികളും : തളർവാതം ഉണ്ടായിരിക്കരുത്. എല്ലാ സന്ധികളും അനായാസമായി ചലിപ്പിക്കാവുന്നവയായിരിക്കണം

ഡി) നാഡീഘടന : പൂർണ്ണമായും സാധാരണ നിലയിലുള്ളതായിരിക്കണം . പകർച്ച വ്യാധികൾ യാതൊന്നും ഉണ്ടായിരിക്കരുത്.

മേൽപ്പറഞ്ഞവ സംബന്ധിച്ച വിവരങ്ങൾ തെളിയിക്കുന്ന ഒരു മെഡിക്കൽ സർട്ടിഫിക്കറ്റ് (അസ്സൽ) നിശ്ചിത ഫാറത്തിൽ സിവിൽ സർജന്റെ റാങ്കിൽ കുറയാത്ത ഒരു മെഡിക്കൽ ആഫീസറിൽ നിന്നും വാങ്ങി കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കണം.

കുറിപ്പ്: 1. വികലാംഗർ ഈ ഉദ്യോഗത്തിന് അപേക്ഷിക്കുവാൻ അർഹരല്ല.

2. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതിയിലും, എഴുത്തുപരീക്ഷ, പ്രായോഗിക പരീക്ഷ, ഇന്റർവ്യൂ തുടങ്ങിയ എല്ലാ അവസരങ്ങളിലും ഉദ്യോഗാർത്ഥികൾക്ക് നിലവിലുള്ള ഡ്രൈവിംഗ് ലൈസൻസും ബാഡ്ജും (Current Driving Licence and Badge) ഉണ്ടായിരിക്കണം

3. ഉദ്യോഗാർത്ഥികളുടെ ഡ്രൈവിംഗിലുള്ള പ്രാഗൽഭ്യം കമ്മീഷൻ നടത്തുന്ന പ്രായോഗിക പരീക്ഷയിൽ തെളിയിക്കേണ്ടതാണ്.

(a) പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡികയിലെ (vii) എന്ന ഉപഖണ്ഡികയും 5, എന്ന ഖണ്ഡികയും മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല.

(b) മേൽപ്പറഞ്ഞ സ്ഥാപനത്തിലേയ്ക്കുള്ള നിയമനം അവർ കാലാകാലങ്ങളിൽ വരുത്തുന്ന ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായിരിയ്ക്കും.

## കാറ്റഗറി നമ്പർ 149/2016
## ഗാർഡ് ഗ്രേഡ് II
## (വിമുക്തഭടന്മാർക്ക് മാത്രം)
## കേരളാ സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ
### രണ്ടാം എൻ.സി.എ വിജ്ഞാപനം

**1. സ്ഥാപനത്തിന്റെ പേര്** : കേരളാ സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ

**2. ഉദ്യോഗപ്പേര്** : ഗാർഡ് ഗ്രേഡ് II (വിമുക്തഭടന്മാർക്ക് മാത്രം)

**3. ശമ്പളം** : ₹ 865–1615 (P.R)

**4. ഒഴിവുകളുടെ എണ്ണം** : 1 (ഒന്ന്) (എൽ.സി/എ.ഐ)

**കുറിപ്പ്:** (1) മുകളിൽ കൊടുത്തിട്ടുള്ള ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയുടെ 31.12.2009, 06.10.2015 തിയതികളിൽ നിലവിൽ വന്ന് റാങ്ക് ലിസ്റ്റിന്റെ (കാറ്റഗറി നമ്പർ 421/07,230/14) കാലയളവിൽ LC/AI സമുദായത്തിന് നീക്കിവച്ചിട്ടുള്ള ഒഴിവുകളിലേയ്ക്ക് ആ സമുദായത്തിലുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വരുന്ന ഒഴിവുകളിലേയ്ക്ക് നിയമന ശിപാർശയും നിയമനവും നടത്തുന്നതുവരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്.

**നിയമന രീതി :** LC/AI സമുദായങ്ങളിലെ വിമുക്തഭടന്മാരായ ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രമുള്ള നേരിട്ടുള്ള നിയമനം.

**6. പ്രായം** : 18–49 ഉദ്യോഗാർത്ഥികൾ 02.01.1967നും 01.01.1998 നുമിടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ)

കുറിപ്പ്: (1) പ്രസ്തുത സ്ഥാപനത്തിൽ പ്രൊവിഷണലായി ജോലി നോക്കിയിട്ടുള്ളവർ ആദ്യത്തെ പ്രൊവിഷണൽ നിയമനക്കാലത്ത് നിശ്ചിത പ്രായപരിധി കഴിഞ്ഞിരുന്നില്ലെങ്കിൽ അവരുടെ പ്രൊവിഷണൽ സർവ്വീസിന്റെ

ദൈർഘ്യത്തോളം ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ പരമാവധി അഞ്ചു വർഷക്കാലം മാത്രമേ ഈ ആനുകൂല്യം ലഭിക്കുകയുള്ളു. ടി സ്ഥാപനത്തിൽ റഗുലർ ഉദ്യോഗം വഹിക്കുന്നവർക്ക് വീണ്ടും മറ്റൊരു നിയമനത്തിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. പ്രൊവിഷണൽ സർവ്വീസുള്ളവർ സർവ്വീസിന്റെ ദൈർഘ്യം കാണിക്കുന്ന സർട്ടിഫിക്കറ്റ് വാങ്ങി കൈവശം സൂക്ഷിക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. അവർ റഗുലർ സർവ്വീസിലല്ല ജോലി നോക്കിയിരുന്നതെന്ന് സർട്ടിഫിക്കറ്റിൽ പ്രത്യേകം പറഞ്ഞിരിക്കണം. LC/AI അല്ലാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്. അത്തരം ഉദ്യോഗാർത്ഥികൾക്കായി നിരസന അറിയിപ്പ് പ്രത്യേകം നൽകുന്നതല്ല. (വയസ്സിളവിനെ സംബന്ധിച്ച മറ്റ് വ്യവസ്ഥകൾക്ക് പൊതുവ്യവസ്ഥകളിലെ 2(vi),(xii) ഖണ്ഡികകൾ കാണുക)

**യോഗ്യതകൾ :**i) ഏഴാം സ്റ്റാൻഡേർഡോ തത്തുല്യമായ മറ്റേതെങ്കിലും പരീക്ഷയോ പാസ്സായിരിക്കണം.

ii) സായുധസേനയിൽ (കര, നാവിക, വ്യോമസേന) മൂന്ന് വർഷത്തിൽ കുറയാതെയുള്ള സേവനപരിചയം.

iii) സൈക്കിൾ സവാരി അറിഞ്ഞിരിക്കണം

iv)ശാരീരിക യോഗ്യത: ഉയരം 168 സെ.മീ

നെഞ്ചളവ് (സാധാരണ നിലയിൽ) 81 സെ.മീ

നെഞ്ചളവ് (വികസിക്കുമ്പോൾ ) 86 സെ.മീ

കുറിപ്പ്; അംഗവൈകല്യമുള്ളവർ ഈ തസ്തികയ്ക്ക് അപേക്ഷ അയക്കുവാൻ യോഗ്യരല്ല.

11. (a) പൊതുവ്യവസ്ഥകളിലെ 2–ാം ഖണ്ഡികയിലെ ii, iii, iv, v, vii, viii, ix, x, xi & xiii ഉപഖണ്ഡികകളും 5,5a,6,7 എന്നീ ഖണ്ഡികകളും മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല.

(b) മേൽപ്പറഞ്ഞ സ്ഥാപനത്തിലേയ്ക്കുള്ള നിയമനം അവർ കാലാകാലങ്ങളിൽ വരുത്തുന്ന ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായിരിയ്ക്കും.

## എൻസിഎ ഒഴിവുകളിലേക്ക് സംവരണ സമുദായങ്ങൾക്ക് നേരിട്ടുള്ള നിയമനം (ജില്ലാതലം)

## കാറ്റഗറി നമ്പർ 150/2016
## ഹൈസ്ക്കൂൾ അസിസ്റ്റന്റ് (ഫിസിക്കൽ സയൻസ്) മലയാളം മാധ്യമം
## വിദ്യാഭ്യാസം
### ഒന്നാം എൻ.സി.എ. വിജ്ഞാപനം

**1. വകുപ്പ്** : വിദ്യാഭ്യാസം

**2. ഉദ്യോഗപ്പേര്** : ഹൈസ്ക്കൂൾ അസിസ്റ്റന്റ് (ഫിസിക്കൽ സയൻസ്) മലയാളം മാധ്യമം

**3. ശമ്പളം** : ₹ 15,380 – 25,900/

**4. ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ മലപ്പുറം – പട്ടികജാതി 01 (ഒന്ന്)

**കുറിപ്പ്:** (ii) ഈ വിജ്ഞാപനപ്രകാരം മലപ്പുറം ജില്ലയിലേയ്ക്ക് ഒരു റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. ഇപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയ്ക്ക് താഴെപ്പറയുന്ന തീയതിയിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ മേൽപ്പറഞ്ഞ സമുദായത്തിനുവേണ്ടി നീക്കിവച്ചിട്ടുള്ള ഒഴിവുകളിലേയ്ക്കും ആ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാത്ത ഒഴിവുകളിലേയ്ക്കും ഉദ്യോഗാർത്ഥികളെ നിയമനശിപാർശ ചെയ്ത് നിയമനം നടത്തുന്നതുവരെ നിലവിലിരിക്കുന്നതാണ്.

| ജില്ലയുടെ പേര് | റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയ തീയതി | കാറ്റഗറി നമ്പർ |
|---|---|---|
| മലപ്പുറം | 06.02.2012 | 177/2008 |

**5. നിയമനരീതി** : നേരിട്ടുള്ള നിയമനം. (പട്ടികജാതി സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം). പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ പട്ടിക വർഗ്ഗ സംവരണ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളെ പരിഗണിക്കുന്നതാണ്).

**6. പ്രായം** : 18–45. ഉദ്യോഗാർത്ഥികൾ 02.01.1971 നും 01.01.1998 നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ). [പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2 (i) ഉൾപ്പെടെ].

**കുറിപ്പ് :** വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ അനുബന്ധം രണ്ടാം ഖണ്ഡിക നോക്കുക (ഖണ്ഡിക 2(i) ഒഴികെ).

**7. യോഗ്യതകൾ :** ബന്ധപ്പെട്ട വിഷയത്തിൽ കേരളത്തിലെ സർവ്വകലാശാലകൾ നൽകിയതോ അംഗീകരിച്ചിട്ടുള്ളതോ ആയ ബിരുദവും ബന്ധപ്പെട്ട വിഷയത്തിൽ തന്നെയുള്ള ബി.എഡ്/ബി.റ്റി ബിരുദവും ഉണ്ടായിരിക്കണം. (ബന്ധപ്പെട്ട വിഷയങ്ങൾ ഏതെല്ലാമെന്ന് താഴെ കുറിപ്പ് 3 ൽ നൽകിയിരിക്കുന്നത് നോക്കുക).

**കുറിപ്പ്** : 1. ബന്ധപ്പെട്ട വിഷയത്തിൽ ബിരുദാനന്തര ബിരുദം നേടിയിട്ടുള്ളവർക്കും ബന്ധപ്പെട്ട വിഷയത്തിൽ തന്നെ ബി.എഡ്/ബി.റ്റി യോഗ്യതയുള്ള പക്ഷം ഈ തസ്തികയ്ക്ക് അപേക്ഷിയ്കാവുന്നതാണ്.

2. റൂറൽ ഉന്നത വിദ്യാഭ്യാസ നാഷണൽ കൗൺസിൽ നൽകിയിട്ടുള്ള റൂറൽ സർവ്വീസ് ഡിപ്ലോമയും ഡിഗ്രിക്ക് തുല്യമായി ഈ തസ്തികയ്ക്ക് പരിഗണിക്കുന്നതാണ്.

3. അപേക്ഷകർ ഫിസിക്സ്, കെമിസ്ട്രി ഇവയിലേതെങ്കിലും പ്രധാന ഐച്ഛികവിഷയമായി ബിരുദം എടുത്തവരായിരിക്കണം. ജിയോളജി ഐച്ഛിക വിഷയവും ഫിസിക്സ്, കെമിസ്ട്രി ഇവ ഉപ ഐച്ഛിക വിഷയങ്ങളായും ബിരുദം എടുത്തിട്ടുള്ളവർക്ക് ഫിസിക്കൽ സയൻസിൽ ബി.എഡ് ഉണ്ടെങ്കിൽ ഈ തസ്തികയ്ക്ക് അപേക്ഷിക്കാവുന്നതാണ് [2.7.1996 ലെ ജി.ഒ (എം.എസ്) നമ്പർ 195/96/ജി. എഡ്യൂ].

4. പോസ്റ്റ് ടൈറ്റിൽ ബിരുദം നേടിയവർ എച്ച്.എസ്.എ. തസ്തികയ്ക്ക് അപേക്ഷിക്കുവാൻ അർഹരല്ല.

5. ഈ തസ്തികയ്ക്ക് എഴുത്ത് (വിവരാണാത്മക/ഒ.എം.ആർ)/ഓൺലൈൻ പരീക്ഷ ഉണ്ടെങ്കിൽ ചോദ്യക്കടലാസ് മലയാളത്തിൽ ആയിരിക്കും. എഴുത്ത് പരീക്ഷയ്ക്ക് ഉത്തരങ്ങളും മലയാളത്തിൽ തന്നെ എഴുതേണ്ടതാണ്.

6. കേരളത്തിന് പുറത്തുള്ള സർവ്വകലാശാലകളിൽ നിന്നും ബി.എഡ്/ബി.റ്റി ബിരുദം നേടിയവർ ആയത് കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാല അംഗീകരിച്ച ഉത്തരവിന്റെ നമ്പർ, തീയതി എന്നിവ അപേക്ഷയിൽ രേഖപ്പെടുത്തേണ്ടതും ഉത്തരവിന്റെ പകർപ്പ് കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്.

NB: KS & SSR Part II Rule 10 (a) ii ബാധകമാണ്.

**പ്രായപരിധി, നിയമനം ഇവ സംബന്ധിച്ച പ്രത്യേക ആനുകൂല്യങ്ങൾക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in)**

**കുറിപ്പ്:** മേൽപ്പറഞ്ഞവയോ താഴെ പൊതു വ്യവസ്ഥകളിൽ രണ്ടാം ഖണ്ഡികയിൽ പറയുന്നവയോ ആയ ഏതെങ്കിലും കാരണങ്ങളാൽ ഉയർന്ന പ്രായപരിധിയിൽ നിന്നും ഇളവ് ലഭിക്കാൻ അർഹതയുള്ളവർ ''അതെ'' എന്ന് ഓൺലൈൻ അപേക്ഷയിൽ രേഖപ്പെടുത്തേണ്ടതും തുടർന്ന് ഇളവിനുള്ള അർഹത വ്യക്തമാക്കുകയും ചെയ്യേണ്ടതാണ്. അല്ലാത്തപക്ഷം പ്രായപരിധി കഴിഞ്ഞു എന്ന കാരണത്താൽ അപേക്ഷ നിരസിക്കപ്പെടാൻ ഇടയുള്ളതാകുന്നു.

## കാറ്റഗറി നമ്പർ 151/2016
## ഹൈസ്ക്കൂൾ അസിസ്റ്റന്റ് (ഫിസിക്കൽ സയൻസ്) മലയാളം മാധ്യമം
## വിദ്യാഭ്യാസം
### ഒന്നാം എൻ.സി.എ. വിജ്ഞാപനം

**1. വകുപ്പ്** : വിദ്യാഭ്യാസം

**2. ഉദ്യോഗപ്പേര്** : ഹൈസ്ക്കൂൾ അസിസ്റ്റന്റ് (ഫിസിക്കൽ സയൻസ്) മലയാളം മാധ്യമം

**3. ശമ്പളം** : ₹ 15,380 – 25,900/

**4. ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ കോഴിക്കോട് – ഒ.എക്സ് 1 (ഒന്ന്)

**കുറിപ്പ്:** (ii) ഈ വിജ്ഞാപനപ്രകാരം കോഴിക്കോട് ജില്ലയിലേയ്ക്ക് ഒരു റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. ഇപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയ്ക്ക് താഴെപ്പറയുന്ന തീയതിയിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ മേൽപ്പറഞ്ഞ സമുദായത്തിനുവേണ്ടി നീക്കിവച്ചിട്ടുള്ള ഒഴിവുകളിലേയ്ക്കും ആ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാത്ത ഒഴിവുകളിലേയ്ക്കും ഉദ്യോഗാർത്ഥികളെ നിയമനശിപാർശ ചെയ്ത് നിയമനം നടത്തുന്നതുവരെ നിലവിലിരിക്കുന്നതാണ്.

| ജില്ലയുടെ പേര് | റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയ തീയതി | കാറ്റഗറി നമ്പർ |
|---|---|---|
| കോഴിക്കോട് | 11.01.2012 | 177/2008 |

**5. നിയമനരീതി**: നേരിട്ടുള്ള നിയമനം. (ഒ.എക്സ് സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം).

**6. പ്രായം:** 1) 18–43. ഉദ്യോഗാർത്ഥികൾ 02.01.1973 നും 01.01.1998 നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ). [പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2 (i) ഉൾപ്പെടെ].

2) 18–45. പ്രായപൂർത്തിയായതിനു ശേഷം ഏതെങ്കിലും പട്ടികജാതിയിൽ നിന്നും ക്യസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്തിട്ടുള്ളവരോ അവരുടെ സന്താനങ്ങളോ ആയ ഉദ്യോഗാർത്ഥികൾ 02.01.1971 നും 01.01.1998 നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ).

[പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2 (i) ഉൾപ്പെടെ].

**കുറിപ്പ്** : വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ അനുബന്ധം രണ്ടാം ഖണ്ഡിക നോക്കുക (ഖണ്ഡിക 2(ശ) ഒഴികെ).

**7. യോഗ്യതകൾ** : ബന്ധപ്പെട്ട വിഷയത്തിൽ കേരളത്തിലെ സർവ്വകലാശാലകൾ നൽകിയതോ അംഗീകരിച്ചിട്ടുള്ളതോ ആയ ബിരുദവും ബന്ധപ്പെട്ട വിഷയത്തിൽ തന്നെയുള്ള ബി.എഡ്/ബി.റ്റി ബിരുദവും ഉണ്ടായിരിക്കണം. (ബന്ധപ്പെട്ട വിഷയങ്ങൾ ഏതെല്ലാമെന്ന് താഴെ കുറിപ്പ് 3 ൽ നൽകിയിരിക്കുന്നത് നോക്കുക).

**കുറിപ്പ്** : 1. ബന്ധപ്പെട്ട വിഷയത്തിൽ ബിരുദാനന്തര ബിരുദം നേടിയിട്ടുള്ളവർക്കും ബന്ധപ്പെട്ട വിഷയത്തിൽ തന്നെ ബി.എഡ്/ബി.റ്റി യോഗ്യതയുള്ള പക്ഷം ഈ തസ്തികയ്ക്ക് അപേക്ഷിയ്കാവുന്നതാണ്

2. റൂറൽ ഉന്നത വിദ്യാഭ്യാസ നാഷണൽ കൗൺസിൽ നൽകിയിട്ടുള്ള റൂറൽ സർവ്വീസ് ഡിപ്ലോമയും ഡിഗ്രിക്ക് തുല്യമാ

യി ഈ തസ്തികയ്ക്ക് പരിഗണിക്കുന്നതാണ്.

3. അപേക്ഷകർ ഫിസിക്സ്, കെമിസ്ട്രി ഇവയിലേതെങ്കിലും പ്രധാന ഐച്ഛികവിഷയമായി ബിരുദം എടുത്തവരായിരിക്കണം. ജിയോളജി ഐച്ഛിക വിഷയവും ഫിസിക്സ്, കെമിസ്ട്രി ഇവ ഉപ ഐച്ഛിക വിഷയങ്ങളായും ബിരുദം എടുത്തിട്ടുള്ളവർക്ക് ഫിസിക്കൽ സയൻസിൽ ബി.എഡ് ഉണ്ടെങ്കിൽ ഈ തസ്തികയ്ക്ക് അപേക്ഷിക്കാവുന്നതാണ് [22.7.1996 ലെ ജി.ഒ (എം.എസ്) നമ്പർ 195/96/ജി. എഡ്യൂ].

4. പോസ്റ്റ് ഗ്രൈറ്റിൽ ബിരുദം നേടിയവർ എച്ച്.എസ്.എ. തസ്തികയ്ക്ക് അപേക്ഷിക്കുവാൻ അർഹരല്ല.

5. ഈ തസ്തികയ്ക്ക് പരീക്ഷ (വിവരാണാത്മക/ഒ.എം.ആർ/ ഓൺലൈൻ ഉണ്ടെങ്കിൽ ചോദ്യക്കടലാസ് മലയാളത്തിൽ ആയിരിക്കും. എഴുത്ത് പരീക്ഷയ്ക്ക് ഉത്തരങ്ങളും മലയാളത്തിൽ തന്നെ എഴുതേണ്ടതാണ്.

6. കേരളത്തിന് പുറത്തുള്ള സർവ്വകലാശാലകളിൽ നിന്നും ബി.എഡ്/ബി.റ്റി ബിരുദം നേടിയവർ ആയത് കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാല അംഗീകരിച്ച ഉത്തരവിന്റെ നമ്പർ, തീയതി എന്നിവ അപേക്ഷയിൽ രേഖപ്പെടുത്തേണ്ടതും ഉത്തരവിന്റെ പകർപ്പ് കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്.

NB: KS & SSR Part II Rule 10 (a) ii ബാധകമാണ്.

**പ്രായപരിധി, നിയമനം ഇവ സംബന്ധിച്ച പ്രത്യേക ആനുകൂല്യങ്ങൾക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in)**

**കുറിപ്പ്:** മേൽപ്പറഞ്ഞവയോ താഴെ പൊതു വ്യവസ്ഥകളിൽ രണ്ടാം ഖണ്ഡികയിൽ പറയുന്നവയോ ആയ ഏതെങ്കിലും കാരണങ്ങളാൽ ഉയർന്ന പ്രായപരിധിയിൽ നിന്നും ഇളവ് ലഭിക്കാൻ അർഹതയുള്ളവർ "അതെ" എന്ന് ഓൺലൈൻ അപേക്ഷയിൽ രേഖപ്പെടുത്തേണ്ടതും തുടർന്ന് ഇളവിനുള്ള അർഹത വ്യക്തമാക്കുകയും ചെയ്യേണ്ടതാണ്. അല്ലാത്തപക്ഷം പ്രായപരിധി കഴിഞ്ഞു എന്ന കാരണത്താൽ അപേക്ഷ നിരസിക്കപ്പെടാൻ ഇടയുള്ളതാകുന്നു.

## കാറ്റഗറി നമ്പർ 152/2016 – 153/2016
## ഡ്രൈവർ (HDV)വിദ്യാഭ്യാസം
## എക്സൈസ്
## ഒന്നാം എൻ.സി.എ. വിജ്ഞാപനം

| | |
|---|---|
| **1. വകുപ്പ്** | : എക്സൈസ് |
| **2. ഉദ്യോഗപ്പേര്** | : ഡ്രൈവർ (HDV) |
| **3. ശമ്പളം** | : ₹ 9190–15780/– |
| **4. ഒഴിവുകളുടെ എണ്ണം** | : ജില്ലാടിസ്ഥാനത്തിൽ (ജാതിയടിസ്ഥാനത്തിൽ) |

| കാറ്റഗറി നം. | ജില്ല | സമുദായം | ഒഴിവുകളുടെ എണ്ണം |
|---|---|---|---|
| 152/2016 | പാലക്കാട് | എൽസി/എഐ | 1 (ഒന്ന്) |
| 153/2016 | കണ്ണൂർ | വിശ്വകർമ്മ | 1 (ഒന്ന്) |

(iii) ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയ്ക്ക് താഴെപ്പറയുന്ന തീയതിയിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ മേൽപ്പറഞ്ഞ സമുദായത്തിനുവേണ്ടി നീക്കിവച്ചിട്ടുള്ള ഒഴിവുകളിലേയ്ക്കും ആ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ഉണ്ടാകുന്ന/ഉണ്ടാകാവുന്ന ഒഴിവുകളിലേയ്ക്കും ഉദ്യോഗാർത്ഥികളെ നിയമനശിപാർശ ചെയ്ത് നിയമനം നടത്തുന്നതുവരെ നിലവിലിരിക്കുന്നതാണ്.

| ജില്ലയുടെ പേര് | റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയ തീയതി | കാറ്റഗറി നമ്പർ |
|---|---|---|
| പാലക്കാട് | 20.11.2013 | 118/2007 |
| കണ്ണൂർ | 26.11.2013 | 118/2007 |

**5. നിയമന രീതി :** നേരിട്ടുള്ള നിയമനം. (മുകളിൽ കാണിച്ചിട്ടുള്ള സംവരണ സമുദായങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം)

**6. പ്രായം :** 21–42. ഉദ്യോഗാർത്ഥികൾ 02.01.1974നും 01.01.1995നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ). [പൊതു വ്യവസ്ഥകൾ ഖണ്ഡിക 2 (i) ലെ ഇളവുകളടക്കം]

**കുറിപ്പ്:** യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി വയസ്സിളവിനെ സംബന്ധിച്ച മറ്റ് വ്യവസ്ഥകൾക്ക് പൊതുവ്യവസ്ഥകളിലെ അനുബന്ധം രണ്ടാം ഖണ്ഡിക (2(1) ഒഴികെ) നോക്കുക.

**7. യോഗ്യതകൾ :** (1) ഏഴാം ക്ലാസ്സ് (പുതിയത്) അല്ലെങ്കിൽ തത്തുല്യമായ പരീക്ഷ പാസ്സായിരിക്കണം.

(2) ഡ്രൈവേഴ്സ് ബാഡ്ജും ഹെവി ഗുഡ്സ്/ഹെവി പാസഞ്ചർ മോട്ടോർ വാഹനങ്ങൾ ഓടിക്കുന്നതിന് 3 (മൂന്ന്) വർഷത്തെ നിലവിലുള്ള സാധുവായ ഡ്രൈവിംഗ് ലൈസൻസും ഉണ്ടായിരിക്കണം.

(3) ഹെവി ഗുഡ്സ്/ഹെവി പാസഞ്ചർ മോട്ടോർ വാഹനങ്ങൾ ഓടിക്കാനുള്ള കഴിവ് (ഇത് പി.എസ്.സി നടത്തുന്ന പ്രായോഗിക പരീക്ഷയിലൂടെ (H Test അടക്കം) തെളിയിക്കേണ്ടതാണ്) ഗ്രൗണ്ട് ടെസ്റ്റിൽ (H Test) വിജയിക്കുന്നവരെ മാത്രമേ റോഡ് ടെസ്റ്റിൽ പങ്കെടുപ്പിക്കുകയുള്ളൂ.

(4) ശാരീരിക യോഗ്യത: 165 സെ.മീറ്ററിൽ കുറയാത്ത ഉയരവും, നെഞ്ചളവ് 83 സെ. മീറ്ററിൽ കുറയാത്ത നെഞ്ചളവും കുറഞ്ഞപക്ഷം 4 സെ.മീ വികാസവും ഉണ്ടായിരിക്കണം.

**കുറിപ്പ്:** KS & SSR Part II Rule 10 (a) ii ബാധകമാണ്.

(5) മെഡിക്കൽ ഫിറ്റ്നസ്സ്

(എ) ചെവി : പൂർണ്ണമായ ശ്രവണശേഷി ഉണ്ടായിരിക്കണം.

(ബി) കണ്ണ് :

| | | |
|---|---|---|
| | ദൂരകാഴ്ച | സമീപ കഴ്ച |
| വലത് | 6/6 സ്നെല്ലൻ | 0.5 സ്നെല്ലൻ |
| ഇടത് | 6/6 സ്നെല്ലൻ | 0.5 സ്നെല്ലൻ |
| കളർ വിഷൻ | : സാധാരണമായിരിക്കണം | |
| മാലക്കണ്ണ് | : ഇല്ലാതിരിക്കണം | |

(സി) പേശികളും സന്ധികളും : തളർവാതം ഉണ്ടായിരിക്കരുത്. എല്ലാ സന്ധികളും ആയാസരഹിതമായി ചലിപ്പിക്കാവുന്ന വയായിരിക്കണം.

(ഡി) ഞരമ്പുഘടന : പൂർണ്ണമായും സാധരണരീതിയിലുള്ള തായിരിക്കണം. പകർച്ചവ്യാധികൾ യാതൊന്നും ഉണ്ടായിരിക്കരുത്.

**കുറിപ്പ്:** 1) പ്രായോഗിക പരീക്ഷയ്ക്ക് ക്ഷണിക്കുമ്പോൾ മുകളിൽ 7(5)–ാം ഖണ്ഡികയിൽ ആവശ്യപ്പെടുന്ന മെഡിക്കൽ ഫിറ്റ്നസ് സംബന്ധമായ എല്ലാ വിവരങ്ങളും (5 ബി ഒഴികെ) അടങ്ങുന്ന നിശ്ചിത മാതൃകയിലുള്ള ഒരു മെഡിക്കൽ സർട്ടിഫിക്കറ്റ് (അസ്സൽ) അസിസ്റ്റന്റ് സർജന്റെ റാങ്കിൽ കുറയാത്ത ഒരു മെഡിക്കൽ ഓഫീസറിൽ നിന്ന് വാങ്ങി ഹാജരാക്കേണ്ടതാണ്. കൂടാതെ കാഴ്ചശക്തി സംബന്ധിച്ച [7.5 (b)] മെഡിക്കൽ സർട്ടിഫിക്കറ്റ് ഗവൺമെന്റ് സർവ്വീസിലുള്ള ഒഫ്താൽമോളജിസ്റ്റിൽ നിന്ന് വാങ്ങി ഹാജരാക്കേണ്ടതാണ്.

മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ മാതൃക ഈ വിജ്ഞാപനത്തോടൊപ്പം ചുവടെ ചേർത്തിട്ടുണ്ട്.

2) ഉദ്യോഗാർത്ഥികൾ അപേക്ഷയുടെ ബന്ധപ്പെട്ട കോളത്തിൽ (യോഗ്യതകൾ) ഡ്രൈവിംഗ് ലൈസൻസ്, ഡ്രൈവിംഗിലുള്ള പരിചയം തുടങ്ങിയവ സംബന്ധിച്ച പൂർണ്ണവിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്.

3) ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർ ഈ ഉദ്യോഗത്തിന് അപേക്ഷിക്കുവാൻ അർഹരല്ല.

4) തെരഞ്ഞെടുപ്പിന്റെ എല്ലാ ഘട്ടങ്ങളിലും അതായത് അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി, ഒഎംആർ ടെസ്റ്റ്, പ്രായോഗിക പരീക്ഷ, ഇന്റർവ്യൂ തുടങ്ങി എല്ലാ ഘട്ടങ്ങളിലും ഉദ്യോഗാർത്ഥികൾക്ക് സാധുവായ ഡ്രൈവിംഗ് ലൈസൻസും ബാഡ്ജും ഉണ്ടായിരിക്കണം.

5) ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും ഉദ്യോഗാർത്ഥികളെ ആസ്ഥാന ഒഴിവുകളിലേക്കും ഊഴം അനുസരിച്ച് നിയമന ശിപാർശ ചെയ്യുന്നതാണ്.

6) പ്രൊബേഷൻ: ഈ തസ്തികയിൽ നിയമിക്കപ്പെടുമ്പോൾ ജോലിയിൽ പ്രവേശിച്ച തീയതി മുതൽ തുടർച്ചയായ മൂന്നു വർഷക്കാലയളവിനുള്ളിൽ ഡ്യൂട്ടിയിലുള്ള രണ്ടു വർഷക്കാലം പ്രൊബേഷനിലായിരിക്കുന്നതാണ്.

**ഫിസിക്കൽ ഫിറ്റ്നസ്, കാഴ്ചശക്തി എന്നിവ തെളിയിക്കുന്നതിനുള്ള മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം (www.keralapsc.gov.in) കാണുക.**

## കാറ്റഗറി നമ്പർ 154/2016
## ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ് (HDV)
## വിവിധം
## ഒന്നാം എൻ.സി.എ. വിജ്ഞാപനം

| | |
|---|---|
| **1. വകുപ്പ്** | : വിവിധം |
| **2. ഉദ്യോഗപ്പേര്** | : ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ് (HDV) |
| **3. ശമ്പളം** | : ₹ 9190–15780/ |
| **4. ഒഴിവുകളുടെ എണ്ണം** | : ജില്ലാടിസ്ഥാനത്തിൽ (ജാതിയടിസ്ഥാനത്തിൽ ) കോട്ടയം – വിശ്വകർമ്മ 01 (ഒന്ന്) |

ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയ്ക്ക് താഴെപ്പറയുന്ന തീയതിയിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ മേൽപ്പറഞ്ഞ സമുദായത്തിനു വേണ്ടി നീക്കിവച്ചിട്ടുള്ള ഒഴിവുകളിലേയ്ക്കും ആ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ഉണ്ടാകുന്ന/ ഉണ്ടാകാവുന്ന ഒഴിവുകളിലേയ്ക്കും ഉദ്യോഗാർത്ഥികളെ നിയമനശിപാർശ ചെയ്ത് നിയമനം നടത്തുന്നതുവരെ നിലവിലിരിക്കുന്നതാണ്.

| ജില്ലയുടെ പേര് | റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയ തീയതി | കാറ്റഗറി നമ്പർ |
|---|---|---|
| കോട്ടയം | 28.12.2011 | 30/2007 |

**5. നിയമന രീതി :** നേരിട്ടുള്ള നിയമനം. (മുകളിൽ കാണിച്ചിട്ടുള്ള സംവരണ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം)

**6. പ്രായം :** 18–42. ഉദ്യോഗാർത്ഥികൾ 02.01.1974നും 01.01.1998നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ). [പൊതു വ്യവസ്ഥകൾ ഖണ്ഡിക 2 (i) ലെ ഇളവുകളടക്കം]

**കുറിപ്പ്:** യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി വയസ്സിളവിനെ സംബന്ധിച്ച മറ്റ് വ്യവസ്ഥകൾക്ക് പൊതുവ്യവസ്ഥകളിലെ അനുബന്ധം രണ്ടാം ഖണ്ഡിക (2(1) ഒഴികെ) നോക്കുക.

**7. യോഗ്യതകൾ :** (1) ഏഴാം ക്ലാസ്സ് അല്ലെങ്കിൽ തേർഡ് ഫോറം പാസ്സായിരിക്കണം.

(2) ഡ്രൈവേഴ്സ് ബാഡ്ജും ഹെവി ഗുഡ്സ്/ഹെവി പാസഞ്ചർ മോട്ടോർ വാഹനങ്ങൾ ഓടിക്കുന്നതിന് 3 (മൂന്ന്) വർഷത്തെ നിലവിലുള്ള സാധുവായ ഡ്രൈവിംഗ് ലൈസൻസും ഉണ്ടായിരിക്കണം.

(3) ഹെവി ഗുഡ്സ്/ഹെവി പാസഞ്ചർ മോട്ടോർ വാഹനങ്ങൾ ഓടിക്കാനുള്ള കഴിവ് (ഇത് പി.എസ്.സി നടത്തുന്ന പ്രായോഗിക പരീക്ഷയിലൂടെ (H Test അടക്കം) തെളിയിക്കേണ്ടതാണ്) ഗ്രൗണ്ട് ടെസ്റ്റിൽ (H Test) വിജയിക്കുന്നവരെ മാത്രമേ റോഡ് ടെസ്റ്റിൽ പങ്കെടുപ്പിക്കുകയുള്ളൂ.

കുറിപ്പ്: KS & SSR Part II Rule 10 (a) ii ബാധകമാണ്.

(4) മെഡിക്കൽ ഫിറ്റ്നസ്സ്

(എ) ചെവി : പൂർണ്ണമായ ശ്രവണശേഷി ഉണ്ടായിരിക്കണം.

(ബി) കണ്ണ് :

| | | |
|---|---|---|
| | വലത് | ഇടത് |
| ദൂരകാഴ്ച : | 6/6 സ്നെല്ലൻ | 6/6 സ്നെല്ലൻ |
| സമീപ കഴ്ച: | 0.5 സ്നെല്ലൻ | 0.5 സ്നെല്ലൻ |
| കളർ വിഷൻ : | സാധാരണമായിരിക്കണം | |
| മാലക്കണ്ണ് : | ഇല്ലാതിരിക്കണം | |

(സി) പേശികളും സന്ധികളും : തളർവാതം ഉണ്ടായിരിക്കരുത്. എല്ലാ സന്ധികളും ആയാസരഹിതമായി ചലിപ്പിക്കാവുന്നവയായിരിക്കണം.

(ഡി) ഞരമ്പുഘടന : പൂർണ്ണമായും സാധരണരീതിയിലുള്ളതായിരിക്കണം. പകർച്ചവ്യാധികൾ യാതൊന്നും ഉണ്ടായിരിക്കരുത്.

കുറിപ്പ്: 1) പ്രായോഗിക പരീക്ഷയ്ക്ക് ക്ഷണിക്കുമ്പോൾ മുകളിൽ 7(4)–ാം ഖണ്ഡികയിൽ ആവശ്യപ്പെടുന്ന മെഡിക്കൽ ഫിറ്റ്നസ് സംബന്ധമായ എല്ലാ വിവരങ്ങളും (4 ബി ഒഴികെ) അടങ്ങുന്ന നിശ്ചിത മാതൃകയിലുള്ള ഒരു മെഡിക്കൽ സർട്ടിഫിക്കറ്റ് (അസ്സൽ) അസിസ്റ്റന്റ് സർജന്റെ റാങ്കിൽ കുറയാത്ത ഒരു മെഡിക്കൽ ഓഫീസറിൽ നിന്ന് വാങ്ങി ഹാജരാക്കേണ്ടതാണ്. കൂടാതെ കാഴ്ചശക്തി സംബന്ധിച്ച മെഡിക്കൽ സർട്ടിഫിക്കറ്റ് ഗവൺമെന്റ് സർവ്വീസിലുള്ള ഒഫ്താൽമോളജിസ്റ്റിൽ നിന്ന് വാങ്ങി ഹാജരാക്കേണ്ടതാണ്.

മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ മാതൃക ഈ വിജ്ഞാപനത്തോടൊപ്പം ചുവടെ ചേർത്തിട്ടുണ്ട്.

2) ഉദ്യോഗാർത്ഥികൾ അപേക്ഷയുടെ ബന്ധപ്പെട്ട കോളത്തിൽ (യോഗ്യതകൾ) ഡ്രൈവിംഗ് ലൈസൻസ്, ഡ്രൈവിംഗിലുള്ള പരിചയം തുടങ്ങിയവ സംബന്ധിച്ച പൂർണ്ണവിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്.

3) ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർ ഈ ഉദ്യോഗത്തിന് അപേക്ഷിക്കുവാൻ അർഹരല്ല.

4) തെരഞ്ഞെടുപ്പിന്റെ എല്ലാ ഘട്ടങ്ങളിലും അതായത് അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി, OMR Test, പ്രായോഗിക പരീക്ഷ, ഇന്റർവ്യൂ തുടങ്ങി എല്ലാ ഘട്ടങ്ങളിലും ഉദ്യോഗാർത്ഥികൾക്ക് സാധുവായ ഡ്രൈവിംഗ് ലൈസൻസും ബാഡ്ജും ഉണ്ടായിരിക്കണം.

5) ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും ഉദ്യോഗാർത്ഥികളെ ആസ്ഥാന ഒഴിവുകളിലേക്കും ഊഴം അനുസരിച്ച് നിയമന ശിപാർശ ചെയ്യുന്നതാണ്.

പ്രൊബേഷൻ : ഈ തസ്തികയിൽ നിയമിക്കപ്പെടുമ്പോൾ ജോലിയിൽ പ്രവേശിച്ച തീയതി മുതൽ തുടർച്ചയായ മൂന്നുവർഷക്കാലയളവിനുള്ളിൽ ഡ്യൂട്ടിയിലുള്ള രണ്ടു വർഷക്കാലം പ്രൊബേഷനിലായിരിക്കുന്നതാണ്.

**ഫിസിക്കൽ ഫിറ്റ്നസ്, കാഴ്ചശക്തി എന്നിവ തെളിയിക്കുന്നതിനുള്ള മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം (www.keralapsc.gov.in) കാണുക.**

## കാറ്റഗറി നമ്പർ 155/2016 –156/2016
## ഡ്രൈവർകം ഓഫീസ് അറ്റൻഡന്റ് (LDV)
## വിവിധം
## ഒന്നാം എൻ.സി.എ. വിജ്ഞാപനം

| | |
|---|---|
| **1. വകുപ്പ്** | : വിവിധം |
| **2. ഉദ്യോഗപ്പേര്** | : ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ് (LDV) |
| **3. ശമ്പളം** | : ₹ 9190–15780/– |
| **4. ഒഴിവുകളുടെ എണ്ണം** | : ജില്ലാടിസ്ഥാനത്തിൽ (ജാതിയടിസ്ഥാനത്തിൽ) |

| കാറ്റഗറി നം. | ജില്ല | സമുദായം | ഒഴിവുകളുടെ എണ്ണം |
|---|---|---|---|
| 155/2016 | പത്തനംതിട്ട | വിശ്വകർമ്മ | 01 (ഒന്ന്) |
| 156/2016 | പത്തനംതിട്ട | പട്ടികവർഗ്ഗം | 01 (ഒന്ന്) |

(iii) ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയ്ക്ക് താഴെപ്പറയുന്ന തീയതിയിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ മേൽപ്പറഞ്ഞ സമുദായത്തിനുവേണ്ടി നീക്കിവച്ചിട്ടുള്ള ഒഴിവുകളിലേയ്ക്കും ആ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ഉണ്ടാകുന്ന/ഉണ്ടാകാവുന്ന ഒഴിവുകളിലേയ്ക്കും ഉദ്യോഗാർത്ഥികളെ നിയമനശിപാർശ ചെയ്ത് നിയമനം നടത്തുന്നതുവരെ നിലവിലിരിക്കുന്നതാണ്.

| ജില്ലയുടെ പേര് | റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടു | കാറ്റഗറി |
|---|---|---|

## അസാധാരണ ഗസറ്റ് തീയതി: 14 – 06 – 2016 അവസാന തീയതി: 20 – 07 – 2016 രാത്രി 12 മണി വരെ

| | ത്തിയ തീയതി | നമ്പർ |
|---|---|---|
| പത്തനംതിട്ട | 31.12.2010 | 32/07 |

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം. (മുകളിൽ കാണിച്ചിട്ടുള്ള സംവരണ സമുദായങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം)

**6. പ്രായം** : 1) 18–42. വിശ്വകർമ്മ ഉദ്യോഗാർത്ഥികൾ 02.01.1974നും 01.01.1998നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ).
(പൊതു വിവസ്ഥകളിലെ ഖണ്ഡിക 2 (i) ലെ ഇളവുകളടക്കം)
2) 18–44. പട്ടിക വർഗ്ഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾ 02.01.1972 നും 01.01.1998നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ).
(പൊതു വിവസ്ഥകളിലെ ഖണ്ഡിക 2 (i) ലെ ഇളവുകളടക്കം)
**കുറിപ്പ്:** യാതൊരു കാരണവശാലും ഉയർന്ന പ്രായപ്രിധി 50 (അൻപത്) കവിയാൻ പടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി വയസ്സിളവിനെ സംബന്ധിച്ച മറ്റ് വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ അനുബന്ധം രണ്ടാം ഖണ്ഡിക (2(1) ഒഴികെ) നോക്കുക.

**7. യോഗ്യതകൾ** i) ഏഴാം സ്റ്റാൻഡേർഡോ മൂന്നാം ഫോറമോ പാസ്സായിരിക്കണം.
ii) ഡ്രൈവേഴ്സ് ബാഡ്ജും ലൈറ്റ് ഡ്യൂട്ടി വാഹനങ്ങൾ ഓടിക്കുന്നതിന് അനുവദിച്ചു കൊണ്ടുള്ളതും ചുരുങ്ങിയത് 3 (മൂന്നു) വർഷമായി പ്രാബല്യത്തിലുള്ളതുമായ നിലവിലുള്ള സാധുവായ ഡ്രൈവിംഗ് ലൈസൻസും ഉണ്ടായിരിക്കണം.
iii) ലൈറ്റ് മോട്ടോർ വാഹനങ്ങൾ ഓടിക്കാനുള്ള കഴിവ് (ഇത് പി.എസ്.സി നടത്തുന്ന പ്രായോഗിക പരീക്ഷയിലൂടെ (H Test അടക്കം) തെളിയിക്കേണ്ടതാണ്). ഗ്രൗണ്ട് ടെസ്റ്റിൽ (H Test) വിജയിക്കുന്നവരെ മാത്രമേ റോഡ് ടെസ്റ്റിൽ പങ്കെടുപ്പിക്കുകയുള്ളു.
Note:- KS & SSR Part II Rule 10 (a) ii ബാധകമാണ്.
iv) ശാരീരിക യോഗ്യതകൾ :
(എ) ചെവി : പൂർണ്ണമായ ശ്രവണശേഷി ഉണ്ടായിരിക്കണം.
(ബി) കണ്ണ് :

| | വലത് | ഇടത് |
|---|---|---|
| ദൂരകാഴ്ച | : 6/6 സ്നെല്ലൻ | 6/6 സ്നെല്ലൻ |
| സമീപ കഴ്ച | : 0.5 സ്നെല്ലൻ | 0.5 സ്നെല്ലൻ |

കളർ വിഷൻ : സാധരണമായിരിക്കണം
മാലക്കണ്ണ് : ഇല്ലാതിരിക്കണം
(സി) പേശികളും സന്ധികളും : തളർവാതം ഉണ്ടായിരിക്കരുത്. എല്ലാ സന്ധികളും ആയാസരഹിതമായി ചലിപ്പിക്കാവുന്നവയായിരിക്കണം.
(ഡി) ഞരമ്പുഘടന : പൂർണ്ണമായും സാധരണ രീതിയിലുള്ളതായിരിക്കണം. പകർച്ചവ്യാധികൾ യാതൊന്നും ഉണ്ടായിരിക്കരുത്.
**കുറിപ്പ്:** (i) പ്രായോഗിക പരീക്ഷയ്ക്ക് ക്ഷണിക്കുമ്പോൾ മുകളിൽ 7(iv)–ാം ഖണ്ഡികയിൽ ആവശ്യപ്പെടുന്ന മെഡിക്കൽ ഫിറ്റ്നസ് സംബന്ധമായ എല്ലാ വിവരങ്ങളും (iv ബി ഒഴികെ) അടങ്ങുന്ന നിശ്ചിത മാതൃകയിലുള്ള ഒരു മെഡിക്കൽ സർട്ടിഫിക്കറ്റ് (അസ്സൽ) അസിസ്റ്റന്റ് സർജന്റെ റാങ്കിൽ കുറയാത്ത ഒരു മെഡിക്കൽ ഓഫീസറിൽ നിന്ന് വാങ്ങി ഹാജരാക്കേണ്ടതാണ്. കൂടാതെ കാഴ്ചശക്തി സംബന്ധിച്ച മെഡിക്കൽ സർട്ടിഫിക്കറ്റ് ഗവൺമെന്റ് സർവ്വീസിലുള്ള ഒഫ്താൽമോളജിസ്റ്റിൽ നിന്ന് വാങ്ങി ഹാജരാക്കേണ്ടതാണ്. മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ മാതൃക ഈ വിജ്ഞാപനത്തോടപ്പം ചുവടെ ചേർത്തിട്ടുണ്ട്.
(ii) ഉദ്യോഗാർത്ഥികൾ അപേക്ഷയുടെ കോളത്തിൽ (യോഗ്യതകൾ) ഡ്രൈവിംഗ് ലൈസൻസ്, ഡ്രൈവിംഗിലുള്ള പരിചയം തുടങ്ങിയവ സംബന്ധിച്ച പൂർണ്ണവിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്.
(iii) ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർ ഈ ഉദ്യോഗത്തിന് അപേക്ഷിക്കുവാൻ അർഹരല്ല.
(iv) തെരഞ്ഞെടുപ്പിന്റെ എല്ലാ ഘട്ടങ്ങളിലും ഉദ്യോഗാർത്ഥികൾക്ക് സാധുവായ ഡ്രൈവിംഗ് ലൈസൻസും ബാഡ്ജും ഉണ്ടായിരിക്കണം. അതായത് അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതിയിലും OMR പരീക്ഷാ തീയതിയിലും പ്രായോഗിക പരീക്ഷ, ഇന്റർവ്യൂ എന്നിവ നടത്തുന്ന തീയതികളിലും.
(v) ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും ഉദ്യോഗാർത്ഥികളെ ആസ്ഥാന ഒഴിവുകളിലേയ്ക്കും ഊഴമനുസരിച്ച് നിയമനശിപാർശ ചെയ്യുന്നതാണ്.
**ഫിസിക്കൽ ഫിറ്റ്നസ്, കാഴ്ചശക്തി എന്നിവ തെളിയിക്കുന്നതിനുള്ള മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം (www.keralapsc.gov.in) കാണുക.**

# ഇൻറർവ്യൂ പ്രോഗ്രാം ജൂലൈ 2016

**കെപിഎസ്സി ആസ്ഥാന ആഫീസ്, പട്ടം, തിരുവനന്തപുരം**

| sl. No | category No | Name of Post & Dept. | Date 2016 July |
|---|---|---|---|
| 1. | 460/13 | Overseer Gr.I/D'man Gr.I - Local Self Government Department | 13,14, 15 |
| 2. | 666/12 | Junior Public Health Nurse Gr.II - Health Services Department/Municipal Common Services | 13,14, 15,20, 21,22 |
| 3. | 244/11 | Lecturer - Medical Education | 20,21,22, 27,28,29 |
| 4. | 253/15 | Junior Public Health Nurse Gr.II (III NCA-M) - Health Services Department * | 27,28 |
| 5. | 548/15 | Mortuary Technician Grade II (SR for ST only) - Kerala Medical Education | 27 |
| 6. | 482/14 483/14 484/14 | Security Guard/Security Guard Gr.II/ Watcher Gr.II (NCA - SC, NCA-ST, NCA-Hindu Nadar) - Various Govt. Owned Companies/ Corporations/Boards | 27 |
| 7. | 139/15 | HSST Mathematics (SR for SC/ST) - Higher Secondary Education | 28 |
| 8. | 741/14 742/14 743/14 | Security Assistant (NCA-SC, LC/AI, M) - Kerala Agro Machinery Corporation Limited | 28 |
| 9. | 189/15 | Medical Officer (Marma) - Indian Systems of Medicine | 29 |
| 10. | 552/14 | Station Officer (Trainee) - Fire & Rescue Services | 29 |
| 11. | 425/15 | Veterinary Surgeon Grade II (SR for ST only) - Animal Husbandry | 29 |
| 12. | 730/14 732/14 142/13 | Caretaker (Female) 1st NCA - SC, OX, 3rd NCA - OBC Social Justice Department | 29 |
| 13. | 245/15 | Port Officer- NCA LC/AI - Port Dept. | 29 |
| 14. | 232/15 | Assistant Engineer (Electrical) Department Quota - Public Works Department | 29 |
| 15. | 341/13 | SCRIBE - Govt Ayurveda Colleges | 29 |

**കെപിഎസ്സി ജില്ലാ ആഫീസ്, കൊല്ലം**

| sl. No | category No | Name of Post & Dept. | Date 2016 July |
|---|---|---|---|
| 1. | 460/13 | Overseer Gr.I/D'man Gr.I - Local Self Government Department | 13,14, 15 |
| 2. | 288/15 | Pharmacist Gr.II (Ayurveda) (NCA - Muslim, SC) - Indian Systems of Medicine/ Insurance Medical Services/Ayurveda Colleges * | 15 |

**കെപിഎസ്സി ജില്ലാ ആഫീസ്, ആലപ്പുഴ**

| sl. No | category No | Name of Post & Dept. | Date 2016 July |
|---|---|---|---|
| 1. | 460/13 | Overseer Gr.I/D'man Gr.I - Local Self Government Department | 13,14,15 20,21,22 |
| 2. | 609/14 | Pharmacist Gr.II (Ayurveda) (NCA-LC/AI) - Indian Systems of Medicine/ Insurance Medical Services/Ayurveda Colleges * | 22 |
| 3. | 371/14 | Nurse Gr.II (Ayurveda) Ist NCA-Muslim - Indian Systems of Medicine | 22 |

**കെപിഎസ്സി ജില്ലാ ആഫീസ്, കോട്ടയം**

| sl. No | category No | Name of Post & Dept. | Date 2016 July |
|---|---|---|---|
| 1. | 460/13 | Overseer Gr.I/D'man Gr.I - Local Self Government Department | 13,14 |
| 2. | 450/13 | Nursery School Teacher (NCA-SC) - Scheduled Caste Development Department | 14 |
| 3. | 770/14 771/14 772/14 | Nurse Gr. II (Homoeo) KTM -NCA SC, KGD- NCA M, KTM - NCA LC - Homoeopathy Department * | 14 |

**കെപിഎസ്സി ജില്ലാ ആഫീസ്, ഇടുക്കി**

| sl. No | category No | Name of Post & Dept. | Date 2016 July |
|---|---|---|---|
| 1. | 666/12 | Junior Public Health Nurse Gr.II - Health Services Department/Municipal Common Services | 13,14,15 |
| 2. | 460/13 | Overseer Gr.I/D'man Gr.I - Local Self Government Department | 20 |
| 3. | 491/14 492/14 493/14 | Laboratory Technician Gr.II (NCA-SIUC N, LC/AI, NCA-Muslim)-Health Services Department | 21 |

**കെപിഎസ്സി ജില്ലാ ആഫീസ്, എറണാകുളം**

| sl. No | category No | Name of Post & Dept. | Date 2016 July |
|---|---|---|---|
| 1. | 080/15 | Food Safety Officer-Food Safety Department | 13,14,15 |
| 2. | 013/14 | Physical Education Teacher (UPS) - Education Department | 15,27 |
| 3. | 460/13 | Overseer Gr.I/D'man Gr.I - Local Self Government Department | 27,28,29 |

**കെപിഎസ്സി ജില്ലാ ആഫീസ്, തൃശ്ശൂർ**

| sl. No | category No | Name of Post & Dept. | Date 2016 July |
|---|---|---|---|
| 1. | 460/13 | Overseer Gr.I/D'man Gr.I - Local Self Government Department | 13,14,15 20,21,22, 27,28,29 |
| 2. | 231/14 | HSA (Hindi) (I NCA - Hindu Nadar) - Education Department | 29 |
| 3. | 277/15 | Staff Nurse (I NCA- Dheevara) - Insurance Medical Services * | 29 |

**കെപിഎസ്സി ജില്ലാ ആഫീസ്, പാലക്കാട്**

| sl. No | category No | Name of Post & Dept. | Date 2016 July |
|---|---|---|---|
| 1. | 460/13 | Overseer Gr.I/D'man Gr.I - Local Self Government Department | 20,21,22, 27 |
| 2. | 013/14 | Physical Education Teacher (UPS) - Education Department | 27,28,29 |
| 3. | 330/15 | HSA (Arabic) (I NCA - Ezhava/Billava/ Thiyya) -Education Department | 29 |
| 4. | 406/14 | Treatment Organizer Gr.II (NCA-SC) - Health Services Department | 29 |
| 5. | 609/14 | Pharmacist Gr.II(Ayurveda)(NCA-LC/AI) - Indian Systems of Medicine/ Insurance Medical Services/Ayurveda Colleges * | 29 |

**കെപിഎസ്സി ജില്ലാ ആഫീസ്, മലപ്പുറം**

| sl. No | category No | Name of Post & Dept. | Date 2016 July |
|---|---|---|---|
| 1. | 460/13 | Overseer Gr.I/D'man Gr.I - Local Self Government Department | 13,14,15 27,28 |
| 2. | 489/14 | Junior Public Health Nurse Gr.II (II NCA-M) - Health Services Department * | 29 |

**കെപിഎസ്സി ജില്ലാ ആഫീസ്, കോഴിക്കോട്**

| sl. No | category No | Name of Post & Dept. | Date 2016 July |
|---|---|---|---|
| 1. | 080/15 | Food Safety Officer-Food Safety Department | 20,21,22, 27 |
| 2. | 460/13 | Overseer Gr.I/D'man Gr.I - Local Self Government Department | 27,28,29 |

**കെപിഎസ്സി ജില്ലാ ആഫീസ്, കണ്ണൂർ**

| sl. No | category No | Name of Post & Dept. | Date 2016 July |
|---|---|---|---|
| 1. | 460/13 | Overseer Gr.I/D'man Gr.I - Local Self Government Department | 13,14,15 20,21 |
| 2. | 604/14 605/14 606/14 | Laboratory Technician Gr.II (NCA- D, HN, LC/AI)- Health Services Department * | 22 |
| 3. | 289/15 | Pharmacist Gr.II (Ayurveda) (NCA - Viswakarma) - Indian Systems of Medicine/Insurance Medical Services/Ayurveda Colleges * | 22 |
| 4 | 370/14 | Nurse Gr.II (Ayurveda) Ist NCA-SC - Indian Systems of Medicine * | 22 |

**** Denotes Examination was conducted Online***

# Test Your GK

**ജൂൺ 1 ലക്കം ബുള്ളറ്റിനിന്റെ അടിസ്ഥാനത്തിൽ പൊതുവിജ്ഞാന നിലവാരം വിലയിരുത്തുന്നതിനുള്ള ഒരു ചോദ്യപേപ്പറാണിത്. ഓരോ ശരിയുത്തരത്തിനും ഒരു മാർക്ക്. തെറ്റിയാൽ 0.33 നെഗറ്റീവ് മാർക്ക്. 48 മാർക്ക് മുതൽ 50 വരെ** Excellent, **43-47** Very Good, **36-42-** Good, **26-35-** Average. **25 മാർക്കിനു താഴെയാണെങ്കിൽ കൂടുതൽ മനസ്സിരുത്തിയും ആവർത്തിച്ചുമുള്ള വായന അനിവാര്യം.**

1. ഹൈദരലിയുടെ ആക്രമണത്തെത്തുടർന്ന് ആത്മഹത്യ ചെയ്ത രാജാവ്:
(എ) കോലത്തിരി (ബി) സാമൂതിരി
(സി) കൊച്ചി രാജാവ് (ഡി) പാലക്കാട് രാജാവ്
2. ഓൾ ഇന്ത്യ കിസാൻ സഭയുടെ ആദ്യ അധ്യക്ഷൻ:
(എ) സ്വാമി ശ്രദ്ധാനന്ദ് (ബി)സ്വാമി ദയാനന്ദ്
(സി) സ്വാമി സഹജാനന്ദ് സരസ്വതി (ഡി) ഇവരാരുമല്ല
3. ലോകത്തിലെ ഒരേയൊരു കോ ഓപ്പറേറ്റീവ് റിപ്പബ്ലിക്:
(എ) സാൻ മാറിനോ (ബി) നൗറു
(സി) ഗയാന (ഡി) ഫിജി
4. ഏത് രാജ്യത്തിൽ നിന്നാണ് ഹെയ്ത്തി സ്വാതന്ത്ര്യം നേടിയത്?
(എ) ബ്രിട്ടൺ (ബി) നെതർലൻഡ്സ്
(സി) പോർച്ചുഗൽ (ഡി) ഫ്രാൻസ്
5. ഫോർട്ട് ഗ്ലോസ്റ്റർ ഏതുമായി ബന്ധപ്പെട്ടാണ് പ്രസിദ്ധമായത്?
(എ) പരുത്തിമിൽ (ബി) കമ്പിളി
(സി) പട്ട് (ഡി) ചണം
6. അപ്പർ ബർമ ഏത് വർഷമാണ് ബ്രിട്ടീഷ് ഇന്ത്യയുടെ ഭാഗമായത്?
(എ) 1852 (ബി) 1862
(സി) 1886 (ഡി) 1937
7. താഴെപ്പറയുന്നവയിൽ ഏത് പ്രക്ഷോഭമാണ് ബംഗാളിൽ നടന്നത്?
(എ) കുക്ക (ബി) സന്താൾ
(സി) തേഭാഗ (ഡി) മുണ്ട
8. ജൈവ മരുഭൂമി എന്നു വിളിക്കപ്പെടുന്ന ഇന്ത്യൻ നദി:
(എ) മഹാനദി (ബി) നർമദ
(സി) തപ്തി (ഡി) ദാമോദർ
9. ഇന്ത്യയുടെ ഏത് ഭാഗത്താണ് നവോത്ഥാനത്തിന് തുടക്കം കുറിച്ചത്?
(എ) വടക്ക് (ബി) കിഴക്ക്
(സി) തെക്ക് (ഡി) പടിഞ്ഞാറ്
10. ഇന്ത്യയിലെ ആദ്യ മെഡിക്കൽ കോളജ് സ്ഥാപിച്ച ഗവർണർ ജനറൽ:
(എ) വാറൻ ഹേസ്റ്റിങ്സ് (ബി) കാനിങ്
(സി) ഹാർഡിഞ്ച് (ഡി) വില്യം ബെന്റിക്
11. കാനുപ്രിയ അഗർവാൾ ഏതു നിലയിലാണ് പ്രസിദ്ധി നേടിയത്?
(എ) സ്പോർട്സ് താരം (ബി) ടെസ്റ്റ് ട്യൂബ് ശിശു
(സി) ബഹിരാകാശ യാത്രിക (ഡി) പർവതാരോഹണം
12. ഇന്ത്യയിലെ ആദ്യത്തെ മൊബൈൽ സേവന ദാതാവ്:
(എ) ബി.എസ്.എൻ.എൽ (ബി) ബി.പി.എൽ
(സി) എസ്കോടെൽ (ഡി) മോദി ടെൽസ്ട്ര
13. ധർമരാജാവിന്റെ കാലത്ത് സാമൂതിരിയെ പരാജയപ്പെടുത്തിയ തിരുവിതാംകൂർ ദളവ:
(എ) രാമയ്യൻ (ബി) താണുപിള്ള
(സി) അയ്യപ്പൻ മാർത്താണ്ഡപിള്ള (ഡി) കേശവപിള്ള
14. 1937 ലെ തിരഞ്ഞെടുപ്പിനെ തുടർന്ന് ബോംബെ സംസ്ഥാനത്ത് മുഖ്യമന്ത്രിയായത്:
(എ) സി.രാജഗോപാലാചാരി (ബി) ബി.ജി.ഖേർ
(സി) ജി.ബി.പന്ത് (ഡി) പ്രഫുല്ല ഘോഷ്
15. പന്നലാൽ ഘോഷുമായി ബന്ധപ്പെട്ട സംഗീതോപകരണം:
(എ) സരോദ് (ബി) ഷെഹനായ്
(സി) തബല (ഡി) ഓടക്കുഴൽ
16. 1755 ൽ കൊച്ചി രാജകുടുംബത്തിന്റെ ആസ്ഥാനം എവിടെയ്ക്കാണ് മാറ്റിയത്?
(എ) തൃപ്പൂണിത്തുറ (ബി) മട്ടാഞ്ചേരി
(സി) കൊടുങ്ങല്ലൂർ (ഡി) കണയന്നൂർ
17. താഴെപ്പറയുന്നവയിൽ എണ്ണ ശുദ്ധീകരണ ശാലയ്ക്ക് പ്രസിദ്ധമായ സ്ഥലം:
(എ) ഹാൽഡിയ (ബി) ആവഡി
(സി) ഡാർജിലിങ് (ഡി) ഝലം
18. ദായഭാഗ രചിച്ചത്:
(എ) ഭവഭൂതി (ബി) മനു
(സി) ജീമൂതവാഹനൻ (ഡി) പതഞ്ജലി
19. കൊൽക്കത്തയെ ഏത് നഗരവുമായി ബന്ധിപ്പിക്കാനാണ് ഗ്രാൻഡ് ട്രങ്ക് റോഡ് നിർമിച്ചത്?
(എ) ലാഹോർ (ബി) കാന്തഹാർ
(സി) കറാച്ചി (ഡി) പെഷവാർ
20. ഏത് നദിക്ക് കുറുകെയാണ് രവീന്ദ്ര സേതു?
(എ) ദാമോദർ (ബി) മഹാനദി
(സി) ബ്രഹ്മപുത്ര (ഡി) ഹൂഗ്ലി
21. ഏറ്റവും വിസ്താരത്തിൽ വളരുന്ന വൃക്ഷം:
(എ) പ്ലാവ് (ബി) ആൽ
(സി) തേക്ക് (ഡി) മഹാഗണി
22. യുവഭാരതി സ്റ്റേഡിയം ഏത് കായിക വിനോദത്തിനാണ് പ്രസിദ്ധം?
(എ) ഫുട്ബോൾ (ബി) ക്രിക്കറ്റ്
(സി) ഹോക്കി (ഡി) പോളോ
23. ശിവസമുദ്രം പദ്ധതി ഏത് സംസ്ഥാനത്താണ്?
(എ) മഹാരാഷ്ട്ര (ബി) പശ്ചിമബംഗാൾ
(സി) കർണാടകം (ഡി) ആന്ധ്രപ്രദേശ്
24. ബംഗാൾ സ്വദേശി സ്റ്റോഴ്സിന്റെ സ്ഥാപകൻ
(എ) സുരേന്ദ്രനാഥ് ബാനർജി
(ബി) അശുതോഷ് മുഖർജി
(സി) പി.സി.റേ (ഡി) സത്യജിത് റേ
25. അലഹബാദ് ബാങ്കിന്റെ ആസ്ഥാനം:
(എ) കൊൽക്കത്ത (ബി) ലക്നൗ
(സി) കാൺപൂർ (ഡി) അലഹബാദ്
26. ബേലൂർ മഠം ഏത് സംഘടനയുമായി ബന്ധപ്പെട്ടിരിക്കുന്നു?
(എ) ബ്രഹ്മവിദ്യാസംഘം (ബി) ബ്രഹ്മസമാജം
(സി) ബ്രഹ്മസഭ (ഡി) രാമകൃഷ്ണമിഷൻ
27. ആരുടെ ജന്മഗൃഹമാണ് ജൊറാസാങ്കോ ഭവനം?
(എ) സുഭാഷ്ചന്ദ്രബോസ് (ബി) രബീന്ദ്രനാഥ് ടാഗോർ
(സി) അമർത്യസെൻ (ഡി) മദർതെരേസ
28. ഇന്ത്യയിൽ ഏറ്റവും ഉയരത്തിലുള്ള റെയിൽവേ സ്റ്റേഷൻ:
(എ) ഊട്ടി (ബി) ഡാർജിലിങ്
(സി) ഘും (ഡി) ബാനിഹാൾ
29. ഇന്ത്യയിലെ ആദ്യത്തെ ഭാഷാ പത്രം:
(എ) ബംഗാൾ ഗസറ്റ് (ബി) രാജ്യസമാചാരം
(സി) സമാചാർ ദർപ്പൺ (ഡി) സുലഭ് സമാചാർ
30. ദിബ്യേന്ദു ബറുവ ഏത് സ്പോർട്സുമായി ബന്ധപ്പെട്ടിരിക്കുന്നു?
(എ) ഫുട്ബോൾ (ബി) ചെസ്
(സി) ക്രിക്കറ്റ് (ഡി) ടെന്നീസ്
31. ഒന്നാം ലോകസഭയിലേക്ക് സ്വതന്ത്രനായി തിരഞ്ഞെടുക്കപ്പെട്ട ശാസ്ത്രജ്ഞൻ:
(എ) സി.വി.രാമൻ (ബി) പി.സി.റേ
(സി) മേഘനാഥ് സാഹ (ഡി) ഹോമി ഭാഭ
32. ഗോൾഡൻ ഫൈബർ ഓഫ് ഇന്ത്യ എന്നറിയപ്പെടുന്നത്:
(എ) ചണം (ബി) പരുത്തി
(സി) നൈലോൺ (ഡി) റയോൺ
33. ഇന്ത്യൻ മൗണ്ടനീയറിങ് ഫെഡറേഷന്റെ ആസ്ഥാനം :
(എ) ന്യൂഡൽഹി (ബി) ഗാംഗ്ടോക്ക്
(സി) കൊൽക്കത്ത (ഡി) ഡാർജിലിങ്
34. ഏത് കാർ നിർമിക്കുന്ന ഫാക്ടറിയാണ് ഉത്തർപാറയിൽ സ്ഥാപിച്ചിരുന്നത്?
(എ) മാരുതി (ബി) ഇൻഡിക്ക
(സി) നാനോ (ഡി) അംബാസഡർ
35. ഏത് വർഷമാണ് ഇന്ത്യയിൽ കമ്യൂണിസ്റ്റ് പാർട്ടിയെ നിയമവിധേയമായ പ്രസ്ഥാനമായി അംഗീകരിച്ചത്?
(എ) 1939 (ബി) 1940
(സി) 1941 (ഡി) 1942
36. ഇന്ത്യയിൽ ഫെഡറൽ സംവിധാനം നടപ്പാക്കുക എന്ന ലക്ഷ്യത്തോടെ ബ്രിട്ടീഷ് പാർലമെന്റ് പാസാക്കിയ നിയമമേത്?
(എ) 1919 ലെ ഗവ. ഓഫ് ഇന്ത്യ നിയമം
(ബി) 1909 ലെ ഇന്ത്യൻ കൗൺസിൽ നിയമം
(സി) 1935 ലെ ഗവ. ഓഫ് ഇന്ത്യ നിയമം
(ഡി) ഇവയൊന്നുമല്ല
37. 1937 ലെ തിരഞ്ഞെടുപ്പിനെത്തുടർന്ന് എത്ര സംസ്ഥാനങ്ങളിലാണ് കോൺഗ്രസ് ഭൂരിപക്ഷ സർക്കാരുകൾ അധികാരത്തിൽ വന്നത്?
(എ) 8 (ബി) 9
(സി) 10 (ഡി) 11
38. ഹിസ്പാനിയോള ദ്വീപ് കടലിലാണ്?
(എ) കരീബിയൻ (ബി) മെഡിറ്ററേനിയൻ
(സി) ചെങ്കടൽ (ഡി) ചാവുകടൽ
39. സാൻ മാറിനോ എന്ന രാജ്യം ഏത് വൻകരയിലാണ്?
(എ) ഏഷ്യ (ബി) യൂറോപ്പ്
(സി) ആഫ്രിക്ക (ഡി) തെക്കേ അമേരിക്ക
40. ഏത് വർഷമാണ് ഏഡനെ ബ്രിട്ടീഷ് ഇന്ത്യയിൽ നിന്ന് വേർപെടുത്തിയത്?
(എ) 1937 (ബി) 1938
(സി) 1939 (ഡി) 1940
41. ഏത് രാജ്യത്തുനിന്നുള്ള അഭയാർത്ഥികളാണ് റോഹിങ്യകൾ?
(എ) ബംഗ്ലാദേശ് (ബി) മ്യാൻമാർ
(സി) ഭൂട്ടാൻ (ഡി) നേപ്പാൾ
42. ബംഗാളിൽ ഉപ്പുസത്യാഗ്രഹ ജാഥയുടെ ലക്ഷ്യമായിരുന്നത്?
(എ) കൊൽക്കത്ത (ബി) സിൽഹറ്റ്
(സി) നവഖാലി (ഡി) മുർഷിദാബാദ്
43. ഗംഗയുടെ പ്രധാന കൈവഴി:
(എ) ദാമോദർ (ബി) മയൂരാക്ഷി
(സി) കോസി (ഡി) ഹൂഗ്ലി
44. ഇന്ത്യയിൽ ആദ്യമായി ജനറൽ പോസ്റ്റോഫീസ് സ്ഥാപിച്ച ഗവർണർ ജനറൽ:
(എ) കാനിങ്ങ് പ്രഭു (ബി) വില്യം ബെന്റിക്
(സി) വാറൻ ഹേസ്റ്റിങ്സ് (ഡി) ഡൽഹൗസി
45. സ്വാതന്ത്ര്യ ലബ്ധിയുടെ സമയത്തെ ഏറ്റവും വലിയ ഇന്ത്യൻ പ്രവിശ്യ:
(എ) യുണൈറ്റഡ് പ്രൊവിൻസ് (ബി) പഞ്ചാബ്
(സി) മദ്രാസ് (ഡി) ബംഗാൾ
46. ഏത് ഭാഷയിലെ സിനിമാ സംവിധായകനാണ് തപൻ സിൻഹ?
(എ) മറാത്തി (ബി) ആസാമീസ്
(സി) ബംഗാളി (ഡി) ഗുജറാത്തി
47. ഇന്ത്യയിലെ ആദ്യത്തെ വനിതാ കോടതി സ്ഥാപിക്കപ്പെട്ടതെവിടെ?
(എ) അൻഡൽ (ബി) കൊന്നഗർ
(സി) നാദിയ (ഡി) മാൽഡ
48. കുൾട്ടി ഏതിനാണ് പ്രസിദ്ധി നേടിയത്?
(എ) താപനിലയം (ബി) സ്റ്റീൽപ്ലാന്റ്
(സി) കോട്ടൺ മിൽ (ഡി) പട്ടുനിർമാണശാല
49. ഇന്ത്യൻ സയൻസ് കോൺഗ്രസിന്റെ ആദ്യ സമ്മേളനം നടന്ന വർഷം:
(എ) 1885 (ബി) 1884
(സി) 1904 (ഡി) 1914
50. ഏത് സംസ്ഥാനത്താണ് ഓഖ തുറമുഖം?
(എ) പശ്ചിമ ബംഗാൾ (ബി) മഹാരാഷ്ട്ര
(സി) കർണാടകം (ഡി) ഗുജറാത്ത്

## Answers

1(b) 2(c) 3(c) 4(d) 5(a) 6(c) 7(c) 8(d) 9(b) 10(d) 11(b) 12(d) 13(c) 14(b) 15(d) 16(a) 17(a) 18(c) 19(d) 20(d) 21(b) 22(a) 23(c) 24(c) 25(a) 26(d) 27(b) 28(c) 29(c) 30(b) 31(c) 32(a) 33(a) 34(d) 35(d) 36(c) 37(a) 38(a) 39(b) 40(a) 41(b) 42(c) 43(d) 44(c) 45(d) 46(c) 47(d) 48(b) 49(d) 50(d)

**ജൂൺ 1 ലക്കം**

**ശരിയുത്തരം : (കേരളം ചോദ്യം 104,109, 126).**

104 ഒന്നാം കേരള നിയമസഭ നിലവിൽവന്ന തീയതി 1957 ഏപ്രിൽ 1

109 ഇന്ത്യൻ സംസ്ഥാനങ്ങളിൽവെച്ച് ജനസംഖ്യയിൽ കേരളത്തിന്റെ സ്ഥാനം: 13

126 ഇന്ത്യൻ സംസ്ഥാനങ്ങളിൽ വിസ്തീർണാടിസ്ഥാനത്തിൽ കേരളത്തിന്റെ സ്ഥാനം: 22

240 കയർബോർഡിന്റെ ആസ്ഥാനം: കൊച്ചി

292 കേരളത്തിലെ ആദ്യത്തെ പോസ്റ്റോഫീസ് സ്ഥാപിച്ച വർഷം – 1857

**ശരിയുത്തരം അയച്ചത്: പിഞ്ചു, ആലുവ. വിഷ്ണു, കായംകുളം. സജിനി, വയനാട്.**

# Test of Arithmetic and Mental Ability

## 1

1. A man sold an article at a loss of 20%. Had he sold it for Rs.50 more, he would have gained 5%. The cost price of the article was:
   (a) Rs.250 (b) Rs.300
   (c) Rs.150 (d) Rs.200
2. Teacher: School:: Clerk: ?
   (a) File (b) Office
   (c) Officer (d) Draft
3. A square with perimeter 9m is divided into 9 equal parts. What is the perimeter of one part?
   (a) 8 (b) 10
   (c) 11 (d) 12
4. Find the wrong number in the series: 7,28,63,124,215,342,511
   (a)7l (b) 124
   (c) 28 (d)215
5. 2% of 3% of a number is 18. What is the number?
   (a) 40000 (b) 50000
   (c) 60000 (d) 30000
6. Arrange the following words in meaningful sequence: 1.Site 2.Plan 3.Rent 4.Money 5.Building
   (a) 3,4,2,5,1 (b) 4,1,2,5,3
   (c) 2,3,5,1,4 (d)1,2,3,5,4
7. A dealer marks Rs.160 on article. He allows a discount of 15%. Moreover he gives a gift of Rs.10. Still he makes a profit of 40%. If so what is the cost price?
   (a) 100 (b) 90
   (c) 80 (d) 110
8. If February 1 ,1996 is Wednesday, What day is March 3, 1996?
   (a) Saturday (b) Monday
   (c) Sunday (d) Friday
9. The average marks of a student for five subjects is 45. When the marks of the sixth subject was added to it, the average became 46. What is the marks for the sixth subject?
   (a) 46 (b) 51
   (c) 1 (d) 39
10. Select the number which does not belong to the given series: 2,8,3,27,4,64,5,225
   (a) 27 (b) 8
   (c) 225 (d) 64
11. Two tap can fill a tank in 16 minutes and 24 minutes respectively. If they opened together, in how much time, the tank get filled?
   (a) 9.6 minutes (b) 10 minutes
   (c) 12 minutes (d) 20 minutes
12. Capital: Interest:: Share:?
   (a) Profit (b) Loss
   (c) Dividend (d) Discount
13. ¼ of ¼ of a number is 3. Then the number is:
   (a) 4 (b) 12
   (c) 16 (d) 48
14. Backwater: Boat:: Ocean:?
   (a) Ship (b) Wave
   (c) Fish (d) Salt
15. In a class of 20 students the average age is 10. When the teacher is also considered the average increased by 2. If so what is the age of the teacher?
   (a) 52 (b) 42
   (c) 40 (d) 50
16. IMAGINE' is coded as '1234567'. How the word 'GEMINI' is written?
   (a) 234561 (b) 347231
   (c) 472565 (d) 467656
17. The ratio of the quantities of sugar in which sugar costing Rs.20 per kg and Rs.15 per kg should be mixed so that there will be neither loss nor gain on selling the mixed sugar at the rate of Rs.16 per kg:
   (a) 2:1 (b) 1:2
   (c) 4:1 (d) 1:4
18. Which word could not be formed from 'HARMONISE'?
   (a) Noise (b) Roam
   (c) Sermon (d) Mourn
19. An article sold at a discount of 20% and an additional discount of 30% is allowed on cash payment. If Vidya purchased the article by paying Rs.2240 in cash, the marked price of the article was:
   (a) 4000 (b) 4368
   (c) 4400 (d) 4480
20. 5=52,6=63,7=94. Therefore 8=?
   (a) 47 (b) 64
   (c) 46 (d) 48
21. The sum of four consecutive integers is 182. Find the biggest among them?
   (a) 46 (b) 47
   (c) 48 (d) 49
22. Showing a woman Kesavan said, "She is the only daughter of the son of my grand father". Then what is the relation of Kesavan with that woman?
   (a) Father (b) Brother
   (c) Uncle (d) Sister
23. What is the compound interest on the principal of Rs.30000 at the rate of 8% per annum for a period of 2 years?
   (a) Rs.4800 (b) Rs.4992
   (c) Rs.5022 (d) Rs.4988
24. Uncle:Aunt :: Father:?
   (a) Mother (b)Daughter
   (c) Sister (d) Brother
25. The sum four consecutive numbers is 50. The largest of these numbers is:
   (a) 14 (b) 24
   (c) 21 (d) 11

### Answers

1 (d) 2(b) 3 (d) 4 (c) 5(d) 6(b) 7(b) 8(a) 9(b) 10(c) 11(a) 12(c) 13(d) 14(a) 15(a) 16(c) 17(d) 18(d) 19(a) 20(c) 21(b) 22(b) 23(b) 24(a) 25(a)

## 2

1. Book: Read:: Piano:?
   (a) Music (b) Play
   (c) Sing (d) Song
2. Arun,Sanju and Manu divide an amount of Rs.4200 amongst themselves in the ratio of 7:8:6 respectively. If an amount of Rs.200 is added to each of their shares what will be the new respective ratio of their shares of amount?
   (a) 8:9:6 (b) 7:9:5
   (c) 7:8:6 (d) 8:9:7
3. If smell means taste, taste means hear, hear means see and see means smell then what is ears used for?
   (a) smell (b)hear
   (c) taste (d) see
4. 35% of a number is 140. Then the number is:
   (a) 400 (b) 420
   (c) 350 (d) 1400
5. Mini tore out several pages from a book. The number of the first page he tore out is 385. It is known that the number of last page which she tore out is with the same digits in some other order. How many pages did she remove from the book?
   (a) 154 (b) 253
   (c) 469 (d) 451
6. The average of 30 numbers is 12. The average of first 20 of them is 11 and that of the next 9 numbers is 10. The last number is:
   (a) 60 (b) 45
   (c) 40 (d) 50
7. If September 14 is Friday, how many Saturdays and Sundays will that month have?
   (a) 4,4 (b) 5,4
   (c) 4,5 (d) 5,5
8. A train 100 m long running at 54kmph takes 20 seconds to pass a bridge. The length of the bridge is:
   (a) 50m (b) 150m
   (c) 200 m (d) 620 m
9. In a group of six persons F is richer than E but not as rich as A. B is richer than C and D but not as rich as A. E is richer than D. E and C are equally rich. Who is the poorest among them?
   (a) Data inadequate (b) C
   (c) E (d) D
10. A shopkeeper earns a profit of 12% on selling a book at 10% discount on the printed price. The ratio of the cost price and printed price of the book is:
   (a) 99:125 (b) 25:37
   (c) 50:61 (d) 45:61
11. If FINANCE is coded as GKQESIL then BANK is coded as:
   (a) CCQO (b) CCPN
   (c) CBOL (d) CDRP
12. The average of 8 numbers taken together is 12. Two of these numbers are 0 and the remaining numbers are equal. What is the value of non-zero number?
   (a) 16 (b) 12
   (c) 6 (d) 18
13. In one set there is one word which is different from the other. Find it out.
   (a) Wheat,Rice,Barley,Maize
   (b) Sunday, Wednesday,Friday,Saturday
   (c) Venus,Mars,Earth,Jupiter
   (d) Maharashtra,Karnataka,Kanpur,Goa
14. The difference between 42% of a number and 28% of the same number is 210. What is the 59% of the number?
   (a) 630 (b) 885
   (c) 420 (d)900
15. Five girls standing in the bus stop in a row facing south. Ambily is standing to the right of Divya. Anju is between Divya and Mary. Bindu is standing extreme right. Who is standing exactly in the middle?
   (a) Anju (b) Divya
   (c) Mary (d) Ambily
16. John buys a rectangular plot for constructing a house. Rajesh buys an adjacent rectangular plot with double the width and length of the plot of John. What is the percentage of increase is there in the area of the plot of Rajesh than that of John?
   (a) 250 (b) 200
   (c) 300 (d) 400
17. If independence day falls on Saturday and Thiruvonam is on 9th September, Which day is Thiruvonam?
   (a) Thursday (b) Monday
   (c) Friday (d) Wednesday
18. The number added to 0.01 to get 1.1 is:
   (a) 1.11 (b) 1.09
   (c) 1 (d) 0.10
19. Bindu is older than Manju, but not as old as Devu. Indu is younger than Bindu but older than Lekshmi. Who is the oldest?
   (a) Devu (b) Manju
   (c) Bindu (d) Indu
20. Two types of rice at Rs. 11 per kg and Rs.12 per kg are mixed together in the ratio 1:3. What is the price of the mixture?
   (a) 11.50 (b) 11.60
   (c)11.80 (d) 11.75
21. In a clock the numbers 1 to 12 are replaced by alphabet starting from K. Then which option will indicate the time 6 o' clock?
   (a) Q-V (b) P-T
   (c) O-U (d) P-V
22. What is the area of the largest square which can be included in a rectangle having length 16cm and width 9cm?
   (a) 81 sqcm (b) 144 sqcm
   (c) 25 sqcm (d) 49 sqcm
23. The largest fraction among the following:
   (a) 4/5 (b) 8/9
   (c) 2/3 (d) 6/8
24. When a vendor sells 60 articles he get the profit of selling price of 15 articles. What is the percentage of profit he takes?
   (a) 15% (b) 33.33%
   (c)40% (d) None of these
25. Which is different from others?
   (a) Student and School
   (b) Book and Library
   (c) Yield and Crop
   (d) Canteen and Garden

### Answers

1 (b) 2(d) 3 (c) 4 (a) 5(a) 6(d) 7(d) 8(c) 9(d) 10(d) 11(a) 12(a) 13(d) 14(b) 15(b) 16(c) 17(d) 18(b) 19(a) 20(d) 21(d) 22(a) 23(b) 24(b) 25(d)

# കേന്ദ്രഭരണ പ്രദേശങ്ങൾ 1



**ദേശീയ തലസ്ഥാന പ്രദേശമായ ഡൽഹി ഉൾപ്പെടെ ഇന്ത്യയിൽ ഏഴ് കേന്ദ്ര ഭരണപ്രദേശങ്ങളാണുള്ളത്. ലക്ഷദ്വീപിലും പുതുച്ചേരിയുടെ ഭാഗമായ മാഹിയിലും മലയാള ഭാഷ ഉപയോഗിക്കുന്നു. ഇന്ത്യൻ യൂണിയനിലെ മൂന്നു ഭരണഘടകങ്ങളുടെ ആസ്ഥാനമായ ഏക നഗരമാണ് ചണ്ഡിഗഢ്. ഇന്ത്യയിൽ ജനങ്ങൾ നേരിട്ട് ഭരണം നടത്തിയ ഏക പ്രദേശം ദദ്ര നഗർ ഹവേലിയാണ്. ഇപ്രകാരം ഭൂമിശാസ്ത്രപരവും സാംസ്കാരികവും ചരിത്രപരവുമായ നിരവധി സവിശേഷതകൾ ഈ ഭരണഘടകങ്ങളെ മത്സരപ്പരീക്ഷകളിൽ സജീവ സാന്നിധ്യമാക്കുന്നു. അവയെല്ലാം വിശദമായി പഠിക്കാം.**

**ആർ.സി.സുരേഷ്കുമാർ** rcsk1234@gmail.com

## ആന്തമാൻ നിക്കോബാർ

### പ്രത്യേകതകൾ

* ഇന്ത്യയിലെ ഏറ്റവും വിസ്തീർണം കൂടിയ കേന്ദ്ര ഭരണ പ്രദേശം
* ഏറ്റവും ജനസാന്ദ്രത കുറഞ്ഞ കേന്ദ്ര ഭരണ പ്രദേശം
* ഇന്ത്യയിൽ ഏറ്റവും കൂടുതൽ ദേശീയോദ്യാനങ്ങളും വന്യജീവി സങ്കേതങ്ങളും ഉള്ള കേന്ദ്ര ഭരണ പ്രദേശം
* ഏറ്റവും കൂടുതൽ വിസ്തീർണത്തിൽ വനപ്രദേശമുള്ള കേന്ദ്ര ഭരണപ്രദേശം
* ശതമാനാടിസ്ഥാനത്തിൽ ഏറ്റവും കൂടുതൽ വനപ്രദേശമുള്ള കേന്ദ്ര ഭരണപ്രദേശം
* ഏറ്റവും തെക്കേയറ്റത്തെ ലോക്സഭാ മണ്ഡലം.

### ആദ്യത്തേത്

* ഇന്ത്യയിൽ ആദ്യമായി സീപ്ലെയിൻ ആരംഭിച്ചത് ആൻഡമാൻ നിക്കോബാറിലാണ്.

### സൂപ്പർലേറ്റീവുകൾ

* ഇന്ത്യൻ യൂണിയന്റെ ഭാഗമായ ഏറ്റവും വലിയ ദ്വീപ്- **നോർത്ത് ആൻഡമാൻ**
* നിക്കോബാർ ഗ്രൂപ്പിലെ ഏറ്റവും വലിയ ദ്വീപ്- **ഗ്രേറ്റ് നിക്കോബാർ**
* ഇന്ത്യൻ യൂണിയന്റെ തെക്കേയറ്റം- **ഇന്ദിരാ പോയിന്റ്** (മുമ്പ് പാഴ്സൺസ് പോയിന്റ്, പിഗ്മാലിയൻ പോയിന്റ് എന്നീ പേരുകളിൽ അറിയപ്പെട്ടു. ഇന്ദിരാഗാന്ധി സന്ദർശിച്ചതോടെയാണ് ഇന്ദിരാ പോയിന്റ് എന്ന പേര് ലഭിച്ചത്. 6 ഡിഗ്രി 4 മിനിട്ട് അക്ഷാംശമാണ് ഭൂമിശാസ്ത്രപരമായ സ്ഥാനം).
* ഗ്രേറ്റ് നിക്കോബാർ ദ്വീപിലാണ് ഇന്ദിരാ പോയിന്റ്.
* ആന്തമാൻ നിക്കോബാറിലെ ഏറ്റവും ഉയരം കൂടിയ (732 മീറ്റർ) ഭാഗം- **Saddle Peak** (നിക്കോബാർദ്വീപിലെ ഏറ്റവും ഉയർന്ന ഭാഗം ഗ്രേറ്റ് നിക്കോബാർദ്വീപിലെ Mount Thullier (642 മീറ്റർ)ആണ്.
* ആന്തമാൻ നിക്കോബാറിലെ ഏറ്റവും ചെറിയ ദ്വീപാണ് റോസ് ഐലൻഡ്.

### അപരനാമങ്ങൾ/ പഴയ പേരുകൾ

* എമറാൾഡ് ഐലൻഡ്, ബേ ഐലൻഡ് എന്നീ പേരുകളിലും അറിയപ്പെടുന്നത്- **ആന്തമാൻ നിക്കോബാർ**
* ബ്രിട്ടിഷിന്ത്യയിലെ സൈബീരിയ എന്നറിയപ്പെട്ടത് പോർട്ട് ബ്ലെയറിലെ സെല്ലുലാർ ജയിലാണ്.
* ഡാനിഷ് ആധിപത്യകാലത്ത് ആന്തമാൻ നിക്കോബാർ അറിയപ്പെട്ട പേരാണ് ന്യൂ ഡെന്മാർക്ക്. പിന്നീട് ഫ്രെഡറിക്സ് ഐലൻഡ് എന്നും വിളിക്കപ്പെട്ടു.
* നക്കാവരം എന്ന് ഒരു കാലത്ത് നാവികർ വിളിച്ചിരുന്നത് നിക്കോബാറിനെയാണ്. നഗ്നരുടെ നാട് എന്നാണ് അർഥം.

### പ്രധാനപ്പെട്ട വസ്തുതകൾ

* ഏത് കടലിലാണ് ആന്തമാൻ നിക്കോബാർ- **ബംഗാൾ ഉൾക്കടൽ**
* വിസ്തീർണം 7950 ചതുരശ്ര കിലോമീറ്ററാണ്.
* ഗ്രേറ്റ് നിക്കോബാർ ബയോസ്ഫിയർ റിസർവ് സ്ഥിതി ചെയ്യുന്ന കേന്ദ്ര ഭരണ പ്രദേശം- **ആന്തമാൻ നിക്കോബാർ**
* ആന്തമാൻ നിക്കോബാറിന്റെ തലസ്ഥാനമായ പോർട്ട് ബ്ലയർ ഏത് ദ്വീപിലാണ്- **സൗത്ത് ആൻഡമാൻ**
* 1868-ലാണ് ഡെന്മാർക്ക് നിക്കോബാറിനെ ബ്രിട്ടിഷുകാർക്ക് കൈമാറിയത്. 1869-ൽ നിക്കോബാർ ബ്രിട്ടിഷ് ഇന്ത്യയുടെ ഭാഗമായി. 1872-ലാണ് ആന്തമാനും നിക്കോബാറും ഒരു ചീഫ് കമ്മിഷണറുടെ കീഴിലായത്. 1950-ലാണ് ആന്തമാൻ നിക്കോബാർ സ്വതന്ത്ര ഇന്ത്യയുടെഭാഗമായത്. 1956-ൽ കേന്ദ്രഭരണ പ്രദേശമായി.
* മൂന്നു ജില്ലകളാണുള്ളത്-നിക്കോബാർ ഐലൻഡ്സ്, നോർത്ത് ആൻഡ് മിഡിൽ ആന്തമാൻ, സൗത്ത് ആന്തമാൻ.
* ഹിന്ദിയും ഇംഗ്ളിഷുമാണ് ഔദ്യോഗിക ഭാഷകൾ. എന്നാൽ, ഏറ്റവും കൂടുതൽ പേർ സംസാരിക്കുന്നത് ബംഗാളിയാണ്.
* ഏറ്റവും വലിയ മതവിഭാഗം ഹിന്ദുവാണ്. രണ്ടാം സ്ഥാനത്ത് ക്രിസ്തുമതം.



* നിക്കോബാറിന്റെ ആസ്ഥാനം കാർ നിക്കോബാറാണ്.
* ആന്തമാൻ നിക്കോബാറിലെ പ്രധാന ആഹാരം- അരി
* ഡങ്കൻ പാസേജ് ഏതെല്ലാം ദ്വീപുകൾക്കിടയിലാണ്- സൗത്ത് ആൻഡമാൻ- **ലിറ്റിൽ ആൻഡമാൻ**
* മഹാത്മാഗാന്ധി നാഷണൽ പാർക്ക് എവിടെയാണ്- **ആന്തമാൻ നിക്കോബാർ**
* ഏത് ഹൈക്കോടതിയുടെ പരിധിയിലാണ് ആന്തമാൻ നിക്കോബാർ- **കൽക്കട്ട**
* രണ്ടാം ലോകമഹായുദ്ധക്കാലത്ത് ജപ്പാൻ പിടിച്ചെടുത്ത് ഐഎൻഎയ്ക്ക് കൈമാറിയ ആന്തമാൻ നിക്കോബാർ ദ്വീപുകൾക്ക് നേതാജി നൽകിയ പേര്- **ഷഹീദ്, സ്വരാജ് ദ്വീപുകൾ**
* ആന്തമാൻ നിക്കോബാറിന്റെ ഭരണം നിർവഹിക്കുന്നത്- **ലഫ്റ്റനന്റ് ഗവർണർ**
* സൗത്ത് ആന്തമാനെയും ലിറ്റിൽ ആന്തമാനെയും വേർതിരിക്കുന്നത് ഡങ്കൺ പാസേജാണ്.
* ഒങ്കെ വർഗക്കാർ അധിവസിക്കുന്ന പ്രദേശമാണ് ആന്തമാൻ.

### പ്രധാന വ്യക്തികൾ

* ആന്തമാൻ സന്ദർശിക്കവെ കൊല്ലപ്പെട്ട വൈസ്രോയി- **മേയോ പ്രഭു**
* മേയോ പ്രഭുവിനെ കൊലപ്പെടുത്തിയത്- **ഷേർ അലി**

### പ്രധാന സ്ഥലങ്ങൾ

* സെല്ലുലാർ ജയിൽ എവിടെയാണ്- **പോർട്ട് ബ്ലയർ** (കാലാ പാനി എന്ന പേരിൽ കുപ്രസിദ്ധമായിരുന്നത് പീനൽ സെറ്റിൽമെന്റ്)
* വീർ സവാർക്കർ വിമാനത്താവളം എവിടെയാണ്- **പോർട്ട് ബ്ലയർ**
* വൈപ്പർ ഐലൻഡ് , റോസ് ഐലൻഡ് എന്നിവ എവിടെയാണ്- **ആന്തമാൻ നിക്കോബാർ**
* മഹാത്മാ ഗാന്ധി മറൈൻ നാഷണൽ പാർക്ക് ഈ ദ്വീപ സമൂഹത്തിന്റെ ഭാഗമാണ്.

**കുഴപ്പിക്കുന്ന വസ്തുതകൾ**

* ആൻഡമാനേയും നിക്കോബാറിനേയും വേർതിരിക്കുന്നത്- **ടെൻ ഡിഗ്രി ചാനൽ**
* ആന്തമാൻ നിക്കോബാറിനേയും ഇന്തൊനിഷ്യയേയും വേർതിരിക്കുന്നത്- **ഗ്രേറ്റ് ചാനൽ**
* ഇന്ത്യയിലെ ഏക സജീവ അഗ്നി പർവതം- **ബാരൻദ്വീപ്**
* ആന്തമാൻ നിക്കോബാറിലെ ഏക നിർജീവ അഗ്നി പർവതം- **നാർകോണ്ടം**
* ആന്തമാനോട് ഏറ്റവും അടുത്തു സ്ഥിതി ചെയ്യുന്ന രാജ്യം- **മ്യാൻമർ**
* ആന്തമാനോട് അടുത്തു സ്ഥിതിചെയ്യുന്ന മ്യാൻമറിന്റെ ദ്വീപാണ് ലിറ്റിൽ കൊക്കോ.
* നിക്കോബാറിനോട് ഏറ്റവും അടുത്തു സ്ഥിതി ചെയ്യുന്ന രാജ്യം- **ഇന്തോനിഷ്യ**
* കേന്ദ്ര സർക്കാരിന്റെ കണക്കുപ്രകാരം ആന്തമാൻ നിക്കോബാറിൽ 576 ദ്വീപുകളുണ്ട്.
* ആന്തമാൻ ഗ്രൂപ്പിലെ ആൾതാമസമുള്ള ഏറ്റവും ചെറിയ ദ്വീപ് Curlew Island ആണ് (0.03 ചതുരശ്രകിലോമീറ്റർ). ഇത്തരത്തിൽ നിക്കോബാർ ഗ്രൂപ്പിലെ ഏറ്റവും ചെറുത് Pilomillow Island ആണ് (1.3 ചതുരശ്രകിലോമീറ്റർ).
* ഇന്ത്യയിൽ സ്വാതന്ത്ര്യജ്യോതി തെളിയിച്ചിരിക്കുത് ആന്തമാൻ നിക്കോബാർ ദ്വീപുകളിലെ സെല്ലുലാർ ജയിലിലാണ്. അമർ ജ്യോതി ജാലിയൻവാലാ ബാഗിലും അമർ ജവാൻ ജ്യോതി ഡൽഹിയിലെ ഇന്ത്യാ ഗേറ്റിലുമാണ്.

### അപൂർവ വസ്തുതകൾ

* ആന്തമാൻ നിക്കോബാർ ദ്വീപസമൂഹം മ്യാൻമാറിലെ അരക്കൻ യോമ മലനിരകളുടെ തുടർച്ചയാണ്.
* 2013-ൽ യുനെസ്കോയുടെ ബയോറിസർവ് പട്ടികയിൽ ഇടംനേടിയ ഇന്ത്യൻ പ്രദേശമാണ് ഗ്രേറ്റ് നിക്കോബാർ ബയോസ്ഫിയർ ഐലൻഡ് റിസർവ്.
* ഇന്ത്യയിലെ ഏക mud volcano ആണ് Baratang.
* നീഗ്രോയ്ഡ് വംശക്കാർ കാണപ്പെടുന്ന ഇന്ത്യൻ പ്രദേശമാണ് ആന്തമാൻ.
* 2004-ലെ സുനാമി ദുരന്ത സമയത്ത് ആന്തമാൻ നിക്കോബാർ ദ്വീപ സമൂഹങ്ങളിൽ ഇന്ത്യൻ സേന നടത്തിയ രക്ഷാ പ്രവർത്തനമാണ് ഓപ്പറേഷൻ സീ വേവ്സ്.
* ആന്തമാൻ നിക്കോബാറിന്റെ ഔദ്യോഗിക മൃഗം കടൽപ്പശുവാണ്.
* ഇന്ത്യയിലെ ഏക ട്രൈ സർവീസ് ജോഗ്രഫിക്കൽ കമാൻഡ് ആണ് ആന്തമാൻ നിക്കോബാർ കമാൻഡ്.
* കിഴക്കൻ ഇന്ത്യയിലെ ഏക കേന്ദ്ര ഭരണപ്രദേശമാണ് ആന്തമാൻ നിക്കോബാർ.

## ചണ്ഡിഗഢ്

### പ്രത്യേകതകൾ

* മൂന്നു ഭരണഘടകങ്ങളുടെ തലസ്ഥാനം- **ചണ്ഡീഗഢ്** (പഞ്ചാബ്, ഹരിയാന സംസ്ഥാനങ്ങളും കേന്ദ്ര ഭരണ പ്രദേശമായ

ചണ്ഡിഗഢും)

* ഇന്ത്യയിലെ ബ്യൂട്ടിഫുൾ സിറ്റി എന്നറിയപ്പെടുന്നത്

## ആദ്യത്തേത്

* സ്വതന്ത്ര ഇന്ത്യയിലെ ആദ്യത്തെ ആസൂത്രിത സംസ്ഥാന തലസ്ഥാനം- ചണ്ഡീഗഢ് (സ്വാതന്ത്ര്യത്തിനു മുമ്പ് ഇരുപതാം നൂറ്റാണ്ടിൽ പണികഴിപ്പിക്കപ്പെട്ട തലസ്ഥാന നഗരം ന്യൂഡൽഹി)

## പ്രധാനപ്പെട്ട വസ്തുതകൾ

* ചണ്ഡീഗഢ് കേന്ദ്ര ഭരണപ്രദേശമായ വർഷം- **1966**
* റോക്ക് ഗാർഡൻ എവിടെയാണ്- **ചണ്ഡീഗഢ്**
* റോക്ക് ഗാർഡൻ രൂപകല്പന ചെയ്തത്- **നേക്ചന്ദ്**
* ഇന്റർനാഷണൽ ഡോൾ മ്യൂസിയം- **ചണ്ഡീഗഢ്**
* നാഷണൽ ഗ്യാലറി ഓഫ് പോട്രയിറ്റ്സ്- **ചണ്ഡീഗഢ്**
* സെൻട്രൽ സയന്റിഫിക് ഇൻസ്ട്രുമെന്റേഷൻ ഓർഗനൈസേഷൻ- **ചണ്ഡീഗഢ്**
* ഏത് ഹൈക്കോടതിയുടെ അധികാര പരിധിയിലാണ് ചണ്ഡീഗഢ് - **പഞ്ചാബ്-ഹരിയാന ഹൈക്കോടതി**
* ചണ്ഡീഗഢ് രൂപകല്പന ചെയ്തത്- **ലേ കർബുസിയെ**
* സുഖ്നാ തടാകം എവിടെയാണ് - **ചണ്ഡീഗഢ്**

# ദദ്ര നഗർ ഹവേലി

## പ്രത്യേകതകൾ

* ഇന്ത്യയിൽ ജനങ്ങൾ നേരിട്ട് ഭരണം നടത്തിയ ഏക പ്രദേശം (പോർച്ചുഗീസുകാർ ഒഴിഞ്ഞുപോയ 1954നുശേഷം ഇന്ത്യ ഏറ്റെടുക്കുംവരെ)
* 1954 മുതൽ 1961 വരെ ദദ്ര നഗർ ഹവേലിയുടെ ഭരണം നിർവഹിച്ചിരുന്നത് Varishta Panchayat of Free Dadra and Nagar Haveli ആണ്.
* ദദ്ര നഗർ ഹവേലിയെ ഇന്ത്യയുടെ ഭാഗമാക്കാൻ ഇന്ത്യ ഗവൺമെന്റുമായി ഉടമ്പടി ഒപ്പുവെയ്ക്കാൻ ഒരു ദിവസത്തേക്ക് പ്രധാനമന്ത്രി പദവി നൽകപ്പെട്ട ഐ.എ.എസ്. ഉദ്യോഗസ്ഥനാണ് K.G.Badlani.

## പ്രധാനപ്പെട്ട വസ്തുതകൾ

* ദദ്ര അതിർത്തി പങ്കിടുന്ന സംസ്ഥാനം- **ഗുജറാത്ത്**
* ദദ്ര നഗർ ഹവേലി ഏത് ഹൈക്കോടതിയുടെ പരിധിയിലാണ്- **ബോംബെ ഹൈക്കോടതി**
* ദദ്ര നഗർ ഹവേലിയിൽ ഭരണം നടത്തിയിരുന്ന യൂറോപ്യൻ ശക്തി- **പോർച്ചുഗൽ**
* പ്രധാന ഭാഷകൾ- **ഗുജറാത്തി, ഹിന്ദി**

## കുഴപ്പിക്കുന്ന വസ്തുതകൾ

* ദദ്ര നഗർ ഹവേലി ഇന്ത്യൻ യൂണിയന്റെ ഭാഗമായ വർഷമാണ് 1961. എന്നാൽ, ഗോവ, ദാമൻ, ദിയു എന്നിവയുടെ മേൽ ഇന്ത്യക്കുള്ള പരമാധികാരം പോർച്ചുഗൽ അംഗീകരിച്ചത് 1971-ലാണ്.
* ഗുജറാത്തിനകത്തുള്ള ഒരു എൻക്ലേവ് ആണ് ദദ്ര. എന്നാൽ നഗർ ഹവേലി ഗുജറാത്തുമായും മഹാരാഷ്ട്രയുമായും അതിർത്തി പങ്കിടുന്നു.

# ദാമൻ ദിയു

## പ്രധാനപ്പെട്ട വസ്തുതകൾ

* ദാമൻ, ദിയു ഏത് യൂറോപ്യൻ ശക്തിയുടെ നിയന്ത്രണത്തിലായിരുന്നു- **പോർച്ചുഗീസ്**
* ദാമനെയും ദിയുവിനെയും ഇന്ത്യൻ യൂണിയന്റെ ഭാഗമാക്കിയ വർഷം- **1961**
* കന്യാമർ മുനമ്പിനടുത്ത് സ്ഥിതി ചെയ്യുന്ന ദ്വീപ്- **ദിയു**
* ദാമനുമായി അതിർത്തി പങ്കിടുന്ന ഇന്ത്യൻ സംസ്ഥാനം ഗുജറാത്താണ്.
* ദാമൻ, ദിയു ഏത് ഹൈക്കോടതിയുടെ പരിധിയിലാണ്- **ബോംബെ ഹൈക്കോടതി**
* ദാമൻ ദിയുവിലെ പ്രധാന ഭാഷ- **ഗുജറാത്തി**
* ഇന്ത്യയിലെ ഏറ്റവും കുറഞ്ഞ സ്ത്രീപുരുഷ അനുപാതമുള്ള ഭരണഘടകമാണ് ദാമൻ ദിയു (2011 സെൻസസ് പ്രകാരം 618:1000).
* ദാമൻ ദിയുവുമായി അതിർത്തി പങ്കിടുന്ന സംസ്ഥാനം ഗുജറാത്താണ്. എന്നാൽ, ദദ്ര നഗർ ഹവേലിയുമായി അതിർത്തി പങ്കിടുന്ന സംസ്ഥാനങ്ങൾ ഗുജറാത്തും മഹാരാഷ്ട്രയുമാണ്.

# ലക്ഷദ്വീപ്

## പ്രത്യേകതകൾ

* ഇന്ത്യയിലെ ഏറ്റവും ചെറിയ കേന്ദ്ര ഭരണ പ്രദേശം
* 2011 സെൻസസ് പ്രകാരം സാക്ഷരതയിൽ ഏറ്റവും മുന്നിലുള്ള കേന്ദ്ര ഭരണ പ്രദേശം.
* ജനസംഖ്യയിൽ മുസ്ലിങ്ങൾക്ക് ഭൂരിപക്ഷമുള്ള ഏക കേന്ദ്ര ഭരണ പ്രദേശം.
* കേരള ഹൈക്കോടതിയുടെ അധികാര പരിധിയിൽ ഉൾപ്പെടുന്ന കേന്ദ്ര ഭരണ പ്രദേശം.
* നാളികേരത്തിന്റെ പ്രതിഹെക്ടർ ഉൽപാദനം ഏറ്റവും കൂടുതലുള്ള ഇന്ത്യയിലെ പ്രദേശം
* ലോകത്തേറ്റവും കൂടുതൽ എണ്ണ അടങ്ങിയിരിക്കുന്ന (82 ശതമാനം) നാളികേരം ഉൽപാദിപ്പിക്കുന്ന പ്രദേശം



* പ്രതിശീർഷ മത്സ്യ ലഭ്യത ഏറ്റവും കൂടുതലുള്ള ഇന്ത്യൻ പ്രദേശം

## സൂപ്പർലേറ്റീവുകൾ

* ഇന്ത്യയിൽ വോട്ടർമാർ ഏറ്റവും കുറഞ്ഞ ലോക്സഭാമണ്ഡലം- ലക്ഷദ്വീപ് (ഏറ്റവും
* വിസ്തീർണം കുറഞ്ഞ ലോക്സഭാ മണ്ഡലം ഡൽഹിയിലെ ചാന്ദ്നി ചൗക്)
* ലക്ഷദ്വീപിലെ ഏറ്റവും ചെറിയ ദ്വീപ്- **ബിത്ര**
* ലക്ഷദ്വീപിലെ ഏറ്റവും വലിയ ദ്വീപ്- **ആന്ത്രോത്ത്**
* ലക്ഷദ്വീപിലെ ഏറ്റവും വലിയ രണ്ടാമത്തെ ദ്വീപ് കവരത്തിയാണ്.
* ലക്ഷദ്വീപിലെ ഏറ്റവും ജനസംഖ്യയുള്ള ദ്വീപ്- **കവരത്തി**
* ലക്ഷദ്വീപിലെ ഏറ്റവും തെക്കുഭാഗത്തെ ദ്വീപ്- **മിനിക്കോയ്**
* ലക്ഷദ്വീപിനെ ഏറ്റവും കൂടുതൽ കാലം ലോക്സഭയിൽ പ്രതിനിധാനം ചെയ്തത് പി.എം.സയിദ് ആണ്.

**പ്രധാനപ്പെട്ട വസ്തുതകൾ**

* ലക്ഷദ്വീപിലെ പ്രധാന ഭാഷ- **മലയാളം**
* ലക്ഷദ്വീപിന്റെ തലസ്ഥാനം- **കവരത്തി**
* 1964 വരെ ലക്ഷദ്വീപിന്റെ ഭരണകേന്ദ്രമായിരുന്നത്- **കോഴിക്കോട്**
* ലക്ഷദ്വീപിലെ ദ്വീപുകളുടെ എണ്ണം- **36**
* ഏതു കടലിലാണ് ലക്ഷദ്വീപ്- **അറബിക്കടൽ**
* ലക്ഷദ്വീപിന് ഏറ്റവും സമീപമുള്ള രാജ്യതലസ്ഥാനം- **മാലി**
* ലക്ഷദ്വീപിലെ പ്രധാന കാർഷിക ഉൽപന്നം- **തേങ്ങ**
* ലക്ഷദ്വീപിനെ കേന്ദ്രഭരണപ്രദേശമാക്കിയ വർഷം- **1956**
* ലക്ഷദ്വീപിനെ നിയന്ത്രിച്ചിരുന്ന കേരളത്തിലെ രാജവംശം- **ചിറയ്ക്കൽ**
* ലക്ഷദ്വീപിനെ നിയന്ത്രിച്ചിരുന്ന യൂറോപ്യൻ ശക്തി- **ബ്രിട്ടൺ**
* ലക്ഷദ്വീപ് സമൂഹത്തിൽ ഏറ്റവും വടക്കായി സ്ഥിതി ചെയ്യുന്ന ദ്വീപ്- **Cherbaniani Reef**
* ലക്ഷദ്വീപിലെ പ്രധാന മതവിഭാഗം- **ഇസ്ലാം**
* ലക്ഷദ്വീപിലേക്ക് ഇസ്ലാം മതം കൊണ്ടുവന്നത്- **ഉബൈദുള്ള**
* മഹൽ ഭാഷ സംസാരിക്കുന്നത് കവരത്തിയിലാണ്.

# പുതുച്ചേരി

## പ്രത്യേകതകൾ

* മൂന്നു സംസ്ഥാനങ്ങളുമായി അതിർത്തി പങ്കിടുന്ന ഏക കേന്ദ്ര ഭരണ പ്രദേശം
* തെക്കേ ഇന്ത്യയിലെ കേന്ദ്രഭരണപ്രദേശങ്ങളിൽ നിയമനിർമാണസഭയുള്ളത് (ഡൽഹിയിലേതിനെക്കാൾ പഴക്കമുള്ളതാണ് പുതുച്ചേരിയിലെ നിയമനിർമാണസഭ)
* ഓരോ പ്രദേശത്തിനനുസരിച്ച് തമിഴ്, മലയാളം, തെലുങ്ക് എന്നിവ ഔദ്യോഗിക ഭാഷയായ കേന്ദ്രഭരണ പ്രദേശം.

## ആദ്യത്തേത്

* സ്മാർട്ട് സിറ്റി ദൗത്യം പ്രഖ്യാപിച്ച് ഒരു മാസത്തിനുള്ളിൽത്തന്നെ സ്മാർട്ട് നഗരമായി നാമനിർദേശം ചെയ്യപ്പെട്ട നഗരമാണ് പുതുച്ചേരി (2015).

## സൂപ്പർലേറ്റീവുകൾ

* ഇന്ത്യയിലെ ഏറ്റവും വിസ്തീർണം കുറഞ്ഞ ജില്ലയായ മാഹിയുടെ വിസ്തീർണം 9 ച.കി.മീ. മാത്രമാണ്.
* ഏറ്റവും കൂടുതൽ സംസ്ഥാനങ്ങളുമായി അതിർത്തി പങ്കിടുന്ന കേന്ദ്രഭരണപ്രദേശം- **പുതുച്ചേരി**
* ഇന്ത്യയിൽ കേന്ദ്രഭരണപ്രദേശങ്ങളിലെ നിയമനിർമാണസഭകളിൽ പഴക്കം കൂടിയത് പുതുച്ചേരിയിലെതാണ്.
* ഇന്ത്യയിൽ മുഖ്യമന്ത്രി സ്ഥാനത്തെത്തിയ ഏറ്റവും പ്രായം കുറഞ്ഞ വ്യക്തിയാണ് എം.ഒ.ഹസ്സൻ ഫറൂഖ് മരക്കാർ. 1937-ൽ ജനിച്ച ഇദ്ദേഹം 1967-ൽ മുപ്പതാം വയസ്സിൽ പുതുച്ചേരി മുഖ്യമന്ത്രിയായി.
* ഇന്ത്യയിലെ ഏറ്റവും വലിയ ഫ്രഞ്ച് സെറ്റിൽമെന്റ് പുതുച്ചേരി ആയിരുന്നു.

## അപരനാമങ്ങൾ/ പഴയ പേരുകൾ

* മാഹിയെ ഫ്രഞ്ചുകാരിൽനിന്ന് മോചിപ്പിക്കാനുള്ള സമരത്തിന് നേതൃത്വം നൽകിയ ഐ.കെ.കുമാരൻ മാസ്റ്ററാണ് മയ്യഴി ഗാന്ധി എന്നറിയപ്പെടുന്നത്.
* അരവിന്ദാശ്രമത്തിലെ അമ്മ എന്ന പേരിൽ പ്രസിദ്ധയായ വനിത- **മിരാ റിച്ചാർഡ്**
* മാഹിയെയും കേരളത്തെയും വേർതിരിക്കുന്ന മയ്യഴിപ്പുഴ ഇന്ത്യയിലെ ഇംഗ്ലീഷ് ചാനൽ എന്നറിയപ്പെട്ടിരുന്നു.
* കിഴക്കിന്റെ പാരീസ് എന്നറിയപ്പെടുന്ന ഇന്ത്യൻ നഗരം പുതുച്ചേരിയാണ്.

## പ്രധാനപ്പെട്ട വസ്തുതകൾ

* പുതുച്ചേരി ഭരിച്ചിരുന്ന യൂറോപ്യൻ ശക്തി - **ഫ്രാൻസ്**
* ഫ്രഞ്ചുകാർ പോണ്ടിച്ചേരിയിൽ ആധിപത്യമുറപ്പിച്ച വർഷം- **1673**
* പുതുച്ചേരി ഇന്ത്യൻ യൂണിയന്റെ ഭാഗമായത്- **1954**
* പുതുച്ചേരിക്ക് കേന്ദ്രഭരണപ്രദേശത്തിന്റെ പദവി നൽകിയ ഭരണഘടനാ ഭേദഗതി- **14**
* ആന്ധ്രാപ്രദേശുമായി അതിർത്തി പങ്കിടുന്ന പുതുച്ചേരിയിലെ ജില്ല- **യാനം**
* കേരളവുമായി അതിർത്തി പങ്കിടുന്ന പുതുച്ചേരിയിലെ ജില്ല- **മാഹി**
* തമിഴ്നാടുമായി അതിർത്തി പങ്കിടുന്ന പുതുച്ചേരിയിലെ ജില്ലകൾ- **പുതുച്ചേരി, കാരയ്ക്കൽ**
* അരവിന്ദാശ്രമം എവിടെയാണ്- **പുതുച്ചേരി**
* പുതുച്ചേരിയുടെ ഭരണം നിർവഹിക്കുന്നത്- **ലഫ്റ്റനന്റ് ഗവർണർ**
* ഫ്രഞ്ചുഭാഷ സംസാരിക്കപ്പെടുന്ന ഇന്ത്യയിലെ കേന്ദ്ര ഭരണ പ്രദേശം- **പുതുച്ചേരി**
* പ്രാചീന കാലത്തെ ഇന്തോ-റോമൻ വ്യാപാരത്തിന് തെളിവു ലഭിച്ച സ്ഥലം- **ആരികമേട്**
* ജൊവാൻ ഓഫ് ആർക്ക് സ്ക്വയർ പുതുച്ചേരിയിലാണ്.
* തെലുങ്ക്, തമിഴ്, മലയാളം എന്നിവ ഔദ്യോഗികാവശ്യത്തിന് പുതുച്ചേരിയിൽ ഉപയോഗിക്കുന്നുണ്ട്.

## പ്രധാന വ്യക്തികൾ

* പുതുച്ചേരിയുടെ സ്ഥാപകൻ- **ഫ്രാൻസിസ് മാർട്ടിൻ**
* വിപ്ലവചിന്ത പുലർത്തുകയും പിന്നീട് സന്യാസിയാകുകയും പുതുച്ചേരി പ്രവർത്തന കേന്ദ്രമാക്കുകയും ചെയ്ത സ്വാതന്ത്ര്യസമരസേനാനി- **അരവിന്ദഘോഷ്**

## പ്രധാന സ്ഥാപനങ്ങൾ

* ജവാഹർലാൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പോസ്റ്റ് ഗ്രേജ്വേറ്റ് മെഡിക്കൽ എഡ്യൂക്കേഷൻ ആന്റ് റിസർച്ച് പുതുച്ചേരിയിലാണ്.

## അപൂർവ വസ്തുതകൾ

* 2011-ലെ സെൻസസ് പ്രകാരം ഇന്ത്യയിലെ കേന്ദ്രഭരണ പ്രദേശങ്ങളിൽ പുരുഷൻമാരേക്കാൾ കൂടുതൽ സ്ത്രീകളുള്ള ഏക പ്രദേശമാണ് പുതുച്ചേരി (1038:1000).

## 22 ആധുനിക ഇന്ത്യ



# സുഭാഷ് ചന്ദ്രബോസ് കോൺഗ്രസ് പ്രസിഡന്റ്

### കോൺഗ്രസ് മന്ത്രിസഭകൾ (1937)

പ്രവിശ്യയിലെ കോൺഗ്രസ് മന്ത്രിസഭകൾക്ക് ഹരിജനോദ്ധാരണം, മദ്യനിരോധനം, അടിസ്ഥാന വിദ്യാഭ്യാസം, കാർഷിക കടാശ്വാസം, ഭൂനിയമ പരിഷ്കരണം തുടങ്ങിയ പല നല്ല കാര്യങ്ങളും ചെയ്യാൻ കഴിഞ്ഞു. അനേകം മേഖലകളിൽ ക്രിയാത്മകമായ പ്രവർത്തനം അവർ കാഴ്ചവച്ചു. ഇന്നലെവരെ ജയിലറകളിലായിരുന്ന തങ്ങളുടെ നേതാക്കാളുടെ കൈകളിൽ സെക്രട്ടേറിയറ്റിൽ ഭരണയന്ത്രം തിരിയുന്ന അനുഭവം സാധാരണക്കാരനെ സംബന്ധിച്ചിടത്തോളം വളരെയധികം സന്തോഷകരമായ ഒന്നായിരുന്നു. പുതിയ ഭരണകൂടം പൗരസ്വാതന്ത്ര്യം അനുവദിക്കുകയും പത്രങ്ങളുടെ മേലുണ്ടായിരുന്ന നിയന്ത്രണം പിൻവലിക്കുകയും ചെയ്തു. തീവ്രവാദസംഘടനകളുടെമേൽ ഏർപ്പെടുത്തിയിരുന്ന നിരോധനം ഒഴിവാക്കുകയും ഭീകവാദ വിപ്ലവകാരികൾ ഉൾപ്പെടെയുള്ള രാഷ്ട്രീയത്തടവുകാരെ വിട്ടയ്ക്കുകയും ചെയ്തു. ട്രേഡ് യൂണിയനും കർഷക സംഘടനകളും പ്രവർത്തിക്കുന്നതിനും വളരാനും അനുവദിക്കപ്പെട്ടു. തൊഴിലാളികൾക്ക് വേതനത്തിൽ വർധനവുണ്ടായി. കടക്കാരായ കർഷകർക്ക് ആശ്വാസമുണ്ടാക്കുന്ന നിയമനിർമാണങ്ങൾ നടത്തി.

### രണ്ടാം ലോകമഹായുദ്ധവും കോൺഗ്രസ് മന്ത്രിസഭകളുടെ രാജിയും (1939)

1939 സെപ്തംബർ ഒന്നിന് രണ്ടാം ലോക മഹായുദ്ധം ആരംഭിച്ചു. ജർമനി പോളണ്ടിനെ ആക്രമിച്ച് കീഴടക്കി. പോളണ്ടിന്റെ സഹായത്തിനെത്താൻ ബ്രിട്ടണും ഫ്രാൻസും നിർബന്ധിതമായി. സെപ്തംബർ മൂന്നിന് വൈസ്രോയി ലിൻലിത്ഗോ പ്രഭു ഇന്ത്യയും യുദ്ധത്തിൽ ജർമനിയ്ക്കെതിരെ കക്ഷിയാണെന്ന് പ്രഖ്യാപിച്ചു. കോൺഗ്രസ് നേതാക്കളോടോ കേന്ദ്ര നിയമനിർമാണസഭയിലെ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളോടോ യാതൊരു കൂടിയാലോചനയും നടത്താതെ വൈസ്രോയി കൈക്കൊണ്ട ഈ നിലപാട് കോൺഗ്രസ് നേതൃത്വത്തിന്റെ വികാരങ്ങളെ വ്രണപ്പെടുത്തി. സ്വതന്ത്രമല്ലാത്ത ഒരു രാഷ്ട്രത്തിന് മറ്റു രാഷ്ട്രങ്ങളെ സ്വാതന്ത്ര്യത്തിനായുള്ള പോരാട്ടത്തിൽ സഹായിക്കാൻ കഴിയുന്നത് എങ്ങനെയാണ് എന്ന് കോൺഗ്രസ് നേതാക്കൾ ചോദിച്ചു. അതുകൊണ്ട്, ഇന്ത്യ യുദ്ധത്തിൽ സജീവമായി പങ്കെടുക്കുന്നതിന് മുമ്പ് സ്വതന്ത്രമാണെന്ന് പ്രഖ്യാപിക്കണം. കുറഞ്ഞപക്ഷം ഫലപ്രദമായ അധികാരം ഇന്ത്യക്കാരെ ഏൽപിക്കുന്നതിനെങ്കിലും തയ്യാറാകണം എന്നവർ ആവശ്യമുന്നയിച്ചു. ബ്രിട്ടൺ ഇതംഗീകരിക്കാൻ സന്നദ്ധമായിരുന്നില്ല. മതന്യൂനപക്ഷങ്ങളെയും നാട്ടുരാജാക്കൻമാരെയും കോൺഗ്രസിനെതിരെ തിരിക്കാനാണ് ബ്രിട്ടൺ തുനിഞ്ഞത്. അതിനാൽ, തങ്ങളുടെ മന്ത്രിസഭകളോട് രാജിവച്ചൊഴിയാൻ കോൺഗ്രസ് ആവശ്യപ്പെടുകയും അവർ അത് അനുസരിക്കുകയും ചെയ്തു. കോൺഗ്രസ് അധികാരമൊഴിഞ്ഞത് ആഘോഷിക്കാൻ ജിന്ന മുസ്ലിങ്ങളോട് ആവശ്യപ്പെട്ടു. 1939 ഡിസംബർ 22 കോൺഗ്രസ് ഭരണത്തിൽനിന്നുള്ള 'വിമോചന ദിന'മായി ആചരിക്കാൻ അദ്ദേഹം ആഹ്വാനം ചെയ്തു. മുസ്ലിങ്ങളല്ലാത്തതും കോൺഗ്രസ് വിരോധമുള്ളതുമായ ചില പ്രസ്ഥാനങ്ങളും– ഇൻഡിപെൻഡന്റ് ലേബർ പാർട്ടി, ജസ്റ്റിസ് പാർട്ടി, അംബേദ്കറുടെ ഓൾ ഇന്ത്യ ഡിപ്രസ്ഡ് ക്ലാസസ് അസോസിയേഷൻ തുടങ്ങിയവ– ഇതിനോട് അനുഭാവം കാണിച്ചു. ചില പാഴ്സികളും ആംഗ്ലോ–ഇന്ത്യക്കാരും ഇവരെ അനുകൂലിക്കുകയുണ്ടായി. മുംബൈയിൽ ജിന്നയും അംബേദ്കറും ഒരുമിച്ചാണ് അണികളെ അഭിവാദ്യം ചെയ്തത്. തമിഴ്നാട്ടിൽ ജസ്റ്റിസ് പാർട്ടി നേതാവ് ഇ.വി.രാമസ്വാമി നായ്ക്കർ അണികളോട് വിപുലമായ രീതിയിൽ 'കോൺഗ്രസിൽനിന്നുള്ള രക്ഷനേടൽ' ആഘോഷിക്കാൻ ആഹ്വാനം നടത്തി. ബംഗാളിന്റെ പല ഭാഗങ്ങളിലും യോഗങ്ങളും റാലികളും നടന്നു.

### സുഭാഷ് ചന്ദ്രബോസ് കോൺഗ്രസ് പ്രസിഡന്റ് (1938)

1938–ലെ ഹരിപുര സമ്മേളനത്തിലും 1939–ലെ ത്രിപുരി സമ്മേളനത്തിലും സുഭാഷ് ചന്ദ്രബോസ് കോൺഗ്രസ് പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടു. ജവാഹർലാൽ നെഹ്രു അധ്യക്ഷനായി ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ആഭിമുഖ്യത്തിൽ ഒരു നാഷണൽ പ്ലാനിങ് കമ്മിറ്റി നിയോഗിക്കപ്പെട്ടത് ബോസ് പ്രസിഡന്റായിരിക്കെയാണ്. 1939–ൽ, ഗാന്ധിജിയുടെ നോമിനിയായിരുന്ന പട്ടാഭി സീതാരാമയ്യയെ പരാജയപ്പെടുത്തിയാണ് ബോസ് വീണ്ടും കോൺഗ്രസ് അധ്യക്ഷസ്ഥാനത്തെത്തിയത്. കോൺഗ്രസിനുള്ളിലെ ചേരിതിരിവുകാരണം അദ്ദേഹത്തിന് സുഗമമായി പ്രവർത്തിക്കാൻ കഴിഞ്ഞില്ല.നിവൃത്തിയില്ലാതെ അദ്ദേഹം രാജിവയ്ക്കുകയും ഫോർവേഡ് ബ്ളോക്ക് എന്ന പുതിയ സംഘടന സ്ഥാപിക്കുകയും ചെയ്തു. പ്രവർത്തക സമിതി അദ്ദേഹത്തിനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുകയും ബംഗാൾ പ്രവിശ്യാ കോൺഗ്രസ് അധ്യക്ഷപദവിയിൽനിന്ന് നീക്കം ചെയ്യുകയും മൂന്നു വർഷത്തേക്ക് ഏതെങ്കിലും കോൺഗ്രസ്പദവികൾ വഹിക്കുന്നതിന് വിലക്കേർപ്പെടുത്തുകയും ചെയ്തു.



### ഫോർവേഡ് ബ്ളോക്ക് (1939)

1939 മെയ് മൂന്നിനാണ് സുഭാഷ് ചന്ദ്രബോസ് ഫോർവേഡ് ബ്ലോക്ക് രൂപവത്കരിച്ചത്. കോൺഗ്രസിലെ ഇടതുപക്ഷത്തെ ഏകോപിക്കുക എന്നതായിരുന്നു ആദ്യകാലത്ത് പ്രസ്ഥാനത്തിലൂടെ ബോസ് ലക്ഷ്യമിട്ടത്. കൊൽക്കത്തയിൽ ഒരു റാലിയിൽവച്ചാണ് അദ്ദേഹം സംഘടനയുടെ രൂപവത്കരണം സംബന്ധിച്ച പ്രഖ്യാപനം നടത്തിയത്. ബോസ് ഫോർവേഡ് ബ്ലോക്കിന്റെ ആദ്യ പ്രസിഡന്റും എസ്.എസ്.കവേഷീർ വൈസ് പ്രസിഡന്റുമായി. 1940 ജൂൺ 20–22 തീയതികളിൽ ഫോർവേഡ് ബ്ലോക്കിന്റെ പ്രഥമ അഖിലേന്ത്യാ സമ്മേളനം നാഗ്പൂരിൽവച്ചു നടന്നു. ജൂൺ 22–ആണ് ഫോർവേഡ് ബ്ലോക്ക് സ്ഥാപനദിനമായി ആചരിക്കുന്നത്. ഫോർവേഡ് ബ്ലോക്ക് ഒരു സോഷ്യലിസ്റ്റ് രാഷ്ട്രീയ കക്ഷിയാണെന്ന് പ്രഖ്യാപിക്കപ്പെട്ട സമ്മേളനത്തിൽ ബോസ് പാർട്ടിയുടെ അധ്യക്ഷനായും ഹരി വിഷ്ണു കമ്മത്ത് ജനറൽ സെക്രട്ടറിയായും തിരഞ്ഞെടുക്കപ്പെട്ടു. ജൂലൈ രണ്ടിന് ബോസ് അറസ്റ്റുചെയ്യപ്പെട്ടു. 1941 ജനുവരിയിൽ വീട്ടുതടങ്കലിൽനിന്ന് രക്ഷപ്പെട്ട അദ്ദേഹം വേഷംമാറി അഫ്ഗാനിസ്ഥാൻവഴി സോവിയറ്റ് യൂണിയനിലെത്തി. ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള ബോസിന്റെ സഹായാഭ്യർഥന സോവിയറ്റ് ഭരണാധികാരി ജോസഫ് സ്റ്റാലിൻ നിരസിച്ചു. തുടർന്ന് ജർമനിയിലേക്ക് പോയ ബോസ് ബെർലിനിൽ ഫ്രീ ഇന്ത്യാ സെന്റർ സ്ഥാപിച്ചു. 1942–ൽ ബ്രിട്ടീഷ് അധികൃതർ ഫോർവേഡ് ബ്ലോക്കിനെ നിരോധിക്കുകയും രാജ്യത്തൊട്ടാകെയുള്ള പാർട്ടിയുടെ ഓഫീസുകൾ കണ്ടുകെട്ടുകയും ചെയ്തു.

## ലോകരാജ്യങ്ങൾ



### ബർക്കിനാ ഫാസോ

* പഴയ പേര് അപ്പർ വോൾട്ട. 1960–ൽ ഫ്രാൻസിൽനിന്ന് സ്വാതന്ത്ര്യം നേടി.
* സത്യസന്ധൻമാരുടെ നാട് എന്നറിയപ്പെടുന്നു.
* ബർക്കിനാ ഫാസോയിലെ പ്രസിഡന്റിനെതിരെ 2014 ൽ നടന്ന ജനകീയ വിപ്ലവമാണ് കറുത്ത വിപ്ലവം.

### ബറുണ്ടി

* 1962–ൽ ബെൽജിയത്തിൽ നിന്ന് സ്വാതന്ത്ര്യം നേടി.
* ആഫ്രിക്കയുടെ ഹൃദയം എന്നറിയപ്പെടുന്ന ഈ രാജ്യത്തെ ജനവിഭാഗങ്ങളാണ് ഹുടു, തുട്സി.

### കാമറൂൺ

* ഭൂമിശാസ്ത്രപരവും സാംസ്കാരികവുമായ വൈവിധ്യംകാരണം ആഫ്രിക്കയുടെ ചെറിയ പതിപ്പ് എന്നറിയപ്പെടുന്ന രാജ്യം.
* യാവുണ്ടെ ആണ് തലസ്ഥാനം. സെൻട്രൽ ആഫ്രിക്കൻ സിഎഫ്എ ഫ്രാങ്ക് നാണയം.
* കത്തോലിക്കയാണ് പ്രധാന മതവിഭാഗം. രണ്ടാം സ്ഥാനം പ്രൊട്ടസ്റ്റന്റ്. മൂന്നാമത് മുസ്ലിങ്ങൾ.

### കോംഗോ (ഡമോക്രാറ്റിക് റിപ്പബ്ലിക്)

* 1960–ൽ ബെൽജിയത്തിൽനിന്ന് സ്വാതന്ത്ര്യം. മധ്യ ആഫ്രിക്കൻ രാഷ്ട്രമായ ഇതിന്റെ തലസ്ഥാനം കിൻഷാസ (പഴയ പേര് ലിയോപോൾഡ്വില്ല).
* ഈ രാജ്യം മുമ്പ് കോംഗോ ഫ്രീ സ്റ്റേറ്റ്, ബെൽജിയൻ കോംഗോ, റിപ്പബ്ലിക് ഓഫ് കോംഗോ, സയർ എന്നീ പേരുകളിൽ വിവിധകാലഘട്ടങ്ങളിൽ അറിയപ്പെട്ടിരുന്നു.
* ഭൂമധ്യരേഖയെ രണ്ടുപ്രാവശ്യം മറികടക്കുന്ന ഏക നദിയാണ് കോംഗോ. ഒരു നദിയുടെ ഇരുകരകളിൽ അഭിമുഖമായി സ്ഥിതിചെയ്യുന്ന തലസ്ഥാന നഗരങ്ങളാണ് കിൻഷാസയും ബ്രാസവില്ലയും. ആമസോൺ കഴിഞ്ഞാൽ ഏറ്റവും കൂടുതൽ ജലസമ്പന്നമായ നദിയാണിത്. നൈൽ കഴിഞ്ഞാൽ ആഫ്രിക്കയിലെ ഏറ്റവും നീളം കൂടിയ നദി കോംഗോയാണ്.
* രണ്ടാംലോകമഹായുദ്ധത്തിനുശേഷം ഏറ്റവും കൂടുതൽ ആളുകൾ കൊല്ലപ്പെട്ട രാജ്യമാണ് കോംഗോ.
* ഫോറസ്റ്റ് ജിറാഫ് എന്നറിയപ്പെടുന്ന ഒകാപ്പിയുടെ സ്വദേശം കോംഗോയാണ്.
* കോംഗോയുടെ ദേശീയ പ്രസ്ഥാനം നയിച്ച പാട്രിസ് ലുമുംബ 1961–ൽ കൊല്ലപ്പെട്ടു.
* ആഫ്രിക്കൻ രാജ്യങ്ങളിൽ ഏറ്റവും കൂടുതൽ രാജ്യങ്ങളുമായി അതിർത്തി പങ്കിടുന്നത് കോംഗോയാണ്.
* ഡമോക്രാറ്റിക് റിപ്പബ്ലിക് ഓഫ് കോംഗോയ്ക്ക് ആഫ്രിക്കയിൽ വിസ്തീർണത്തിൽ രണ്ടാം സ്ഥാനമാണ് .
* ഫ്രഞ്ച് ഔദ്യോഗിക ഭാഷയായ രാജ്യങ്ങളിൽ ഏറ്റവും കൂടുതൽ ജനസംഖ്യയുള്ളത് ഡമോക്രാറ്റിക് റിപ്പബ്ലിക് ഓഫ് കോംഗോയാണ്. എന്നാൽ ഫ്രഞ്ചുഭാഷ സംസാരിക്കുന്നവർ ഏറ്റവും കൂടുതൽ അധിവസിക്കുന്ന രാജ്യം ഫ്രാൻസാണ്.
* 1998–ൽ ആരംഭിച്ച രണ്ടാം കോംഗോ യുദ്ധം അറിയപ്പെടുന്നത് ആഫ്രിക്കൻ വേൾഡ് വാർ എന്നാണ്.
* കോംഗോളീസ് ഫ്രാങ്ക് ആണ് നാണയം. പാർലമെന്റിന്റെ അധോസഭ നാഷണൽ അസംബ്ലി എന്നും ഉപരിസഭ സെനറ്റ് എന്നും അറിയപ്പെടുന്നു.

## സൈപ്രസ്

* കോപ്പർ ഐലന്റ് എന്നറിയപ്പെടുന്ന രാജ്യമാണ് സൈപ്രസ്. മൂന്ന് വൻകരകളുടെ സംഗമസ്ഥാനത്ത് (ഏഷ്യ, ആഫ്രിക്ക, യൂറോപ്പ്) സ്ഥിതിചെയ്യുന്ന രാജ്യമാണിത്.
* 1960–ൽ യുണൈറ്റഡ് കിങ്ഡത്തിൽ നിന്ന് സ്വാതന്ത്ര്യം നേടി.
* ആർച്ച് ബിഷപ്പ് മക്കാരിയോസ് മൂന്നാമനാണ് സൈപ്രസിന്റെ ദേശീയ പ്രസ്ഥാനത്തെ നയിച്ചത്.
* പതാകയിൽ ഭൂപടം ആലേഖനം ചെയ്തിട്ടുള്ള രാജ്യങ്ങളാണ് സൈപ്രസ്, ക്രിസ്തുമസ് ദ്വീപുകൾ, കൊസോവോ എന്നിവ.
* സ്വന്തമായി ദേശീയ ഗാനമില്ലാത്ത രാജ്യമാണ് സൈപ്രസ്. ഗ്രീസിന്റെ ദേശീയഗാനമാണ് സൈപ്രസ് ഉപയോഗിക്കുന്നത്.
* സൈപ്രസും ഗ്രീസും ദേശീയഗാനമായി ഉപയോഗിക്കുന്ന Hymn to Liberty



എഴുതിയത് Dionysios Solomos ആണ്. 1823–ൽ രചിക്കപ്പെട്ട ഇതിന് 158 ചരണങ്ങളുണ്ട്. വാക്കുകളുടെ എണ്ണത്തിൽ ലോകത്തിലെ ഏറ്റവും നീളം കൂടിയ ദേശീയഗാനമാണിത് (ആലപിക്കാൻ ഏറ്റവും കൂടുതൽ സമയം ആവശ്യമായ ദേശീയ ഗാനം ഉറുഗ്വേയുടേതാണ്–105 ബാറുകളുണ്ട്).
* സൈപ്രസിന്റെ വടക്കുഭാഗം നോർത്തേൺ സൈപ്രസ് എന്നപേരിലുള്ള, തുർക്കി മാത്രം അംഗീകരിച്ച ഒരു രാജ്യമാണ്. അന്താരാഷ്ട്ര സമൂഹത്തിന്റെ കാഴ്ചപ്പാടിൽ സൈപ്രസ് റിപ്പബ്ലിക്കിന്റെ വടക്കുഭാഗത്ത് തുർക്കിസേന അധിനിവേശം നടത്തിയതായി പരിഗണിക്കുന്നു.
* ലോകത്തെ ഏക വിഭജിക്കപ്പെട്ട തലസ്ഥാന നഗരമാണ് നിക്കോഷ്യ. ഇത് സൈപ്രസും ടർക്കിഷ് റിപ്പബ്ലിക് ഓഫ് നോർത്തേൺ സൈപ്രസും തമ്മിൽ പങ്കിടുന്നു.

## ചെക്ക് റിപ്പബ്ലിക്

* മധ്യയൂറോപ്പിലെ ഒരു കരബദ്ധരാജ്യമായ ചെക്ക് റിപ്പബ്ലിക്കിന്റെ പഴയ പേര് ബൊഹീമിയ (ലാറ്റിൻ ഭാഷയിൽ) എന്നാണ്. ചരിത്രപ്രസിദ്ധമായ മൊറേവിയയും സൈലേഷ്യയുടെ കുറച്ചുഭാഗവും ചെക്ക് റിപ്പബ്ലിക്കിൽ ഉൾപ്പെടുന്നുണ്ട്. ഇതൊരു പാർലമെന്ററി റിപ്പബ്ലിക്കാണ്.
* ചേംബർ ഓഫ് ഡെപ്യൂട്ടീസും സെനറ്റും അടങ്ങുന്ന ദ്വിമണ്ഡലസഭയാണ് പാർലമെന്റ്. ചെക്ക് കോരുണ ആണ് നാണയം.
* തലസ്ഥാനമായ പ്രേഗ്, രാജ്യത്തെ ഏറ്റവും വലിയ നഗരം കൂടിയാണ്. ഔദ്യോഗിക ഭാഷ ചെക്ക്.
* 1993 ജനുവരി ഒന്നിന് ചെക്കോസ്ളോവാക്യ രണ്ടായി വിഭജിക്കപ്പെട്ടു– ചെക്ക് റിപ്പബ്ലിക്കും സ്ലോവാക്യയും.
* ചെക്ക് റിപ്പബ്ലിക്കിലെ കാർ കമ്പനിയാണ് സ്കോഡ. 2000–ൽ ഈ കമ്പനി ഫോക്സ് വാഗണിന്റെ സബ്സിഡറിയായി.
* ജനറ്റിക്സിന്റെ പിതാവ് എന്നറിയപ്പെടുന്ന ഗ്രിഗർ മെൻഡൽ ഓസ്ട്രിയക്കാരനായിട്ടാണ് അറിയപ്പെടുന്നതെങ്കിലും അദ്ദേഹം ജനിച്ചത് ചെക്ക് റിപ്പബ്ലിക്കിലായിരുന്നു.



* ചെക്കോസ്ളോവാക്യയിലെ കമ്യൂണിസ്റ്റ് സർക്കാർ പുറത്താക്കപ്പെട്ട വിപ്ലവമാണ് വെൽവെറ്റ് വിപ്ലവം (1993). സ്ലോവാക്യക്കാർ ഇതിനെ Gentle revolutionഎന്നാണ് വിളിക്കുന്നത്.
* ലോകത്താദ്യമായി വോട്ടിംഗ് പ്രായം 18 ആക്കിയ രാജ്യമാണ് ചെക്കോസ്ളോവാക്യ (1946).
* ദേശീയ ഗാനം പങ്കിട്ടെടുത്ത രാജ്യങ്ങളാണ് ചെക് റിപ്പബ്ലിക്കും സ്ളൊവാക്യയും.

## ഡെൻമാർക്ക്

* ഉത്തര യൂറോപ്പിന്റെ ക്ഷീര സംഭരണശാല (Dairy of Northern Europe) എന്നറിയപ്പെടുന്ന രാജ്യമാണ് ഡെൻമാർക്ക്. സ്കാൻഡിനേവിയൻ രാജ്യങ്ങളിൽ ഏറ്റവും വിസ്തീർണം കുറഞ്ഞതും ഡെൻമാർക്കാണ്.
* കോപ്പൻ ഹേഗനാണ് തലസ്ഥാനം. പ്രധാനമതം ക്രിസ്തുമത(ലൂഥറൻ)മാണ്.
* ഫോൾക്കെറ്റിംഗ് ആണ് നിയമനിർമാണ സഭ. നാണയം ഡാനിഷ് ക്രോണ്.
* Faroe Islands ഡെന്മാർക്കിന്റെ നിയന്ത്രണത്തിലാണ്.
* ഡാനിഷ് ആണ് ഈ രാജ്യത്തെ ഔദ്യോഗിക ഭാഷ.
* യൂറോപ്പിന്റെ മദർ ഇൻ ലോ എന്നും ഡെന്മാർക്കിനെ വിളിക്കുന്നു.
* ലോകത്തിലെ ഏറ്റവും പഴക്കമുള്ള ദേശീയ പതാക ഡെന്മാർക്കിന്റേതാണ്. ഇതിന്റെ പേര് ഡെയ്ൻബ്രോഗ് (Dannebrog).
* ഡെന്മാർക്കിന്റെ നിയന്ത്രണത്തിലുള്ള സ്വയംഭരണ പ്രദേശമാണ് ഗ്രീൻലാൻഡ്.
* ഗ്രീൻലാൻഡിന്റെ ഔദ്യോഗികനാമമാണ് കലാലിത് നുനാറ്റ്.
* ലോകത്ത് ഏറ്റവും വടക്കായി സ്ഥിതിചെയ്യുന്ന ദ്വീപാണ് ഗ്രീൻലാൻഡ്.
* ലോകത്തിലെ ഏറ്റവും വലിയ ദേശീയോദ്യാനം ഗ്രീൻലാൻഡിലാണ്.
* ലോകത്തിലാദ്യമായി 1989–ൽ same-sex unions അംഗീകരിച്ച രാജ്യമാണ് ഡെന്മാർക്ക് (ലോകത്താദ്യമായി ഒരു ലിംഗപദവിയുള്ളവർ തമ്മിലുള്ള വിവാഹം അംഗീകരിച്ച രാജ്യം നെതർലൻഡ്സ് (2001) ആണ്).
* പരിസ്ഥിതി നിയമം നടപ്പാക്കിയ ആദ്യ രാജ്യമാണ് ഡെന്മാർക്ക് (1973)
* സ്കാൻഡിനേവിയൻ എയർലൈൻസ് ഡെന്മാർക്കിലെ വിമാന സർവീസാണ്.
* ഷേക്സ്പിയർ കഥാപാത്രമായ ഹാംലെറ്റ് ഡെന്മാർക്കിലെ രാജകുമാരനായിരുന്നു.
* ഹാരോൾഡ് ബ്ലൂടൂത്ത് ഡെന്മാർക്കിലെ ഭരണാധികാരിയായിരുന്നു.

## നോർവേ

* യൂറോപ്പിന്റെ വടക്കേയറ്റത്ത് സ്കാൻഡിനേവിയൻ ഉപദ്വീപിന്റെ പടിഞ്ഞാറ് ഭാഗത്ത് സ്ഥിതിചെയ്യുന്ന ഒരു യൂണിറ്ററി കോൺസ്റ്റിറ്റ്യൂഷണൽ മൊണാർക്കിയാണ് നോർവേ. ആർട്ടിക് സമുദ്രത്തിലെ ഏതാനും ദ്വീപുകളും നോർവേയുടെ ഭാഗമാണ്.
* കിങ്ഡം ഓഫ് നോർവേ എന്നാണ് ഔദ്യോഗിക നാമം.
* ഏറ്റവും ജനസാന്ദ്രത കുറഞ്ഞ രണ്ടാമത്തെ യൂറോപ്യൻ രാഷ്ട്രമാണ് നോർവേ.
* ഓസ്‌ലോയാണ് നോർവേയുടെ തലസ്ഥാനം. സമാധാന നൊബേൽ പുരസ്കാരം ജേതാവിന് സമർപ്പിക്കുന്നത് ഈ നഗരത്തിൽവച്ചാണ്.
* നോർവീജിയനാണ് രാജ്യത്തെ ഔദ്യോഗിക ഭാഷ. പ്രധാന മതം ക്രിസ്തുമതം.
* നിയമനിർമാണസഭയുടെ പേര് സ്റ്റോർട്ടിങ്. നോർവീജിയൻ ക്രോണ് ആണ് നാണയം.
* പ്രതിശീർഷ ജി.ഡി.പി. ഏറ്റവും ഉയർന്ന രാജ്യങ്ങളിലൊന്നാണ് നോർവേ.
* നോർവീജിയൻ പാർലമെന്റിന്റെ ഒരു സമിതിയാണ് സമാധാന നൊബേൽ പുരസ്കാര ജേതാവിനെ നിർണയിക്കുന്നത്.
* രണ്ടാം ലോകമഹായുദ്ധത്തിൽ നിഷ്പക്ഷത പാലിച്ചെങ്കിലും 1940ൽ ജർമനി ആക്രമിച്ച രാജ്യമാണ് നോർവേ.
* വളരെക്കാലം സ്വീഡന്റെയും ഡെന്മാർക്കിന്റെയും കീഴിലായിരുന്നു നോർവേ.
* 1905–ൽ സ്വീഡനിൽനിന്ന് വേർപെട്ട രാജ്യമാണ് നോർവേ.
* രണ്ടാം ലോകമഹായുദ്ധക്കാലത്ത് ജർമനി കൈവശപ്പെടുത്തി. 1945–ൽ മോചിതമായി.
* 1945 നവംബർ 27–ന് ഐക്യരാഷ്ട്രസഭയിൽ അംഗത്വം ലഭിച്ചു.
* പ്രകൃതി വാതകത്തിന്റെയും എണ്ണയുടെയും വൻശേഖരമുള്ള രാജ്യമാണ് നോർവേ. മറ്റൊരു പ്രധാന വ്യവസായം കപ്പൽ നിർമാണമാണ്.
* ഗ്രോ ഹാർലം ബ്രണ്ട്‌ലൻഡ് നോർവേയിൽ പ്രധാനമന്ത്രിയായ ആദ്യ വനിതയാണ്.
* ദക്ഷിണ ധ്രുവത്തിലെത്തിയ ആദ്യ മനുഷ്യനാണ് നോർവേക്കാരനായ റൊവാൾഡ് അമുണ്ട്സെൻ
* അന്റാർട്ടിക്ക പര്യടനത്തിനായി ഇന്ത്യക്ക് എംവി പോളാർ സർക്കിൾ എന്ന വാഹനം നൽകിയത് നോർവേയാണ്.
* ഏറ്റവും വടക്കായി സ്ഥിതിചെയ്യുന്ന തലസ്ഥാനമുള്ള യൂറോപ്യൻ രാജ്യമാണ് നോർവേ.
* ലോകത്തിൽ ഏറ്റവും വടക്കേയറ്റത്തുള്ള നഗരം നോർവേയിലെ ഹാമർഫാസ്റ്റ് ആണ്.
* ശ്രീലങ്കയിലെ സമാധാന ചർച്ചകൾക്ക് മധ്യസ്ഥത വഹിച്ച യൂറോപ്യൻ രാഷ്ട്രം നോർവേയാണ്.
* യൂണിനോർ നോർവേയിലെ സെൽഫോൺ സർവീസ് പ്രൊവൈഡർ കമ്പനിയാണ്.
* പാതിരാ സൂര്യന്റെ നാട് എന്ന അപരനാമത്തിലറിയപ്പെടുന്നത് നോർവേയാണ്.
* ഐക്യരാഷ്ട്രസഭയുടെ ആദ്യ സെക്രട്ടറി ജനറലായ ട്രിഗ്‌ലീ നോർവേക്കാരനായിരുന്നു.
* ആബേൽ പുരസ്കാരം നൽകുന്ന രാജ്യമാണ് നോർവേ.
* നൊബേൽ സമ്മാന ജേതാവാൽ (Bjornst jerne Martinius Bjornson) ദേശീയഗാനം രചിക്കപ്പെട്ട യൂറോപ്യൻ രാജ്യം നോർവേയാണ്.
* ലോകാവസാന നിലവറ നിർമിക്കാൻ മുൻകൈയെടുത്ത രാജ്യമാണ് നോർവേ. ഭൂമിയിലെ വിത്തുകളെല്ലാം വർഷങ്ങളോളം കേടുവരാതെ സൂക്ഷിക്കലാണ് ലോകാവസാന നിലവറയുടെ ലക്ഷ്യം. വൻദുരന്തത്തിലൂടെ ഭൂമി തകർന്നാലും വരുന്ന തലമുറയ്ക്ക് വീണ്ടും കൃഷി തുടങ്ങാനുള്ള വിത്തുമായിട്ടാണ് നിലവറ നിർമിച്ചിരിക്കുന്നത്. നോർവേയുടെ മെയിൻലാൻഡിൽനിന്ന് ഏകദേശം 1000 കി.മീ.വടക്കുള്ള ഒരു ഒഴിഞ്ഞ സ്ഥലമായ സ്വാൽബാർഡ് എന്ന സ്ഥലത്താണ് നിലവറ സ്ഥാപിച്ചിരിക്കുന്നത്. ഗ്ലോബൽ ക്രോപ്പ് ഡൈവേഴ്സിറ്റി ട്രസ്റ്റാണ് വിത്ത് നിലവറയുടെ കാര്യങ്ങൾ നോക്കുന്നത്.



Faroe Islands

# ബഹിരാകാശ ദൗത്യങ്ങൾ

* ബഹിരാകാശത്തെയും ഭൗമാന്തരീക്ഷത്തെയും വേർതിരിക്കുന്ന അതിർത്തി രേഖയാണ് കാർമൻ രേഖ.
* 1957 ഒക്ടോബർ നാലിനാണ് ബഹിരാകാശയുഗത്തിന്റെ തുടക്കം. അന്നാണ് സോവിയറ്റ് യൂണിയൻ സ്പുട്നിക് –1 വിക്ഷേപിച്ചത്. മനുഷ്യൻ വിജയകരമായി വിക്ഷേപിച്ച ആദ്യത്തെ കൃത്രിമോപഗ്രഹമാണിത്.
* സഹയാത്രികൻ എന്നാണ് റഷ്യൻ ഭാഷയിൽ സ്പുട്നിക് എന്ന വാക്കിന്റെ അർത്ഥം.
* അമേരിക്ക വിജയകരമായി വിക്ഷേപിച്ച ആദ്യത്തെ കൃത്രിമോപഗ്രഹമാണ് എക്സ്പ്ളോറർ–1 (1958).
* അമേരിക്കയുടെ ബഹിരാകാശ ഏജൻസിയായ നാസയുടെ ബഹിരാകാശ ടെലസ്കോപ്പാണ് ഹബിൾ സ്പേസ് ടെലസ്കോപ്പ്.
* ബഹിരാകാശത്ത് ആദ്യമെത്തിയ ജീവി ലെയ്ക എന്ന നായയാണ്. സോവിയറ്റ് യൂണിയൻ 1957 നവംബർ മൂന്നിന് വിക്ഷേ



പിച്ച സ്പുട്നിക്–2 എന്ന പേടകത്തിലാണ് ലെയ്കയെ ബഹിരാകാശത്ത് എത്തിച്ചത്. പ്രാണവായു ലഭിക്കാതെ ലെയ്ക ബഹിരാകാശത്ത് വച്ച് ചത്തു.
* ആദ്യത്തെ ബഹിരാകാശ സഞ്ചാരി സോവിയറ്റ് യൂണിയനിലെ യൂറി ഗഗാറിനാണ്. അദ്ദേഹത്തെയുംകൊണ്ട് വോസ്റ്റോക്–1 പേടകം പുറപ്പെട്ടത് 1961 ഏപ്രിൽ 12ന് ആണ്. ഒരു മണിക്കൂറും 48 മിനിട്ടും അദ്ദേഹം ബഹിരാകാശത്ത് ചെലവഴിച്ചു.
* ബഹിരാകാശത്ത് എത്തിയ ആദ്യത്തെ വനിത സോവിയറ്റ് യൂണിയനിലെ വാലന്റിന തെരഷ്കോവയാണ്. 1963 ജൂൺ 16–ന് വോസ്റ്റോക്–6 വാഹനത്തിലാണ് അവർ ബഹിരാകാശയാത്ര നടത്തിയത്.
* സോവിയറ്റ് യൂണിയനിലെ അലക്സി ലിയോനോവ് ആണ് ആദ്യമായി ബഹിരാകാശത്ത് നടന്നത് (1965 മാർച്ച് 18).
* വോസ്റ്റോക്–2 എന്ന വാഹനത്തിലാണ് അലക്സി ലിയോനോവ് ബഹിരാകാശത്തിലെത്തിയത്.
* 1959 മുതൽ 1976 വരെ സോവിയറ്റ് യൂണിയൻ വിക്ഷേപിച്ച 24 ബഹിരാകാശ വാഹനങ്ങളാണ് ലൂണ ദൗത്യത്തിലുണ്ടായിരുന്നത്. ചന്ദ്രോപരിതലത്തിൽ ഇടിച്ചിറങ്ങിയ ആദ്യത്തെ മനുഷ്യനിർമിത പേടകമാണ് ലൂണ–2. ചന്ദ്രന്റെ മറുവശത്തെ ചിത്രങ്ങൾ ആദ്യമായി പകർത്തിയത് ലൂണ–3 ആണ് (1959).
* ചന്ദ്രനിൽ സോഫ്റ്റ് ലാൻഡിംഗ് നടത്തിയ ആദ്യത്തെ ബഹിരാകാശ പേടകം ലൂണ–9 (1966).
* മനുഷ്യനെ ചന്ദ്രനിലേയ്ക്കയച്ച ബഹിരാകാശ ദൗത്യങ്ങളാണ് അമേരിക്കയുടെ അപ്പോളോ. 1968 മുതൽ 1972വരെ പതിനൊന്ന് അപ്പോളോ ദൗത്യങ്ങളാണ് നടന്നത്. ഇതിൽ ആറ് ദൗത്യങ്ങളിലൂടെ രണ്ട്പേർവീതം 12 അമേരിക്കക്കാർ ചന്ദ്രനിലിറങ്ങി. അവസാനമായി 1972ലാണ് മനുഷ്യൻ ചന്ദ്രനിൽ ഇറങ്ങിയത്.
* മനുഷ്യനെ ആദ്യമായി ചന്ദ്രനിലിറക്കിയ ബഹിരാകാശ ദൗത്യമാണ് അപ്പോളോ–11. നീൽ ആംസ്ട്രോങ്, എഡ്വിൻ ആൽഡ്രിൻ എന്നിവരാണ് ചന്ദ്രനിൽ ആദ്യമായി ഇറങ്ങിയത്.
* ``നീൽ ആംസ്ട്രോങ് ഭൂമിയെ നോക്കി പറഞ്ഞതാണ്– 'Big, Bright and Beautiful'.
* എഡ്വിൻ ആൽഡ്രിൻ പറഞ്ഞത് ഗംഭീരം, ശൂന്യം.
* നീലും കൂട്ടരും ചന്ദ്രനിൽ സ്ഥാപിച്ചിരുന്ന ഫലകത്തിൽ എഴുതിയിരുന്നത് ഇപ്രകാരമാണ്– ഞങ്ങൾ ഇവിടെയെത്തിയത് മാനവരാശിക്കാകെ സമാധാനത്തിനുവേണ്ടിയാണ്.
* നീലും കൂട്ടരും ചന്ദ്രനിൽ സ്ഥാപിച്ച ലോകരാഷ്ട്രത്തലവൻമാരുടെ ഫലകത്തിൽ ഒപ്പിട്ട ഇന്ത്യൻ പ്രസിഡന്റ് വി.വി. ഗിരിയാണ്. 158 രാഷ്ട്രത്തലവൻമാർ ഒപ്പിട്ട ഫലകമാണ് ചന്ദ്രനിൽ സ്ഥാപിച്ചത്. ഈ ഫലകത്തിലെ വാചകമാണ് ലോക നന്മ വരുത്താൻ മനുഷ്യന്റെ ചാന്ദ്രയാത്രയ്ക്കു കഴിയട്ടെ.
* മനുഷ്യൻ ആദ്യമായി ചന്ദ്രനിൽ ഇറങ്ങുമ്പോൾ അമേരിക്കൻ പ്രസിഡന്റായിരുന്നത് റിച്ചാർഡ് നിക്സൺ ആണ്.
* പ്രശാന്തിയുടെ സമുദ്രം എന്നറിയപ്പെടുന്ന ഭാഗത്താണ് മനുഷ്യൻ ആദ്യമായി ചന്ദ്രനിലിറങ്ങിയത്.
* ചന്ദ്രനിൽ കണ്ടെത്തിയ ധാതുവാണ് അർമകോലൈറ്റ്. ആംസ്ട്രോങ്, അൽഡ്രിൻ, കോളിൻസ് എന്നിവരുടെ പേരിലെ അക്ഷരങ്ങളുപയോഗിച്ച് നിർമിച്ച വാക്കാണിത്.
* ചന്ദ്രനിൽ മനുഷ്യനെയിറക്കി തിരിച്ചുകൊണ്ടുവന്ന ബഹിരാകാശ ദൗത്യങ്ങളാണ് അപ്പോളോ 11, 12, 14, 15, 16, 17 എന്നിവ.
* സൗരയൂഥം കടന്നുപോയ ആദ്യത്തെ ബഹിരാകാശ വാഹനമാണ് പയനിയർ 10 (യു.എസ്.എ).
* മേഘക്കടൽ, മോസ്കോ കടൽ, മഴവില്ലുകളുടെ ഉൾക്കടൽ, നുരയുന്ന കടൽ, ശൈത്യക്കടൽ, മഴക്കടൽ തുടങ്ങിയ പ്രദേശങ്ങൾ ചന്ദ്രനിലാണ്.
* സോവിയറ്റ് യൂണിയന്റെ സല്യൂട്ട്–1 ആണ് ആദ്യത്തെ ബഹിരാകാശനിലയം. 1971 ഏപ്രിൽ 19ന് വിക്ഷേപിച്ച സല്യൂട്ട്–1 നാലുവർഷം പ്രവർത്തിച്ചു.
* അമേരിക്കയുടെ ആദ്യത്തെ ബഹിരാകാശ നിലയമായ സ്കൈലാബ് വിക്ഷേപിച്ചത് 1973ലാണ്.
* ബഹിരാകാശത്തെത്തിയ ആദ്യത്തെ അമേരിക്കക്കാരൻ അലൻ ഷെപ്പേർഡാണ് (1961 മെയ് 5). ബഹിരാകാശത്തെത്തിയ രണ്ടാമത്തെ വ്യക്തിയാണദ്ദേഹം. ഫ്രീഡം–7 വാഹനത്തിലാണ് ഷെപ്പേർഡ് യാത്ര ചെയ്തത്.
* ആദ്യത്തെ ബഹിരാകാശ വിനോദ സഞ്ചാരി ഡെന്നിസ് ടിറ്റോ (2001). രണ്ടാമത്തെ ബഹിരാകാശ വിനോദ സഞ്ചാരി മാർക്ക് ഷട്ടിൽവർത്ത്.ആദ്യത്തെ വനിതാ ബഹിരാകാശ വിനോദ സഞ്ചാരി അനൗഷേ അൻസാരി (2006).
* കാർമൻ രേഖ കടന്ന് ആദ്യമായി ബഹിരാകാശത്ത് പോയ ആദ്യ സ്വകാര്യ വാഹനമാണ് സ്പേസ്ഷിപ്പ് വൺ. ഇതിൽ സഞ്ചരിച്ച് ആദ്യ വ്യക്തി മൈക്കൽ മെൽവിൻ.
* ഇന്ത്യയുടെ ആദ്യത്തെ ഉപഗ്രഹമായ ആര്യഭട്ട 1975 ഏപ്രിൽ 19–ന് വിക്ഷേപിച്ചത് സോവിയറ്റ് യൂണിയനിലെ Kapustin Yar –ൽനിന്ന് Kosmos 3M ബഹിരാകാശവാഹനം ഉപയോഗിച്ചാണ്. പ്രാചീന ഇന്ത്യയിൽ ജീവിച്ചിരുന്ന ആര്യഭടന്റെ ബഹുമാനാർഥമാണ് ആ പേര് നൽകിയത്.
* ഇന്ത്യയുടെ രണ്ടാമത്തെ ഉപഗ്രഹമായ ഭാസ്കര–ഒന്ന് (1979 ജൂൺ 7) അറിയപ്പെടുന്നത് ഏഴാം ശതകത്തിൽ ജീവിച്ചിരുന്ന ഭാസ്കര ഒന്നാമൻ എന്ന ജ്യോതി ശാസ്ത്രജ്ഞന്റെ പേരിലാണ്. ഇന്ത്യയുടെ മൂന്നാമത്തെ ഉപഗ്രഹമായ ഭാസ്കര–രണ്ട് (1981 നവംബർ 20) അറിയപ്പെടുന്നത് പന്ത്രണ്ടാം ശതകത്തിൽ ജീവിച്ചിരുന്ന ഗണിതശാസ്ത്രജ്ഞനും ജ്യോതിശാസ്ത്രജ്ഞനുമായ ഭാസ്കര രണ്ടാമന്റെ പേരിലാണ്. ഇവയും ഗമൂൗശേി ഥമൃ –ൽനിന്നാണ് വിക്ഷേപിച്ചത്.
* ഇന്ത്യക്കാരനായ ആദ്യത്തെ ബഹിരാകാശ യാത്രികൻ രാകേശ് ശർമയാണ് (1984 ഏപ്രിൽ 3). റഷ്യക്കാരുടെ സോയുസ് ടി–11 വാഹനത്തിലാണ് അദ്ദേഹം പോയത്. ഏഴു ദിവസവും 21 മണിക്കൂറും 40 മിനിട്ടും അദ്ദേഹം ബഹിരാകാശത്ത് ചെലവഴിച്ചു. സല്യൂട്ട്–7 സ്റ്റേഷനിലാണ് തങ്ങിയത്.
* ഇന്ത്യ എങ്ങനെയുണ്ട് എന്ന പ്രധാനമന്ത്രി ഇന്ദിരാ ഗാന്ധിയുടെ ചോദ്യത്തിന് സാരേ ജഹാം സേ അച്ഛാ എന്നായിരുന്നു രാകേഷ് ശർമയുടെ മറുപടി.
* ഇന്ത്യൻ വ്യോമസേനയിൽ സ്ക്വാഡ്രൺ ലീഡറായിരിക്കെയാണ് അദ്ദേഹം ബഹിരാകാശ യാത്ര നടത്തിയത്. ദൗത്യത്തിൽ പങ്കെടുക്കുമ്പോൾ അദ്ദേഹത്തിന് 35 വയസ്സായിരുന്നു. പഞ്ചാബിലെ പാട്യാല സ്വദേശിയാണ് അദ്ദേഹം.
* അശോക് ചക്ര, ഹീറോ ഓഫ് സോവിയറ്റ് യൂണിയൻ എന്നീ ബഹുമതികൾക്ക് അദ്ദേഹം അർഹനായി. വ്യോമസേനയിൽ വിംഗ് കമാൻഡറായി അദ്ദേഹം വിരമിച്ചു.
* രാകേഷ് ശർമയ്ക്കൊപ്പം ബഹിരാകാശ യാത്രയ്ക്ക് തയ്യാറെടുപ്പ് പൂർത്തിയാക്കിയ വ്യക്തിയാണ് രവീഷ് മൽഹോത്ര.
* ആന്ധ്രാപ്രദേശിലെ നെല്ലൂർ ജില്ലയിലെ ശ്രീഹരിക്കോട്ടയിലുള്ള സതീഷ് ധവാൻ സ്പേസ് സെന്ററിൽനിന്ന് ചന്ദ്രയാൻ വിക്ഷേപിച്ചത് 2008 ഒക്ടോബർ 22നായിരുന്നു. ആ സമയത്ത് ഐ.എസ്.ആർ.ഒ. ഡയറക്ടറായിരുന്നത് ജി. മാധവൻ നായർ. മയിൽസ്വാമി അണ്ണാദുരൈ ആയിരുന്നു ചന്ദ്രയാൻ പദ്ധതിയുടെ തലവൻ. 2008 നവംബർ എട്ടിന് ചന്ദ്രന്റെ ഭ്രമണപഥത്തിൽ ചന്ദ്രയാൻ പ്രവേശിച്ചു.
* 2009 ഓഗസ്ത് 29നാണ് ചന്ദ്രയാൻ അവസാന സിഗ്നൽ അയച്ചത്. രണ്ട് വർഷം പ്രവർത്തിക്കുമെന്നാണ് ഉദ്ദേശിച്ചിരുന്നതെങ്കിലും 312 ദിവസമാണ് ചന്ദ്രയാൻ പ്രവർത്തിച്ചത്. എന്നാലും, ലക്ഷ്യത്തിന്റെ 95 ശതമാനവും നിറവേറ്റാൻ ചന്ദ്രയാനു കഴിഞ്ഞു.
* 2003 ആഗസ്ത് 15ലെ സ്വാതന്ത്ര്യദിന സന്ദേശത്തിനിടെ അന്നത്തെ പ്രധാനമന്ത്രി അടൽ ബിഹാരി വാജ്പേയിയാണ് ചന്ദ്രയാൻ ദൗത്യം പ്രഖ്യാപിച്ചത്.
* 1380 കിലോഗ്രാമായിരുന്നു ചന്ദ്രയാന്റെ ഭാരം. ചന്ദ്രനെ 3400 തവണയാണ് ചന്ദ്രയാൻ പ്രദക്ഷിണം വച്ചത്.
* ചന്ദ്രയാൻ ഇടിച്ചിറങ്ങിയത് ഷാക്കിൽടൺ ഗർത്തത്തിലാണ്. ഈ ദൗത്യത്തിന്റെ ഭാഗമായി ചന്ദ്രോപരിതലത്തിൽ ഇടിച്ചിറങ്ങിയ ഉപകരണമാണ് മൂൺ ഇംപാക്ട് പ്രോബ്.
* 2008 നവംബർ 14നാണ് മൂൺ ഇംപാക്ട് പ്രോബ് ചന്ദ്രയാനിൽനിന്ന് വേർപെട്ട് ചന്ദ്രന്റെ ദക്ഷിണധ്രുവത്തിൽ ഇറങ്ങിയത്.
* ചന്ദ്രനിൽ ദേശീയ പതാക പതിപ്പിച്ച നാലാമത്തെ രാജ്യമാണ് ഇന്ത്യ.
* ചന്ദ്രനിൽ ജലമുണ്ടെന്ന് കണ്ടെത്തിയ ചന്ദ്രയാൻ ഭാഗമാണ് മൂൺ മിനറോളജി മാപ്പർ.
* ചന്ദ്രയാനിലെ ആകെ 11 പേലോഡുകളുടെ അഞ്ചെണ്ണം ഇന്ത്യയുടേതായിരുന്നു.
* ബഹിരാകാശയാത്ര നടത്തിയ ആദ്യ ഇന്ത്യൻ വംശജ കൽപനാ ചൗളയാണ്. ഹരിയാനയിലെ കർണാലിലാണ് അവർ ജനിച്ചത്. അമേരിക്കൻ ബഹിരാകാശദൗത്യത്തിലാണ് അവർ പങ്കെടുത്തത്.
* കൊളംബിയ സ്പേസ് ഷട്ടിൽ 2003 ഫെബ്രുവരി ഒന്നിന് തകർന്ന് കൽപനാ ചൗള അന്തരിച്ചു.
* ബഹിരാകാശ യാത്ര നടത്തിയ രണ്ടാമത്തെ ഇന്ത്യൻ വംശജ സുനിതാ വില്യംസ് ആണ്. ബഹിരാകാശത്ത് ആദ്യമായി മാരത്തൺ നടത്തിയ വനിതയാണ് അവർ. അമേരിക്കയിലെ ഓഹിയോയിൽ 1965–ൽ ജനിച്ച അവരുടെ പൂർവികരുടെ സ്വദേശം ഗുജറാത്താണ്. അമേരിക്കൻ നാവിക സേനയിലാണ് അവർ സേവനമനുഷ്ഠിക്കുന്നത്.
* 1986–ൽ സോവിയറ്റ് യൂണിയൻ വിക്ഷേപിച്ച ബഹിരാകാശ നിലയമാണ് മിർ. 2001 മാർച്ച് 23–ന് ഇതിനെ പസഫിക് സമുദ്രത്തിൽ പതിപ്പിച്ചു.
* അമേരിക്കയുടെ ബഹിരാകാശ യാത്രികർ Astronaut എന്നും ചൈനയുടേത് Taekonaut എന്നും അറിയപ്പെടുന്നു.
* അമേരിക്കൻ നിയമപ്രകാരം സമുദ്രനിരപ്പിൽനിന്ന് 50 മൈൽ ഉയരത്തിൽ യാത്ര ചെയ്യുന്നയാളാണ് ആസ്ട്രോനോട്ട്.
* അമേരിക്കൻ ബഹിരാകാശ പഠന കേന്ദ്രമാണ് നാസ. ഇന്ത്യയുടെ ബഹിരാകാശ ഏജൻസിയാണ് ഐ.എസ്.ആർ.ഒ.
* ഇന്ത്യൻ ബഹിരാകാശ ശാസ്ത്രത്തിന്റെ പിതാവ് വിക്രം സാരാഭായി. 1971 ഡിസംബർ 31 ന് കോവളത്താണ് അദ്ദേഹം അന്തരിച്ചത്. പ്രശസ്ത നർത്തകി മൃണാളിനി സാരാഭായിയെയാണ് അദ്ദേഹം വിവാഹം കഴിച്ചത്. ഇവരുടെ മകൾ മല്ലിക സാരാഭായിയും നർത്തകിയെന്ന നിലയിൽ പ്രശസ്തയാണ്.
* ചില മൃഗങ്ങളുടെയോ വസ്തുക്കളുടെയോ ആകൃതിയിൽ ആകാശത്ത് കാണപ്പെടുന്ന നക്ഷത്രക്കൂട്ടങ്ങളാണ് സ്ഥിരം നക്ഷത്രക്കൂട്ടങ്ങൾ അഥവാ കോൺസ്റ്റല്ലേഷനുകൾ. രാത്രി ആകാശത്തുനോക്കി ദിക്കുകൾ തിരിച്ചറിയാൻ ഇവ സഹായകമാണ്. ആകെ 88 കോൺസ്റ്റല്ലേഷനുകളാണുള്ളത്. ഇന്റർനാഷണൽ ആസ്ട്രോണോമിക്കൽ യൂണിയനാണ് കോൺസ്റ്റല്ലേഷനുകൾക്ക് പേര് നിശ്ചയിക്കുന്നത്. ഏറ്റവും വലിയ കോൺസ്റ്റല്ലേഷൻ ഹൈഡ്രയാണ്.
* ഭൂമിയെ വലംവച്ച ആദ്യത്തെ ബഹിരാകാശ യാത്രികനാണ് അമേരിക്കക്കാരനായ ജോൺ ഗ്ലെൻ. 1962–ൽ ഫ്രണ്ട്ഷിപ്പ്–7 എന്ന വാഹനത്തിലായിരുന്നു യാത്ര.
* അമേരിക്ക നിർമിച്ച സ്പേസ് ഷട്ടിലുകളാണ് കൊളംബിയ, ചലഞ്ചർ, ഡിസ്കവറി, അത്ലാന്റിസ്, എൻഡവർ. ഇതിൽ ചലഞ്ചറും കൊളംബിയയും യഥാക്രമം 1986, 2003 വർഷങ്ങളിൽ തകർന്നു.
* ഇന്ത്യയുടെ ആദ്യത്തെ ബഹിരാകാശ നിരീക്ഷണ ഉപഗ്രഹം എന്ന വിശേഷണം സ്വന്തമായ അസ്ട്രോസാറ്റ് വിക്ഷേപിച്ചത് 2015 സെപ്തംബർ 28–ന് ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ സ്പേസ് സെന്ററിൽനിന്നാണ്. പ്രപഞ്ച രഹസ്യങ്ങളെക്കുറിച്ചുള്ള അന്വേഷണമാണ് അസ്ട്രോസാറ്റിന്റെ ലക്ഷ്യം. പിഎസ്എൽവി സി 30 എന്ന ബഹിരാകാശ വാഹനമാണ് അസ്ട്രോസാറ്റിനെ ലക്ഷ്യത്തിലെത്തിച്ചത്.

# സംക്ഷേപവേദാർഥം, മംഗലാപുരം ഉടമ്പടി



## നെടുങ്കോട്ട

1764– തിരുവിതാംകൂർ രാജ്യത്തിൻെറ വടക്കുഭാഗത്ത് പ്രതിരോധത്തിനു ധർമരാജാവ് നെടുങ്കോട്ട നിർമ്മിച്ചു.

1766– ഹൈദരാലി മംഗലപുരത്തെത്തി ചിറയ്ക്കലും കോട്ടയവും കൈവശപ്പെടുത്തി (ഫിബ്രവരി). പിന്നീട് കോഴിക്കോട് ആക്രമിച്ചു. സാമൂതിരി ഹൈദർ ആവശ്യപ്പെട്ട കപ്പം നൽകാൻ കഴിവില്ലാത്തതിനാൽ അപമാന ഭീതി മൂലം ആത്മഹത്യ ചെയ്തു. മാമാങ്കം മുടങ്ങിപ്പോകാൻ മുഖ്യകാരണം മൈസൂറിന്റെ ആക്രമണമായിരുന്നു.

– തിരുവിതാംകൂറും ഇംഗ്ലീഷുകാരുടെ മിത്രമായ കർണാട്ടിക് നവാബുമായും ഒരു കരാർ ഉണ്ടാക്കി. ആ കരാറിൽ ഹൈദരാലിക്കെതിരെ യുദ്ധം ചെയ്യാൻ തിരുവിതാംകൂർ സമ്മതിച്ചിരുന്നു. മൈസൂറും തിരുവിതാംകൂറും തമ്മിലുള്ള ബന്ധം വഷളാകാൻ ഈ കരാർ കാരണമായി.

– ഹൈദർ അലി പാലക്കാട് കോട്ട നിർമിച്ചു. ഫ്രഞ്ച് എഞ്ചിനീയർമാരുടെ സാങ്കേതിക വൈദഗ്ധ്യം ഇതിന് പ്രയോജനപ്പെടുത്തിയിട്ടുണ്ടെന്ന് പറയപ്പെടുന്നു.

– മാർത്താണ്ഡവർമയ്ക്കുശേഷം തിരുവിതാംകൂറിന് ലഭിച്ച ഭൂപ്രദേശങ്ങൾ കാർത്തിക തിരുനാൾ രാജാവ് ശ്രീപത്മനാഭനു സമർപ്പിച്ചു (രണ്ടാം തൃപ്പടിദാനം)

1768– ഫ്രഞ്ച്, ഡച്ചുശക്തികളുടെ മധ്യസ്ഥതയോടുകൂടി, മലബാറിലെ സ്ഥാനഭ്രഷ്ടരായ രാജാക്കൻമാർ അവരവരുടെ നഷ്ടപ്പെട്ട സ്ഥാനങ്ങളിൽ പുനർവാഴ്ച നടത്തണമെന്നും മൈസൂർ ആധിപത്യം അംഗീകരിക്കാമെന്നും ഹൈദരാലിയുടെ മലബാർ ഗവർണറായിരുന്ന മദ്ദണ്ണയുടെ അടുക്കൽ നിവേദനം സമർപ്പിച്ചു. അനുരഞ്ജനശ്രമങ്ങളുടെ ഫലമായി മദ്ദണ്ണ മലബാർ രാജാക്കൻമാരെ പുനർവാഴ്ച നടത്താമെന്ന് സമ്മതിച്ചു. 1768 ഡിസംബറിൽ മൈസൂർ സൈന്യം മലബാർ വിടുകയും ഇംഗ്ലീഷുകാർക്കെതിരെയുള്ള യുദ്ധത്തിൽ ഒരു നിർണായകശക്തിയായിത്തീരുകയും ചെയ്തു. അങ്ങനെ ചിറയ്ക്കൽ രാജാവൊഴികെ മറ്റെല്ലാ മലബാർ രാജാക്കൻമാരും അവരവരുടെ സ്ഥാനങ്ങളിൽ പുനഃപ്രതിഷ്ഠിക്കപ്പെട്ടു. ചിറയ്ക്കൽ രാജാവിന്റെ പ്രദേശം ആലി രാജയുടെ നിയന്ത്രണത്തിൽത്തുടർന്നു.

– ഹൈദരാലി ബേക്കൽ കോട്ട തന്റെ അധീനതയിലാക്കി. തെക്കൻ കർണാടക ആക്രമണകാലത്ത് ടിപ്പുവിന്റെ സൈനിക കേന്ദ്രവും ഹജൂരാപ്പീസും ഇവിടെയായിരുന്നു. ടിപ്പുവിന്റെ പതനത്തിനുശേഷം 1799–ൽ ഇംഗ്ലീഷ് ഈസ്റ്റിന്ത്യാക്കമ്പനി കോട്ട കൈവശപ്പെടുത്തി.



നെടുങ്കോട്ട

1771– ഡച്ചുകാർ കണ്ണൂർ കോട്ട അറയ്ക്കൽ ബീവിക്ക് വിറ്റു. ബ്രിട്ടീഷുകാർ അത് പിടിച്ചെടുക്കുമെന്ന് കരുതി അത് പൊളിച്ചുകളയാൻ ടിപ്പു സുൽത്താൻ ആവശ്യപ്പെട്ടു. 1790ൽ ബ്രിട്ടീഷുകാർ ഈ കോട്ട പിടിച്ചു. ഒന്നരലക്ഷം രൂപവാങ്ങി കോട്ട അറയ്ക്കൽ ബീവിക്ക് വിട്ടുകൊടുത്തു. 1793ൽ അവർ വീണ്ടും കോട്ട ആക്രമിച്ചു. 1796ൽ ബീവി കോട്ട ബ്രിട്ടീഷുകാർക്ക് വിട്ടുകൊടുത്തു.

## സംക്ഷേപവേദാർഥം

1772– ഫാദർ ക്ലമൻറ് നിർമിച്ച 'സംക്ഷേപവേദാർഥം' റോമിൽനിന്നും പ്രസിദ്ധപ്പെടുത്തി. ആദ്യവസാനം മലയാളം അച്ചുപയോഗിച്ച് ഒന്നാമതായി മുദ്രണം ചെയ്ത മലയാള പുസ്തകമാണിത്.

1773– മൈസൂർ സൈന്യം വീണ്ടും മലബാറിൽ പടയോട്ടം നടത്തി.

– കൽക്കുളം കൊട്ടാരം മാർത്താണ്ഡവർമ പുതുക്കിപ്പണിയിച്ച് പദ്മനാഭപുരം കൊട്ടാരം എന്ന പേരു നൽകി.

– വരാപ്പുഴയിൽ പ്രസ് നിലവിൽവന്നു.

1776– ഹൈദർ തൃശ്ശൂർ പിടിച്ചു.

– ഹൈദർ പിടിച്ചടക്കിയ കോലത്തിരി രാജ്യത്തിന്റെ (ചിറയ്ക്കൽ) ഭരണം നടത്തിയിരുന്ന ആലി രാജയായിരുന്നു. എന്നാൽ അദ്ദേഹം കപ്പം നൽകുന്നതിൽ വീഴ്ച വരുത്തിയതിനെത്തുടർന്ന് 1776–ൽ കോലത്തിരി രാജാവിനെ വീണ്ടും അവരോധിക്കുകയും ആലി രാജയെ ആ സ്ഥലത്തിന്റെ നടത്തിപ്പിൽ നിന്ന് ഒഴിവാക്കുകയും ചെയ്തു.

1777– ഡിലനോയി ഉദയഗിരികോട്ടയിൽ (ഇപ്പോൾ കന്യാകുമാരി ജില്ലയിൽ) അന്തരിച്ചു. ബെൽജിയത്തിൽ ജനിച്ച ഡിലനോയ് ഇരുപത്തിരണ്ടാം വയസ്സിൽ ഡച്ച് ഈസ്റ്റിന്ത്യാക്കമ്പനിയിൽ ഉദ്യോഗത്തിൽച്ചേർന്നു. അങ്ങനെ കൊച്ചിയിലെത്തി. 1741–ലെ കുളച്ചൽയുദ്ധത്തിലെ ഡച്ചുസേനയുടെ പരാജയത്തെത്തുടർന്ന് തിരുവിതാംകൂറിനു കീഴടങ്ങി. പിന്നീട് തിരുവിതാംകൂർ സൈന്യത്തിൽച്ചേർന്നു. 36 വർഷം സേവനം നടത്തി. ഉദയഗിരിക്കോട്ടയിലാണ് അന്ത്യവിശ്രമം.

1778– കൊടുങ്ങല്ലൂരിൽവച്ച് ഡച്ച്–ഹൈദരാലി യുദ്ധത്തിൽ ഡച്ചുകാർക്ക് തോൽവി.

1779– മയ്യഴിയിലെ ഫ്രഞ്ചുകാർ ഇംഗ്ലീഷുകാർക്ക് കീഴടങ്ങി (ഫിബ്രവരി 19). ബ്രിട്ടീഷുകാർ മയ്യഴി (മാഹി)കൈവശപ്പെടുത്തി. പിന്നീടത് ഫ്രഞ്ചുകാർക്കു തിരികെ നൽകി.

1783– ജനവരി 20–ന് വേഴ്സയിൽസിൽവച്ച് ഇംഗ്ലണ്ടും ഫ്രാൻസും തമ്മിൽ ഒരു സമാധാന സന്ധിയിൽ ഒപ്പുവെച്ചു. ഇതിലെ വ്യവസ്ഥയനുസരിച്ച്, ഇന്ത്യയിലെ ഫ്രഞ്ചുസങ്കേതങ്ങൾ മുഴുവൻ അവർക്ക് തിരികെ ലഭിച്ചു. മലബാർ തീരത്ത് ഫ്രഞ്ചുകാർക്ക് സ്വതന്ത്രമായും സമാധാനപരമായും വാണിജ്യ ബന്ധത്തിലേർപ്പെടാനുള്ള അവകാശത്തെ ഇംഗ്ലീഷുകാർ അംഗീകരിച്ചു. മോൺസിയർ ലൂയി മാർട്ടിനെ മയ്യഴിയും അടുത്തുള്ള മറ്റു പ്രദേശങ്ങളും ഏറ്റുവാങ്ങാൻ ഫ്രഞ്ചുകാർ നിയോഗിച്ചു. ആഗസ്ത് 15–ന് മയ്യഴി വീണ്ടും ഫ്രഞ്ചധീനതയിലായി.

– ബ്രിട്ടീഷ് സൈന്യം പാലക്കാട് കോട്ട പിടിച്ചെടുത്തു.

## മംഗലാപുരം ഉടമ്പടി

1784– മംഗലാപുരം ഉടമ്പടി (മാർച്ച് 11) പ്രകാരം തിരുവിതാംകൂർ ഒഴികെ കേരളത്തിലെ മറ്റു രാജാക്കൻമാരെല്ലാം ടിപ്പുവിന്റെ സാമന്തൻമാർ ആണെന്നു ബ്രിട്ടീഷുകാർ സമ്മതിച്ചു.

1785– കൊച്ചിയിലെ ഡച്ചുകോട്ട ബ്രിട്ടീഷുകാർ കയ്യടക്കി.

1788– ടിപ്പുവിൻെറ ആദ്യത്തെ മലബാർ പടയോട്ടം. ടിപ്പു ഫറോക്ക് പട്ടണം സ്ഥാപിച്ചു. ടിപ്പുവിൻെറ അധീനതയിലുള്ള മലബാർ പ്രദേശങ്ങളുടെ ഭരണകേന്ദ്രമായി ഫറോക്ക് വികസിച്ചു.

– തിരുവിതാംകൂറിലെ രാമവർമ രാജാവും ഇംഗ്ലീഷ് ഈസ്റ്റിന്ത്യാകമ്പനിക്കുവേണ്ടി മദ്രാസ് ഗവർണറും ഒരു സൈനിക കരാറിലേർപ്പെട്ടു (ആഗസ്ത് 12). തിരുവിതാംകൂറിന്റെ രക്ഷയ്ക്ക് ഇംഗ്ലീഷ് സേനയുടെ സേവനം ലഭ്യമാക്കുക എന്നതായിരുന്നു ഉടമ്പടിയുടെ ലക്ഷ്യം. അതുപ്രകാരം രണ്ടു റെജിമെന്റ് ഇംഗ്ലീഷ് സൈന്യം തിരുവിതാംകൂറിൽ നിലയുറപ്പിച്ചു. സമാധാനകാലത്ത് മഹാരാജാവും യുദ്ധകാലത്ത് കമ്പനിയും പട്ടാളത്തിന്റെ ചെലവ് വഹിക്കണമെന്നായിരുന്നു ധാരണ. ചെലവ് തിരുവിതാംകൂർ പണമായോ കുരുമുളകായോ നൽകണം. മഹാരാജാവിന് മദ്രാസ് ഗവൺമെന്റുമായി എളുപ്പം സമ്പർക്കം പുലർത്തുന്നതിനുവേണ്ടി ജോർജ് പൗണി എന്ന ഇംഗ്ലീഷ് ഉദ്യോഗസ്ഥനെ തിരുവനന്തപുരത്ത് താമസിപ്പിക്കുകയും ചെയ്തു. ഇവിടെ നിയമിതനായ ആദ്യത്തെ ബ്രിട്ടീഷ് സ്ഥാനപതിയാണ് പൗണി. പൗണിക്കുശേഷം മേജർ ബാനർമാനും അതിനുശേഷം കേണൽ മെക്കാളെയും ബ്രിട്ടീഷ് പ്രതിനിധികളായി തിരുവിതാംകൂറിൽവന്നു. 1800 മെയ് മാസത്തിൽ റസിഡന്റിന്റെ പദവി സൃഷ്ടിക്കപ്പെട്ടു. കേണൽ കോളിൻ മെക്കാളെ ആണ് ആ പദവിയിൽ നിയമിതനായ ആദ്യത്തെ വ്യക്തി. മൈസൂറും തിരുവിതാംകൂറും തമ്മിലുള്ള ബന്ധം കൂടുതൽ വഷളാകാൻ 1788–ലെ കരാർ കാരണമായി. ടിപ്പു സുൽത്താൻ തിരുവിതാംകൂറുമായി സൗഹാർദ്ദക്കരാർ ഉണ്ടാക്കാൻ അയച്ച ദൂതൻമാരെ രാജാവ് സ്വീകരിച്ചതുതന്നെ ബ്രിട്ടീഷ് പ്രതിനിധിയുടെ സാന്നിധ്യത്തിലായിരുന്നു. തിരുവിതാംകൂറുമായി ഒരു സംഘട്ടത്തിലേർപ്പെടാൻ ഈ നടപടിയും ടിപ്പുവിന് പ്രേരകശക്തിയായി.

# Practice Questions

1

1. മക്കാവു എന്ന പ്രദേശം ഇപ്പോൾ ഏതു രാജ്യത്തിന്റെ പ്രത്യേക ഭരണ പ്രദേശമാണ്?
(എ) പോർച്ചുഗൽ (ബി) ബ്രിട്ടൺ
(സി) ചൈന (ഡി) യു.എസ്.എ.
2. ----- ന്റെ പരാജയശേഷമാണ് ക്വിറ്റിന്ത്യാ സമരം ആരംഭിച്ചത്?
(എ) ക്യാബിനറ്റ് മിഷൻ
(ബി) സൈമൺ കമ്മിഷൻ
(സി) ക്രിപ്സ് മിഷൻ
(ഡി) ഹണ്ടർ കമ്മിഷൻ
3. ഇന്ത്യൻ ഭരണഘടന നിയമനിർമാണ നടപടിക്രമങ്ങളിൽ ഏതു രാജ്യത്തെയാണ് മാതൃകയാക്കിയിരിക്കുന്നത്?
(എ) യു.എസ്.എ. (ബി) ബ്രിട്ടൺ
(സി) അയർലൻഡ് (ഡി) കാനഡ
4. കേന്ദ്രസർക്കാരിനെയും സംസ്ഥാന സർക്കാരിനെയും തമ്മിൽ ബന്ധിപ്പിക്കുന്ന കണ്ണി എന്നറിയപ്പെടുന്നത്?
(എ) സ്പീക്കർ (ബി) മുഖ്യമന്ത്രി
(സി) ചീഫ് സെക്രട്ടറി (ഡി) ഗവർണർ
5. ജലത്തിന്റെ എത്ര ശതമാനമാണ് ഓക്സിജൻ?
(എ) 66.6 (ബി) 50
(സി) 87.5 (ഡി) 89
6. ഭൂമധ്യരേഖയോട് ഏറ്റവും അടുത്തു സ്ഥിതിചെയ്യുന്ന ഇന്ത്യൻ പ്രദേശം:
(എ) കേരളം (ബി) ലക്ഷദ്വീപ്
(സി) ആൻഡമാൻ (ഡി) നിക്കോബാർ
7. ഭൂമിയുടെ ചുറ്റളവ് ആദ്യമായി കണക്കാക്കിയത്:
(എ) ഹിപ്പാർക്കസ് (ബി) ഗലീലിയോ
(സി) മഗല്ലൻ (ഡി) ഇറാത്തോസ്തനീസ്
8. 'വിമോചന സമര'കാലത്ത് കെ.പി.സി.സി.പ്രസിഡന്റായിരുന്നത്:
(എ) ആർ.ശങ്കർ (ബി) പി.ടി.ചാക്കോ
(സി) പനമ്പിള്ളി ഗോവിന്ദമേനോൻ
(ഡി) ഇവരാരുമല്ല
9. ബ്രിട്ടന്റെ ആദ്യത്തെ പ്രധാനമന്ത്രി:
(എ) റോബർട്ട് വാൾപോൾ
(ബി) വില്യം പിറ്റ് (സി) ദിസ്റയേലി
(ഡി) വില്യം ഗ്ലാഡ്സ്റ്റൺ
10. 'പൂർവാചൽ' എന്ന പേരിലറിയപ്പെടുന്ന പർവതനിരയുടെ മറ്റൊരു പേര്?
(എ) സഹ്യാദ്രി (ബി) കാരക്കോറം
(സി) പട്കായ് (ഡി) നീലഗിരി
11. 'ദ്വിമണ്ഡല നിയമനിർമാണ സഭ' എന്ന ആശയം ഇന്ത്യൻ ഭരണഘടന എവിടെ നിന്നാണ് കടംകൊണ്ടിരിക്കുന്നത്?
(എ) കാനഡ (ബി) യു.എസ്.എ.
(സി) അയർലൻഡ് (ഡി) യു.കെ.
12. ഇന്ത്യയിലെ നീതിന്യായ വ്യവസ്ഥ:
(എ) സ്വതന്ത്രമാണ്
(ബി) പ്രസിഡന്റിന്റെ കീഴിലാണ്
(സി) പ്രധാനമന്ത്രിയുടെ കീഴിലാണ്
(ഡി) പാർലമെന്റിന്റെ കീഴിലാണ്
13. എത്രാമത്തെ പഞ്ചവത്സരപദ്ധതിയാണ് 'മഹലനോബിസ് മോഡൽ' എന്നറിയപ്പെടുന്നത്?
(എ) ഒന്നാമത്തെ (ബി) രണ്ടാമത്തെ
(സി) മൂന്നാമത്തെ (ഡി) നാലാമത്തെ
14. കേരള മുഖ്യമന്ത്രിമാരിൽ ഗവർണറായി നിയമിതനായ ഏക വ്യക്തി:
(എ) കെ.കരുണാകരൻ
(ബി) എ.കെ.ആന്റണി
(സി) പട്ടം താണുപിള്ള
(ഡി) ഇ.കെ നായനാർ
15. 'ഫെഡറേഷൻ' എന്ന ആശയത്തിന് ഇന്ത്യ മുഖ്യമായും കടപ്പെട്ടിരിക്കുന്നത് ഏത് രാജ്യത്തെ ഭരണഘടനയോടാണ്?
(എ) ദക്ഷിണാഫ്രിക്ക(ബി) യു.എസ്.എ.
(സി) കാനഡ (ഡി) അയർലൻഡ്
16. ക്ലോണിംഗിലൂടെ സൃഷ്ടിക്കപ്പെട്ട നൂറി ഏത് മൃഗമാണ്?
(എ) പാഷ്മിന ആട്(ബി) ചെമ്മരിയാട്
(സി) പന്നി (ഡി) കുതിര
17. സൈക്കോ അനാലിസിസിന്റെ പിതാവ്:
(എ) കാൾ ജങ്ങ്
(ബി)സിഗ്മണ്ട് ഫ്രോയ്ഡ്
(സി) പാവ്ലോവ് (ഡി) ഇവരാരുമല്ല
18. കേരളത്തിൽ മുഖ്യമന്ത്രി, ഉപമുഖ്യമന്ത്രി, സ്പീക്കർ,ലോക്സഭാംഗം തുടങ്ങിയ പദവികൾ വഹിച്ച ഏക വ്യക്തി:
(എ) സി.എച്ച്.മുഹമ്മദ് കോയ
(ബി) വക്കം പുരുഷോത്തമൻ
(സി) കെ.കരുണാകരൻ
(ഡി) എ.കെ.ആന്റണി
19. സംസ്ഥാന പബ്ലിക് സർവ്വീസ് കമ്മിഷന്റെ പ്രവർത്തനം സംബന്ധിച്ച വാർഷിക റിപ്പോർട്ട് ആർക്കാണ് സമർപ്പിക്കുന്നത്?
(എ) മുഖ്യമന്ത്രി (ബി) പ്രസിഡന്റ്
(സി) ഗവർണർ (ഡി) സ്പീക്കർ
20. മഹാത്മാഗാന്ധി ദക്ഷിണാഫ്രിക്കയിലെ താമസം മതിയാക്കി ഇന്ത്യയിൽ തിരിച്ചെത്തിയ വർഷം:
(എ) 1914 (ബി) 1917
(സി) 1915 (ഡി) 1916
21. 'ദി ട്രിബ്യൂൺ' എവിടെനിന്നുമാണ് പ്രസിദ്ധീകരിക്കുന്നത്?
(എ) ന്യൂഡൽഹി (ബി) ചണ്ഡിഗഡ്
(സി) കൊൽക്കത്ത(ഡി) ചെന്നൈ
22. 'അഷ്ടാംഗമാർഗം' ഏതു മതവുമായി ബന്ധപ്പെട്ടിരിക്കുന്നു?
(എ) ജൈനമതം (ബി) ബുദ്ധമതം
(സി) ജൂതമതം (ഡി) ഹിന്ദുമതം
23. സുഖവാസകേന്ദ്രമായ മുസൂറി ഏതു സംസ്ഥാനത്താണ്?
(എ) ഉത്തർ പ്രദേശ്
(ബി) ഉത്തരാഖണ്ഡ്



(സി) ഹിമാചൽ പ്രദേശ്
(ഡി) ജമ്മു കശ്മീർ
24. 'ഓറോളജി' എന്തിനെക്കുറിച്ചുള്ള പഠനമാണ്?
(എ) ധാതുക്കൾ (ബി) പാറകൾ
(സി) പർവതങ്ങൾ (ഡി) നദികൾ
25. കേരള നിയമസഭയുടെ ചരിത്രത്തിൽ സഭയ്ക്കുപുറത്ത് സത്യപ്രതിജ്ഞ ചെയ്ത ഏക അംഗം:
(എ) എം.ചന്ദ്രൻ
(ബി) എ.എ.അസീസ്
(സി) മത്തായി ചാക്കോ
(ഡി) വി.ആർ.കൃഷ്ണയ്യർ
26. ലോകത്ത് ഏറ്റവും ഉയരത്തിൽ സ്ഥിതി ചെയ്യുന്ന പട്ടണം:
(എ) വെൻചുവാൻ(ബി) ലാപാസ്
(സി) ലാസ (ഡി) ലീഡ്‌വില്ലി
27. സർദാർ പട്ടേൽ സ്റ്റേഡിയം എവിടെ സ്ഥിതിചെയ്യുന്നു?
(എ) മുംബൈ (ബി) ഗാന്ധിനഗർ
(സി) സൂററ്റ് (ഡി) അഹമ്മദാബാദ്
28. 'പരമവീരചക്രം' രൂപകൽപന ചെയ്തത്?
(എ) പിംഗലി വെങ്കയ്യ
(ബി) സാവിത്രി ഖനോലങ്കർ
(സി) ചാൾസ് കൊറിയ
(ഡി) നന്ദലാൽ ബോസ്
29. മലേറിയയ്ക്കു കാരണമായ ജീവി:
(എ) ക്യൂലക്സ് കൊതുക്
(ബി) അനോഫിലസ് കൊതുക്
(സി) പ്ലാസ്മോഡിയം
(ഡി) വൈറസ്
30. 'ബോംബെ ഡക്ക്' എന്നാൽ ഒരു തരം ---- ആണ്:
(എ) മത്സ്യം (ബി) നീർക്കുതിര
(സി) ആമ (ഡി) അരയന്നം
31. ആദ്യമായി വാക്സിനേഷൻ കണ്ടുപിടിച്ചതാര്?
(എ) ലൂയി പാസ്ചർ
(ബി) റൊണാൾഡ് റോസ്
(സി) എഡ്വേർഡ് ജെന്നർ
(ഡി) ല്യൂവൻഹോക്ക്
32. സിഫിലിസ് എന്ന രോഗത്തിനു കാരണമായ അണു:
(എ) നെയ്സേറിയ
(ബി) ട്രിപ്പോനിമ പല്ലിഡിയം
(സി) മൈക്കോബാക്ടീരിയം
(ഡി) പ്ലാസ്മോഡിയം വൈവാക്സ്
33. കൊബാൾട്ട് അടങ്ങിയ വൈറ്റമിൻ:
(എ) വിറ്റാമിൻ ബി 1
(ബി) വിറ്റാമിൻ ബി 2
(സി) വിറ്റാമിൻ ബി 6
(ഡി) വിറ്റാമിൻ ബി 12
34. വാക്സിനേഷനിലൂടെ ഭൂമുഖത്തുനിന്നു നിർമാർജനം ചെയ്ത ആദ്യത്തെ രോഗം:
(എ) പോളിയോ
(ബി) സ്മോൾ പോക്സ്
(സി) ചിക്കൻ പോക്സ് (ഡി) കുഷ്ഠം
35. ഉറക്കഗുളികകളിൽ സാധാരണമായി അടങ്ങിയിരിക്കുന്ന രാസവസ്തു:
(എ) ബാർബിട്യൂറേറ്റ്
(ബി) സാലിസൈലിക് ആസിഡ്
(സി) ആംഫിറ്റാമിനുകൾ
(ഡി) പെനിസെലിൻ
36. ഏത് സസ്യത്തിൽനിന്നാണ് മോർഫിൻ ഉൽപാദിപ്പിക്കുന്നത്?
(എ) പോപ്പി (ബി) സിങ്കോണ
(സി) ആടലോടകം (ഡി) ആവണക്ക്
37. ആന്റി-പെല്ലഗ്ര വൈറ്റമിൻ എന്നറിയപ്പെടുന്നത്:
(എ) റൈബോഫ്ളാവിൻ
(ബി) നിയാസിൻ
(സി) തയമിൻ (ഡി) പിരിഡോക്സിൻ
38. ഏതു വംശത്തിലെ ഭരണാധികാരികളാണ് മേമലൂക് സുൽത്താൻമാർ എന്നുമറിയപ്പെടുന്നത്?
(എ) ഖിൽജി (ബി) സയ്യിദ്
(സി) ലോധി (ഡി) അടിമ
39. ഏറ്റവും കൂടിയ പ്രായത്തിൽ ഭാരതരത്ന ബഹുമതിക്ക് അർഹനായത്?
(എ) സി.രാജഗോപാലാചാരി
(ബി) വിനോബാഭാവെ
(സി) ഡി.കെ.കാർവെ
(ഡി) ജവാഹർലാൽ നെഹ്റു
40. എഡിസൺ ജനിച്ച പട്ടണം:
(എ) മിലാൻ (ബി) ഷിക്കാഗോ
(സി) കെന്റക്കി (ഡി) ബോസ്റ്റൺ
41. ലോക മിതവ്യയ ദിനം:
(എ) ഒക്ടോബർ 1 (ബി) ഒക്ടോബർ 24
(സി) ഒക്ടോബർ 2 (ഡി) ഒക്ടോബർ 30
42. ഗുജറാത്തിലെ 'ഉദ്വാഡ' ഏതു മതക്കാരുടെ ആരാധനാലയമാണ്?
(എ) മുസ്ലിം (ബി) ജൈനർ
(സി) പാഴ്സി (ഡി) ബുദ്ധ
43. കേരളചരിത്രത്തിൽ പെരുമ്പടപ്പ് എന്നറിയപ്പെടുന്ന രാജവംശം:
(എ) അറയ്ക്കൽ (ബി) കൊച്ചി
(സി) തിരുവിതാംകൂർ (ഡി) കണ്ണൂർ
44. കേരള സാഹിത്യ അക്കാദമിയുടെ ആദ്യത്തെ ഉപാധ്യക്ഷൻ:
(എ) സർദാർ കെ.എം.പണിക്കർ
(ബി) വള്ളത്തോൾ നാരായണമേനോൻ
(സി) തകഴി ശിവശങ്കരപ്പിള്ള
(ഡി) കെ.പി.കേശവമേനോൻ
45. പാലക്കാട് കോട്ട നിർമിച്ചത്:
(എ) കോമി അച്ചൻ (ബി) സാമൂതിരി
(സി) ടിപ്പു സുൽത്താൻ
(ഡി) ഹൈദരലി
46. കേരള കാർഷിക സർവകലാശാലയുടെ പ്രോ-ചാൻസലർ:
(എ) ഗവർണർ (ബി) മുഖ്യമന്ത്രി
(സി) വിദ്യാഭ്യാസ മന്ത്രി
(ഡി) കൃഷി മന്ത്രി
47. താഴപ്പറയുന്നവയിൽ ഏതിന്റെ അധ്യക്ഷപദവിയാണ് എക്സ്-ഒഫിഷ്യോ അല്ലാത്തത്?
(എ) നീതി ആയോഗ്
(ബി) ഫിനാൻസ് കമ്മിഷൻ
(സി) നാഷണൽ ഡവലപ്മെന്റ് കൗൺസിൽ (ഡി) രാജ്യസഭ
48. മനുഷ്യന്റെ മുഖത്തെ അസ്ഥികളുടെ എണ്ണം:
(എ) 22 (ബി) 7
(സി) 8 (ഡി) 14
49. 1971-ലെ ഇന്ത്യ-പാക് യുദ്ധകാലത്ത് ഇന്ത്യയുടെ സർവസൈന്യാധിപനായിരുന്നത്?
(എ) കെ.എം.കരിയപ്പ
(ബി) സാം മനേക്ഷ
(സി) ജെ.എസ്.അറോറ
(ഡി) ഇവരാരുമല്ല
50. കേരളനിയമസഭയുടെ ആദ്യത്തെ പ്രോട്ടേം സ്പീക്കർ?
(എ) കെ.ഒ.അയിഷാഭായി
(ബി) റോസമ്മാ പുന്നൂസ്
(സി) ശങ്കരനാരായണൻ തമ്പി
(ഡി) സീതി സാഹിബ്
51. 'പോയിന്റ് കാലിമെർ' വന്യജീവി സങ്കേതം ഏതു സംസ്ഥാനത്താണ്?
(എ) ഗുജറാത്ത് (ബി) തമിഴ്നാട്
(സി) ആന്ധ്രാപ്രദേശ് (ഡി) കർണാടകം
52. ഇന്ത്യയിലെ ആദ്യത്തെ ടോട്ടൽ ബാങ്കിങ് സ്റ്റേറ്റ്?
(എ) ഹരിയാണ (ബി) പഞ്ചാബ്
(സി) കേരളം (ഡി) ആന്ധ്രാപ്രദേശ്
53. സുവർണക്ഷേത്രം നിർമിക്കാൻ സിക്കുകാർക്ക് സ്ഥലം നൽകിയ മുഗൾ ചക്രവർത്തി:
(എ) ബാബർ (ബി) ഹുമയൂൺ
(സി) ജഹാംഗീർ (ഡി) അക്ബർ
54. 'റെഡ് ക്രോസ്' സ്ഥാപിക്കപ്പെട്ട വർഷം:
(എ) 1836 (ബി) 1878
(സി) 1868 (ഡി) 1863
55. ഇന്ത്യൻസംസ്ഥാനത്ത് മുഖ്യമന്ത്രിപദത്തിലെത്തിയ ആദ്യത്തെ സ്വതന്ത്രൻ:
(എ) പ്രഫുല്ല ചന്ദ്രഘോഷ്
(ബി) ബിശ്വനാഥ് ദാസ്
(സി) എഫ്.എ.ഖോങ്ലാം
(ഡി) മധു കോഡ
56. ഏതു വർഷമാണ് വാറൻ ഹേസ്റ്റിങ്സ് ഇന്ത്യയുടെ ഒന്നാമത്തെ ഗവർണർ ജനറൽ ആയത്?
(എ) 1772 (ബി) 1773
(സി) 1774 (ഡി) 1784
57. കേരളത്തിലെ ഏറ്റവും ഉയരം കൂടിയ കൊടുമുടിയായ ആനമുടിയുടെ ഉയരം:
(എ) 2817 മീ. (ബി) 2695 മീ.
(സി) 2842 മീ. (ഡി) 2718 മീ.
58. 1953-ലെ ലോകകഥാമത്സരത്തിൽ സമ്മാനം നേടിയ എം.ടി.വാസുദേവൻനാ

യരുടെ കഥ?
(എ) ഓളവും തീരവും
(ബി) വളർത്തുമൃഗങ്ങൾ
(സി) രണ്ടാമൂഴം (ഡി) നിർമാല്യം

59. മാഗ്സസേ അവാർഡ് ജേതാക്കൾക്കു നൽകുന്ന ദിവസം;
(എ) ഡിസംബർ10 (ബി) ഓഗസ്ത് 31
(സി) ഓഗസ്ത് 10 (ഡി) ജനവരി 1

60. ഇന്ത്യൻ പാർലമെന്ററി ഗ്രൂപ്പിന്റെ എക്സ്–ഒഫീഷ്യോ പ്രസിഡന്റ്:
(എ)പ്രധാനമന്ത്രി (ബി) ഉപരാഷ്ട്രപതി
(സി) ലോക്സഭാ സ്പീക്കർ
(ഡി) ലോക്സഭാ പ്രതിപക്ഷനേതാവ്

61. വി.എസ്.നയ്പാൽ ഏതു രാജ്യത്താണ് ജനിച്ചത്?
(എ) ബ്രിട്ടൺ (ബി) ട്രിനിഡാഡ്
(സി) ഇന്ത്യ (ഡി) ഫിജി

62. മിസ് വേൾഡ് കിരീടമണിഞ്ഞ രണ്ടാമത്തെ ഇന്ത്യൻ വനിത:
(എ) റീത്ത ഫരിയ
(ബി) സുസ്മിത സെൻ
(സി) ഡയാന ഹെയ്ഡൻ
(ഡി) ഐശ്വര്യ റായ്

63. ഐക്യരാഷ്ട്ര പൊതുസഭയുടെ വാർഷിക സമ്മേളനം ആരംഭിക്കുന്ന മാസം?
(എ) ജനവരി (ബി) ഏപ്രിൽ
(സി) ജൂൺ (ഡി) സെപ്തംബർ

64. ഏതു ദിവസമാണ് ഈസ്റ്റർ ആഘോഷിക്കുന്നത്?
(എ) വ്യാഴം (ബി) വെള്ളി
(സി) ശനി (ഡി) ഞായർ

65. പൃഥ്വി മിസൈലിന്റെ നാവികപ്പതിപ്പിന്റെ പേര്:
(എ) സൂര്യ (ബി) നാഗ്
(സി) ധനുഷ് (ഡി) പിനാക

66. ഇന്ത്യയിൽ ഇപ്പോൾ നിലവിലുള്ള ഫ്ളാഗ് കോഡ് ഏതു വർഷമാണ് നിലവിൽവന്നത്?
(എ) 1950 (ബി) 2000
(സി) 2002 (ഡി) 1999

67. കൃഷ്ണദേവരായരുടെ സമകാലികനായിരുന്ന മുഗൾ ചക്രവർത്തി:
(എ) അക്ബർ (ബി) ജഹാംഗീർ
(സി) ഷാജഹാൻ (ഡി) ബാബർ

68. 'രക്തസാക്ഷികളിൽ രാജകുമാരൻ' എന്നു വിശേഷിപ്പിക്കപ്പെട്ടത്:
(എ) മംഗൾ പാണ്ഡെ (ബി) ഷേർ അലി
(സി) ഭഗത് സിങ് (ഡി) ചന്ദ്രശേഖർ

69. ഡൽഹിയിലെ മോത്തി മസ്ജിദ് നിർമിച്ചത്:
(എ) ഔറംഗസീബ് (ബി) ഷാജഹാൻ
(സി) ജഹാംഗീർ (ഡി) അക്ബർ

70. മാതാക്കൾ ഹിന്ദുവനിതകളായിരുന്ന മുഗൾ ചക്രവർത്തിമാർ:
(എ) അക്ബറും ജഹാംഗീറും
(ബി) ജഹാംഗീറും ഷാജഹാനും
(സി) ഷാജഹാനും ഔറംഗസീബും
(ഡി) ഹുമയൂണും ജഹാംഗീറും

71. ഇന്ത്യ സ്വതന്ത്രമായപ്പോൾ ഉണ്ടായിരുന്ന നാട്ടു രാജ്യങ്ങളുടെ എണ്ണം:
(എ) 562 (ബി) 552
(സി) 299 (ഡി) 384

72. ഇന്ത്യൻ കോൺസ്റ്റിറ്റ്യുവന്റ് അസംബ്ലിയുടെ വൈസ് പ്രസിഡന്റ് ആയിരുന്നത്:
(എ) സച്ചിദാനന്ദ സിൻഹ
(ബി) ഡോ.രാജേന്ദ്രപ്രസാദ്
(സി) ജി.വി.മാവ്‌ലങ്കർ (ഡി) എച്ച്. സി. മുഖർജി

73. വൈക്കം സത്യാഗ്രഹത്തിൽ പങ്കെടുത്ത തമിഴ്നാട്ടിലെ നേതാവ്:
(എ) വി.ഒ.ചിദംബരം പിള്ള(ബി) ഇ.വി. രാമസ്വാമി നായ്ക്കർ
(സി) സുബ്രഹ്മണ്യ ഭാരതി
(ഡി) സി.രാജഗോപാലാചാരി

74. 'ഹേമചന്ദ്ര വിക്രമാദിത്യ ഭാർഗവ' ഏതു പേരിലാണ് ഇന്ത്യാചരിത്രത്തിൽ പ്രസിദ്ധൻ?
(എ) പൃഥ്വിരാജ് (ബി) വിക്രമാദിത്യൻ
(സി) ഹെമു (ഡി) റാണാ പ്രതാപ്

75. ഇന്ത്യൻ കോൺസ്റ്റിറ്റ്യുവന്റ് അസംബ്ലിയിൽ അംഗമായിരുന്ന പ്രശസ്ത പത്രപ്രവർത്തകൻ:
(എ) രാംനാഥ് ഗോയങ്ക
(ബി) കെ.പി.കേശവമേനോൻ
(സി) ബി.ഡി.ഗോയങ്ക
(ഡി) ജി.സുബ്രഹ്മണ്യ അയ്യർ

76. ഇന്ത്യയിലെ ആദ്യത്തെ ഐ.ഐ.ടി.എവിടെയാണ് സ്ഥാപിച്ചത്?
(എ) ഖരഗ്പൂർ (ബി) കാൺപൂർ
(സി) ഡൽഹി (ഡി) ചെന്നൈ

77. ഇന്ത്യയിൽ ആണവോർജവകുപ്പ് ആരംഭിച്ച വർഷം:
(എ) 1948 (ബി) 1947
(സി) 1950 (ഡി) 1954

78. ചൈനയിൽ മാവോ സേതുങ്ങിന്റെ നേതൃത്വത്തിൽ കമ്യൂണിസ്റ്റ് ഭരണം സ്ഥാപിക്കപ്പെട്ട വർഷം:
(എ) 1949 (ബി) 1954
(സി) 1966 (ഡി) 1951

79. 'മണ്ഡൽ കമ്മിഷൻ റിപ്പോർട്ട്' നടപ്പാക്കിയത് ഏതു പ്രധാനമന്ത്രിയുടെ കാലത്താണ്?
(എ) ഇന്ദിരാഗാന്ധി
(ബി) രാജീവ് ഗാന്ധി



(സി) വി.പി.സിങ്
(ഡി) ചന്ദ്രശേഖർ

80. 'ഓഗസ്ത് ഓഫർ' മുന്നോട്ടുവച്ച വൈസ്രോയി?
(എ) വേവൽ പ്രഭു (ബി) ലിൻലിത്ഗോ
(സി) മൗണ്ട്ബാറ്റൺ (ഡി) വില്ലിങ്ടൺ

81. ഇന്ത്യയ്ക്കു സ്വാതന്ത്ര്യം നൽകുന്നതു സംബന്ധിച്ച പ്രഖ്യാപനം ക്ലമന്റ് ആറ്റ്ലി ബ്രിട്ടീഷ് പാർലമെന്റിൽ നടത്തുമ്പോൾ ഇന്ത്യയിൽ വൈസ്രോയി ആയിരുന്നത്:
(എ) ലിൻലിത്ഗോ (ബി) വേവൽ പ്രഭു
(സി) മൗണ്ട്ബാറ്റൺ (ഡി) റീഡിങ് പ്രഭു

82. 'ജൂതക്കുന്ന്' എവിടെയാണ്?
(എ) മാടായി (ബി) മട്ടാഞ്ചേരി
(സി) ചാവക്കാട് (ഡി) കൊടുങ്ങല്ലൂർ

83. ബീർബലിന്റെ യഥാർഥപേര്:
(എ) രാമതാണു പാണ്ഡെ
(ബി) മഹേഷ്ദാസ്
(സി) രാമചന്ദ്ര പാണ്ഡുരംഗ്
(ഡി) ശങ്കർ

84. ബാബറുടെ ആത്മകഥയായ 'ബാബർനാമ' ഏതു ഭാഷയിലാണ് രചിക്കപ്പെട്ടത്?
(എ) ചഗത്തായ് ടർക്കിഷ്
(ബി) പേർഷ്യൻ
(സി) അറബി (ഡി) ഉറുദു

85. ഒരു വനിത, പൊലീസ് വകുപ്പുമേധാവിയായ ആദ്യ ഇന്ത്യൻ സംസ്ഥാനം:
(എ) തമിഴ്നാട് (ബി) പഞ്ചാബ്
(സി) ഉത്തരാഖണ്ഡ് (ഡി) ഉത്തർപ്രദേശ്

86. നൊബേൽ ലഭിച്ചവരിൽ ഏറ്റവും പ്രായം കുറഞ്ഞ വ്യക്തി:
(എ) മാർട്ടിൻ ലൂഥർ കിങ്
(ബി) വില്യം ബ്രാഗ്
(സി) മലാല യൂസഫ്സായ്
(ഡി) ഹെൻറി ഡുനാന്റ്

87. 'യോം കിപ്പർ' ഏതു മതവുമായി ബന്ധപ്പെട്ടിരിക്കുന്നു?
(എ) ജൈനമതം (ബി) ജൂതമതം
(സി) ക്രിസ്തുമതം (ഡി) ഇസ്ലാംമതം

88. ഏതു രോഗം നിർണയിക്കുന്നതിനാണ് 'വാസർമാൻ ടെസ്റ്റ്' നടത്തുന്നത്?
(എ) സിഫിലിസ് (ബി) കുഷ്ഠം
(സി) ടൈഫോയ്ഡ് (ഡി) മലേറിയ

89. മൈക്കൽ ജോർദാൻ ഏതുമായി ബന്ധപ്പെട്ടിരിക്കുന്നു?
(എ) ഫുട്ബോൾ (ബി) വോളീബോൾ
(സി) ക്രിക്കറ്റ് (ഡി) ബാസ്കറ്റ്ബോൾ

90. താഴെപ്പറയുന്നവയിൽ ഏതിനു സമീപമാണ് മുഗൾ ഗാർഡൻസ്?
(എ) കുത്തബ്മിനാർ (ബി) താജ്മഹൽ
(സി) ഇന്ത്യൻ പാർലമെന്റ്
(ഡി) രാഷ്ട്രപതി ഭവൻ

91. ഏറ്റവും കൂടിയ പ്രായത്തിൽ കേരള മുഖ്യമന്ത്രിയായ നേതാവ്?
(എ) ഇ.കെ.നായനാർ
(ബി) കെ.കരുണാകരൻ
(സി) വി.എസ്.അച്യുതാനന്ദൻ
(ഡി) ഉമ്മൻചാണ്ടി

92. ജോൺ ഏണസ്റ്റ്സ് ഹാങ്സൽസർ എന്ന ഹംഗറിക്കാരൻ കേരളചരിത്രത്തിൽ ഏതു പേരിലാണ് പ്രസിദ്ധൻ?
(എ) അർണോസ് പാതിരി
(ബി) ഹെർമൻ ഗുണ്ടർട്ട്
(സി) മാത്യൂസ് പാതിരി
(ഡി) റോബർട്ട് കാൽഡ്വെൽ

93. 'ജീവൻ മശായി' ഏതു നോവലിലെ കഥാപാത്രമാണ്?
(എ) ആരോഗ്യനികേതൻ
(ബി) ദുർഗേശനന്ദിനി
(സി) ആനന്ദമഠം
(ഡി) പഥേർ പാഞ്ജലി

94. 'ലീലാതിലകം' ഏതു വിഭാഗത്തിൽപ്പെടുന്ന ഗ്രന്ഥമാണ്?
(എ) ഭാഷാശാസ്ത്രം
(ബി) യാത്രാവിവരണം
(സി) ശൃംഗാരകാവ്യം
(ഡി) ജീവചരിത്രം

95. എച്ച്.ജി.വെൽസിന്റെ പുസ്തകം മലയാളത്തിൽ 'ലോകചരിത്രസംഗ്രഹം' എന്ന പേരിൽ തർജമ ചെയ്തത്?
(എ) ഇ.കെ.നായനാർ
(ബി) ഇ.എം.എസ്.
(സി) സി.അച്യുതമേനോൻ
(ഡി) പട്ടം താണുപിള്ള

96. മൊറോക്കൊയിലെ ടാൻജിയർ നഗരത്തിൽ ജനിച്ച ലോകപ്രശസ്തനായ സഞ്ചാരി?
(എ) അൽ ബെറൂണി
(ബി) ഫാഹിയാൻ
(സി) ഇബ്ൻ ബത്തൂത്ത
(ഡി) ഹുയാൻസാങ്

97. തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ് രൂപവൽകൃതമായ വർഷം:
(എ) 1885 (ബി) 1935
(സി) 1947 (ഡി) 1938

98. ഡോ.പൽപ്പുവിന്റെ നേതൃത്വത്തിൽ ഈഴവമെമ്മോറിയൽ സമർപ്പിച്ചത് ഏതു രാജാവിനാണ്?
(എ) മാർത്താണ്ഡവർമ
(ബി) ചിത്തിര തിരുനാൾ
(സി) ശ്രീമൂലം തിരുനാൾ
(ഡി) ആയില്യം തിരുനാൾ

99. ഇരുപതാം നൂറ്റാണ്ടിൽ റീജന്റായി തിരുവിതാംകൂർ ഭരിച്ച വനിത:
(എ) ഉമയമ്മ റാണി
(ബി) ഗൗരി ലക്ഷ്മീഭായി
(സി) ഗൗരി പാർവതി ഭായി
(ഡി) സേതുലക്ഷ്മീഭായി

100. ക്രിമിനൽ നടപടിക്രമത്തിലെ, നിരോധനാജ്ഞയുമായി ബന്ധപ്പെട്ട വകുപ്പ്:
(എ) 100 (ബി) 304
(സി) 144 (ഡി) 420

## Answers

1 (c) 2 (c) 3 (b) 4 (d) 5 (d) 6 (d) 7 (d) 8 (a) 9 (a) 10 (c) 11 (d) 12 (a) 13 (b) 14 (c) 15 (c) 16 (a) 17 (b) 18 (a)19 (c)20 (c)21 (b)22 (b)23 (b) 24 (c)25 (c)26 (a)27 (d)28 (b)29 (c)30 (a) 31 (c)32 (b)33 (d)34 (b)35 (a)36 (a)37 (b) 38 (d)39 (c) 40 (a)41 (d)42 (c)43 (b)44 (b) 45 (d)46 (d)47 (b)48 (d) 49 (d-President VV Giri) 50 (b)51 (b)52 (c)53 (d)54 (d)55 (a)56 (c) 57 (b)58 (b)59 (b)60 (c) 61 (b)62 (d)63 (d) 64 (d)65 (c)66 (c)67 (d)68 (c)69 (a)70 (b) 71 (a)72 (d)73 (b)74 (c)75 (a)76 (a)77 (d) 78 (a)79 (c)80 (b)81 (b)82 (c)83 (b)84 (a) 85 (c)86 (c)87 (b)88 (a)89 (d)90 (d)91 (c) 92 (a)93 (a)94 (a)95 (c)96 (c) 97 (d)98 (c) 99 (d)100 (c)

## 2

1. 'മിശ്രഭോജനം' നടപ്പാക്കിയ സാമൂഹിക പരിഷ്കർത്താവ്:
(എ) സഹോദരൻ അയ്യപ്പൻ
(ബി) വി.ടി.ഭട്ടതിരിപ്പാട്
(സി) ശ്രീനാരായണഗുരു
(ഡി) സി.കൃഷ്ണൻ

2. കുമാരനാശാന്റെ ആത്മീയാചാര്യൻ:
(എ) സ്വാമി വിവേകാനന്ദൻ
(ബി) ശ്രീനാരായണഗുരു
(സി) അയ്യൻകാളി
(ഡി) ചട്ടമ്പിസ്വാമികൾ

3. എത്ര വർഷം കൂടുമ്പോഴാണ് തിരുവനന്തപുരത്തെ ശ്രീപദ്മനാഭസ്വാമിക്ഷേത്രത്തിൽ മുറജപം നടത്തുന്നത്?
(എ) 12 (ബി) 6
(സി) 10 (ഡി) 7

4. 'മാപ്പിളകവികളുടെ കുലഗുരു' എന്നറിയപ്പെടുന്നത്:
(എ) മൊയിൻകുട്ടിവൈദ്യർ
(ബി) മുഹമ്മദ് ഖാസി
(സി) ശൈഖ് സൈനുദ്ദീൻ
(ഡി) ഇവരാരുമല്ല

5. കേരള നിയമസഭയുടെ ചരിത്രത്തിൽ സ്ഥാനാർഥി എതിരില്ലാതെ തിരഞ്ഞെടുക്കപ്പെട്ട ഏക മണ്ഡലം
(എ) മഞ്ചേശ്വരം (ബി) ദേവികുളം
(സി) തൃക്കരിപ്പൂർ (ഡി) നീലേശ്വരം

6. കേരള ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷന്റെ ആസ്ഥാനം
(എ) തിരുവനന്തപുരം (ബി) കൊച്ചി
(സി) ആലപ്പുഴ (ഡി) കൊല്ലം

7. ഷോർട്ട് ഹാൻഡ് കണ്ടുപിടിച്ചതാര്?
(എ) ഐസക് പിറ്റ്മാൻ
(ബി) വാട്ടർമാൻ
(സി) ജോൺ ലൗഡ് (ഡി) ഷോൾസ്

8. 'ജട്‌ലാൻഡ് ഉപദ്വീപിൽ' സ്ഥിതി ചെയ്യുന്ന രാജ്യം:
(എ) ഡെന്മാർക്ക് (ബി) ബ്രിട്ടൺ
(സി) റഷ്യ (ഡി) പോളണ്ട്

9. 1947–ൽ പാകിസ്താന്റെ തലസ്ഥാനമായിരുന്നത്:
(എ) റാവൽപിണ്ടി (ബി) കറാച്ചി
(സി) ഇസ്ലാമബാദ്
(ഡി) ഫൈസലാബാദ്

10. 'ജപ്പാൻ ഗാന്ധി' എന്നറിയപ്പെട്ട സാമൂഹിക പരിഷ്കർത്താവ്:
(എ) ഓങ് സാൻ
(ബി) ടൊയോഹിക്കോ കഗവ
(സി) യു നു (ഡി) കുറസോവ്

11. 'ബേസിക് കോപ്പർ കാർബണേറ്റ്' സാധാരണമായി എന്തുപേരിലറിയപ്പെടുന്നു?
(എ) തുരുമ്പ് (ബി) ക്ലാവ്
(സി) തകരം (ഡി) തുരിശ്

12. 'ഒരു തെമ്മാടിയുടെ അവസാനത്തെ അഭയകേന്ദ്രമാണ് രാഷ്ട്രീയം' എന്നു പറഞ്ഞത്?
(എ) ഡോ.ജോൺസൺ
(ബി) വിൻസ്റ്റൺ ചർച്ചിൽ
(സി) ബെർണാഡ് ഷാ
(ഡി) എഡ്മണ്ട് ബർക്ക്

13. താഴെപ്പറയുന്നവയിൽ ഏതാണ് മാനസിക രോഗം?
(എ) ഓസ്റ്റിയോമലേഷ്യ
(ബി) ഗോയിറ്റർ
(സി) സ്കീസോഫ്രീനിയ

(ഡി) ഹാൻസൺസ് രോഗം

14. ഏതു വംശത്തിനു ശേഷമാണ് ഉത്തരേന്ത്യയിൽ മുഗൾവംശം അധികാരത്തിൽ വന്നത്?
(എ) ഖിൽജി (ബി) ലോധി
(സി) സയ്യിദ് (ഡി) തുഗ്ലക്

15. ഏതു വംശത്തിലെ രാജാവാണ് കനിഷ്കൻ?
(എ) ശകവംശം (ബി) മൗര്യവംശം
(സി) ഗുപ്തവംശം (ഡി) കുശാനവംശം

16. ഗാന്ധിജി കോൺഗ്രസ് സമ്മേളനത്തിന് അധ്യക്ഷത വഹിച്ച സ്ഥലമായ ബൽഗാം ഏതു സംസ്ഥാനത്താണ്?
(എ) ഉത്തർപ്രദേശ്(ബി) ഗുജറാത്ത്
(സി) കർണാടകം (ഡി) ആന്ധ്രാപ്രദേശ്

17. അകശേരുകികളിൽ ഏറ്റവും വികാസം പ്രാപിച്ച മസ്തിഷ്കമുള്ള ജീവിയേത്?
(എ) ഒക്ടോപ്പസ്(നീരാളി)
(ബി) ഞണ്ട്
(സി) നക്ഷത്രമൽസ്യം (ഡി) കണവ

18. 'ഉർ' നഗരം ഏതു സംസ്കാരത്തിന്റെ ഭാഗമായിരുന്നു?
(എ) സൈന്ധവസംസ്കാരം
(ബി) ഈജിപ്ഷ്യൻ (സി) ചൈനീസ്
(ഡി) മെസൊപൊട്ടാമിയൻ

19. 'ഗേറ്റ് വേ ഓഫ് ഇന്ത്യ' രൂപകൽപന ചെയ്തത്?
(എ) വില്യം എമേഴ്സൺ
(ബി) എഡ്വിൻ ലുട്യൻസ്
(സി) ജോർജ് വിറ്റെറ്റ്
(ഡി) ലെ കർബുസിയർ

20. ഡൽഹിയിലെ എട്ടാമത്തെ നഗരം എന്നറിയപ്പെടുന്നത്?
(എ) ഷാജഹാനാബാദ് (ബി) സിരി
(സി) പുരാണാ കില (ഡി) ന്യൂഡൽഹി

21. ദക്ഷിണാർധഗോളത്തിൽ ആദ്യമായി ഒളിമ്പിക്സിനു വേദിയായ നഗരം:
(എ) സിഡ്നി (ബി) മെൽബൺ
(സി) ടോക്കിയോ (ഡി) ബെയ്ജിങ്

22. 'നഭ സ്പർശം ദീപ്തം' എന്ന ആപ്തവാക്യം ഏതിന്റേതാണ്?
(എ) എയർ ഇന്ത്യ
(ബി) ഇന്ത്യൻ എയർലൈൻസ്
(സി) ഇന്ത്യൻ എയർഫോഴ്സ്
(ഡി) എയർ ഡെക്കാൺ

23. വ്യാപാര പ്രദർശനങ്ങൾക്കു പ്രസിദ്ധമായ 'പ്രഗതി മൈതാനം' ഏതു നഗരത്തിലാണ്?
(എ) മുംബൈ (ബി) കൊൽക്കത്ത
(സി) ന്യൂഡൽഹി (ഡി) ചെന്നൈ

24. ബ്രിട്ടനിൽ സാധാരണമായി 'ഫസ്റ്റ് ലോർഡ് ഓഫ് ട്രഷറി' എന്നറിയപ്പെടുന്നത്?
(എ) പ്രധാനമന്ത്രി (ബി) ധനമന്ത്രി
(സി) റിസർവ് ബാങ്ക് ഗവർണർ
(ഡി) ധനകാര്യസെക്രട്ടറി

25. 'യുനാനി' ചികിൽസാ സമ്പ്രദായം പ്രചരിപ്പിച്ചത്?
(എ) അറബികൾ (ബി) ബുദ്ധമതക്കാർ
(സി) ജൈനർ (ഡി) ജൂതൻമാർ

26. 'ജോവാൻ ഓഫ് ആർക്ക്' ഏതു നൂറ്റാണ്ടിലാണ് ജീവിച്ചിരുന്നത്?
(എ) 14 (ബി) 15
(സി) 16 (ഡി) 17

27. സാഹിത്യ നൊബേലിനർഹയായ ആദ്യ വനിത:
(എ) മാഡം ക്യൂറി
(ബി) ബെർത്താ വോൺ സട്നർ
(സി) സെൽമ ലാഗർലോഫ്
(ഡി) സൂലി പ്രുധോം

28. ജനറൽ ഫ്രാങ്കോ ഏതു രാജ്യത്തെ ഭരണാധികാരിയായിരുന്നു?
(എ) സ്പെയിൻ (ബി) ഫ്രാൻസ്
(സി) റഷ്യ (ഡി) നെതർലൻഡ്സ്

29. പസഫിക് സമുദ്രം കണ്ടെത്തിയത്:
(എ) വാസ്കോ നൂനസ് ബൽബോവ
(ബി) മഗല്ലൻ (സി) ക്യാപ്റ്റൻ കുക്ക്
(ഡി) കൊളംബസ്

30. ക്വാമി എൻക്രൂമ ഏതു രാജ്യത്തെ സ്വാതന്ത്ര്യസമരത്തെയാണ് നയിച്ചത്?
(എ) സൈപ്രസ് (ബി) ഘാന
(സി) ഹെയ്ത്തി (ഡി) കെനിയ

31. മാലിദ്വീപിൽ ഏറ്റവും കൂടുതലുള്ള മതക്കാർ?
(എ) ബുദ്ധമതം (ബി) ക്രിസ്തുമതം
(സി) ഇസ്ലാംമതം (ഡി) ഹിന്ദുമതം

32. 1911–ൽ അതിചാലകത കണ്ടുപിടിച്ച ശാസ്ത്രജ്ഞൻ?
(എ) കാമർലിങ് ഓനസ്
(ബി) എഡിസൺ (സി) ഐൻസ്റ്റീൻ
(ഡി) തിയോഡർ മെയ്മാൻ

33. യു.എൻ.ചാർട്ടറിന്റെ ആമുഖം തയ്യാറാക്കിയത്?
(എ) ജവാഹർലാൽ നെഹ്റു
(ബി) ജനറൽ സ്മട്ട്സ്
(സി) ഫ്രാങ്ക്ളിൻ ഡി റൂസ്‌വെൽറ്റ്
(ഡി) വിൻസ്റ്റൺ ചർച്ചിൽ

34. 'ബ്രെയിൻ വേവ് ടെസ്റ്റ്' എന്ന പേരിലും അറിയപ്പെടുന്നത്?
(എ) ഇലക്ട്രോ എൻസെഫാലോഗ്രാം
(ബി) ഇലക്ട്രോ കാർഡിയോഗ്രാം
(സി) ട്രെഡ് മിൽ ടെസ്റ്റ്
(ഡി) മാൻടോക്സ് ടെസ്റ്റ്

35. താഴെപ്പറയുന്നവയിൽ ഏതു ഭൂഖണ്ഡമാണ് ഇതുവരെ ഒളിമ്പിക്സിനു വേദിയാകാത്തത്?
(എ) ആഫ്രിക്ക (ബി) യൂറോപ്പ്
(സി) ഏഷ്യ (ഡി) വടക്കേ അമേരിക്ക

36. 'ദുർബല മനസ്സുകളുടെ മതമാണ് അന്ധവിശ്വാസം' എന്നു പറഞ്ഞത്?
(എ) ബെർണാഡ് ഷാ
(ബി) ഷേക്സ്പിയർ
(സി) അരിസ്റ്റോട്ടിൽ
(ഡി) എഡ്മണ്ട് ബർക്ക്

37. ഇന്ത്യൻ നാവികസേനയുടെ ആസ്ഥാനം:
(എ) വിശാഖപട്ടണം (ബി) ചെന്നൈ
(സി) ന്യൂഡൽഹി (ഡി) മുംബൈ

38. ഇന്ത്യയിലെ ദേശീയ ഹെലികോപ്റ്റർ സർവീസ് കമ്പനി:
(എ) സരസ് (ബി) പവൻ ഹൻസ്
(സി) ലക്ഷ്യ (ഡി) ആകാശ്

39. സുപ്രീം കോടതി ചീഫ് ജസ്റ്റിസായ ഏക അമേരിക്കൻ പ്രസിഡന്റ്:
(എ) വില്യം ഹോവാർഡ് താഫ്റ്റ്
(ബി) ജെയിംസ് ബുക്കാനൻ
(സി) വില്യം ഹെൻറി ഹാരിസൺ
(ഡി) തോമസ് ജെഫേഴ്സൺ

40. ഐക്യരാഷ്ട്രസഭ നിലവിൽവന്നപ്പോൾ ബ്രിട്ടീഷ് പ്രധാനമന്ത്രിയായിരുന്നത്?
(എ) വിൻസ്റ്റൺ ചർച്ചിൽ
(ബി) നെവിൽ ചേംബർലെയിൻ
(സി) റാംസേ മക്ഡൊണാൾഡ്
(ഡി) ക്ലമന്റ് ആറ്റ്ലി

41. ബ്രിട്ടനിൽ സാധാരണമായി 'ചാൻസലർ ഓഫ് എക്സ്ചെക്കർ' എന്നറിയപ്പെടുന്നത്?
(എ) ധനമന്ത്രി (ബി) പ്രധാനമന്ത്രി
(സി) റിസർവ് ബാങ്ക് ഗവർണർ
(ഡി) ധനകാര്യസെക്രട്ടറി

42. പാകിസ്താൻ ഇസ്ലാമിക റിപ്പബ്ലിക് ആയ വർഷം:
(എ) 1947 (ബി) 1971
(സി) 1956 (ഡി) 1950

43. 'എസ്പെരന്റോ' എന്ന കൃത്രിമഭാഷ ആവിഷ്കരിച്ചത്?
(എ) ഐസക് പിറ്റ്മാൻ
(ബി) ചാൾസ് ബാബേജ്
(സി) ലൂയി സാമൻഹോഫ്
(ഡി) ലൂയി ബ്രെയിലി

44. 'വക്കഫ് ബോർഡ്' ഏതു മതവുമായി ബന്ധപ്പെട്ടിരിക്കുന്നു?
(എ) ഇസ്ലാം (ബി) ക്രിസ്ത്യൻ
(സി) ഹിന്ദു (ഡി) ജൂത

45. 'ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ചരിത്രകാരൻ' എന്നറിയപ്പെടുന്നത്:
(എ) പട്ടാഭി സീതാരാമയ്യ
(ബി) ജെ.ബി.കൃപലാനി
(സി) മഹാദേവ് ദേശായി
(ഡി) ജവാഹർലാൽ നെഹ്റു

46. ഏതു മാസത്തിലാണ് വിഷു ആഘോഷിക്കുന്നത്?
(എ) ചിങ്ങം (ബി) തുലാം
(സി) ധനു (ഡി) മേടം

47. 'ഹിജ്റാ വർഷ'ത്തിന്റെ ആരംഭത്തിനു നിദാനമായത്:
(എ) മുഹമ്മദ് നബിയുടെ ജനനം
(ബി) മുഹമ്മദ് നബിക്ക് ദൈവിക വെളിപാട് ലഭിച്ചത്
(സി) മദീനയിലേക്കുള്ള മുഹമ്മദ് നബിയുടെ പലായനം
(ഡി) മുഹമ്മദ് നബി മക്ക ആക്രമിച്ച് കീഴടക്കിയത്

48. ഒമർഖയ്യാം എവിടുത്തെ കവിയായിരുന്നു?



(എ) ഗ്രീസ് (ബി) റോം
(സി) പേർഷ്യ (ഡി) ഈജിപ്ത്

49. 'സർവരാജ്യസഖ്യം' രൂപംകൊണ്ട വർഷം:
(എ) 1918 (ബി) 1919
(സി) 1920 (ഡി) 1921

50. പദ്മഭൂഷൺ ബഹുമതിക്ക് അർഹനായ ആദ്യ മലയാള നടൻ
(എ) മമ്മൂട്ടി (ബി) മോഹൻലാൽ
(സി) പ്രേംനസീർ (ഡി) തിക്കുറിശ്ശി

51. ജവാഹർലാൽ നെഹ്റു ഏറ്റവും കൂടുതൽ കാലം കൈകാര്യം ചെയ്ത വകുപ്പ്
(എ) പ്രതിരോധം (ബി) ധനകാര്യം
(സി) വിദ്യാഭ്യാസം(ഡി) വിദേശകാര്യം

52. ഡോ.കെ. ഭാസ്കരൻ നായരുടെ 'ദൈവനീതിക്കു ദാക്ഷിണ്യമില്ല' എന്ന ഗ്രന്ഥം ആരുടെ നോവലുകളെ ആധാരമാക്കിയുള്ള നിരൂപണമാണ്?
(എ) സി.വി.രാമൻപിള്ള
(ബി) ഒ.ചന്തുമേനോൻ
(സി) കേശവദേവ്
(ഡി) തകഴി ശിവശങ്കരപ്പിള്ള

53. കരയിലെ മൃഗങ്ങളിൽ ജിറാഫ് കഴിഞ്ഞാൽ ഏറ്റവും കൂടുതൽ ഉയരമുള്ളത്:
(എ) ആഫ്രിക്കൻ ആന
(ബി) ഏഷ്യൻ ആന
(സി) ഒട്ടകം (ഡി) ധ്രുവക്കരടി

54. ഒട്ടകപ്പക്ഷിയുടെ കാലിൽ എത്ര വിരലുകൾ ഉണ്ട്?
(എ) 3 (ബി) 4
(സി) 2 (ഡി) 5

55. ഔദ്യോഗിക പദവി ലഭിച്ച ആദ്യത്തെ ലോക്സഭാ പ്രതിപക്ഷ നേതാവ്?
(എ) എ.കെ.ഗോപാലൻ
(ബി) രാംസുഭഗ് സിങ്
(സി) വൈ.ബി. ചവാൻ
(ഡി) എസ്.ബി.ചവാൻ

56. തിരുവിതാംകൂറിൽ പണ്ടുണ്ടായിരുന്ന 'മണ്ഡപത്തിൻ വാതുക്കലി'നു തുല്യമായ ഇപ്പോഴത്തെ ഭരണഘടകം :
(എ) ജില്ല (ബി) വില്ലേജ്
(സി) റവന്യൂ ഡിവിഷൻ
(ഡി) താലൂക്ക്

57. ഇന്ത്യയിൽ ഏറ്റവും കുറച്ച് അംഗങ്ങൾ ഉള്ള നിയമസഭ:
(എ) ഗോവ (ബി) സിക്കിം
(സി) പുതുച്ചേരി (ഡി) ഡൽഹി

58. 'മലബാർ മാന്വൽ' രചിച്ചത്?
(എ) അർണോസ് പാതിരി
(ബി) വില്യം ലോഗൻ
(സി) തോമസ് ഹാർവെ ബാബർ
(ഡി) വില്യം മക്ലിയോഡ്

59. ബാലഗംഗാധര തിലകൻ 'മറാത്ത' എന്ന പത്രം ഏത് ഭാഷയിലാണ് ആരംഭിച്ചത്?
(എ) മറാഠി (ബി) ഇംഗ്ലീഷ്
(സി) ഹിന്ദി (ഡി) സംസ്കൃതം

60. ഹൈപ്പോകലേമിയ എന്ന രോഗം ഉണ്ടാകുന്നത് എന്തിന്റെ കുറവുകൊണ്ടാണ്?
(എ) പൊട്ടാസ്യം (ബി) സോഡിയം
(സി) കാൽസ്യം (ഡി) ഇരുമ്പ്

61. മുഖ്യമന്ത്രിയായ ആദ്യ സിനിമാതാരം:
(എ) ജാനകി രാമചന്ദ്രൻ
(ബി) എം.ജി.ആർ.
(സി) ജയലളിത (ഡി) എൻ.ടി.രാമറാവു

62. താഴെപ്പറയുന്നവയിൽ ഭാഗവതം ദശമസ്കന്ദം അവലംബിച്ച് രചിച്ചത്?
(എ) ഗീതഗോവിന്ദം
(ബി) കൃഷ്ണഗാഥ
(സി) നളചരിതം (ഡി) മേഘസന്ദേശം

63. സൈമൺ കമ്മിഷൻ ഇന്ത്യയിലെത്തിയ വർഷം:
(എ) 1927 (ബി) 1929
(സി) 1928 (ഡി) 1930

64. കേരളത്തിൽ എവിടെയാണ് 'ജൂതക്കുന്ന്'?
(എ) മട്ടാഞ്ചേരി (ബി) മാടായി
(സി) ചാവക്കാട് (ഡി) കൊടുങ്ങല്ലൂർ

65. പസഫിക് സമുദ്രം കണ്ടെത്തിയത്?
(എ) മഗല്ലൻ
(ബി) വാസ്കോ നൂനസ് ബെൽബോവ
(സി) വാസ്കോ ഡ ഗാമ
(ഡി) ബെർത്തലോമ്യ ഡയസ്

66. കുട്ടികളിൽ തൈറോയിഡിന്റെ കുറവുമൂലമുണ്ടാകുന്ന രോഗം
(എ) ക്രെട്ടിനിസം (ബി) പെല്ലാഗ്ര
(സി) കണ (ഡി) ബെറിബെറി

67. നട്ടെല്ലിലെ കശേരുക്കളിൽ ആദ്യത്തേത്?
(എ) റേഡിയസ് (ബി) ഫീമർ
(സി) അറ്റ്ലസ് (ഡി) കോക്സിക്സ്

68. കേരളത്തിലെ അസംബ്ലി മണ്ഡലങ്ങൾ 140 ആയ വർഷം:
(എ) 1957 (ബി) 1965
(സി) 1977 (ഡി) 1982

69. കൊച്ചിയിലെ ആദ്യത്തെ ജനകീയ മന്ത്രി:
(എ) കോഴിപ്പുറത്ത് മാധവമേനോൻ
(ബി) അമ്പാട്ടു ശിവരാമമേനോൻ
(സി) ഇക്കണ്ടവാര്യർ
(ഡി) ഡോ.എ.ആർ.മേനോൻ

70. വെങ്കടക്കോട്ട ഇപ്പോൾ അറിയപ്പെടുന്നത്
(എ) സുൽത്താൻ ബത്തേരി
(ബി) കൊല്ലങ്കോട്
(സി) കോട്ടയ്ക്കൽ (ഡി) മഞ്ചേരി

71. മാർത്താണ്ഡവർമ 'തൃപ്പടിദാനം' നടത്തിയ വർഷം
(എ) 1750 (ബി) 1729
(സി) 1764 (ഡി) 1758

72. ഏത് മാസത്തിലാണ് 'തുഞ്ചൻ ദിനം' ആഘോഷിക്കുന്നത്?
(എ) മെയ് (ബി) ആഗസ്ത്
(സി) ഡിസംബർ (ഡി) സപ്തംബർ

73. ആഫ്രിക്കൻ വൻകരയിലെ ആദ്യത്തെ റിപ്പബ്ലിക്
(എ) ഘാന (ബി) ലൈബീരിയ
(സി) ദക്ഷിണാഫ്രിക്ക (ഡി) ഈജിപ്ത്

74. പാകിസ്താന്റെ സാമ്പത്തിക തലസ്ഥാനം
(എ) ഇസ്ലാമബാദ് (ബി) ലാഹോർ
(സി) കറാച്ചി (ഡി) റാവൽപിണ്ടി

75. 'രസരാജാവ്' എന്നറിയപ്പെടുന്നത്
(എ) കരുണം (ബി) രൗദ്രം
(സി) ബീഭത്സം (ഡി) ശൃംഗാരം

76. ചാന്ദ്രയാൻ ഒന്ന് പദ്ധതിയുടെ ഭാഗമായി ചന്ദ്രനിൽ ഇന്ത്യൻ ത്രിവർണ പതാക ചെന്നെത്തിയ ദിവസം :
(എ) 2008 നവംബർ 15
(ബി) 2008 നവംബർ 16

(സി) 2008 നവംബർ 14
(ഡി) 2008 നവംബർ 13

77. താഴെപ്പറയുന്നവരിൽ ഹര്യങ്ക വംശത്തിലെ രാജാവ് അല്ലാത്തത്:
(എ) അജാതശത്രു (ബി) ഉദയിൻ
(സി) ബിന്ദുസാരൻ (ഡി) ബിംബിസാരൻ

78. 'സാഗർമാത' എന്നറിയപ്പെടുന്ന കൊടുമുടിയേത്?
(എ) എവറസ്റ്റ് (ബി) നംഗപർവതം
(സി) നന്ദാദേവി (ഡി) കാഞ്ചൻജംഗ

79. 'പ്രജാരാജ്യം' എന്ന പാർട്ടി സ്ഥാപിച്ചത്
(എ) രജനീകാന്ത് (ബി) അംബരീഷ്
(സി) ചിരഞ്ജീവി (ഡി) സത്യരാജ്

80. ബുദ്ധമതവിശ്വാസികൾ ഏറ്റവും കൂടുതലുള്ള സംസ്ഥാനം
(എ) മഹാരാഷ്ട്ര (ബി) ഉത്തർ പ്രദേശ്
(സി) ബീഹാർ (ഡി) കർണാടക

81. താഴെപ്പറയുന്നവയിൽ ഡെൽഹി സുൽത്താനേറ്റിലെ രാജവംശങ്ങളിൽ ഉൾപ്പെടാത്തത്:
(എ) സയ്യിദ് (ബി) ലോധി
(സി) ബാഹ്മനി (ഡി) ഖിൽജി

82. 'ശൗര്യ' എന്തു തരം മിസൈലാണ്?
(എ) വ്യോമ- ഭൂതലം
(ബി) ഭൂതലം- വ്യോമ
(സി) ഭൂതലം- ഭൂതലം
(ഡി) വ്യോമ–വ്യോമ

83. ഒരു സിനിമയിൽ പത്തുവേഷങ്ങൾ അഭിനയിച്ച ആദ്യ ഇന്ത്യൻ സിനിമാ നടൻ:
(എ) കമലഹാസൻ (ബി) അർജുൻ
(സി) രജനീകാന്ത് (ഡി) ചിരഞ്ജീവി

84. ഇന്ത്യ ആദ്യമായി ഒളിമ്പിക്സിൽ സ്വർണം നേടിയ വർഷം
(എ) 2008 (ബി) 1952
(സി) 1928 (ഡി) 1900

85. വടക്കുകിഴക്കൻ ഇന്ത്യയിൽ ഉൾപ്പെടാത്ത സംസ്ഥാനം ഏത്?
(എ) ത്രിപുര (ബി) നാഗാലാൻഡ്
(സി) മിസോറം (ഡി) ഉത്തരാഖണ്ഡ്

86. മുഗൾ സാമ്രാജ്യം എത്ര വർഷം നിലനിന്നു?
(എ) 381 (ബി) 331
(സി) 400 (ഡി) 250

87. കേരളത്തിൽ ഏറ്റവും കൂടുതൽ കാലം ഡപ്യൂട്ടി സ്പീക്കറായത്
(എ) ആർ എസ് ഉണ്ണി
(ബി) സി എച്ച് മുഹമ്മദ് കോയ
(സി) സുന്ദരം നാടാർ
(ഡി) വക്കം പുരുഷോത്തമൻ

88. ഏറ്റവും കൂടുതൽ രാജ്യങ്ങളിൽ ഉപയോഗിക്കുന്ന കലണ്ടർ
(എ) കൊല്ലവർഷം (ബി) ഹിജറ
(സി) ഗ്രിഗോറിയൻ
(ഡി) ശക വർഷം

89. താഴെപ്പറയുന്നവയിൽ ഏറെക്കുറെ മൃതാവസ്ഥയിലായ ഭാഷയേത്?
(എ) മലയാളം (ബി) നേപ്പാളി
(സി) തമിഴ് (ഡി) അരാമയ ഭാഷ

90. 'അറാറത്ത് പർവതം' ഏത് രാജ്യത്താണ്?
(എ) ജപ്പാൻ (ബി) ഇസ്രയേൽ
(സി) ഇന്ത്യ (ഡി) തുർക്കി

91. ലോകത്തിലെ ഏറ്റവും ചെറിയ മുസ്ലിം രാജ്യം
(എ) ബഹറിൻ (ബി) ഖത്തർ
(സി) മാലദ്വീപ് (ഡി) ഇറാൻ

92. കരയിലെ ഏറ്റവും ശക്തിയുള്ള മൃഗം
(എ) ഒട്ടകം (ബി) ജിറാഫ്
(സി) കാള (ഡി) ആന

93. ഏതു രംഗത്തു നൽകുന്ന പുരസ്കാരമാണ് 'സുവർണ ചകോരം'?
(എ) പത്രപ്രവർത്തനം (ബി) സിനിമ
(സി) നാടകം (ഡി) വിദ്യാഭ്യാസം

94. ഏകകണ്ഠമായി തിരഞ്ഞെടുക്കപ്പെട്ട ഒരേയൊരു അമേരിക്കൻ പ്രസിഡന്റ്
(എ) ലിങ്കൺ (ബി) ജോർജ് വാഷിങ്ടൺ
(സി) കെന്നഡി (ഡി) റൂസ്‌വെൽറ്റ്

95. പ്രത്യേക സാമ്പത്തിക മേഖലയായ കാണ്ട്ല ഏത് സംസ്ഥാനത്താണ്?
(എ) ഗുജറാത്ത് (ബി) മഹാരാഷ്ട്ര
(സി) കർണാടകം (ഡി) തമിഴ്നാട്

96. ഡച്ചുകാർ എന്നറിയപ്പെടുന്നത് ഏത് രാജ്യത്തെ ജനതയാണ്
(എ) ഡെൻമാർക്ക്
(ബി) നെതർലൻഡ്സ്
(സി) ജർമനി (ഡി) ബെൽജിയം

97. താഴെപ്പറയുന്നവയിൽ നെപ്പോളിയന്റെ അപരനാമം അല്ലാത്തത്?
(എ) ലിറ്റിൽ കോർപ്പറൽ
(ബി) ഫ്രഞ്ചുവിപ്ലവത്തിന്റെ പിതാവ്
(സി) ഫ്രഞ്ചുവിപ്ലവത്തിന്റെ ശിശു
(ഡി) ഭാഗധേയത്തിന്റെ മനുഷ്യൻ

98. 'പറങ്കികൾ' എന്നറിയപ്പെടുന്നത്
(എ) ഡച്ചുകാർ (ബി) ഇംഗ്ലീഷുകാർ
(സി) പോർച്ചുഗീസുകാർ
(ഡി) ഫ്രഞ്ചുകാർ

99. പഞ്ചസാരയുടെ ഘടകമല്ലാത്തത്?
(എ) കാർബൺ (ബി) ഹൈഡ്രജൻ
(സി) ഓക്സിജൻ (ഡി) നൈട്രജൻ

100. പാലിൽ അടങ്ങിയിരിക്കുന്ന മാംസ്യം?
(എ) ലാക്ടോസ് (ബി) ലാക്ടേസ്
(സി) കേസീൻ (ഡി) കരോട്ടിൻ

## Answers

1 (a) 2 (b) 3 (b) 4 (a) 5 (a) 6 (b) 7 (a) 8 (a) 9 (b) 10 (b) 11 (b) 12 (a) 13 (c) 14 (b) 15 (d) 16 (c) 17 (a) 18 (d) 19 (c) 20 (d) 21 (b) 22 (c) 23 (c) 24 (a) 25 (a) 26 (b) 27 (c) 28 (a) 29 (a) 30 (b) 31 (c) 32 (a) 33 (b) 34 (a) 35 (a) 36 (d) 37 (c) 38 (b) 39 (a) 40 (d) 41 (a) 42 (c) 43 (c) 44 (a) 45 (a) 46 (d) 47 (c) 48 (c) 49 (c) 50 (c) 51 (d) 52 (a) 53 (a) 54 (c) 55 (b) 56 (d) 57 (c) 58 (b) 59 (b) 60 (a) 61 (b) 62 (b) 63 (c) 64 (c) 65 (b) 66 (a) 67 (c) 68 (c) 69 (b) 70 (c) 71 (a) 72 (c) 73 (b) 74 (c) 75 (d) 76 (c) 77 (c) 78 (a) 79 (c) 80 (a) 81 (c) 82 (c) 83 (a) 84 (c) 85 (d) 86 (b) 87 (a) 88 (c) 89 (d) 90 (d) 91 (c) 92 (d) 93 (b) 94 (b) 95 (a) 96 (b) 97 (b) 98 (c) 99 (d) 100 (c)

## 3

1. പുലിറ്റ്സർ സമ്മാനവുമായി ബന്ധപ്പെട്ടത്?
(എ) സിനിമ (ബി) പത്രപ്രവർത്തനം
(സി) സ്പോർട്സ് (ഡി) സംഗീതം

2. മാർജാരവർഗത്തിലെ ഏറ്റവും വലിയ ജീവി?
(എ) സിംഹം (ബി) സൈബീരിയൻ കടുവ
(സി) ചീറ്റ (ഡി) പുലി

3. ഇന്ത്യയും ഏത് രാജ്യവുമായാണ് പഞ്ചശീല തത്ത്വങ്ങളിൽ ഒപ്പിട്ടത്?
(എ) നേപ്പാൾ (ബി) ഭൂട്ടാൻ
(സി) ചൈന (ഡി) റഷ്യ

4. എ.കെ.ഗോപാലൻ നയിച്ചതാണ്?
(എ) വിമോചന സമരം
(ബി) പട്ടിണി ജാഥ
(സി) നിവർത്തന പ്രക്ഷോഭം
(ഡി) വൈദ്യുതി സമരം

5. ഏതു വിഷയത്തിലെ നൊബേൽ സമ്മാനമാണ് ബാങ്ക് ഓഫ് സ്വീഡൻ പ്രൈസ് എന്നറിയപ്പെടുന്നത്?
(എ) സമാധാനം
(ബി) സാമ്പത്തികശാസ്ത്രം
(സി) സാഹിത്യം (ഡി) രസതന്ത്രം

6. കുലീന വാതകങ്ങളിൽപ്പെടാത്തത് ഏത്?
(എ) നിയോൺ (ബി) ക്രിപ്റ്റോൺ
(സി) സിനോൺ (ഡി) നൈട്രജൻ

7. ഹർഷൻ താഴെപ്പറയുന്നവയിൽ ഏതു വംശവുമായി ബന്ധപ്പെട്ടിരിക്കുന്നു?
(എ) മൗര്യ (ബി) ഗുപ്ത
(സി) ശതവാഹന (ഡി) പുഷ്യഭൂതി

8. ഹാലൊജനുകളുടെ കൂട്ടത്തിൽപ്പെടാത്തത് ഏത്?
(എ) ഫ്ളൂറിൻ (ബി) ക്ലോറിൻ
(സി) ഓക്സിജൻ (ഡി) അയഡിൻ

9. ജർമനിയുടെ തലസ്ഥാനം?
(എ) ബോൺ (ബി) ബേൺ
(സി) ബെർലിൻ (ഡി) ഫ്രാങ്ക്ഫർട്ട്

10. ജയപ്രകാശ് നാരായണന് ഏതു വിഷയത്തിലാണ് മഗ്സസേ അവാർഡ് ലഭിച്ചത്?
(എ) പബ്ലിക് സർവീസ്
(ബി) ഗവൺമെന്റ് സർവീസ്
(സി) സാമൂഹിക നേതൃത്വം
(ഡി) അന്താരാഷ്ട്രധാരണ

11. ഹൈഡ്രജനിൽ ഇല്ലാത്ത കണമേത്?
(എ) ന്യൂട്രോൺ (ബി) ഇലക്ട്രോൺ
(സി) പ്രോട്ടോൺ (ഡി) ഇവയൊന്നുമല്ല

12. പോട്ടമോളജി എന്തിനെക്കുറിച്ചുള്ള പഠനമാണ്?
(എ) പർവതം (ബി) നദി
(സി) പാറ (ഡി) ശുദ്ധജലകടാകം

13. മോണയെ ബാധിക്കുന്ന അസുഖമാണ്?
(എ) ക്വാഷിയോർക്കർ
(ബി) പയോറിയ
(സി) റിക്കറ്റ് (ഡി) കാറ്ററാക്ട്

14. താഴെപ്പറയുന്നവയിൽ ഹർഷന്റെ സദസ്യൻ അല്ലാത്തത്?
(എ) വസുമിത്രൻ (ബി) സുശ്രുതൻ
(സി) നാഗാർജുനൻ
(ഡി) വിഷ്ണുശർമ

15. 'മുത്തശ്ശി' രചിച്ചത്?
(എ) ബാലാമണിയമ്മ
(ബി) സുഗതകുമാരി
(സി) കമലാ സുരയ്യ
(ഡി) ഇവരാരുമല്ല

16. ബി.ബി.സി. എന്നത് ഏതുമായി ബന്ധപ്പെട്ടിരിക്കുന്നു?
(എ) പ്രതിരോധ മരുന്ന്
(ബി) ക്രിക്കറ്റ് കൗൺസിൽ
(സി) സിനിമാ സെൻസറിങ്
(ഡി) റേഡിയോ പ്രക്ഷേപണം

17. ബുദ്ധമതത്തിന്റെ വിശുദ്ധ ഗ്രന്ഥങ്ങൾ ഏതു ഭാഷയിൽ രചിക്കപ്പെട്ടു?
(എ) സംസ്കൃതം (ബി) ഹിന്ദി
(സി) പാലി (ഡി) തമിഴ്

18. ബംഗാൾ വിഭജിച്ച വൈസ്രോയി :
(എ) വെല്ലിങ്ടൺ (ബി) കഴ്സൺ
(സി) ഹാർഡിഞ്ച് (ഡി) ചെംസ്ഫോർഡ്

19. ഇന്ത്യൻ ഭരണഘടനയിൽ ഇപ്പോൾ എത്ര പട്ടികകൾ ഉണ്ട്?
(എ) 8 (ബി) 10
(സി) 12 (ഡി) 22

20. ഇന്ത്യൻ ഭരണഘടനാ നിർമാണസഭയുടെ അധ്യക്ഷനായിരുന്നത് :
(എ) ഡോ. അംബേദ്കർ
(ബി) ഗാന്ധിജി
(സി) ജവാഹർലാൽ നെഹ്റു
(ഡി) ഡോ. രാജേന്ദ്രപ്രസാദ്

21. ആനമലയിൽനിന്ന് ഉദ്ഭവിക്കുന്ന നദി:
(എ) ഭാരതപ്പുഴ (ബി) പമ്പ
(സി) നെയ്യാർ (ഡി) കല്ലടയാർ

22. ഭീമൻ പാണ്ടയുടെ സ്വദേശം:
(എ) ഭൂട്ടാൻ (ബി) ചൈന
(സി) ജപ്പാൻ (ഡി) ആഫ്രിക്ക

23. ഭൂമിയുടെ കാന്തികശക്തിക്ക് അനുസരണമായി സഞ്ചരിക്കാൻ കഴിവുള്ള ജീവി:



(എ) അണലി (ബി) ഒച്ച്
(സി) മണ്ണിര (ഡി) പാറ്റ

24. 'ഭട്നഗർ അവാർഡ്' ഏതു മേഖലയിൽ നൽകുന്നു?
(എ) സിനിമ (ബി) പത്രപ്രവർത്തനം
(സി) സംഗീതം (ഡി) ശാസ്ത്രം

25. 'പ്രഭാത നക്ഷത്രം' എന്നറിയപ്പെടുന്നത് :
(എ) ചന്ദ്രൻ (ബി) സൂര്യൻ
(സി) ശുക്രൻ (ഡി) ബുധൻ

26. എന്തിന്റെ ഏകകമാണ് പ്രകാശവർഷം?
(എ) സമയം (ബി) ഭാരം
(സി) ദൂരം (ഡി) സാന്ദ്രത

27. പ്രസിഡന്റിന്റെ പദവിയിൽനിന്ന് നീക്കം ചെയ്യുന്ന നടപടി
(എ) എക്സിറ്റ് പോൾ
(ബി) ഇംപീച്ച്മെന്റ്
(സി) കോർട്ട് മാർഷൽ
(ഡി) കട്ട് മോഷൻ

28. പ്രാണികളെ തിന്നുന്ന സസ്യം:
(എ) നെപ്പന്തസ് (ബി) ആൽഗ
(സി) മരവാഴ (ഡി) സർപ്പഗന്ധി

29. ബ്രിട്ടീഷ് ഭരണകാലത്ത് മലബാർ ജില്ലയുടെ ആസ്ഥാനം:
(എ) ഫറോക്ക് (ബി) കണ്ണൂർ
(സി) തലശ്ശേരി (ഡി) കോഴിക്കോട്

30. ശ്രീരാമകൃഷ്ണമിഷന്റെ അധ്യക്ഷനായ ആദ്യ മലയാളി
(എ) സ്വാമി രംഗനാഥാനന്ദ
(ബി) ശ്രീനാരായണഗുരു
(സി) ആഗമാനന്ദസ്വാമി (ഡി) നടരാജഗുരു

31. എസ്.എൻ.ഡി.പി. യോഗം സ്ഥാപിതമായ വർഷം:
(എ) 1930 (ബി) 1914
(സി) 1903 (ഡി) 1900

32. എല്ലാ ആസിഡുകളിലും അടങ്ങിയിരിക്കുന്ന മൂലകം?
(എ) ഓക്സിജൻ (ബി) സൾഫർ
(സി) ക്ലോറിൻ (ഡി) ഹൈഡ്രജൻ

33. 'വിസ്ഡൻ മാസിക' എന്തുമായി ബന്ധപ്പെട്ടിരിക്കുന്നു?
(എ) ഷെയർ മാർക്കറ്റ്
(ബി) ഇൻഫർമേഷൻ ടെക്നോളജി
(സി) സിനിമ (ഡി) ക്രിക്കറ്റ്

34. 'ക്രിസ്മസ് രോഗം' എന്നറിയപ്പെടുന്നത്:
(എ) രക്താർബുദം (ബി) ഹീമോഫീലിയ
(സി) എലിപ്പനി
(ഡി) ട്യൂബർക്കുലോസിസ്

35. ഏതു സംസ്ഥാനത്താണ് ശ്രീഹരിക്കോട്ട?
(എ) ഗുജറാത്ത് (ബി) തമിഴ്നാട്
(സി) ഒറീസ (ഡി) ആന്ധ്രാപ്രദേശ്

36. താഴെപ്പറയുന്നവയിൽ കൊടുങ്ങല്ലൂരുമായി ബന്ധപ്പെട്ടത് അല്ലാത്തത്?
(എ) ക്രാങ്ങനൂർ (ബി) മഹോദയപുരം
(സി) മുസിരിസ് (ഡി) ഗണപതിവട്ടം

37. ഏതു ലോഹത്തിന്റെ അയിരാണ് ഇൽമനൈറ്റ്?
(എ) ഇരുമ്പ് (ബി) ടൈറ്റാനിയം
(സി) ചെമ്പ് (ഡി) ഈയം

38. മൂത്രത്തിൽ അടങ്ങിയിരിക്കുന്ന ആസിഡ്?
(എ) ടാനിക് ആസിഡ്
(ബി) യൂറിക് ആസിഡ്
(സി) അസെറ്റിക് ആസിഡ്
(ഡി) ഹൈഡ്രോക്ലോറിക് ആസിഡ്

39. ചോക്കിന്റെ രാസനാമം?
(എ) കാൽസ്യം കാർബണേറ്റ്
(ബി) പൊട്ടാസ്യം കാർബണേറ്റ്
(സി) സോഡിയം കാർബണേറ്റ്
(ഡി) കോപ്പർ സൽഫേറ്റ്

40. 'അമാൽഗ'ത്തിൽ എപ്പോഴും ചേർന്നിരിക്കുന്ന ഘടകം?
(എ) ഇരുമ്പ് (ബി) മെർക്കുറി
(സി) സിങ്ക് (ഡി) സ്വർണം

41. വനസ്പതി നെയ്യ് നിർമിക്കാൻ ഉപയോഗിക്കുന്ന വാതകം?
(എ) ഹീലിയം (ബി) ഓക്സിജൻ
(സി) നൈട്രജൻ (ഡി) ഹൈഡ്രജൻ

42. താഴെപ്പറയുന്നവയിൽ അകശേരുകി അല്ലാത്തത്?
(എ) ഒച്ച് (ബി) ചെമ്മീൻ
(സി) ഞണ്ട് (ഡി) മത്സ്യം

43. സസ്തനങ്ങളിൽ ബീജസംയോഗം നടക്കുന്നത് എവിടെവച്ച്?

(എ) അണ്ഡാശയം (ബി) ഗർഭപാത്രം
(സി) ഫലോപ്പിയൻ ട്യൂബ്
(ഡി) മൂത്രനാളി

44. നാം ശ്വസിക്കുന്ന ഓക്സിജന്റെ എത്ര ശതമാനമാണ് മസ്തിഷ്കം ഉപയോഗിക്കുന്നത്?
(എ) 20 (ബി) 90
(സി) 80 (ഡി) 50

45. 'ക്രിസ്തുഭാഗവതം' രചിച്ചത്?
(എ) പി സി ദേവസ്യ
(ബി) ചെറിയാൻ മാപ്പിള
(സി) ബാബു പോൾ
(ഡി) ടി സി ജോസഫ്

46. ശ്രീരംഗപട്ടണം ഉടമ്പടി ഒപ്പുവച്ച വർഷം?
(എ) 1793 (ബി) 1792
(സി) 1800 (ഡി) 1803

47. ബ്രിട്ടീഷ് ഇന്ത്യയിലെ അവസാനത്തെ വൈസ്രോയി?
(എ) മൗണ്ട്ബാറ്റൺ പ്രഭു
(ബി) സി. രാജഗോപാലാചാരി
(സി) കാനിങ് പ്രഭു
(ഡി) വേവൽ പ്രഭു

48. ബ്രിട്ടീഷുകാർ എവിടെയാണ് സെന്റ് ജോർജ് കോട്ട പണികഴിപ്പിച്ചത്?
(എ) അഞ്ചുതെങ്ങ് (ബി) തലശ്ശേരി
(സി) കണ്ണൂർ (ഡി) മദ്രാസ്

49. മനുഷ്യശിശുവിന്റെ പാൽപ്പല്ലുകളുടെ എണ്ണം?
(എ) 32 (ബി) 40
(സി) 20 (ഡി) 4

50. 'ക്യൂബൻ മിസൈൽ പ്രതിസന്ധി' കൈകാര്യം ചെയ്ത അമേരിക്കൻ പ്രസിഡന്റ്:
(എ)ഐസനോവർ(ബി) ജോൺ എഫ് കെന്നഡി
(സി) ലിൻഡൻ ബി. ജോൺസൺ
(ഡി) റിച്ചാർഡ് നിക്സൺ

51. ഒരു നിയമനിർമാണസഭയുടെയോ സമ്മേളനത്തിന്റെയോ കാര്യപരിപാടികൾ താത്കാലികമായി നിർത്തിവെക്കുന്ന നടപടിയാണ്?
(എ) അമെന്റ്മെന്റ് (ബി) അഡ്ജേൺമെന്റ്
(സി) സബ്മിഷൻ (ഡി) കട്ട് മോഷൻ

52. 'സ്ത്രീകൾക്കു മാതൃത്വം പോലെയാണ് പുരുഷൻമാർക്കു യുദ്ധം' എന്നു പറഞ്ഞത്
(എ) ഹിറ്റ്ലർ (ബി) അലക്സാണ്ടർ
(സി) മുസ്സോളിനി (ഡി) നെപ്പോളിയൻ

53. നദികളുടെ വടക്കുനിന്ന് തെക്കോട്ടുള്ള ശരിയായ ക്രമം:
(എ) ഗോദാവരി, മഹാനദി, കൃഷ്ണ, കാവേരി
(ബി) മഹാനദി, ഗോദാവരി, കൃഷ്ണ, കാവേരി
(സി) മഹാനദി, ഗോദാവരി, കാവേരി , കൃഷ്ണ,
(ഡി) ഗോദാവരി, മഹാനദി,കാവേരി, കൃഷ്ണ

54. ജവാഹർലാൽ നെഹ്രുവിന്റെ 'ആത്മകഥ' മലയാളത്തിലേക്കു പരിഭാഷപ്പെടുത്തിയത്:
(എ) ഇന്ദുചൂഡൻ
(ബി) നാലപ്പാട്ട് നാരായണ മേനോൻ
(സി) കെ.പി.കേശവമേനോൻ
(ഡി) സി.എച്ച്.കുഞ്ഞപ്പ

55. പ്രാചീന കേരളത്തിൽ വിദേശങ്ങളുമായി വാണിജ്യം നടത്തിയവരായിരുന്നു?
(എ) വളഞ്ചിയർ (ബി) മണിഗ്രാമം
(സി) അഞ്ചുവണ്ണം (ഡി) ചങ്ങാതം

56. പ്രാചീനകാലത്ത് 'കുറിഞ്ചി' എന്ന പേരിലറിയപ്പെട്ടുന്നത് ഏത് ഭൂവിഭാഗമായിരുന്നു?
(എ) മലകൾ നിറഞ്ഞ കാട്ടു പ്രദേശം
(ബി) പുൽമേട് (സി) നദീതടം
(ഡി) കടൽത്തീരം

57. ക്ലമന്റ് ആറ്റ്ലിയുടെ നേതൃത്വത്തിലുള്ള ലേബർ പാർട്ടി ബ്രിട്ടണിൽ അധികാരത്തിൽവന്ന വർഷം:
(എ) 1945 (ബി) 1946
(സി) 1947 (ഡി) 1944

58. മധ്യപ്രദേശിലെ ബാലാഘട്ട് ഏതു ധാതുവിനു പ്രസിദ്ധമാണ്?
(എ) സ്വർണം (ബി) ചെമ്പ്
(സി) യുറേനിയം (ഡി) വജ്രം

59. മധ്യകാല കേരളത്തിൽ സങ്കേതസ്വത്തിനും ദേശത്തിനും ഉറപ്പുവരുത്തുന്ന പോർവീരൻമാരുടെ സംഘം:
(എ) ചങ്ങാതം (ബി) കാരാളർ
(സി) അഞ്ചുവണ്ണം (ഡി) ചാവേറുകൾ

60. ഏത് മൗലികാവകാശമാണ് സാമൂഹികമായ വേർതിരിവുകൾ ഇല്ലാതാക്കൽ ലക്ഷ്യമാക്കുന്നത്?
(എ) സ്വത്തിനുള്ള അവകാശം
(ബി) സ്വാതന്ത്ര്യത്തിനുള്ള അവകാശം
(സി) ചൂഷണത്തിനെതിരായ അവകാശം
(ഡി) സമത്വത്തിനുള്ള അവകാശം

61. 'യൂറോപ്യൻ പുനരുദ്ധാരണ പദ്ധതി' എന്നറിയപ്പെട്ടത്?
(എ) മാർഷൽ പദ്ധതി
(ബി) മൺറോ സിദ്ധാന്തം
(സി) ട്രൂമാൻ സിദ്ധാന്തം
(ഡി) ഐസനോവർ സിദ്ധാന്തം

62. പുലപ്പേടി, മണ്ണാപ്പേടി എന്നിവയെക്കുറിച്ച് പ്രതിപാദിക്കുന്ന ആദ്യത്തെ വിദേശ സഞ്ചാരി:
(എ) ഫ്രയർ ജോർഡാനസ്
(ബി) ബാർബോസ
(സി) മാർക്കോ പോളോ
(ഡി) നിക്കോളോ കോണ്ടി

63. ഇന്റർനാഷണൽ ഒളിമ്പിക് അക്കാദമി സ്ഥിതി ചെയ്യുന്ന സ്ഥലം:
(എ) ലൊസെയ്ൻ (ബി) ജനീവ
(സി) ഒളിമ്പിയ(ഗ്രീസ്)
(ഡി) ടോക്കിയോ

64. 'എനിക്ക് സ്വാതന്ത്ര്യം വേണം. എത്രയും പെട്ടെന്ന്. കഴിയുമെങ്കിൽ ഈ രാത്രി തന്നെ. പ്രഭാതമുണരുവോളം കാത്തിരിക്കാൻ എനിക്ക് ക്ഷമയില്ലാതായിരിക്കുന്നു' ഇതു പറഞ്ഞത്?
(എ) നെൽസൺ മണ്ടേല
(ബി) ഓങ് സാൻ സു ചി



(സി) മഹാത്മാഗാന്ധി
(ഡി) ഭഗത്സിങ്

65. കേരളത്തിൽ കമ്യൂണിസ്റ്റ് പാർട്ടി നടത്തിയ ഏറ്റവും വലിയ സമരമേത്?
(എ) കയ്യൂർ സമരം
(ബി) കല്യാശ്ശേരി സമരം
(സി) പുന്നപ്ര-വയലാർ
(ഡി) ശൂരനാട് സംഭവം

66. ഓരോ രാത്രിയും ഓരോ കിടക്കയുണ്ടാക്കി കിടന്നുറങ്ങുന്ന മൃഗം:
(എ) കംഗാരു (ബി) ഗോറില്ല
(സി) കരടി (ഡി) ബീവർ

67. ഇന്ത്യയിൽ എത്ര സംസ്ഥാനങ്ങളുണ്ട്?
(എ) 25 (ബി) 35
(സി) 28 (ഡി) 29

68. മെർക്കുറിക് തെർമോമീറ്റർ കണ്ടുപിടിച്ചത്:
(എ) ഗലീലിയോ (ബി) ഫാരൻഹീറ്റ്
(സി) കെൽവിൻ (ഡി) ഡാൽട്ടൺ

69. 'ചിപ്കോ പ്രസ്ഥാന'വുമായ ബന്ധപ്പെട്ട നേതാവ്:
(എ) സുന്ദർലാൽ ബഹുഗുണ
(ബി) മേധാ പട്കർ
(സി) ബാബാ ആംതെ
(ഡി) അരവിന്ദ് കെജ്റിവാൾ

70. കേരളത്തിൽ ഹിന്ദുസ്ഥാൻ പേപ്പർ കോർപ്പറേഷന്റെ ആസ്ഥാനം:
(എ) അരൂർ (ബി) വെള്ളൂർ
(സി) വാളയാർ (ഡി) ചവറ

71. ധാതുസമ്പത്തിൽ ഇന്ത്യയിൽ ഒന്നാംസ്ഥാനത്തുള്ള സംസ്ഥാനം:
(എ) തമിഴ്നാട് (ബി) ജാർഖണ്ഡ്
(സി) ആന്ധ്രാപ്രദേശ്
(ഡി) ഛത്തിസ്ഗഢ്

72. 'ഹോർത്തൂസ് മലബാറിക്കൂസ്' എന്ന ഗ്രന്ഥം ആരുടെ സംഭാവനയാണ്?
(എ) പോർച്ചുഗീസുകാർ
(ബി) ഡച്ചുകാർ
(സി) ഫ്രഞ്ചുകാർ (ഡി) ബ്രിട്ടീഷുകാർ

73. ദേശീയ പതാകയുടെ വീതിയുടെ എത്ര ഇരട്ടിയാണ് നീളം?
(എ) 2 (ബി) 3
(സി) 4 (ഡി) ഒന്നര

74. 'മഹത്തായ വിപ്ലവം' നടന്നപ്പോൾ ഇംഗ്ലണ്ടിലെ രാജാവ്:
(എ) ചാൾസ് രണ്ടാമൻ (ബി) ജെയിംസ് രണ്ടാമൻ (സി) ഫിലിപ്പ് രണ്ടാമൻ (ഡി) ജോർജ് രണ്ടാമൻ

75. കേരളത്തിൽ വെളുത്തുള്ളി ഉല്പാദിപ്പിക്കുന്ന ഏക ജില്ല:
(എ) എറണാകുളം(ബി) ഇടുക്കി
(സി) പാലക്കാട് (ഡി) വയനാട്

76. കേരളത്തിലെ പ്രധാന നാണ്യവിള:
(എ) ചണം (ബി) പുകയില
(സി) റബ്ബർ (ഡി) കരിമ്പ്

77. 'അക്ഷർധാം ക്ഷേത്രം' ഏതു സംസ്ഥാനത്താണ്?
(എ) തമിഴ്നാട് (ബി) രാജസ്ഥാൻ
(സി) ഗുജറാത്ത് (ഡി) മഹാരാഷ്ട്ര

78. ഇന്ത്യയിൽ ക്യാബിനറ്റ് സെക്രട്ടറിയുടെ കാലാവധി:
(എ) 5 വർഷം (ബി) 6 വർഷം
(സി) 3 വർഷം (ഡി) 2 വർഷം

79. ഏറ്റവും കൂടുതൽ ഭാഷകളുള്ള രാജ്യം:
(എ) ഇന്ത്യ (ബി) ഇന്തോനീഷ്യ
(സി) പപ്പുവ ന്യൂഗിനി (ഡി) യു.എസ്.എ.

80. കേരളത്തിൽ ഏതു ജില്ലയിലാണ് ഏറ്റവും കൂടുതൽ വികസനബ്ലോക്കുകൾ ഉള്ളത്?
(എ) മലപ്പുറം (ബി) തൃശ്ശൂർ
(സി) എറണാകുളം (ഡി) പാലക്കാട്

81. കേരളത്തിലെ രണ്ടാമത്തെ ജലവൈദ്യുതപദ്ധതി:
(എ) പള്ളിവാസൽ(ബി) ചെങ്കുളം
(സി) പന്നിയാർ (ഡി) കുറ്റ്യാടി

82. പക്ഷിത്തൂവൽപോലെ കാണപ്പെടുന്ന മേഘങ്ങളാണ്----.
(എ) സിറസ് (ബി) സ്ട്രാറ്റസ്
(സി) ക്യുമുലസ് (ഡി) നിംബസ്

83. പഞ്ചായത്തീരാജ് ബിൽ ഏത് പ്രധാനമന്ത്രിയുടെ കാലത്താണ് നിയമമാക്കിയത്?
(എ) ഇന്ദിരാ ഗാന്ധി (ബി) രാജീവ് ഗാന്ധി
(സി) നരസിംഹറാവു (ഡി) വി.പി.സിങ്

84. ബൃഹദേശ്വരക്ഷേത്രം എവിടെ സ്ഥിതി ചെയ്യുന്നു?
(എ) തഞ്ചാവൂർ (ബി) മധുര
(സി) കാഞ്ചി (ഡി) തിരുച്ചിറപ്പള്ളി

85. ഭരണരംഗത്തെ കമ്പ്യൂട്ടർ രംഗവുമായി ബന്ധപ്പെടുത്തുന്ന സംവിധാനമാണ്?
(എ) ഇ-മെയിൽ (ബി) ഇ-ഗവേർണൻസ്
(സി) ഇൻട്രാനെറ്റ് (ഡി) അർപ്പാനെറ്റ്

86. കേരള നിയമസഭയിലെ 'സഭാനേതാവ്' ആര്?
(എ) സ്പീക്കർ (ബി) ഗവർണർ
(സി) മുഖ്യമന്ത്രി (ഡി) ഡപ്യൂട്ടി സ്പീക്കർ

87. ഏറ്റവും കൂടുതൽ ജില്ലകളുള്ള കേന്ദ്രഭരണ പ്രദേശം?
(എ) ലക്ഷദ്വീപ് (ബി) പോണ്ടിച്ചേരി
(സി) ഡൽഹി (ഡി) ആന്തമൻ നിക്കോബാർ

88. ഇന്ത്യയിലെ മുസ്ലിം ഭരണാധികാരികളിൽ സാമ്രാജ്യത്തിന് ഏറ്റവും കൂടുതൽ വിസ്തൃതി ഉണ്ടായിരുന്നത്:
(എ) മുഹമ്മദ് ബിൻ തുഗ്ലക്
(ബി) ഔറംഗസീബ് (സി) അക്ബർ
(ഡി) ഷാജഹാൻ

89. ഭരണഘടനയിലെ വ്യവസ്ഥ പ്രകാരം ലോക്സഭയിലെ പരമാവധി അംഗസംഖ്യ എത്ര വരെയാകാം?
(എ) 550 (ബി) 543
(സി) 552 (ഡി) 545

90. 'ജീവശാസ്ത്രത്തിന്റെ പിതാവ്' എന്നറിയപ്പെടുന്നത്:
(എ) അരിസ്റ്റോട്ടിൽ (ബി) ഫാരഡെ
(സി) ന്യൂട്ടൺ (ഡി) ഐൻസ്റ്റീൻ

91. കേരളത്തിൽ എസ്.എസ്.എൽ.സി.ക്ക് ഗ്രേഡിങ് സമ്പ്രദായം നിലവിൽ വന്ന വർഷം:
(എ) 2006 (ബി) 2005
(സി) 2001 (ഡി) 2002

92. കൈകാലുകളിലെ ആകെ അസ്ഥികൾ:
(എ) 206 (ബി) 80
(സി) 33 (ഡി) 126

93. 2005 ഒക്ടോബറിൽ വിവരാവകാശനിയമം നടപ്പിൽ വരാത്ത സംസ്ഥാനം
(എ) കേരളം (ബി) ജമ്മു കാശ്മീർ
(സി) തമിഴ്നാട് (ഡി) ആന്ധ്രാപ്രദേശ്

94. പരിമാർജൻ നേഗി ഏതു സ്പോർട്സ് ഇനവുമായി ബന്ധപ്പെട്ടിരിക്കുന്നു?
(എ) ടെന്നീസ് (ബി) കബഡി
(സി) ക്രിക്കറ്റ് (ഡി) ചെസ്

95. യൂറോപ്യൻ യൂണിയന്റെ ആസ്ഥാനം?
(എ) ജനീവ (ബി) ലണ്ടൻ
(സി) ബ്രസ്സൽസ് (ഡി) പാരീസ്

96. ഇന്ത്യയുടെ വിസ്തീർണം ഉദ്ദേശം എത്ര ലക്ഷം ചതുരശ്ര കിലോമീറ്ററാണ്?
(എ) 33.8 (ബി) 23.8
(സി) 42.1 (ഡി) 32.9

97. അച്ചടിയന്ത്രം കണ്ടുപിടിച്ചതാര്?
(എ) ഗുട്ടൻബർഗ് (ബി) എഡിസൺ
(സി) ജോൺ നേപ്പിയർ (ഡി) വാട്ടർമാൻ

98. 'ഇന്ത്യൻ വൈദ്യശാസ്ത്രത്തിന്റെ പിതാവ്' എന്നറിയപ്പെടുന്നത്:
(എ) ധന്വന്തരി (ബി) ചരകൻ
(സി) സുശ്രുതൻ (ഡി) കണാദൻ

99. 'ഗരുഢ' ഏതു രാജ്യത്തിന്റെ എയർലൻസ് ആണ്?
(എ) ഇന്തൊനിഷ്യ (ബി) ജപ്പാൻ
(സി) തായ്‌ലൻഡ് (ഡി) ശ്രീലങ്ക

100. ഇന്ത്യയിലെ ആദ്യത്തെ വനിതാ പ്രധാനമന്ത്രി:
(എ) സുചേതാ കൃപലാനി
(ബി) ഇന്ദിരാഗാന്ധി
(സി) സരോജിനി നായിഡു
(ഡി) വിജയലക്ഷ്മി പണ്ഡിറ്റ്

## Answers

1 (b) 2 (b) 3 (c) 4 (b) 5 (b) 6 (d) 7 (d) 8 (c) 9 (c) 10 (a) 11 (a) 12 (b) 13 (b) 14 (d) 15 (a) 16 (d) 17 (c) 18 (b) 19 (c) 20 (d) 21 (a) 22 (b) 23 (b) 24 (d) 25 (c) 26 (c) 27 (d) 28 (a) 29 (d) 30 (a) 31 (c) 32 (d) 33 (d) 34 (b) 35 (d) 36 (d) 37 (b) 38 (b) 39 (a) 40 (b) 41 (d) 42 (d) 43 (c) 44 (a) 45 (a) 46 (b) 47 (a) 48 (d) 49 (c) 50 (b) 51 (b) 52 (c) 53 (b) 54 (d) 55 (a) 56 (a) 57 (a) 58 (b) 59 (a) 60 (d) 61 (a) 62 (b) 63 (c) 64 (c) 65 (c) 66 (b) 67 (d) 68 (b) 69 (a) 70 (b) 71 (b) 72 (b) 73 (d) 74 (b) 75 (b) 76 (c) 77 (c) 78 (c) 79 (c) 80 (b) 81 (b) 82 (a) 83 (c) 84 (a) 85 (b) 86 (c) 87 (c) 88 (b) 89 (c) 90 (a) 91 (b) 92 (d) 93 (b) 94 (d) 95 (c) 96 (d) 97 (a) 98 (a) 99 (a) 100 (b)

# മലയാളം

## 1

1. കുട്ടനാടിന്റെ ഇതിഹാസകാരൻ എന്നറിയപ്പെടുന്ന സാഹിത്യകാരൻ:
(എ) എം.മുകുന്ദൻ (ബി) തകഴി
(സി) വൈക്കം മുഹമ്മദ് ബഷീർ
(ഡി) എം.ടി.വാസുദേവൻ നായർ
2. സഹ്യന്റെ മകൻഎന്ന പ്രസിദ്ധമായ കവിതയെഴുതിയത്:
(എ) ഇടശ്ശേരി (ബി) വൈലോപ്പിള്ളി
(സി) സുഗതകുമാരി (ഡി) എൻ.എൻ.കക്കാട്
3. സൂകരം എന്ന വാക്കിനർഥം:
(എ) പശു (ബി) കുതിര
(സി) സിംഹം (ഡി) പന്നി
4. ജയജയ കോമള കേരള ധരണി. എന്നു തുടങ്ങുന്ന ഗാനം രചിച്ചത്:
(എ) പി.ഭാസ്കരൻ
(ബി) പന്തളം കെ.പി.രാമൻ പിള്ള
(സി) ബോധേശ്വരൻ
(ഡി) അംശി നാരായണപിള്ള
5. വെളിച്ചം ദുഃഖമാണുണ്ണീ തമസ്സല്ലോ സുഖപ്രദം എന്നു എന്നെഴുതിയ കവി:
(എ) ഒളപ്പമണ്ണ (ബി) അക്കിത്തം
(സി) പൂന്താനം (ഡി) കുഞ്ചൻ നമ്പ്യാർ
6. ചെമ്പൂനാട എന്ന ശൈലിയുടെ അർഥം:
(എ) അനാവശ്യമായ കാലവിളംബം
(ബി) പ്രയോജനശൂന്യമായ വസ്തു
(സി) ഉയർന്ന പദവി
(ഡി) കലാപമുണ്ടാക്കുക
7. ഭൈമീകാമുകൻമാർ എന്ന ശൈലിയുടെ അർഥം:
(എ) പെരുങ്കള്ളൻമാർ (ബി) ദുഷ്ടൻമാർ
(സി) സ്ഥാനമോഹികൾ (ഡി) പ്രമാണിമാർ
8. വേദശബ്ദ രത്നാകരം എന്ന ബൈബിൾ നിഘണ്ടു രചിച്ചതാര്?
(എ) ഡോ.ഡി.ബാബു പോൾ (ബി) പി.സി.ദേവസ്യ
(സി) ജോർജ് വർഗീസ്
(ഡി) കട്ടക്കയത്തിൽ ചെറിയാൻ മാപ്പിള
9. കേരളത്തിലെ ഏലിയറ്റ് എന്നു വിശേഷിപ്പിക്കപ്പെടുന്ന മലയാളകവി:
(എ) ഒ.എൻ.വി.കുറുപ്പ് (ബി) എൻ.എൻ.കക്കാട്
(സി) ഇടശ്ശേരി (ഡി) കടമ്മനിട്ട
10. കേരളം വളരുന്നു എന്ന കവിതാസമാഹാരം രചിച്ചത്?
(എ) ഉള്ളൂർ (ബി) വള്ളത്തോൾ
(സി) അക്കിത്തം (ഡി) പാലാ നാരായണൻ നായർ
11. അക്ഷരത്തെറ്റില്ലാത്തത് തിരഞ്ഞെടുക്കുക:
(എ) ജനാതിപദ്ധ്യം (ബി) ജനാധിപധ്യം
(സി) ജനാധിപത്യം (ഡി) ജനാതിപത്യം
12. 'I respond to situations as the case may be' എന്നതിന്റെ പരിഭാഷ:
(എ) എന്റെ പ്രതികരണങ്ങൾ സംഭവബഹുലമായിരിക്കും
(ബി) സംഭവങ്ങളുണ്ടെങ്കിലേ ഞാൻ പ്രതികരിക്കൂ
(സി) അവസരങ്ങൾക്കുവേണ്ടി ഞാൻ പ്രതികരിക്കുന്നു
(ഡി) അവസരോചിതം ഞാൻ സംഭവങ്ങളോടു പ്രതികരിക്കുന്നു
13. താഴെക്കൊടുത്തിരിക്കുന്നവയിൽ ശരിയായ പദം ഏത്?
(എ) തർജ്ജിമ (ബി) തർജ്ജുമ
(സി) തർജിമ (ഡി) തർജമ
14. 'Herculean task' എന്നതിനു സമാനമായ മലയാള ശൈലി:
(എ) ഹെർക്കൂലിയൻ പ്രയത്നം
(ബി) ഹെർക്കൂലിയൻ കടമ
(സി) ഹെർക്കൂലിയൻ നിയോഗം
(ഡി) ഭഗീരഥ പ്രയത്നം
15. ശാസ്ത്രജ്ഞൻ എന്ന പദം എങ്ങനെ പിരിച്ചെഴുതാം?
(എ) ശാസ്ത്ര+ ജ്ഞൻ (ബി) ശാസ്ത്രം+ അജ്ഞൻ
(സി) ശാസ്ത്രം+ ജ്ഞൻ (ഡി) ശാസ്ത്ര+ ജ്ഞൻ
16. താഴെക്കൊടുത്തിരിക്കുന്നവയിൽ തെറ്റായ പദം ഏത്?
(എ) ലൗകികം (ബി) മുതലാളിത്തം
(സി) ഐതീഹ്യം (ഡി) പ്രവൃത്തി
17. 'A man had been condemned to death for murder' എന്നതിന്റെ ശരിയായ പരിഭാഷ:
(എ) ഒരു മനുഷ്യനെ കൊലപാതകത്തിനു പ്രേരിപ്പിച്ചു
(ബി) ഒരു മനുഷ്യൻ കൊല ചെയ്യപ്പെട്ടിരുന്നു
(സി) കൊലപാതകത്തിന് ഒരു മനുഷ്യൻ തൂക്കിക്കൊല്ലാൻ വിധിക്കപ്പെട്ടിരുന്നു
(ഡി) ഒരു മനുഷ്യനെ കൊലപാതകത്തിന് തൂക്കിക്കൊന്നു
18. ഗണം എന്ന് അർഥം വരാത്ത പദമേത്?
(എ) അശ്മം (ബി) കൂട്ടം
(സി) സഞ്ചയം (ഡി) സംഘാതം
19. അകർമക ക്രിയ ഏത്?
(എ) ഉറങ്ങി (ബി) ഓടിച്ചു
(സി) തിന്നു (ഡി) അടിച്ചു
20. ഏത് വൃത്തത്തിലാണ് എഴുത്തച്ഛൻ കിളിപ്പാട്ടെഴുതിയത്?
(എ) കേക (ബി) കാകളി
(സി) മഞ്ജരി (ഡി) അനുഷ്ടുപ്പ്
21. കേരള കലാമണ്ഡലം സ്ഥാപിച്ച കവി:
(എ) ചങ്ങമ്പുഴ (ബി) വള്ളത്തോൾ
(സി) ഉള്ളൂർ (ഡി) കുമാരനാശാൻ
22. കല്+മദം= കന്മദം- സന്ധിയേത്?
(എ) ആദേശം (ബി) ലോപം
(സി) ദിത്വം (ഡി) ആഗമം
23.'സാമ്പാർ' എന്ന പദം ഏത് ഭാഷയിൽനിന്നാണ് മലയാളത്തിലെത്തിയത്?
(എ) പോർച്ചുഗീസ് (ബി) പ്രാകൃതം
(സി) അറബി (ഡി) മറാഠി
24. ഘടകപദങ്ങളിൽ മധ്യത്തിലുള്ള അർധസിദ്ധങ്ങളായ പദങ്ങൾ ലോപിക്കുന്ന സമാസമാണ്:
(എ) മധ്യമപദലോപി (ബി) ബഹുവ്രീഹി
(സി) തത്പുരുഷൻ (ഡി) നിത്യസമാസം
25. കേരള ഹെമിംഗ്വേ എന്നറിയപ്പെടുന്നത്:
(എ) കേരളവർമ വലിയ കോയിത്തമ്പുരാൻ
(ബി) തകഴി ശിവശങ്കരപ്പിള്ള
(സി) എം.ടി.വാസുദേവൻ നായർ
(ഡി) സി.വി. രാമൻപിള്ള

**ഉത്തരം: 1 (ബി) 2(എ) 3 (ഡി) 4 (സി) 5(ബി) 6(എ) 7(സി) 8(എ) 9(ബി) 10(ഡി)11(സി) 12(ഡി) 13(ഡി) 14(ഡി) 15(സി) 16(സി) 17(സി) 18(എ) 19(എ) 20(എ) 21(ബി) 22(എ) 23(ഡി) 24(എ) 25(സി)**

## 2

1. 'കാലം'രചിച്ചത്:
(എ) എം.ടി.വാസുദേവൻ നായർ (ബി) എം. മുകുന്ദൻ
(സി) ഒ.വി.വിജയൻ (ഡി) കേശവദേവ്
2. 'നരനായിങ്ങനെ ജനിച്ചുഭൂമിയിൽ നരക വാരിധി നടുവിൽ ഞാൻ' രചിച്ചത്:
(എ) ചെറുശ്ശേരി (ബി) അക്കിത്തം
(സി) പൂന്താനം (ഡി) മേൽപ്പത്തൂർ
3. ക്രിയാധാതു വിധി,ശീലം മുതലായ വിശേഷാർഥങ്ങളെ കാണിക്കുന്നതാണ്:
(എ) നിർദ്ദേശക പ്രകാരം (ബി) നിയോജക പ്രകാരം
(സി) വിധായക പ്രകാരം (ഡി) അനുജ്ഞായക പ്രകാരം
4. ഗദ്യവും പദ്യവും ഇടകലർന്ന കാവ്യരൂപം:
(എ) മണിപ്രവാളം (ബി) ചമ്പു
(സി) പാട്ട് (ഡി) ഇതൊന്നുമല്ല
5. തെറ്റായ രൂപമേത്?
(എ) സത്കർമ്മം (ബി) ഭവത്ഖേദം
(സി) സത്ഫലം (ഡി) സദ്ഫലം
6. ബൈബിൾ ആദ്യമായി മലയാളത്തിലേക്ക് മൊഴിമാറ്റം നടത്തിയത്:
(എ) ഗുണ്ടർട്ട് (ബി) ബെഞ്ചമിൻ ബെയ്‌ലി
(സി) ഫ്രാൻസിസ് ബുക്കാനൻ (ഡി) കാൽഡ്വൽ
7. 'മാസപ്പടി മാതുപിള്ള' എന്ന കഥാപാത്രത്തെ സൃഷ്ടിച്ചത് :
(എ) വേളൂർ കൃഷ്ണൻകുട്ടി (ബി) ചന്തുമേനോൻ
(സി) തകഴി (ഡി) കേശവദേവ്
8. ശരിയായ പദമേത്?
(എ) അസ്വസ്ഥബാധിതം (ബി) അസ്വാസ്ഥ്യബാധിതം
(സി) ആസ്വാസ്ഥ്യബാധിതം (ഡി) അസ്വാസ്ഥബാധിതം
9. ഒരു പ്രയോഗം തെറ്റാണ്. അതേത്?
(എ) അനുഗ്രഹം (ബി) അനുഗൃഹീതൻ
(സി) അനുഗ്രഹീതൻ (ഡി) അനുഗ്രഹിക്കുക
10. 'നിളയുടെ കഥാകാരൻ' എന്നറിയപ്പെടുന്നത്:
(എ) എം.ടി. (ബി) എം.മുകുന്ദൻ
(സി) കോവിലൻ (ഡി) ടി.പദ്മനാഭൻ
11. 'പയ്യൻ കഥകൾ'രചിച്ചത്:
(എ) കോവിലൻ (ബി) നന്തനാർ
(സി) വി.കെ.എൻ. (ഡി) എം. മുകുന്ദൻ
12. 'സ്നേഹമാണഖിലസാരമൂഴിയിൽ' എന്ന പരാമർശമുള്ള കുമാരനാശാന്റെ കാവ്യം:
(എ) ലീല (ബി) കരുണ
(സി) ദുരവസ്ഥ (ഡി) നളിനി
13. 'ജയ ജയ കോമള കേരള ധരണി ജയ ജയ മാമക പൂജിത ജനനി' എന്നു രചിച്ചത്:
(എ) അംശി നാരായണപിള്ള (ബി) വള്ളത്തോൾ
(സി) ബോധേശ്വരൻ (ഡി) ഉള്ളൂർ
14. 'വന്ന ഉടനെ വീണുപോയി' ഈ വാക്യത്തിൽ അനുപ്രയോഗം:
(എ) വന്ന (ബി) ഉടനെ
(സി) വീണു (ഡി) പോയി
15. 'I will be there at two o' clock without fail' എന്നതിന്റെ ശരിയായ പരിഭാഷ:
(എ) ഞാൻ രണ്ടുമണിക്ക് അവിടെയെത്തിയാൽ രക്ഷപ്പെട്ടു
(ബി) പരാജയപ്പെട്ടില്ലെങ്കിൽ ഞാൻ രണ്ടുമണിക്ക് തിരിച്ചെത്തും
(സി) തീർച്ച; ഞാൻ രണ്ടുമണിക്ക് അവിടെ എത്തിയിരിക്കും
(ഡി) ഞാൻ രണ്ടുമണിക്ക് പരാജയപ്പെട്ടിരിക്കും
16. പ്രണയം: സ്നേഹം:: പ്രയാണം: ...........:
(എ) ജോലി (ബി) വാഹനം
(സി) യാത്ര (ഡി) അഭയം
17. 'Palmistry' എന്നതിന്റെ ശരിയായ പരിഭാഷ:
(എ) ഹസ്തരേഖാശാസ്ത്രം
(ബി) മുഖലക്ഷണ ശാസ്ത്രം
(സി) ജ്യോതിശാസ്ത്രം
(ഡി) നാഡീശാസ്ത്രം
18. വിദ്വേഷം: ശത്രുത:: ദ്വേഷം: ..........:
(എ) ശത്രുത (ബി) സ്നേഹം
(സി) ഭയം (ഡി) പരിഹാസം
19. 'അക്ഷരം' എന്ന പദത്തിന്റെ അർത്ഥം:
(എ) ശബ്ദം (ബി) അറിവ്
(സി) നാശമില്ലാത്തത് (ഡി) പഠനം
20. നാമത്തെ വിശേഷിപ്പിക്കാൻ അതിന്റെകൂടെ ചേർക്കുന്ന അപൂർണ ക്രിയ:
(എ) പേരെച്ചം (ബി) വിനയെച്ചം
(സി) കാരിതം (ഡി) അകാരിതം
21. കഥകളിയുടെ പൂർവരൂപം:
(എ) കൃഷ്ണനാട്ടം (ബി) രാമനാട്ടം
(സി) ഓട്ടൻ തുള്ളൽ (ഡി) മോഹിനിയാട്ടം
22. ദോസ്തോവ്സ്കിയുടെ ജീവിതം ആസ്പദമാക്കി പെരുമ്പടവം ശ്രീധരൻ രചിച്ച നോവൽ:
(എ) അഷ്ടപദി
(ബി) അരൂപിയുടെ മൂന്നാം പ്രാവ്
(സി) ഒരു സങ്കീർത്തനം പോലെ
(ഡി) ഇവയൊന്നുമല്ല
23. ഏത് പുസ്തകത്തിലാണ് ആദ്യമായി മലയാളം ലിപി അച്ചടിക്കപ്പെട്ടത്?
(എ) ഹോർത്തൂസ് മലബാറിക്കസ്
(ബി) സംക്ഷേപവേദാർഥം
(സി) എന്റെ റോമായാത്ര (ഡി) ഘാതകവധം
24. 'അളി വേണി എന്തു ചെയ്‌വൂ.....' എന്നു രചിച്ചത്:
(എ) ഇരയിമ്മൻ തമ്പി (ബി) പൂന്താനം
(സി) സ്വാതി തിരുനാൾ (ഡി) മേൽപ്പത്തൂർ
25. നാമത്തിന് ഉദാഹരണമേത്?
(എ) വെളുക്കുക (ബി) രാമൻ
(സി) തണുത്ത (ഡി) വീണു

**ഉത്തരം: 1 (എ) 2(സി) 3 (സി) 4 (ബി) 5(ഡി) 6(ബി) 7(എ) 8(ബി) 9(സി) 10(എ)11(സി) 12(ഡി) 13(സി) 14(ഡി) 15(സി) 16(സി) 17(എ) 18(എ) 19(സി) 20(എ) 21(ബി) 22(സി) 23(എ) 24(സി) 25(ബി)**

## 3

1. 'ഓർക്കുക വല്ലപ്പോഴും' രചിച്ചത്:
(എ) വയലാർ രാമവർമ (ബി) ചങ്ങമ്പുഴ
(സി) ഒ.എൻ.വി. (ഡി) പി.ഭാസ്കരൻ
2. കഥകളിയുണ്ടെന്ന് നാട്ടുകാരെ അറിയിക്കുന്ന ചടങ്ങ്:
(എ) തോടയം (ബി) മഞ്ജുതര
(സി) പുറപ്പാട് (ഡി) കേളികൊട്ട്
3. 'ട' വർഗത്തിന്റെ മറ്റൊരു പേര്:
(എ) താലവ്യം (ബി) കണ്ഠ്യം
(സി) മൂർധന്യം (ഡി) ദന്ത്യം
4. ആദേശ സന്ധിക്ക് ഉദാഹരണമേത്?
(എ) വട്ടച്ചട്ടി (ബി) തകരപ്പാത്രം
(സി) തൊണ്ണൂറ് (ഡി) കൂട്ടത്തല്ല്
5. 'പഞ്ചായത്ത്' എന്ന പദം ഏത് ഭാഷയിൽനിന്നാണ് മലയാളത്തിലെത്തിയത്?
(എ) പോർച്ചുഗീസ് (ബി) പ്രാകൃതം

(സി) അറബി (ഡി) ഹിന്ദി

6. മലയാളത്തിലെ ആദ്യത്തെ ജനകീയ കവി എന്നു വിശേഷിപ്പിക്കപ്പെടുന്നത്:
(എ) എഴുത്തച്ഛൻ (ബി) കുഞ്ചൻ നമ്പ്യാർ
(സി) ചെറുശ്ശേരി (ഡി) പൂന്താനം

7. ശബ്ദാലങ്കാരത്തിന് ഉദാഹരണമേത്?
(എ) അനുപ്രാസം (ബി) ദ്വിതീയാക്ഷരപ്രാസം
(സി) യമകം (ഡി) ഇവയെല്ലാം

8. മലയവിലാസം രചിച്ചത്:
(എ) ദേവൻ ശ്രീകുമാരൻ (ബി) എ.ആർ.രാജരാജവർമ
(സി) ചീരാമൻ (ഡി) അഴകത്ത് പദ്മനാഭക്കുറുപ്പ്

9. ചെമന്ന+ ഉള്ളി= ചെമന്നുള്ളി– സന്ധിയേത്?
(എ) ആദേശസന്ധി (ബി) ആഗമസന്ധി
(സി) ലോപ സന്ധി (ഡി) ദ്വിത്വസന്ധി

10. ആരുടെ തൂലികാനാമമാണ് ഒളപ്പമണ്ണ?
(എ) അച്യുതൻ നമ്പൂതിരി
(ബി) സുബ്രമണ്യൻ നമ്പൂതിരി
(സി) നാരായണൻ നമ്പൂതിരി
(ഡി) സുകുമാരൻ പോറ്റി

11. 'മൃഗയ', 'ഭൂമിയ്ക്കൊരു ചരമഗീതം', 'ഉപ്പ്' എന്നിവ രചിച്ചത്:
(എ) വയലാർ രാമവർമ (ബി) കുമാരനാശാൻ
(സി) ഒ.എൻ.വി. (ഡി) പി.ഭാസ്കരൻ

12. ഭേദകം എന്ന പദത്തിന്റെ അർഥം:
(എ) ഭിന്നിപ്പിക്കൽ (ബി) വേർതിരിച്ച് കാണിക്കൽ
(സി) താരതമ്യം (ഡി) വിശേഷണം

13. മൂവാണ്ട്– സമാസമേത്?
(എ) ബഹുവ്രീഹി (ബി) കർമധാരയൻ
(സി) ദ്വിഗു (ഡി) ദ്വിത്വം

14. വിപരീത പദമെഴുതുക– സ്വാഭാവികം:
(എ) അസ്വാഭാവികം (ബി) അസാധാരണം
(സി) സുബദ്ധം (ഡി) ശീതളം

15. ജലത്തിന്റെ പര്യായപദമല്ലാത്തത്:
(എ) നീർ (ബി) വാരി
(സി) വഹ്നി (ഡി) അംബു

16. 'മെത്രാൻ' എന്ന പദം ഏത് ഭാഷയിൽനിന്നാണ് മലയാളത്തിലെത്തിയത്?
(എ) ഗ്രീക്ക് (ബി) പോർച്ചുഗീസ്
(സി) സുറിയാനി (ഡി) പേർഷ്യൻ

17. അരങ്ങുകാണാത്ത നടൻ എന്ന കൃതി ഏത് സാഹിത്യവിഭാഗത്തിൽപ്പെടുന്നു?
(എ) ചെറുകഥ (ബി) നാടകം
(സി) ആത്മകഥ (ഡി) നോവൽ

18. 'അക്കരെ പറ്റുക' എന്ന ശൈലിയുടെ അർത്ഥം:
(എ) കാര്യം സാധിക്കുക (ബി) അബദ്ധം പറ്റുക
(സി) നിർബന്ധം (ഡി) ഇവയൊന്നുമല്ല

9. 'വാളല്ലെൻ സമരായുധം, ഝണഝണ ധ്വാനം മുഴക്കീടുവാനാള,
ല്ലെൻ കരവാളുവിറ്റൊരു മണിപ്പൊൻവീണവാങ്ങിച്ചു ഞാൻ' എന്ന് രചിച്ചത്:
(എ) ഒ.എൻ.വി. (ബി) കുമാരനാശാൻ
(സി) ചങ്ങമ്പുഴ (ഡി) വയലാർ

20. മലയാളത്തിലെ ആദ്യത്തെ ലക്ഷണയുക്തമായ നോവലായി പരിഗണിക്കപ്പെടുന്ന 'ഇന്ദുലേഖ'യുടെ കർത്താവ്:
(എ) ചന്തുമേനോൻ (ബി) അപ്പു നെടുങ്ങാടി
(സി) സി.വി.രാമൻ പിള്ള (ഡി) തകഴി

21. തെറ്റായ രൂപമേത്?
(എ) അസുരത്വം (ബി) മൃഗത്വം (സി) പുരുഷത്വം (ഡി) മടയത്വം

22. 'They murdered him in cold blood' എന്നതിന്റെ ശരിയായ പരിഭാഷ:
(എ) അവർ അവനെ ക്രൂരമായി കൊലചെയ്തു
(ബി) അവന്റെ കൊലപാതകം വളരെ ക്രൂരമായിപ്പോയി
(സി) മരണശേഷം അവന്റെ രക്തം തണുത്തുറഞ്ഞുപോയി
(ഡി) രക്തം തണുപ്പിച്ച് അവനെ ക്രൂരമായി കൊന്നു

23.കഥകളിയിൽ ബ്രാഹ്മണർ, മുനിമാർ, സ്ത്രീകൾ തുടങ്ങിയ കഥാപാത്രങ്ങൾ ഉപയോഗിക്കുന്ന വേഷം:
(എ) പച്ച (ബി) മിനുക്ക്
(സി) കത്തി (ഡി) കരി

24.വട്ടം+ ചട്ടി= വട്ടച്ചട്ടി– സന്ധിയേത്?
(എ) ആദേശസന്ധി (ബി) ആഗമസന്ധി
(സി) ലോപ സന്ധി (ഡി) ദ്വിത്വസന്ധി

25.'ബാലരാമഭരതം' രചിച്ച തിരുവിതാംകൂർ രാജാവ്:
(എ) സ്വാതി തിരുനാൾ (ബി) ചിത്തിര തിരുനാൾ
(സി) മാർത്താണ്ഡവർമ (ഡി) കാർത്തിക തിരുനാൾ

**ഉത്തരം: 1 (ഡി) 2(ഡി) 3 (സി) 4 (സി) 5(ഡി) 6(ബി) 7(ഡി) 8(ബി) 9(സി) 10(ബി) 11(സി) 12(ഡി) 13(സി) 14(എ) 15(സി) 16(എ) 17(സി) 18(എ) 19(ഡി) 20(എ) 21(ഡി) 22(എ) 23(ബി) 24(ഡി) 25(ഡി)**

# General English

## 1

1. One who knows everything:
(a) Panacea (b) Omnivorous
(c) Omniscient (d) Pedant
2. The number of girls ____ very low.
(a) are (b) is
(c) were (d) have
3. Choose the word opposite in meaning to 'ADVERSE':
(a) Unlucky (b) Favourable
(c) Troubling (d) Distressing
4. ____ told you that story?
(a) Who (b) Whom
(c) Whose (d) What
5. The meaning of 'Pacify':
(a) Calm down (b) Satisfy
(c) Rouse (d) Rejoice
6. Our electricity was ____ for about ten hours today.
(a) cut out (b) cut down
(c) cut off (d) cut up
7. Whenever he ___ his mouth he says something foolish.
(a) open (b) opens
(c) opening (d) will open
8. ___ Satabdi train is the fastest train in India.
(a) The (b) An
(c) A (d) No article needed
9. The opposite of 'infeasible':
(a) Unfeasible (b) Practicable
(c) Nonfeasible (d) Impossible
10. A ____ of musicians.
(a) bunch (b) band
(c) gang (d) committee
11. He ran away very ____
(a) fast (b) faster
(c) fastest (d) fastly
12. Sheela is not ___ as her sister.
(a) taller (b) taller that
(c) tallest (d) as tall
13. Strike the iron ___ it is hot.
(a) unless (b) than
(c) while (d) that
14. The sound made by doves:
(a) Coo (b) Quack
(c) Cluck (d) Grunt
15. I understand ____ you want to learn English.
(a) but (b) that
(c) because (d) however
16. The opposite of 'HOST':
(a) Guest (b) Ghost
(c) Guardian (d) Guard
17. They said that he was ______
(a) hitted hardly (b) hitted hard
(c) hit hardly (d) hit hard
18. I ____ go to cinema at the weekend.
(a) may (b) often
(c) much (d) more
19. 'Ex parte' means:
(a) On one side (b) Things to be done
(c) In the same place (d) Without end
20. Be careful not to ___ your money.
(a) loose (b) lose
(c) loss (d) losing
21. She wants to ____ with you.
(a) talking (b) to talk
(c) talk (d) talks
22. Poets often draw their ____ from nature.
(a) feelings (b) inspiration
(c) imagination (d) investigation
23. RADAR is ____
(a) a synonym (b) an antonym
(c) an acronym (d) a pseudonym
24. He got a loan sanctioned by greasing the palm of the officer concerned (replace the underlined words by a suitable single word):
(a) flattering (b) bribing
(c) threatening (d) massaging
25. He dares not ____ a murder.
(a) to commit (b) committed
(c) commit (d) commiting

### Answers

1 (c) 2(b) 3 (b) 4 (a) 5(a) 6(c) 7(b) 8(a) 9(b) 10(b) 11(a) 12(d) 13(c) 14(a) 15(b) 16(a) 17(d) 18(b) 19(a) 20(b) 21(c) 22(b) 23(c) 24(b) 25(c)

## 2

1. He has promoted to ___ highest post.
(a) a (b) an
(c) the (d) No article
2. I had a swim ___ the river.
(a) in (b) at
(c) on (d) for
3. Both Mr.Anand and his wife ____ teachers.
(a) is (b) are
(c) was (d) has been
4. Please shut the door ____ you.
(a) behind (b) off
(c) before (d) along
5. 'Cereal' means:
(a) A story published in instalments
(b) Serious (c) Edible grain
(d) Imaginary
6. Belief or opinion contrary to what is generally accepted:
(a) Superstition (b) Fantacy
(c) Heresy (d) Jargon
7. Which is nearly opposite in meaning to 'Absurd':
(a) Adorn (b) Flourish
(c) Scarcity (d) Rational
8. Sales have been so poor this year that we will have to ________ some of our staff.
(a) lay off (b) back up
(c) carry out (d) come up
9. Choose the word opposite in meaning to the word 'Aristocratic':
(a) Deceitful (b) Crude
(c) Plebeian (d) Nasty
10. Select the correctly spelt word:
(a) Resemblence (b) Resemblance
(c) Recemblance (d) Resemblanse
11. A vegetarian ___ not eat meat:
(a) do (b) does
(c) did (d) has
12. 'He replied that he will come'-which is the incorrect word in the sentence?
(a) he (b) replied
(c) will (d) come
13. ___ the Gods love, die young.
(a) Who (b) Whose
(c) Which (d) Whom
14. Somebody ____ the book.
(a) have taken (b) taken
(c) is taken (d) has taken
15. The synonym of 'Manifest' is:
(a) Obvious (b) Dubious
(c) Obscure (d) Doubtful
16. An area in the desert where there is water and where plants grow is called:
(a) Oasis (b) Nucleus
(c) Kibbutz (d) Corpus
17. 'Chicken hearted' means:
(a) Honestly (b) Friendly
(c) Fearfully (d) Merrily
18. The country's economic growth was adversely ____ by political instability.
(a) reflected (b) effected
(c) expected (d) affected
19. Jack cannot come out to play just now as he ___ his home work.
(a) was doing (b) were doing
(c) is doing (d) had been doing
20. The antonym of 'Vacate':
(a) Evacuate (b) Validate
(c) Occupy (d) Empty
21. 'Bon Voyage' means:
(a) Have a pleasant journey
(b) A false step (c) A great work
(d) Manner of operation
22. Artists and writers are normally very ____
(a) creating (b) creative
(c) created (d) creatively
23. His 'eager to know' is superb: The underlined phrase means:
(a) Curiosity (b) Ability
(c) Fortitude (d) Mirth
24. Choose the word which is opposite in meaning to the word DEPLORABLE:
(a) Joyful (b) Laudable
(c) Memorable (d) Creditable
25. 'Go to the dogs' means:
(a) be ruined (b) search
(c) go after the dogs(d) run fast

### Answers

1 (c) 2(a) 3 (b) 4 (a) 5(c) 6(c) 7(d) 8(a) 9(c) 10(b) 11(b) 12(c) 13(d) 14(d) 15(a) 16(a) 17(c) 18(d) 19(c) 20(c)21(a) 22(b) 23(a) 24(b) 25(a)

# പരീക്ഷാ കലണ്ടർ – 2016 ജൂലൈ

* Examination Time includes half an hour as preparation time for the verification of Admission Tickets and original ID of the Candidates appearing for the examination.

**Candidates can download the Admission Tickets through their One Time Registration Profile in the Website from the date shown in the respective column**

| ക്രമ നം | തീയതി സമയം | തസ്തികയും കാറ്റഗറി നമ്പറും | വകുപ്പ്/ സ്ഥാപനം | സിലബസ് | ഹാൾടിക്കറ്റ് ലഭ്യമായി തുടങ്ങുന്ന തീയതി |
|---|---|---|---|---|---|
| 1 | 01/07/2016 Friday 07.30 AM* to 09.15 AM | CARPENTER/CARPENTER -CUM-PACKER (NCA NOTIFICATION) 476/2015 TVM - M | ANIMAL HUSBANDRY | **Syllabus:** An Objective Type Test (OMR Valuation) based on the qualification prescribed for the post. **Main Topics:- Part I** : Questions based on NTC Carpentry **Part II** : General Knowledge, Current Affairs & Renaissance in Kerala (Maximum Marks : 100) (Duration: 1 hour 15 minutes) (Medium of Questions: Malayalam/Tamil/Kannada) | **17/06/2016** |
| 2 | 02/07/2016 Saturday 01.30 PM* to 03.15 PM | POLICE CONSTABLE (DIRECT RECRUITMENT) 18/2016 | POLICE (INDIA RESERVE BATTALION REGULAR WING) | **Syllabus:** An Objective Type Test (OMR Valuation) based on the qualification prescribed for the post. **Main Topics:- Part I** : General Knowledge, Current Affairs & Renaissance in Kerala **Part II** : General English **Part III**: Simple Arithmetic & Mental Ability (Maximum Marks : 100) (Duration: 1 hour 15 minutes) (Medium of Questions: Malayalam/Tamil/Kannada) | **18/06/2016** |
| 3 | 02/07/2016 Saturday 01.30 PM* to 03.15 PM | POLICE CONSTABLE (FOR SSLC FAILED SC/ST POLICE CONSTABLE CANDIDATES) 19/2016 | POLICE (INDIA RESERVE BATTALION REGULAR WING) | **Syllabus:** An Objective Type Test (OMR Valuation) based on the qualification prescribed for the post. **Main Topics:- Part I** : General Knowledge, Current Affairs & Renaissance in Kerala **Part II** : General English **Part III**: Simple Arithmetic & Mental Ability (Maximum Marks : 100) (Duration: 1 hour 15 minutes) (Medium of Questions: Malayalam/Tamil/Kannada) | **18/06/2016** |
| | | | | **COMMON TEST FOR SL. Nos. 2 & 3 ABOVE** | |
| 4 | 12/07/2016 Tuesday 07.30 AM* to 09.15 AM | PERSONNEL MANAGER 659/2014 Further Details regarding Main Topics are available on the Website | KERALA STATE COIR CORPORATION LIMITED | **Syllabus:** An Objective Type Test (OMR Valuation) based on the qualification prescribed for the post. **Main Topics:- Part I** : Questions based on MBA **Part II** : Questions based on Law **Part III**: General Knowledge, Current Affairs & Renaissance in Kerala (Maximum Marks : 100) (Duration: 1 hour 15 minutes) (Medium of Questions: English) | **28/06/2016** |
| 5 | 13/07/2016 Wednesday 07.30 AM* to 09.15 AM | VILLAGE EXTENSION OFFICER GRADE II (NCA NOTIFICATION) 457/2012 KKD - SIUC N/AI | RURAL DEVELOPMENT | **Syllabus:** An Objective Type Test (OMR Valuation) based on the qualification prescribed for the post. **Main Topics:- Part I** : Simple Arithmetic & Mental Ability **Part II** : General Knowledge, Current Affairs & Renaissance in Kerala **Part III**: General English **Part IV**: Regional Language (Malayalam/Tamil/Kannada) (Maximum Marks : 100) (Duration: 1 hour 15 minutes) (Medium of Questions: Malayalam/Tamil/Kannada) | **29/06/2016** |
| 6 | 16/07/2016 Saturday 01.30 PM* to 03.15 PM | PAINTER 563/2014 | KERALA STATE WATER TRANSPORT | **Syllabus:** An Objective Type Test (OMR Valuation) based on the qualification prescribed for the post. **Main Topics:- Part I** : General Knowledge, Current Affairs & Renaissance in Kerala **Part II** : General Science **Part III**: Simple Arithmetic & Mental Ability (Maximum Marks : 100) (Duration: 1 hour 15 minutes) (Medium of Questions: Malayalam/Tamil/Kannada) | **02/07/2016** |
| 7 | 20/07/2016 Wednesday 07.30 AM* to 09.15 AM | LABORATORY ASSISTANT (SR FOR ST ONLY) 557/2015 TSR | KERALA HIGHER SECONDARY EDUCATION | **Syllabus:** An Objective Type Test (OMR Valuation) based on the qualification prescribed for the post. **Main Topics :- Part I** : General Knowledge, Current Affairs & Renaissance in Kerala **Part II a**: Physics **II b**: Chemistry **II c**: Zoology **II d**: Botany **Part III** : General English **Part IV** : Simple Arithmetic & Mental Ability (Maximum Marks : 100) (Duration: 1 hour 15 minutes) (Medium of Questions: English) | **07/07/2016** |
| 8 | 21/07/2016 Thursday 07.30 AM* to 09.15 AM | VOCATIONAL INSTRUCTOR IN REFRIGERATION & AIR CONDITIONING (DIRECT RECRUITMENT) 488/2015 | VOCATIONAL HIGHER SECONDARY EDUCATION | **Syllabus:** An Objective Type Test (OMR Valuation) based on the qualification prescribed for the post. **Main Topics:- Part I** : Questions based on Technical qualification **Part II** : General Knowledge, Current Affairs & Renaissance in Kerala (Maximum Marks : 100) (Duration: 1 hour 15 minutes) (Medium of Questions: English) | **07/07/2016** |
| 9 | 21/07/2016 Thursday 07.30 AM* to 09.15 AM | VOCATIONAL INSTRUCTOR IN REFRIGERATION & AIR CONDITIONING (BY TRANSFER FROM QUALIFIED STAFF IN MINISTERIAL SUBORDINATE SERVICE OF THE KERALA VOCATIO NAL HIGHER SECONDARY EDUCATION DEPARTMENT) 489/2015 | VOCATIONAL HIGHER SECONDARY EDUCATION | **Syllabus:** An Objective Type Test (OMR Valuation) based on the qualification prescribed for the post. **Main Topics:- Part I** : Questions based on Technical qualification **Part II** : General Knowledge, Current Affairs & Renaissance in Kerala (Maximum Marks : 100) (Duration: 1 hour 15 minutes) (Medium of Questions: English) | **07/07/2016** |
| | | | | **COMMON TEST FOR SL. Nos. 8 & 9 ABOVE** | |
| 10 | 22/07/2016 Friday 07.30 AM* to 09.15 AM | NURSERY SCHOOL TEACHER 531/2013 IDK | SCHEDULED TRIBE DEVELOPMENT | **Syllabus:** An Objective Type Test (OMR Valuation) based on the qualification prescribed for the post. **Main Topics:-** 1.ആദ്യകാല ശിശു വിദ്യാഭ്യാസം 2.മഹാന്മാരായ വിദ്യാഭ്യാസ ചിന്തകരുടെ സംഭാവനകൾ 3.ശിശുവിദ്യാഭ്യാസ ഏജൻസികളും ധർമ്മങ്ങളും 4.ശിശു വികസനവും വളർച്ചയും 5.പഠനം 6.പോഷണവും പോഷകാഹാരവും 7.രോഗ പ്രതിരോധ പ്രക്രിയ 8.ശിശുവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സംഘാടനം 9.മൂല്യനിർണ്ണയം 10.സ്കൂളും സമൂഹവും | **08/07/2016** |

| ക്രമ നം | തീയതി സമയം | തസ്തികയും കാറ്റഗറി നമ്പറും | വകുപ്പ്/ സ്ഥാപനം | സിലബസ് | ഹാൾടിക്കറ്റ് ലഭ്യമായി ത്തുടങ്ങുന്ന തീയതി |
|---|---|---|---|---|---|
| | | | | (Maximum Marks : 100) (Duration: 1 hour 15 minutes)<br>(Medium of Questions: Malayalam) | |
| 11 | 30/07/2016<br>Saturday<br>01.30 PM*<br>to 03.15 PM | LOWER DIVISION CLERK<br>665/2014 | KERALA STATE COIR CORPORATION LIMITED | **Syllabus:** An Objective Type Test (OMR Valuation) based on the qualification prescribed for the post.<br>**Main Topics:- Part I** : General Knowledge, Current Affairs & Renaissance in Kerala **Part II** : General English **Part III**: Simple Arithmetic & Mental Ability<br>(Maximum Marks : 100) (Duration: 1 hour 15 minutes)<br>(Medium of Questions: Malayalam/Tamil/Kannada) | **16/07/2016** |
| 12 | 30/07/2016<br>Saturday<br>01.30 PM*<br>to 03.15 PM | LIGHT KEEPER & SIGNALLER<br>374/2015<br>MPM, KNR | PORT | **Syllabus:** An Objective Type Test (OMR Valuation) based on the qualification prescribed for the post.<br>**Main Topics:- Part I** : General Knowledge, Current Affairs & Renaissance in Kerala **Part II** : General English **Part III**: Simple Arithmetic & Mental Ability<br>(Maximum Marks : 100) (Duration: 1 hour 15 minutes)<br>(Medium of Questions: Malayalam/Tamil/Kannada) | **16/07/2016** |
| 13 | 30/07/2016<br>Saturday<br>01.30 PM*<br>to 03.15 PM | LOWER DIVISION CLERK<br>(SR FOR ST ONLY)<br>556/2015<br>KGD | VARIOUS | **Syllabus:** An Objective Type Test (OMR Valuation) based on the qualification prescribed for the post.<br>**Main Topics:- Part I** : General Knowledge, Current Affairs & Renaissance in Kerala **Part II** : General English **Part III**: Simple Arithmetic & Mental Ability<br>(Maximum Marks : 100) (Duration: 1 hour 15 minutes)<br>(Medium of Questions: Malayalam/Tamil/Kannada) | **16/07/2016** |
| 14 | 30/07/2016<br>Saturday<br>01.30 PM*<br>to 03.15 PM | LOWER DIVISION CLERK<br>(EX-SERVICEMEN ONLY)<br>415/2013<br>TVM, KLM, ALP, KTM, IDK, EKM<br>TSR, PKD, MPM, KNR, KGD | NCC/SAINIK WELFARE | **Syllabus:** An Objective Type Test (OMR Valuation) based on the qualification prescribed for the post.<br>**Main Topics:- Part I** : General Knowledge, Current Affairs & Renaissance in Kerala **Part II** : General English **Part III**: Simple Arithmetic & Mental Ability<br>(Maximum Marks : 100) (Duration: 1 hour 15 minutes)<br>(Medium of Questions: Malayalam/Tamil/Kannada) | **16/07/2016** |
| 15 | 30/07/2016<br>Saturday<br>01.30 PM*<br>to 03.15 PM | LOWER DIVISION CLERK<br>(EX-SERVICEMEN ONLY)<br>(PART I – DIRECT RECRUITMENT)<br>372/2015<br>PTA, KKD, WYD | NCC/SAINIK WELFARE | **Syllabus:** An Objective Type Test (OMR Valuation) based on the qualification prescribed for the post.<br>**Main Topics:- Part I** : General Knowledge, Current Affairs & Renaissance in Kerala **Part II** : General English **Part III**: Simple Arithmetic & Mental Ability<br>(Maximum Marks : 100) (Duration: 1 hour 15 minutes)<br>(Medium of Questions: Malayalam/Tamil/Kannada) | **16/07/2016** |
| 16 | 30/07/2016<br>Saturday<br>01.30 PM*<br>to 03.15 PM | LOWER DIVISION CLERK<br>(EX-SERVICEMEN ONLY)<br>(PART II – BY TRANSFER FROM LOW PAID EMPLOYEES OF NCC/SAINIK WELFARE DEPARTMENT ONLY)<br>373/2015<br>TVM, KLM, PTA, ALP, KTM, IDK, EKM,<br>TSR, PKD, MPM, KKD,WYD, KNR,KGD | NCC/SAINIK WELFARE | **Syllabus:** An Objective Type Test (OMR Valuation) based on the qualification prescribed for the post.<br>**Main Topics:- Part I** : General Knowledge, Current Affairs & Renaissance in Kerala **Part II** : General English **Part III**: Simple Arithmetic & Mental Ability<br>(Maximum Marks : 100) (Duration: 1 hour 15 minutes)<br>(Medium of Questions: Malayalam/Tamil/Kannada) | **16/07/2016** |
| 17 | 30/07/2016<br>Saturday<br>01.30 PM*<br>to 03.15 PM | LOWER DIVISION CLERK<br>(SR FOR ST ONLY)<br>554/2015<br>KGD<br>TVM, KLM, PTA, ALP, IDK, TSR<br>PKD, WYD | VARIOUS | **Syllabus:** An Objective Type Test (OMR Valuation) based on the qualification prescribed for the post.<br>**Main Topics:- Part I** : General Knowledge, Current Affairs & Renaissance in Kerala **Part II** : General English **Part III**: Simple Arithmetic & Mental Ability<br>(Maximum Marks : 100) (Duration: 1 hour 15 minutes)<br>(Medium of Questions: Malayalam/Tamil/Kannada) | **16/07/2016** |

**COMMON TEST FOR SL. Nos. 11 TO 17 ABOVE**

# ഓൺലൈൻ പരീക്ഷാ കലണ്ടർ – 2016 ജൂലൈ

*** Examination Time includes one hour as preparation time for the verification of Admission Tickets and original ID of the candidates appearing for the examination.**

**Candidates can download the Admission Tickets through their One Time Registration Profile in the Website from the date shown in the respective column**

| ക്രമ നം | തീയതി സമയം | തസ്തികയും കാറ്റഗറി നമ്പറും | വകുപ്പ്/ സ്ഥാപനം | സിലബസ് | ഹാൾടിക്കറ്റ് ലഭ്യമായി ത്തുടങ്ങുന്ന തീയതി |
|---|---|---|---|---|---|
| 1 | 11/07/2016<br>Monday<br>10.00 AM*<br>to 12.15 PM | DATA ENTRY OPERATOR<br>(PART I – DIRECT RECRUITMENT)<br>573/2014<br>**PKD** | DISTRICT CO-OPERATIVE BANK<br>ONLINE EXAMINATION | **Syllabus:** An Objective Type Test based on the qualification prescribed for the post.<br>**Main Topics:- Part I:** Questions based on Technical qualification & Experience<br>**Part II:** General Knowledge, Current Affairs & Renaissance in Kerala<br>(Maximum Marks : 100) (Duration: 1 Hour 15 Minutes)<br>(Medium of Questions: English) | **01/07/2016** |
| 2 | 11/07/2016<br>Monday<br>10.00 AM*<br>to 12.15 PM | DATA ENTRY OPERATOR<br>(Part II – Direct Recruitment from eligible employees of Member Societies/Primary Co-Operative Societies affiliated to the Palakkad District Co-Operative Bank)<br>574/2014 | DISTRICT CO-OPERATIVE BANK<br>ONLINE EXAMINATION | **Syllabus:** An Objective Type Test based on the qualification prescribed for the post.<br>**Main Topics:- Part I:** Questions based on Technical qualification & Experience<br>**Part II:** General Knowledge, Current Affairs & Renaissance in Kerala<br>(Maximum Marks : 100) (Duration: 1 Hour 15 Minutes)<br>(Medium of Questions: English) | **01/07/2016** |

**COMMON TEST FOR SL. Nos. 1 & 2 ABOVE**

| ക്രമ നം | തീയതി സമയം | തസ്തികയും കാറ്റഗറി നമ്പറും | വകുപ്പ്/ സ്ഥാപനം | സിലബസ് | ഹാൾടിക്കറ്റ് ലഭ്യമായി ത്തുടങ്ങുന്ന തീയതി |
|---|---|---|---|---|---|
| 3 | 15/07/2016<br>Friday<br>10.00 AM*<br>to 12.15 PM | LECTURER IN SALYATHANTRA<br>(NCA NOTIFICATION)<br>386/2012<br>**LC/AI** | AYURVEDA MEDICAL EDUCATION<br>ONLINE EXAMINATION | **Syllabus:** An Objective Type Test based on the qualification prescribed for the post. **Main Topics:- Part I** : Basic principles of Ayurveda, Swasthavritha, Panchakarma. **Part II** : Nidana and Kaya Chikitsa **Part III** : Yogaparichaya, Agathatantra, Salyatantra **Part IV** : Kaumarabritya, Prasoothitantra, Rasayana & Vajeekarma, Salakyatantra **Part V** : General Knowledge, Current Affairs & Renaissance in Kerala (Maximum Marks : 100) (Duration: 1 Hour 15 Minutes)] (Medium of Questions: English) | **05/07/2016** |
| 4 | 15/07/2016<br>Friday<br>10.00 AM*<br>to 12.15 PM | LECTURER IN KRIYASHARIR<br>(NCA NOTIFICATION)<br>80/2013<br>**M** | AYURVEDA MEDICAL EDUCATION<br>ONLINE EXAMINATION | **Syllabus:** An Objective Type Test based on the qualification prescribed for the post. **Main Topics:- Part I** : Basic principles of Ayurveda, Swasthavritha, Panchakarma. **Part II** : Nidana and Kaya Chikitsa **Part III** : Yogaparichaya, Agathatantra, Salyatantra **Part IV** : Kaumarabritya, Prasoothitantra, Rasayana & Vajeekarma, Salakyatantra **Part V** : General Knowledge, Current Affairs & Renaissance in Kerala (Maximum Marks : 100) (Duration: 1 Hour 15 Minutes) (Medium of Questions: English) | **05/07/2016** |
| 5 | 15/07/2016<br>Friday<br>10.00 AM*<br>to 12.15 PM | LECTURER IN KAUMARABRITHYA<br>(NCA NOTIFICATION)<br>391/2012<br>**M** | AYURVEDA MEDICAL EDUCATION<br>ONLINE EXAMINATION | **Syllabus:** An Objective Type Test based on the qualification prescribed for the post. **Main Topics:- Part I** : Basic principles of Ayurveda, Swasthavritha, Panchakarma. **Part II** : Nidana and Kaya Chikitsa **Part III** : Yogaparichaya, Agathatantra, Salyatantra **Part IV** : Kaumarabritya, Prasoothitantra, Rasayana & Vajeekarma, Salakyatantra **Part V** : General Knowledge, Current Affairs & Renaissance in Kerala (Maximum Marks : 100) (Duration: 1 Hour 15 Minutes) (Medium of Questions: English) | **05/07/2016** |
| 6 | 15/07/2016<br>Friday<br>10.00 AM*<br>to 12.15 PM | LECTURER IN KAUMARABRITHYA<br>(NCA NOTIFICATION)<br>231/2013<br>**LC/AI** | AYURVEDA MEDICAL EDUCATION<br>ONLINE EXAMINATION | **Syllabus:** An Objective Type Test based on the qualification prescribed for the post. **Main Topics:- Part I** : Basic principles of Ayurveda, Swasthavritha, Panchakarma. **Part II** : Nidana and Kaya Chikitsa **Part III** : Yogaparichaya, Agathatantra, Salyatantra **Part IV** : Kaumarabritya, Prasoothitantra, Rasayana & Vajeekarma, Salakyatantra **Part V** : General Knowledge, Current Affairs & Renaissance in Kerala (Maximum Marks : 100) (Duration: 1 Hour 15 Minutes) (Medium of Questions: English) | **05/07/2016** |
| 7 | 15/07/2016<br>Friday<br>10.00 AM*<br>to 12.15 PM | LECTURER IN AGADATHANTHRA & VIDHI AYURVEDA<br>(NCA NOTIFICATION)<br>314/2013<br>**M** | AYURVEDA MEDICAL EDUCATION<br>ONLINE EXAMINATION | **Syllabus:** An Objective Type Test based on the qualification prescribed for the post. **Main Topics:- Part I** : Basic principles of Ayurveda, Swasthavritha, Panchakarma. **Part II** : Nidana and Kaya Chikitsa **Part III** : Yogaparichaya, Agathatantra, Salyatantra **Part IV** : Kaumarabritya, Prasoothitantra, Rasayana & Vajeekarma, Salakyatantra **Part V** : General Knowledge, Current Affairs & Renaissance in Kerala (Maximum Marks : 100) (Duration: 1 Hour 15 Minutes) (Medium of Questions: English) | **05/07/2016** |
| 8 | 15/07/2016<br>Friday<br>10.00 AM*<br>to 12.15 PM | LECTURER IN RASASASTHRA & BHAISHAJYAKALPANA<br>(NCA NOTIFICATION)<br>24/2013<br>**LC/AI** | AYURVEDA MEDICAL EDUCATION<br>ONLINE EXAMINATION | **Syllabus:** An Objective Type Test based on the qualification prescribed for the post. **Main Topics:- Part I** : Basic principles of Ayurveda, Swasthavritha, Panchakarma. **Part II** : Nidana and Kaya Chikitsa **Part III** : Yogaparichaya, Agathatantra, Salyatantra **Part IV** : Kaumarabritya, Prasoothitantra, Rasayana & Vajeekarma, Salakyatantra **Part V** : General Knowledge, Current Affairs & Renaissance in Kerala (Maximum Marks : 100) (Duration: 1 Hour 15 Minutes) (Medium of Questions: English) | **05/07/2016** |
| 9 | 15/07/2016<br>Friday<br>10.00 AM*<br>to 12.15 PM | LECTURER IN SHALAKYATANTHRA<br>(NCA NOTIFICATION)<br>482/2012<br>**M** | AYURVEDA MEDICAL EDUCATION<br>ONLINE EXAMINATION | **Syllabus:** An Objective Type Test based on the qualification prescribed for the post. **Main Topics:- Part I** : Basic principles of Ayurveda, Swasthavritha, Panchakarma. **Part II** : Nidana and Kaya Chikitsa **Part III** : Yogaparichaya, Agathatantra, Salyatantra **Part IV** : Kaumarabritya, Prasoothitantra, Rasayana & Vajeekarma, Salakyatantra **Part V** : General Knowledge, Current Affairs & Renaissance in Kerala (Maximum Marks : 100) (Duration: 1 Hour 15 Minutes) (Medium of Questions: English) | **05/07/2016** |
| | | | | **COMMON TEST FOR SL. Nos. 3 TO 9 ABOVE** | |
| 10 | 18/07/2016<br>Monday<br>10.00 AM*<br>to 12.15 PM | MEDIA MAKER<br>499/2015 | DRUGS CONTROL<br>ONLINE EXAMINATION | **Syllabus:** An Objective Type Test based on the qualification prescribed for the post. **Main Topics:- Part I** : Questions based on B.Sc. Chemistry **Part II** : Questions based on MLT **Part III** : General Knowledge, Current Affairs & Renaissance in Kerala (Maximum Marks : 100) (Duration: 1 Hour 15 Minutes) (Medium of Questions: English) | **08/07/2016** |
| 11 | 23/07/2016<br>Saturday<br>10.00 AM*<br>to 12.15 PM | ASSISTANT INSURANCE MEDICAL OFFICER (AYURVEDA)<br>(NCA NOTIFICATION)<br>431/2013<br>**OX** | INSURANCE MEDICAL SERVICE<br>ONLINE EXAMINATION | **Syllabus:** An Objective Type Test based on the qualification prescribed for the post. **Main Topics:- Part I** : Basic principles of Ayurveda, Swasthavritha, Panchakarma. **Part II** : Nidana and Kaya Chikitsa **Part III** : Yogaparichaya, Agathatantra, Salyatantra **Part IV** : Kaumarabritya, Prasoothitantra, Rasyana & Vajeekarma, Salakyatantra **Part V** : General Knowledge, Current Affairs & Renaissance in Kerala (Maximum Marks : 100) (Duration: 1 Hour 15 Minutes) (Medium of Questions: English) | **13/07/2016** |

1. R.N. 44588/86 Reg. No. KL/TV (N)34/2015-17
2. Licence No. for posting without pre payment - KL/TV(N)/WPP/165/2015-17

**PSC BULLETIN**
Fortnightly

Rupees 10
June 15, 2016

# ഒ.എൻ.വിയെ ഓർക്കുമ്പോൾ...

**എ. രമണൻ കടമ്പറ**

മലയാളത്തിന്റെ മഹാകവിയായ ഒ.എൻ.വി. കുറുപ്പിനെ ഒരു മലയാളിക്ക് ഒരിക്കലും മറക്കാനാവില്ല. അത്രമേൽ മധുരതരവും മനോഹാരിതയും ഭാവാർദ്രതയുമാർന്ന കാവ്യമകരന്ദമാണ് ആ കാവ്യ ഗന്ധർവ്വൻ നമുക്ക് പകർന്നേകിയത്. ഒ.എൻ.വിയുടെ നാടക, സിനിമാ ഗാനങ്ങൾ ഓരോന്നും സാരസമ്പുഷ്ടമായ കാവ്യാത്മകത ചൊരിഞ്ഞ് അവ ഓരോ മലയാളിയുടെയും സ്വകാര്യ പ്രണയ സന്തോഷ സന്താപ സന്ദർഭങ്ങളെ പ്രോജ്ജ്വലിപ്പിച്ച പൊന്നോടക്കുഴലായിരുന്നു.

അരനൂറ്റാണ്ടിലേറെക്കാലം മലയാളിയുടെ മനം മയക്കുകയും മത്തുപിടിപ്പിക്കുകയും വിപ്ലവവീര്യം പകർന്നേകുകയും ചെയ്ത ഒ.എൻ.വി. കൃതികൾ മലയാളമുള്ളിടത്തോളം പൂത്തും തളിർത്തും തലമുറകളെ താലോലിച്ചു കൊണ്ടിരിക്കും. ഒ.എൻ.വി. അനശ്വരനാകുവാൻ അദ്ദേഹമെഴുതിയ ആയിരക്കണക്കിന് കവിതകളിൽ ഏതെങ്കിലും ഒന്നുമാത്രം മതിയാവും. ആ കാവ്യസൂര്യന്റെ പൊൻകതിരുകളെല്ലാം അത്രമാത്രം തീവ്ര ശോഭയുള്ളതാണ്. ഒ.എൻ.വി. സ്വന്തം കവിതയെക്കുറിച്ച് മാണിക്യവീണയുടെ ആമുഖത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത് ശ്രദ്ധേയമാണ്. സന്തോഷത്തിന്റേതായാലും സന്താപത്തിന്റേതായാലും അശ്രുനീർവാറ്റി പരൽ രൂപത്തിൽ ഉരുവായിത്തീരുന്ന ഉപ്പാണ് തനിക്ക് കവിതയെന്നും അതു പാകത്തിനു ചേർത്ത് സഹയാത്രികർക്കു നൽകുന്ന പാഥേയം മാത്രമാണ് തന്റെ പാട്ട് .

ഒറ്റപ്ലാക്കൽ നീലകണ്ഠൻ വേലുകുറുപ്പിന്റെ ജനനം 1931 മെയ് 27. ആദ്യ കവിത മുന്നോട്ട് (1946). ആദ്യ സമാഹാരം പൊരുതുന്ന സൗന്ദര്യം. ഗാനരചന നടത്തിയ ആദ്യ ചിത്രം കാലം മാറുന്നു (1955). 1957 ൽ എറണാകുളം മഹാരാജാസ് കോളേജിൽ അധ്യാപകനായി ജോലിയിൽ പ്രവേശിച്ചു.

മലയാളഭാഷയ്ക്ക് ശ്രേഷ്ഠ ഭാഷാ പദവി ലഭിക്കുന്നതിന് നിരന്തരം പരിശ്രമിച്ച കവിയാണ് ഒ.എൻ.വി.

തിരുവനന്തപുരത്തുള്ള നിശാഗന്ധി, സൂര്യകാന്തി ഓഡിറ്റോറിയങ്ങൾ, തിരുവനന്തപുരം കോർപ്പറേഷന്റെ വൈദ്യുത ശ്മശാനമായ ശാന്തികവാടം എന്നിവയ്ക്ക് പേരിട്ടതും ഒ.എൻ.വി. ആണ്. പുഷ്കിന്റെ Yevgeny Onegin എന്ന കാവ്യമാണ് കാളിദാസനെ ഉപജീവിച്ച് ഉജ്ജയിനി എഴുതുന്നതിന് പ്രേരണയായത്.

മയിൽപ്പീലി, അക്ഷരം, കറുത്തപക്ഷിയുടെ പാട്ട്, ഭൂമിക്ക് ഒരു ചരമഗീതം, ഞാൻ അഗ്നി, മാറ്റുവിൻ ചട്ടങ്ങളെ, അഗ്നിശലഭങ്ങൾ, മൃഗയ, വെറുതെ, ഉപ്പ്, ശാർങ്ഗകപക്ഷികൾ, ദിനാന്തം, വളപ്പൊട്ടുകൾ, ഈ പുരാതന കിന്നരം തുടങ്ങിയ ഒട്ടനേകം കൃതികൾ.

സിനിമാ ഗാന രചന രംഗത്ത് നിരവധി പുരസ്കാരങ്ങൾ. കെ.പി.എ.സി. ക്ക് വേണ്ടി രചിച്ച നാടക ഗാനങ്ങൾ മലയാളക്കര ഒന്നാകെ പാടി നടന്നതാണ്. നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി എന്ന നാടകത്തിലെ വെള്ളാരം കുന്നിലെ........., പൊന്നരിവാളമ്പിളിയില്...... മുടിയനായ പുത്രൻ എന്ന നാടകത്തിലെ അമ്പിളിയമ്മാവാ.... തുഞ്ചൻ പറമ്പിലേ തത്തേ..... ചില്ലിമുളങ്കാടുകളിൽ...... ചെപ്പ് കിലുക്കണ ചങ്ങാതി.... സർവ്വേക്കല്ല് എന്ന നാടകത്തിലെ മാരിവില്ലിൽ തേൻ മലരേ..... വള്ളിക്കുടിലിനുള്ളിരിക്കും.......... എന്ന് തുടങ്ങിയ ഗാനങ്ങൾ ആർക്ക് മറക്കാനാകും.

1988 ൽ വൈശാലി എന്ന ചിത്രത്തിലെ ഇന്ദുപുഷ്പം ചൂടി നിൽക്കും എന്ന ഗാനത്തിന് ദേശീയ പുരസ്കാരം ഒ.എൻ.വി.ക്ക് ലഭിച്ചു. മികച്ച ചലച്ചിത്ര ഗാനരചനയ്ക്ക് 13 തവണ സംസ്ഥാന അവാർഡ് ലഭിച്ചിട്ടുണ്ട്. 1955 ലെ കാലം മാറുന്നു എന്ന സിനിമയിലെ ആ മലർപ്പൊയ്കയിലാടിക്കളിക്കുന്നോരോമനത്താമരപ്പൂവേ... എന്നതാണ് ഒ.എൻ.വി. യുടെ ആദ്യ സിനിമാഗാനം. 1971 ലെ സ്വപ്നം സിനിമയിലെ മാതളപ്പൂപോലൊരു മാനസം ഞാനിന്നു കണ്ടു...., മഴവിൽക്കൊടി അഴകു വിടർത്തിയ...., നീവരൂ കാവ്യദേവതേ..., മാനേ മാനേ വിളികേൾക്കൂ...., 1977 ലെ മദനോത്സവം എന്ന ചിത്രത്തിലെ സാഗരമേ ശാന്തമാക നീ..., സന്ധ്യേ കണ്ണീരിതെന്തേ സന്ധ്യേ....., മാടപ്രാവേ വാ...., 1979 ലെ ഉൾക്കടൽ എന്ന ചിത്രത്തിലെ നഷ്ടവസന്തത്തിൻ തപ്ത നിശ്വാസമേ..., ശരദിന്ദു മലർദീപ നാളം നീട്ടി..., എന്റെ കടിഞ്ഞൂൽ പ്രണയ കഥയിലെ....., ചില്ല് എന്ന ചിത്രത്തിലെ ചൈത്രം ചായം ചാലിച്ചു....., ഒരു വട്ടം കൂടിയെന്നോർമ്മകൾ...... കാട്ടുപൂക്കൾ എന്ന സിനിമയിലെ മാണിക്യ വീണയുമായെൻ...... നീയെത്ര ധന്യ എന്ന സിനിമയിലെ അരികിൽ നീ ഉണ്ടായിരുന്നെങ്കിൽ...... യവനികയിലെ ഭരതമുനിയൊരു കളം വരച്ചു......ചമ്പക പുഷ്പ സുവാസിത യാമം......, കളകളം കായലോളങ്ങൾ പാടും കഥകൾ...... (ഈ ഗാനം മറക്കുമോ), ശ്യാമമേഘമേ നീ യെൻ പ്രേമദൂതുമായി.... (സമയമായില്ല പോലും), ഒരു ദലം മാത്രം വിടർന്നൊരു.... (ജാലകം), ഒരു നറു പുഷ്പമായ്.... (മേഘമൽഹാർ), ശ്യാമസുന്ദര പുഷ്പമേ..... (യുദ്ധകാണ്ഠം), വാതിൽപ്പഴുതിലൂടെൻമുന്നിൽ കുങ്കുമം ...... (ഇടനാഴിയിൽ ഒരു കാലൊച്ച) എന്നിങ്ങനെ എത്രയെത്ര മധുര ഗാനങ്ങൾ

2011 ൽ പത്മവിഭൂഷൻ ഉൾപ്പെടെ ഒട്ടേറെ ബഹുമതികൾ ഒ.എൻ.വി യെ തേടിയെത്തി. ആശുപത്രികിടക്കയിൽ വച്ച് പ്രസിദ്ധ നർത്തകി മൃണാളിനി സാരാഭായിയുടെ അന്ത്യത്തെ അനുസ്മരിച്ച് ഭാഷാപോഷിണിക്ക് അയച്ചു കൊടുത്ത കവിതയാണ് അനശ്വരതയിലേക്ക്. 2016 ഫെബ്രുവരി 13 ന് ഒ.എൻ.വി. യും അനശ്വരതയിൽ വിലയം പ്രാപിച്ചു.

പാഥേയത്തിലെഴുതിയപോലെ
വേർപിരിയുവാൻ മാത്രം ഒന്നിച്ചു കൂടി നാം
വേദനകൾ പങ്കുവെയ്ക്കുന്നു
കരളിലെഴുമീണങ്ങൾ ചുണ്ടുനുണയുന്നു
കവിതയുടെ ലഹരി നുകരുന്നു

2007 ലെ ജ്ഞാനപീഠം സ്വീകരിച്ചുകൊണ്ട് തന്റെ കവിതയെ കുറിച്ച് ഒ.എൻ.വി. പറഞ്ഞ വാക്കുകൾ.

ഒരു ദിവസം ഭൂമിയെന്ന വാടക വീടൊഴിഞ്ഞു പോകുമ്പോൾ എന്റെ ഏറ്റവും ചൈതന്യവത്തായ ഒരംശം ഞാൻ ഇവിടെ ഉപേക്ഷിച്ചു പോകും. അതാണെന്റെ കവിത.

**സ്വസ്തിഹേ കാവ്യ സൂര്യ**



Views and ideas expressed in the articles published in PSC Bulletin are not, necessarily, those of the Commission. Edited and Published by Saju George, Secretary Kerala Public Service Commission on behalf of Kerala Public Service Commission and Printed by him at P. Krishna Pillai Memorial Printing & Publishing Co. Pvt. Ltd, Thiruvananthapuram.